വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

Development Standing Committee

# നഗരസഭകളിലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കുള്ള

# കൈപ്പുസ്തകം

## Handbook for Development Standing Committee in Urban Local Governments


കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

മുളങ്കുന്നത്തുകാവ്.പി.ഒ, തൃശ്ശൂർ-680581

KERALA INSTITUTE OF LOCAL ADMINISTRATION (KILA)

MULAMKUNNATHUKAVU.P.O, TRISSUR-680581

നവംബർ 2022

November 2022

**നഗരസഭകളിലെ വികസനകാര്യ സ്റ്റാന്റിംഗ്**
**കമ്മിറ്റിയ്ക്കുള്ള കൈപ്പുസ്തകം**

**ചീഫ് എഡിറ്റർ**
**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

**എഡിറ്റർ**
**ഡോ. കെ രാജേഷ്**
സീനിയർ അർബൻ ഫെല്ലോ, കില

**അസോസിയേറ്റ് എഡിറ്റർമാർ**
ശ്രീ. എം രേണുകുമാർ
കൺസൾട്ടന്റ്, കില
ശ്രീ. ആർ ബാലഗംഗാധരൻ
കൺസൾട്ടന്റ്, കില
ശ്രീ. പി എം ദേവരാജൻ
ട്രെയിനിംഗ് കോർഡിനേറ്റർ, കില
അഡ്വ. ടി എസ് സെയ്ഫുദ്ദീൻ
ട്രെയിനിംഗ് കോർഡിനേറ്റർ, കില

**അസിസ്റ്റന്റ് എഡിറ്റർമാർ**
ശ്രീ. കെ വിനീത്
പ്രോഗ്രാം കോർഡിനേറ്റർ, കില
ശ്രീമതി. റിമ ജോസ്
പ്രോഗ്രാം കോർഡിനേറ്റർ, കില

**രചനയിൽ സഹായിച്ചവർ**
ഡോ. കെ പി എൻ അമൃത
ഡോ. ശുദ്ധോധനൻ
ഡോ. ശിവപ്രസാദ്
ശ്രീ. അപ്പു എ മുരളീധരൻ
ശ്രീമതി. സത്യവർമ്മ
ശ്രീ. കെ വി സാബു
ശ്രീ. എൻ വിജയരാജൻ
ശ്രീ. കെ വി അനിൽകുമാർ
ശ്രീ. ഇ നിസ്സാമുദ്ദീൻ
ശ്രീ. കെ വി ഗോവിന്ദൻ
ശ്രീ. പി വി പത്മനാഭൻ
ശ്രീ. വി കെ ഉണ്ണികൃഷ്ണൻ
ശ്രീമതി. കെ ജി ശശികല
അഡ്വ. നേഹാ കുര്യൻ

**ഡിറ്റിപി**
ശ്രീമതി. ജോഫി എൻ ജോണി
ശ്രീമതി. ജയശ്രീ

**കവർ & ലേഔട്ട്**
ശ്രീ. അഭിരാം കെ ടി കെ

**പ്രസാധനം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ – 680 581
ഫോൺ: +91–487–2207000, 2201312
ഫാക്സ് : +91–487–2201062
ഇ–മെയിൽ : info@kila.ac.in
വെബ് സൈറ്റ് : http://www.kila.ac.in

**അച്ചടി**
ഗ്രാമലക്ഷ്മി മുദ്രാലയം
കഞ്ചിക്കോട്

നവംബർ 2022

**Handbook for Development Standing Committee**
**in Urban Local Governments**

**Chief Editor**
**Dr. Joy Elamon**
Director General, KILA

**Editor**
**Dr. K Rajesh**
Senior Urban Fellow, KILA

**Associate Editors**
Shri. M Renukumar
Consultant, KILA
Shri. R Balagangadharan
Consultant, KILA
Shri. P M Devarajan
Training Coordinator, KILA
Adv. T S Saifudeen
Training Coordinator, KILA

**Assistant Editors**
Sri. K Vineeth
Programme Coordinator, KILA
Smt. Rima Jose
Programme Coordinator, KILA

**Contributors**
Dr. K P N Amritha
Dr. Sudhodhanan
Dr. Sivaprasad
Sri. Appu A Muraleedharan
Smt. Sathyavarrma
Sri. K V Sabu
Sri. N Vijayarajan
Sri. K V Anilkumar
Sri. E Nizamudheen
Sri. K V Govindan
Sri. P V Pathmanabhan
Sri. V K Unnikrishnan
Smt. K G Sasikala
Adv. Neha Kuriyan

**DTP**
Smt. Jofi N Johny
Smt. Jayasree

**Cover & Layout**
Sri. Abhiram K T K

**Published by**

Kerala Institute of Local Administration (KILA)
Mulamkunnathukavu, Thrissur–680 581
Phone: +91–487–2207000, 2201312
Fax : +91–487–2201062
e–mail : info@kila.ac.in
Website : http://www.kila.ac.in

**Printed by**
Gramalakshmi Mudralayam
Kanjikode

November 2022

ISBN NUMBER 978-81-954977-7-5

**ശ്രീ.എം.ബി രാജേഷ്**
**ബഹു തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി**
**കേരള സർക്കാർ**



# സന്ദേശം

കേരളത്തിലെ നഗരസഭകളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർക്ക് നഗരസഭാ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങളെപ്പറ്റി കില പരിശീലനം നൽകി കഴിഞ്ഞിരിക്കുന്നു. അതിന്റെ തുടർച്ചയായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കും കാലാനുസൃതമായ രീതിയിൽ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് 1996 ൽ കേരളത്തിൽ ആരംഭിച്ച ജനകീയാസൂത്രണത്തോടെ ശക്തമായ പ്രാദേശിക ഭരണസംവിധാനം രൂപപ്പെടുത്തുകയും ത്രിതല പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തു. ഇന്ന് അധികാരവും വിഭവങ്ങളും ഉദ്യോഗസ്ഥ–സ്ഥാപന സംവിധാനങ്ങളുമെല്ലാം സ്വന്തമായുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ജനങ്ങൾ ഏറെ പ്രതീക്ഷിക്കുന്നു. ഇതനുസരിച്ച് ജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഉയരുമ്പോഴേ അധികാരവികേന്ദ്രീകരണം സാർത്ഥകമായി എന്ന് പറയാൻ കഴിയൂ.

ജനപ്രതീക്ഷയ്ക്ക് ഒത്ത് ഉയരാനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും തക്കവിധം ജനാധിപത്യ ഭരണസംവിധാനം കാര്യക്ഷമമാക്കണമെങ്കിൽ അതിന്റെ രണ്ടു ഘടകങ്ങളായ ജനപ്രതിനിധി സംവിധാനവും ഉദ്യോഗസ്ഥ സംവിധാനവും ഒരേപോലെ കാര്യക്ഷമമാകണം. തീരുമാനങ്ങൾ എടുക്കാൻ അധികാരപ്പെട്ട ജനപ്രതിനിധി സംവിധാനത്തിന് ഫലപ്രദമായി അത് കഴിയണമെങ്കിൽ കൃത്യമായ പരിശീലനം ആവശ്യമാണ്. ഇതിനനുസരണമായ പരിശീലനങ്ങൾ കഴിഞ്ഞ കാലങ്ങളിൽ കില സ്തുത്യർഹമായ രീതിയിൽ നടപ്പാക്കിയിട്ടുണ്ട്.

ഈ പ്രത്യേകതകൾക്കനുസരണമായിട്ടാണ് ജനപ്രതിനിധികൾക്കായിട്ടുള്ള പുതിയ കൈപ്പുസ്തകങ്ങൾ കില തയ്യാറാക്കിയിട്ടുള്ളത്. തീർച്ചയായും ഈ പുസ്തകങ്ങൾ പുതിയ കടമകൾ ഏറ്റെടുക്കുന്നതിന് കൗൺസിലർമാരെ പ്രാപ്തരാക്കും എന്നത് നിസ്തർക്കമാണ്. പുതിയ സവിശേഷതയോടുകൂടി ഈ പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കിലയേയും അതിനവരെ സഹായിച്ച മറ്റുള്ളവരേയും അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയാണ്.

സ്നേഹപൂർവ്വം

**ശ്രീ. എം. ബി രാജേഷ്**

**ഡോ. ജോയ് ഇളമൺ**
**ഡയറക്ടർ ജനറൽ**
**കില**



# അവതാരിക

കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് ഏകദേശം തുല്യ പ്രാധാന്യം നൽകുന്ന ഒരു ഭരണസംവിധാനം ആയിരുന്നു സ്വതന്ത്ര ഇന്ത്യ മുന്നോട്ട് വെച്ചത്. എന്നാൽ കാലം മുന്നോട്ടു പോയപ്പോൾ പല കാരണങ്ങളാലും ഭരണസംവിധാനത്തിന് കേന്ദ്രീകൃത സ്വഭാവം കൂടുതലായി കൈവരികയാണ് ചെയ്തത്. ഇത്തരമൊരു സംവിധാനത്തിൽ ദുർബല ജനസമൂഹങ്ങളും അവികസിത പ്രദേശങ്ങളും വികസന മുന്നേറ്റത്തിൽ സ്വാഭാവികമായും പിന്തള്ളപ്പെട്ടു പോകുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ പല മുൻനിര നേതാക്കന്മാർക്കും ഈ പ്രതിഭാസം ഉണ്ടാകുമെന്ന് അറിയാമായിരുന്നു. അതുകൊണ്ടാണ് സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ അധികാര വികേന്ദ്രീകരണത്തെപ്പറ്റി ദേശീയ പ്രസ്ഥാനത്തിനുള്ളിൽ സജീവമായ ചർച്ചകൾ ഉയർന്നു വന്നത്. അതിന്റെ ഏറ്റവും ഉയർന്ന രൂപമായിരുന്നു ഗാന്ധിജി മുന്നോട്ടുവെച്ച 'ഗ്രാമസ്വരാജ്'.

എന്നാൽ, സ്വാതന്ത്ര്യാനന്തരമുണ്ടായ ഭരണനടപടികളിൽ ഈ ആശയങ്ങൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കപ്പെട്ടില്ല. ഈ അവസ്ഥയ്ക്കെതിരായി, തുടക്കത്തിൽ തന്നെ പല സ്ഥലങ്ങളിലായി പ്രതിഷേധങ്ങൾ ഉയർന്നു വരികയുണ്ടായി. അതിന്റെ ഒരു ഘട്ടത്തിൽ അധികാര വികേന്ദ്രീകരണം എന്ന ആശയം വീണ്ടും ഉയർന്നു വന്നു. അതനുസരിച്ചുള്ള ചില നടപടികൾ പല സമയത്തായി കേന്ദ്ര–സംസ്ഥാന സർക്കാരുകളിൽ നിന്നുണ്ടാവുകയും ചെയ്തു. കേരളത്തിലെ ജില്ലാ കൗൺസിലുകൾ, കർണാടകത്തിലെ തദ്ദേശസ്വയംഭരണ സംവിധാനങ്ങൾ പശ്ചിമബംഗാളിൽ ഒരു ഘട്ടത്തിൽ നടപ്പാക്കപ്പെട്ട അധികാര വികേന്ദ്രീകരണ സംരംഭങ്ങൾ എന്നിവ ഈ സരണിയിലുള്ള ചില കാൽവെപ്പുകൾ ആയിരുന്നു. എന്നാൽ 73, 74 ഭരണഘടനാ ഭേദഗതികളോടെയാണ് അധികാരവികേന്ദ്രീകരണ നടപടികൾക്ക് അഖിലേന്ത്യാടിസ്ഥാനത്തിൽ ഫലപ്രദമായ തുടക്കമായത്.

എഴുപത്തിനാലാം ഭരണഘടനാ ഭേദഗതിയോടെ ഇന്ത്യയിലെ നഗരസഭകൾക്ക് കൂടുതൽ അധികാരങ്ങളും ഫണ്ടുകളും ലഭ്യമായി. അതനുസരിച്ച് നഗരഭരണ സംവിധാനത്തെ പറ്റിയുള്ള ജനകീയ പ്രതീക്ഷകളും വിപുലമായി.

ഈ മാറ്റങ്ങൾ ജനപ്രതിനിധികളുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. സമൂഹം നഗരസഭകളിൽ നിന്ന് സമഗ്രവും സമയബന്ധിതവുമായ സേവനങ്ങൾ പ്രതീക്ഷിക്കുന്നു. ഈ വെല്ലുവിളി നേരിടുന്നതിന് നഗരഭരണകൂടങ്ങൾക്ക് സാധ്യമാവാതെ വന്നാൽ അധികാര

വികേന്ദ്രീകരണം നഗരപ്രദേശങ്ങളിൽ ഫലപ്രാപ്തിയിൽ എത്താൻ പ്രയാസമാണ്. ഈ കഴിവ് നേടുന്നതിനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗം നിരന്തരവും ഇടമുറിയാത്തതുമായ വിദഗ്ധ പരിശീലനമാണ്.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽമാർക്ക് അവരുടെ പ്രവർത്തന തുടക്കത്തിൽ 2020 ഡിസംബർ മാസത്തിൽ മൂന്ന് ദിവസത്തെ പരിശീലനം കില നൽകുകയുണ്ടായി. ഇതിനോടനുബന്ധിച്ച് നവകേരളത്തിനായി നഗരസഭകൾ എന്ന പേരിൽ വിവിധ വിഷയങ്ങളിലായി തയ്യാറാക്കിയ കൈപ്പുസ്തകങ്ങളും എല്ലാ ജനപ്രതിനിധികൾക്കും ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പരിശീലനത്തിന്റെ തുടർച്ചയായി നഗരസഭകളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർക്കും അംഗങ്ങൾക്കും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തന പരിധിയിൽ വരുന്ന വിഷയങ്ങളിൽ വിശദമായ പരിശീലനവും നൽകുകയുണ്ടായി. ഇത്തരത്തിൽ നഗരസഭകളിലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശീലനത്തിന്റെ തുടർച്ചയായി പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് ഉപകാര പ്രദമാകും വിധമാണ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾക്കായി ഈ കൈപുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്. അത് രൂപപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ കില അർബൻ ചെയർ പ്രൊഫസർ ഡോ. അജിത് കാളിയത്ത്, സീനിയർ അർബൻ ഫെല്ലോ ഡോ. കെ രാജേഷ് എന്നിവരോടൊപ്പം ഈ സംരംഭത്തിൽ പങ്കാളികളായ കില ടീം അംഗങ്ങളേയും അഭിനന്ദിച്ചു കൊണ്ട് ഈ പുസ്തകം കിലയ്ക്കുവേണ്ടി സമർപ്പിക്കുന്നു.

**ഡോ. ജോയ് ഇളമൺ**

**ഡോ. അജിത് കാളിയത്ത്**
**അർബൻ ചെയർ പ്രൊഫസർ**
**കില**



# ആമുഖം

സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ച 'നമ്മൾ നമുക്കായ്' എന്ന ആശയത്തിന്റെ സാധ്യതകൾ പൂർണ്ണമായും നേടാൻ കഴിവുള്ള ഒരു പ്രാദേശിക ഭരണ സംവിധാനം ഇന്ന് കേരളത്തിലുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികളെ തുടർന്ന് കേരളത്തിൽ നടപ്പിൽ വന്ന അധികാരവികേന്ദ്രീകരണ ഭരണസംവിധാനങ്ങളും വികേന്ദ്രീകരണ ആസൂത്രണവും മറ്റ് രാജ്യങ്ങൾക്കും സംസ്ഥാനങ്ങൾക്കും മാതൃകയായി തീരുകയും വിജയം കൈവരിയ്ക്കുകയും ചെയ്യതിന്റെ പ്രധാന കാര്യങ്ങളിൽ ഒന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തിയ്ക്കുന്ന എല്ലാവർക്കും വിവിധ മേഖലകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നിരന്തര പരിശീലനങ്ങളാണ്. ഇതിന് നേതൃത്വം നൽകുന്ന സ്ഥാപനങ്ങളിൽ മുൻനിരയിൽ നിൽക്കുന്നത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ അഥവാ കിലയാണ്. ഓരോ തെരഞ്ഞെടുപ്പിന് ശേഷവും പുതിയ ജനപ്രതിനിധികൾക്ക് പരിശീലനം ആരംഭിക്കുകയും അവരുടെ ഭരണ കാലാവധി അവസാനിയ്ക്കും വരെ തുടർപരിശീലനം നൽകി കൊണ്ടിരിയ്ക്കുകയും ചെയ്യുക എന്നത് കില വർഷങ്ങളായി തുടർന്നു വരുന്ന നടപടിക്രമമാണ്.

സാങ്കേതിക മുന്നേറ്റത്തിന് വിധേയമായി കാലാകലങ്ങളിൽ പഠനരീതിയിൽ ഉണ്ടാവുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് കില പഠനസമ്പ്രദായങ്ങൾ പരിഷ്ക്കരിയ്ക്കുന്നു പഠിതാക്കൾ മുതിർന്നവരാണെന്ന കാര്യവും കണക്കിലെടുക്കുന്നു. നീണ്ട അവതരണ രീതികൾക്ക് പകരം പങ്കാളിത്ത പഠന രീതിയ്ക്ക് അനുയോജ്യമായ ദൃശ്യ-ശ്രവ്യ സങ്കേതങ്ങൾ, ഗ്രൂപ്പ് ചർച്ച, ബ്രെയിൻ സ്റ്റോമിംഗ് തുടങ്ങിയ രീതികൾ സന്ദർഭാനുസരണം ഉപയോഗിയ്ക്കുന്നു.

ഇന്നാവട്ടെ സ്ഥിതി മറ്റെല്ലാ കാലത്തേക്കാളും സങ്കീർണ്ണമാണ്. കോവിഡ്-19 എന്ന മഹാമാരി അറിവിന്റേയും പഠനത്തിന്റേയും തലങ്ങളിലും പുതിയ മാറ്റങ്ങൾ ആവശ്യപ്പെടുന്നു. അതനുസരിച്ച് പഴയ രീതിയിൽ പഠിതാക്കളെ ഒരു കേന്ദ്രത്തിൽ ഒന്നിച്ചു കൂട്ടി പഠനം നടത്തുക എന്നത് പ്രായോഗികമായി പ്രയാസകരമായപ്പോൾ പകരം സംവിധാനങ്ങൾ കിലയ്ക്കും പരീക്ഷിയ്ക്കേണ്ടിവന്നു. ഏറ്റവും സ്വാഭാവികമായ പുതു സംവിധാനം എന്ന നിലയിൽ ഓൺലൈൻ രീതിയാണ് കില സ്വീകരിച്ചത്. നഗരസഭാ കൗൺസിലർമാരുടെ പൊതുപരിശീലനത്തിനും സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ പ്രത്യേക പരിശീലനത്തിനും ഈ രീതി വിജയകരമായി പ്രയോജനപ്പെടുത്താൻ കിലയ്ക്ക് കഴിഞ്ഞു. ഡിജിറ്റൽ ഇക്കോണമിയുടെ

സഹായത്തോടെ വിജ്ഞാന സമൂഹത്തിലേക്കുള്ള ചുവടു വെപ്പുകൾ അതി വേഗം നടത്തുന്ന കേരളത്തിലെ ജനപ്രതിനിധികൾക്ക് ഈ മാറ്റം ഉൾക്കൊള്ളാനും, അവരുടെ പ്രവർത്തനങ്ങൾ ഇത്തരത്തിലൂടെ മെച്ചപ്പെടുത്തുന്നതിനും കഴിയും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ പുതിയ സംവിധാനത്തിൽ പഠനത്തിനു സഹായകരമായ കൈപുസ്തകങ്ങളുടെ പ്രാധാന്യം വളരെയേറെ വർദ്ധിച്ചു. സ്റ്റാന്റിംഗ് കമ്മിറ്റി പരിശീലനത്തിനും ഇത് ബാധകമാണ്. ഈ പുതിയ പരിസ്ഥിതി കണക്കിലെടുത്ത് അതനുസരിച്ചുള്ള കാഴ്ചപ്പാടോടു കൂടിയാണ് കൈപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും പ്രത്യേകം പ്രത്യേകം പുസ്തകങ്ങളാണ് ഒരുക്കിയിട്ടുള്ളത്. പതിവിൽ നിന്നും വ്യത്യസ്തമായി ഓരോ വിഷയങ്ങളോടും ബന്ധപ്പെട്ട വിദഗ്ധരെ കണ്ടെത്തി അവരുടെ അനുഭവും വൈദഗ്ധ്യവും ഉൾക്കൊള്ളുന്ന ലേഖനങ്ങൾ സംഭരിയ്ക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സമകാലീന സേവനങ്ങൾക്ക് ഉതകുന്നതോടൊപ്പം ഭാവിയിലും ഉപയോഗിയ്ക്കുവാൻ കഴിയുന്ന രീതിയിലാണ് പുസ്തകങ്ങൾ സംവിധാനം ചെയ്തിട്ടുള്ളത്. ബന്ധപ്പെട്ട മേഖലകളിൽ ദീർഘകാലമായി പ്രവർത്തിച്ചു വരുന്നവരാണ് എല്ലാ ലേഖന കർത്താക്കളും. പ്രാദേശിക ഭരണ സംവിധാനങ്ങളുടെയും അധികാര വികേന്ദ്രീകരണത്തിന്റേയും ചരിത്രപരമായ ഉരുത്തിരിയൽ മുതൽ ഇന്ന് അത് അഭിമുഖീകരിയ്ക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളും അതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പങ്കും പ്രസക്തിയും വരെ ഈ പുസ്തകങ്ങളിൽ ചർച്ച ചെയ്യുന്നു.

ഈ രീതിയിൽ ഈ പുസ്തകം രൂപകല്പന ചെയ്യാനും സമയബന്ധിതമായി തയ്യാറാക്കുന്നതിനും ലേഖനകർത്താക്കളും കിലയുടെ ജീവനക്കാരും പൂർണ്ണ മനസ്സോടെ സഹകരിച്ചിട്ടുണ്ട്. അവർക്കും സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ തന്ന് ഞങ്ങളെ പ്രോത്സാഹിപ്പിച്ച ബഹുമാന്യനായ കില ഡയറക്ടർ ജനറലിനും നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിയ്ക്കുന്നു.

**ഡോ. അജിത് കാളിയത്ത്**

# ഉള്ളടക്കം


1 **നഗരവികസനത്തിന് ഒരു സമീപനം....................................................................**
1.1 കേരളവും നഗരവത്ക്കരണവും ................................................................ 22
1.2 നഗരവികസനവും സുസ്ഥിര വികസന ലക്ഷ്യങ്ങളും.......................................... 23
1.3 സുസ്ഥിര വികസനത്തിന് ശാസ്ത്രീയ നഗര ആസൂത്രണം................................. 23
2 **നഗരഭരണവും കമ്മിറ്റി സംവിധാനങ്ങളും......................................................................**
2.1 കമ്മിറ്റിയുടെ പ്രസക്തി.............................................................................. 26
2.2 സ്റ്റാന്റിംഗ് കമ്മിറ്റികൾ ............................................................................ 27
2.3 ജനപ്രതിനിധി സംവിധാനവും കമ്മിറ്റികളും.................................................. 27
2.4 സ്റ്റാന്റിംഗ് കമ്മിറ്റികളും ചുമതലാ വിഷയങ്ങളും ........................................ 28
2.5 സ്റ്റാന്റിംഗ് കമ്മിറ്റി – പൊതു വ്യവസ്ഥകൾ .................................................. 30
2.6 സ്റ്റിയറിംഗ് കമ്മിറ്റി.................................................................................. 32
2.7 പ്രത്യേക കമ്മിറ്റികൾ.................................................................................. 32
2.8 ജോയിന്റ് കമ്മിറ്റികൾ ................................................................................ 32
2.9 വാർഡ് കമ്മിറ്റികളും വാർഡ് സഭകളും ........................................................ 33
2.10 ആരോഗ്യ സ്ഥാപനങ്ങൾക്കായുള്ള മാനേജ്മെന്റ് കമ്മിറ്റി. (എച്ച്.എം.സി). 33
2.11 ഭരണ നിർവ്വഹണ കമ്മിറ്റി ........................................................................ 33
2.12 ജില്ലാ പ്ലാനിംഗ് കമ്മിറ്റി ........................................................................... 33
2.13 സംസ്ഥാന വികസന കൗൺസിൽ ................................................................ 34
3 **വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി – ചുമതലകൾ......................................................**
3.1 ആമുഖം.................................................................................................. 35
3.2 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ (വകുപ്പ് 22) .......................... 35
3.3 അനിവാര്യ ചുമതലകൾ.............................................................................. 35
3.4 പൊതു ചുമതലകൾ.................................................................................... 36
3.5 മേഖലാ ചുമതലകൾ.................................................................................. 36
3.6 ജനകീയാസൂത്രണവും സ്റ്റാന്റിംഗ് കമ്മിറ്റിയും ............................................ 38
4 **വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉല്പാദന മേഖലയും ..............................................**
4.1 കൃഷിയും അനുബന്ധ മേഖലകളും ................................................................ 39

4.2 കാർഷിക മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും ........................................ 39
4.2.1 കാർഷിക മേഖലാ ചുമതലകൾ ........................................ 40
4.2.1.1 കൃഷിയുമായി ബന്ധപ്പെട്ട മേഖലാ ചുമതലകൾ ........................................ 40
4.2.1.2 ചെറുകിട ജലസേചനം ........................................ 41
4.2.2 സാമൂഹ്യ വനവൽക്കരണം ........................................ 41
4.2.3 കാർഷിക മേഖലയിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനായുള്ള ഇടപെടൽ സാധ്യതകൾ ........................................ 41
4.2.3.1 തരിശുഭൂമിയിൽ കൃഷി ........................................ 41
4.2.3.2 പാട്ട കൃഷി സമ്പ്രദായം ........................................ 41
4.2.3.3 കാർഷികവൃത്തി പ്രോത്സാഹിപ്പിക്കൽ ........................................ 41
4.2.3.4 ജലസ്രോതസ്സുകൾ ........................................ 41
4.2.3.5 യന്ത്രവൽക്കരണം ........................................ 42
4.2.3.6 മണ്ണൊലിപ്പ് തടയൽ ........................................ 42
4.2.3.7 ജൈവകൃഷി ........................................ 42
4.2.3.8 പാടശേഖരങ്ങളുടെ പരിപാലനം ........................................ 42
4.2.3.9 ഫലവൃക്ഷങ്ങൾ ........................................ 42
4.2.3.10 സ്കൂൾതല പച്ചക്കറികൃഷി ........................................ 43
4.2.3.11 അടുക്കളത്തോട്ടം ........................................ 43
4.2.3.12 ഹൈ-ടെക് പച്ചക്കറികൃഷി ........................................ 43
4.2.3.13 സംഭരണ സംവിധാനം ........................................ 43
4.2.3.14 പൊതു മാർക്കറ്റുകൾ ........................................ 43
4.2.3.15 മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ ........................................ 43
4.2.3.16 കാർഷിക വിപണന സംഘങ്ങൾ ........................................ 43
4.2.3.17 അടിസ്ഥാന സൗകര്യങ്ങൾ ........................................ 44
4.2.3.18 വെർട്ടിക്കൽ കൃഷി രീതികൾ ........................................ 44
4.2.3.19 ലേബർ ബാങ്ക് ........................................ 44
4.2.4 സംയോജന സാധ്യതകൾ ........................................ 44
4.2.5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും കാർഷിക മേഖലയും ........................................ 44
4.2.6 കൃഷിഭവൻ ........................................ 45
4.3 നഗര കൃഷി ........................................ 45
4.4 നഗര ഹരിതവൽക്കരണം ........................................ 46
4.4.1 നഗര ജീവിതത്തിൽ നഗര ഹരിതവൽക്കരണത്തിന്റെയും നഗര കൃഷിയുടെയും പ്രാധാന്യം ........................................ 46
4.4.1.1 ഭക്ഷ്യ സുരക്ഷ ........................................ 46
4.4.1.2 സാമൂഹ്യ ആരോഗ്യം ........................................ 47
4.4.1.3 പരിസ്ഥിതികം ........................................ 48
4.4.1.4 വിഭവങ്ങൾ ........................................ 49

4.4.1.5 സംരഭകത്വം ........ 50
4.4.1.6 പ്രാദേശിക സമ്പദ്‌വ്യവസ്ഥ ........ 50
4.4.1.7 പുത്തൻ ത്രൂപങ്ങൾ ........ 50
4.4.1.8 വെർട്ടിക്കൽ കൃഷി ........ 51
4.4.1.9 സീറോ വേസ്റ്റ് ഗാർഡൻ ........ 51
4.4.1.10 മൈക്രോ ഫോഡർ ........ 51
4.4.1.11 അക്വാപോണിക്സ്/ഹൈഡ്രോപോണിക്സ് ........ 52
4.4.1.12 പ്രൊട്ടക്ടഡ് ഫാർമിംഗ് (മഴമറ) ........ 52
4.4.1.13 മിയാവാക്കി വനങ്ങൾ ........ 52
5 **മൃഗ സംരക്ഷണവും ക്ഷീര വികസനവും** ........
5.1 മൃഗസംരക്ഷണം-ക്ഷീരവികസന മേഖലകളിലെ പ്രശ്നങ്ങളും വെല്ലുവിളികളും. 55
5.1.1 മൃഗസംരക്ഷണ-ക്ഷീരവികസന മേഖലാ ച്ചമതലകൾ ........ 56
5.1.2 മുന്നൊരുക്കങ്ങൾ ........ 56
5.2 ഡയറി യൂണിറ്റുകൾ ........ 57
5.3 ആട് വളർത്തു യൂണിറ്റുകൾ ........ 57
5.4 മുയൽ യൂണിറ്റുകൾ ........ 57
5.5 പന്നിവളർത്തൽ ........ 57
5.6 കോഴി വളർത്തൽ യൂണിറ്റുകൾ ........ 58
5.7 താറാവു വളർത്തൽ ........ 58
5.8 കാട വളർത്തൽ ........ 58
5.9 അറവുശാലകൾ ........ 58
5.10 മീറ്റ് സ്റ്റാളുകൾ ........ 59
5.11 ചിക്കൻ സെന്ററുകൾ ........ 59
5.12 മൃഗാശുപത്രികൾ ........ 59
5.13 ക്ഷീരസംഘങ്ങൾ ........ 60
5.14 കന്നുകാലി ഇൻഷ്വറൻസ് ........ 60
5.15 ഫോഡർ/തീറ്റ വസ്തുക്കൾ ........ 60
5.16 വിപണന സൗകര്യങ്ങൾ ........ 60
5.17 ABC പ്രോഗ്രാം ........ 60
5.18 മൃഗ ക്ഷേമ പദ്ധതികൾ ........ 61
6 **ചെറുകിട വ്യവസായം** ........
6.1 സൂക്ഷ്മ-ചെറുകിട സംരംഭ മേഖലയിലെ ച്ചമതലകളും ഇടപെടൽ സാധ്യതകളും ........ 62
6.1.1 സംരംഭങ്ങളുടെ വർഗ്ഗീകരണം ........ 63
6.2 ചെറുകിട വ്യവസായം – ച്ചമതലകൾ ........ 64
6.3 സൂക്ഷ്മ സംരംഭ മേഖല-പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും ........ 64
6.4 ഇടപെടൽ സാധ്യതകൾ ........ 66

7 മത്സ്യബന്ധനം ....................................................................................................
7.1 മത്സ്യവും പോഷകസുരക്ഷയും – നഗരപാലികാ സ്ഥാപനങ്ങളുടെ പങ്ക്......... 69
7.1.1 ആമുഖം ........................................................................................ 69
7.2 മത്സ്യമേഖലയും നഗരപാലികാ സ്ഥാപനങ്ങളും............................................ 70
7.3 ജനകീയാസൂത്രണവും മത്സ്യമേഖലയും–മുൻകാല അനുഭവങ്ങൾ .................. 70
7.4 നിർദ്ദേശങ്ങൾ ............................................................................................ 71
7.5 നൂതന മത്സ്യ കൃഷി സാധ്യതയും–നഗരപാലികാ സ്ഥാപനങ്ങളും.................... 72
8 സഹകരണം ..........................................................................................................
8.1 സഹകരണ മേഖല ഇടപെടൽ സാധ്യതകൾ..................................................... 74
8.2 സഹകരണമേഖല സേവനവും മാനദണ്ഡങ്ങളും ഉദാഹരണങ്ങളിലൂടെ ....... 74
8.2.1 ജില്ലാ–താലൂക്ക് ആശുപത്രികളിൽ ബ്ലഡ്ബാങ്ക്, മെഡിക്കൽ ലാബ് എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ട് പോസ്റ്റ് 80% അല്ലെങ്കിൽ 50 ലക്ഷം രൂപ .. 74
8.2.2 അർബൻ ബാങ്കുകൾക്കും അർബൻ സൊസൈറ്റികൾക്കും 10 ലക്ഷം രൂപ വരെ ഓഹരി പങ്കാളിത്തം ........................................................ 75
8.2.3 മുൻസിപ്പൽ കോർപ്പറേഷൻ ആസ്ഥാനങ്ങളിൽ ഭക്ഷണശാല നടത്തുന്ന സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ, തുക പിൻവലിച്ച് അഞ്ചുവർഷത്തിനുശേഷം 10 വാർഷിക തവണകളായി തിരിച്ചടവ് ............... 75
8.2.4 വനിതാ സഹകരണ സംഘങ്ങൾ ......................................................... 75
8.2.5 ബയോഗ്യാസ് പ്ലാന്റ് – പലിശ രഹിത വായ്പ പദ്ധതി ........................ 76
8.3 പുതിയതായി ഏറ്റെടുത്തു നടത്താവുന്ന പദ്ധതികൾ ........................................ 76
8.3.1 സോളാർ ഊർജ്ജം ഉൽപാദനം .......................................................... 76
8.3.2 മാലിന്യസംസ്കരണ പ്ലാന്റ് ............................................................... 76
8.3.4 ആധുനിക കൃഷി രീതികൾ ............................................................... 76
8.3.5 മാർക്കറ്റിംഗ് സൊസൈറ്റികൾ .......................................................... 76
8.3.6 സമഗ്ര ആരോഗ്യ പദ്ധതി ................................................................ 76
8.4 ലക്ഷ്യങ്ങൾ ................................................................................................ 76
9 ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്.............................................................................
9.1 ആമുഖം .................................................................................................... 78
9.2 മേഖലാ ചുമതല– ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ........................................ 78
9.3 വിവിധതരം ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ................................................ 79
9.4 നഗരസഭകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും .................. 79
9.5 പ്രശ്നപരിഹാരമാർഗ്ഗങ്ങൾ–നിലവിൽ ........................................................... 79
9.6 ധനസമാഹരണത്തിന് ഇന്ന് അവലംബിക്കാവുന്ന നിയമങ്ങൾ .................. 79
9.7 ഇടപെടൽ സാധ്യതകൾ ............................................................................. 80
9.8 ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന്റെ സവിശേഷതകൾ ..................................... 80
9.9 പരിമിതികൾ ............................................................................................. 81
10 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി..............................................................
10.1 ലക്ഷ്യം .................................................................................................... 82

10.2 ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് ........ 82
10.3 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി – ഏറ്റെടുക്കാവുന്ന പ്രവർത്തികൾ .. 83
10.3.1 പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ .. 83
10.4 സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ ........ 83
10.5 സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ ........ 84
10.6 അടിസ്ഥാന സൗകര്യങ്ങൾ ........ 84
10.7 ജല സംരക്ഷണം ........ 86
10.8 കുടിവെള്ളം ........ 87
10.9 സൂക്ഷ്മ ജലസേചനം ........ 87
10.10 ഭൂവികസന പ്രവർത്തനങ്ങൾ ........ 87
10.10.1 ഭൂവികസന പ്രവർത്തനങ്ങൾ (പൊതുഭൂമിയിൽ) ........ 88
10.10.2 കെട്ടിട നിർമ്മാണം ........ 88
10.10.3 ശുചിത്വം ........ 89
10.10.4 വെള്ളപ്പൊക്ക നിയന്ത്രണം ........ 89
10.10.5 മത്സ്യമേഖല ........ 89
10.10.6 തീരദേശ സംരക്ഷണം ........ 89
10.10.7 മറ്റു പ്രവൃത്തികൾ ........ 89
**11 ഏകോപിത നവകേരള കർമ്മ പരിപാടി ........**
11.1 നവകേരള കർമ്മ പരിപാടി ........ 90
11.2 നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ ........ 91
11.2.1 ഹരിതകേരള മിഷൻ ........ 91
11.2.2 ശുചിത്വം മാലിന്യ സംസ്കരണം ........ 91
11.2.3 ജലസംരക്ഷണം ........ 92
11.2.4 കാർഷിക വികസനം ........ 92
11.2.5 ആർദ്രം മിഷൻ ........ 92
11.2.6 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ........ 92
11.2.7 ലൈഫ് മിഷൻ ........ 93
**12 കാലാവസ്ഥാ വ്യതിയാന കാലത്തെ വികസനം ........**
12.1 ആമുഖം ........ 94
12.2 ദിനാവസ്ഥയും കാലാവസ്ഥയും ........ 94
12.2.1 ദിനാവസ്ഥ (Weather) ........ 94
12.2.2 കാലാവസ്ഥ (Climate) ........ 95
12.2.3 എന്താണ് കാലാവസ്ഥ വ്യതിയാനം ........ 95
12.2.4 എന്താണ് കാലാവസ്ഥാ വ്യതിയാനത്തിന് കാരണം ........ 96
12.2.5 ആഗോളതാപനം ........ 96
12.2.6 താപ ദ്വീപുകൾ (Heat Islands) ആകുന്ന നഗരങ്ങൾ ........ 97

12.2.7 കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതങ്ങൾ .................................. 97
12.2.8 ഉപജീവന ഉപാധികളുടെ തകർച്ച .................................. 97
12.2.9 സമ്പദ് വ്യവസ്ഥയുടെ തകർച്ച .................................. 97
12.2.10 മാറേണ്ട വികസന സമീപനം .................................. 97
12.2.11 കാർബൺ പാദമുദ്ര കുറഞ്ഞ വികസന സമീപനം.................................. 98
12.2.12 ഫോസിൽ ഇന്ധന ഉപയോഗം കുറയ്ക്കുക .................................. 98
12.2.13 പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുക .................................. 98
12.2.14 ബാറ്ററി വാഹനങ്ങളുടെ പ്രോത്സാഹനം .................................. 98
12.2.15 ജൈവ കവചം സ്ഥാപിക്കൽ .................................. 99
12.2.16 ഭക്ഷ്യ ദൂരം കുറയ്ക്കുക .................................. 99
12.2.17 ജലാശയ സംരക്ഷണം .................................. 99
12.2.18 മാലിന്യ സംസ്കരണം .................................. 99
12.2.19 ഹരിത നിർമ്മിതികൾ പ്രോത്സാഹിപ്പിക്കൽ .................................. 99
12.2.20 ഊർജ്ജസംരക്ഷണ ഇടപെടലുകൾ .................................. 100
12.2.21 നഗരത്തിന് ഒരു ദുരന്ത നിവാരണ പദ്ധതി .................................. 100
12.2.22 പുതിയ സമീപനത്തിലേക്ക് .................................. 101
**13 വികസനത്തിലെ ലിംഗനീതി..................................**
13.1 എന്താണ് യഥാർത്ഥ വികസനം .................................. 102
13.2 ലിംഗപദവിയും വികസനവും (Gender and Development) .................................. 102
13.3 ലിംഗപദവിയുടെയും വികസനത്തിന്റെയും പ്രാധാന്യം.................................. 103
13.4 ശാക്തീകരണ സമീപനം (Empowerment Approach).................................. 103
13.5 ലിംഗവിവേചനം (Gender Discrimination).................................. 104
13.6 പിതൃമേധാവിത്ത വ്യവസ്ഥ (Patriachy).................................. 104
13.7 ജെൻഡർ, അനുബന്ധ ആശയങ്ങൾ.................................. 105
13.8 ലിംഗ വ്യത്യാസം (Sex) .................................. 105
13.9 ലിംഗപദവി (Gender) .................................. 105
13.10 എൽ.ജി.ബി.ടി.ഐ.ക്യൂ.എ+ (LGBTIQA+).................................. 106
13.11 ജെൻഡർ റോളുകൾ (Gender Roles).................................. 106
13.12 ലിംഗപദവി വാർപ്പ്മാതൃകകൾ (Gender Stereotypes).................................. 106
13.13 ലിംഗസമത്വം (Gender Equality).................................. 106
13.14 ലിംഗനീതിയും സന്തുലനവും (Gender Equity and Justice).................................. 106
13.15 ലിംഗപദവി തൊഴിൽവിഭജനം.................................. 107
13.16 ജൈവപരമായ തൊഴിൽവിഭജനം .................................. 107
13.17 ലിംഗപദവി തൊഴിൽ വിഭജനത്തിന്റെ പരിണതഫലങ്ങൾ .................................. 107
13.18 വേതനമില്ലാത്ത ജോലികളുടെ ലിംഗപരമായ വിഭജനം .................................. 107
13.19 ലിംഗപദവി മുഖ്യധാരാവൽക്കരണം .................................. 108
13.20 ലിംഗപദവി സംവേദനക്ഷമത (Gender Sensitivity).................................. 108

13.21 ലിംഗപദവി വീക്ഷണം (Gender Perspective)............................................ 108
13.22 ലിംഗപദവി ബജറ്റിംഗ് (ജെന്റർ ബജറ്റിംഗ്)............................................ 109
13.22.1 ലിംഗപദവി ബജറ്റിംഗ് എന്തിന്? ............................................ 109
13.22.2 എങ്ങനെ നടപ്പിലാക്കും ............................................ 110
13.23 ലിംഗപദവി ആസൂത്രണം............................................ 110
13.24 മുൻകാല സമീപനവും ലിംഗപദവി സമീപനവും............................................ 110
13.25 ലിംഗപദവി ആസൂത്രണ ഘട്ടങ്ങൾ ............................................ 111
13.25.1 വിവരശേഖരണം ............................................ 111
13.25.2 പ്രശ്നത്തെ നിർവ്വചിക്കുക............................................ 111
13.25.3 തന്ത്രങ്ങൾ രൂപപ്പെടുത്തുക ............................................ 112
13.25.4 പദ്ധതി ലക്ഷ്യം വയ്ക്കുന്നവരെ കണ്ടെത്തുക............................................ 113
13.25.5 സ്ഥാപനപരമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തുക. ............................................ 113
13.25.6 ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കുക, ഫലപ്രാപ്തിയുടെ സൂചകങ്ങൾ 114
13.25.7 പ്രവർത്തനങ്ങൾ, നൽകുന്ന വിവരങ്ങൾ, പരിണതഫലങ്ങൾ
ഇവ നിർവ്വചിക്കുക............................................ 115
13.25.8 മോണിറ്ററിംഗ്, റിപ്പോർട്ടിങ്ങ് നടപടികൾ ............................................ 116
13.26 ലിംഗപദവി പഠനം............................................ 117
13.27 പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ (PRACTICAL GENDER NEEDS) 117
13.28 നിർണായക ലിംഗപദവി ആവശ്യങ്ങൾ (STRATEGIC GENDER NEEDS) 117
13.29 ലിംഗപദവി പഠനം എന്തിന്?............................................ 117
13.30 ലിംഗപദവി ഓഡിറ്റിംഗ് (ജെൻഡർ ഓഡിറ്റിംഗ്)............................................ 118
13.31 ലിംഗപദവി ഓഡിറ്റിംഗിന്റെ പ്രസക്തി ............................................ 119
13.32 എന്താണ് ലിംഗപദവി ഓഡിറ്റ്? ............................................ 119
13.33 വനിതാ ഘടക പദ്ധതി ............................................ 120
13.34 വനിത ഘടക പദ്ധതി (WCP) എന്തിന്?............................................ 121
**14 കേന്ദ്ര സംസ്ഥാന പദ്ധതികളും സംയോജന സാധ്യതകളും ............................................**
14.1 ഉല്പാദന മേഖലയിലെ മുൻഗണനകൾ............................................ 123
14.3 കേന്ദ്രാവിഷ്കൃത പദ്ധതികൾ............................................ 124
14.3.1 Pradhan Mantri Fasal Bima Yojana (പ്രധാനമന്ത്രി വിള
ഇൻഷ്വറൻസ് പദ്ധതി) ............................................ 124
14.3.1 കർഷകർക്കായുള്ള ഇടക്കാല വായ്പകൾക്കുള്ള പലിശ സബ്സിഡി 124
14.3.2 MARKET Intervention Scheme and Price Support Scheme
(MIS-PSS) ............................................ 124
14.3.3 Pradhan Manthri Kisan Samman Nidhi (PM-KISAN)............................................ 124
14.3.4 Pradhan Manthri Krishi Sanchai Yojana (PMSKSY)-Per
Drop More Crop ............................................ 124
14.3.5 Rashtriya Krishi Vikas Yojana ............................................ 124

14.3.6 National Food Security Mission ........ 125
14.3.7 National Project on Organic Farming ........ 125
14.3.8 National Mission on Horticulture ........ 125
14.3.9 Pradhan Manthri Kisan Man Dhan Yojana ........ 125
14.3.10 Rainfed Area Development and Climate Change ........ 125
14.3.11 Integrated Scheme on Agriculture Marketing (Agri Market Infrastructure (AMI) ........ 125
14.4 കാർഷിക രംഗത്തെ കേരള സംസ്ഥാന സ്കീമുകൾ ........ 126
14.4.1 ഭക്ഷ്യവിള വികസനം (Crop Development) ........ 126
14.4.2 മണ്ണിന്റെയും വിത്തുകളുടെയും ആരോഗ്യവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന പദ്ധതി (Soil and Plant Health Management)........ 126
14.4.3 നിക്ഷേപവും സേവന ഗുണനിലവാരവും (Input and Service Delivery) 126
14.4.4 കൃഷി ഉന്നതി യോജന (Krishi Unnathi Yojana) ........ 126
14.4.5 അപകടസാധ്യത നിയന്ത്രണം (Risk Management)........ 126
14.5 സുഭിക്ഷ കേരളം പദ്ധതി........ 127
14.6 ക്ഷീരവികസനം–കേന്ദ്ര പദ്ധതികൾ ........ 127
14.7 ക്ഷീരവികസനം–സംസ്ഥാന പദ്ധതികൾ ........ 128
14.7.1 പാൽ സംഭരണ കേന്ദ്രങ്ങൾ ........ 128
14.7.2 സഹകരണ സംഘങ്ങളുടെ നവീകരണം ........ 128
14.7.3 വയ്ക്കോൽ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതി........ 128
14.7.4 കാലിത്തീറ്റ സബ്സിഡി പദ്ധതി ........ 129
14.8 മത്സ്യത്തൊഴിലാളിക്ഷേമം........ 129
14.8.1 ഭവന പദ്ധതി ........ 129
14.8.2 വിദ്യാഭ്യാസ കൺസെഷൻ പദ്ധതി........ 129
14.8.3 സമ്പാദ്യവും, ആശ്വാസവും പദ്ധതി ........ 129
14.8.4 മത്സ്യ ബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി ........ 129
14.8.5 മത്സ്യ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി........ 130
14.8.6 മത്സ്യ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി........ 130
14.8.7 ബന്ധപ്പെട്ട ജോലിക്കാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ........ 130
14.8.8 നാടൻ വള്ളങ്ങളുടെ നവീകരണ പദ്ധതി ........ 130
14.8.9 മത്സ്യ ബന്ധന വല വാങ്ങൽ പദ്ധതി ........ 130
14.9 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ........ 131
14.9.1 ജലസംരക്ഷണം........ 131
14.9.2 കുടിവെള്ളം ........ 131
14.9.3 വരൾച്ച പ്രതിരോധം ........ 131
14.9.4 സൂക്ഷ്മ ജലസേചനം ........ 131

14.9.5 ഭൂവികസന പ്രവർത്തനങ്ങൾ ..... 131
14.9.6 സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ..... 131
14.9.7 ഭൂവികസന പ്രവർത്തനങ്ങൾ (പൊതുഭൂമിയിൽ) ..... 133
14.9.8 കെട്ടിട നിർമ്മാണം..... 133
14.9.9 ശൗചാലയം..... 133
14.9.10 വെള്ളപ്പൊക്ക നിയന്ത്രണം..... 133
14.9.11 മത്സ്യമേഖല..... 133
14.9.12 തീരദേശ സംരക്ഷണം..... 133
14.9.13 മറ്റു പ്രവൃത്തികൾ..... 134
14.10 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികൾ ..... 134
14.11 ഹരിത കേരളം പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും ..... 134
14.12 ശുചിത്വമേഖലയിലെ പ്രവർത്തനങ്ങളും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും 134
14.13 ജൈവകൃഷിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും ..... 135
14.14 വേതന-സാധന അനുപാതം ..... 135
14.15 ദേശീയ നഗര ഉപജീവന മിഷൻ (National Urban Livelihood Mission-NULM)..... 135
14.15.1 പദ്ധതിയുടെ ഘടകങ്ങൾ..... 135
14.15.1.1 സാമൂഹ്യ സംഘാടനവും, സ്ഥാപനങ്ങൾ വികസിപ്പിക്കലും .. 135
14.15.1.2 ദരിദ്രജന വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ . 136
14.15.1.3 സ്വയം സഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും റിവോൾവിംഗ് ഫണ്ട്..... 136
14.15.1.4 നഗര ഉപജീവന കേന്ദ്രങ്ങൾ ..... 136
14.15.1.5 കാര്യശേഷിവികസനവും പരിശീലനവും..... 136
14.15.1.6 ദേശീയ-സംസ്ഥാന-നഗരതല സാങ്കേതിക സഹായം ..... 136
14.15.1.7 നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പാക്കലും 136
14.16 സ്വയംതൊഴിൽ പദ്ധതി - വ്യക്തിഗതവും കൂട്ടുസംരംഭങ്ങളും..... 137
14.17 തെരുവ് വ്യാപാരക്കാർക്ക് അനുകൂലമായ നഗരാസൂത്രണം..... 137
14.18 നൂതനാശയ-സവിശേഷ പദ്ധതികൾ..... 137
14.19 സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് (സി.എം.എം.യു) ..... 138
14.20 ഉപസംഹാരം ..... 141
**15 പദ്ധതി ആസൂത്രണം .....**
15.1 പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യം, സമീപനം, മുൻഗണന 143
15.2 പൊതു സമീപനം..... 144
15.3 മുൻഗണനകൾ ..... 145
15.4 നഗരസഭാതല ആസൂത്രണ സമിതി..... 146
15.5 വർക്കിംഗ് ഗ്രൂപ്പുകൾ ..... 146

15.6 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ.................... 147
15.6.1 അവസ്ഥരേഖ (Status Report) തയ്യാറാക്കൽ.................... 147
15.6.2 വാർഡ് സഭകൾ.................... 148
15.6.3 ഊരുകൂട്ട യോഗങ്ങൾ .................... 148
15.7 വികസന സെമിനാറും കരട് പദ്ധതിരേഖയും .................... 149
15.8 വിഭവ സ്രോതസ്സുകളും വകയിരുത്തലും.................... 149
15.9 വികസന ഫണ്ടിന്റെ വകയിരുത്തലുകൾ.................... 150
15.10 മേഖല വിലയിരുത്തൽ.................... 150
15.11 വാർഷിക പദ്ധതിയും ബജറ്റും .................... 150
15.12 പ്രത്യേക വിഭാഗങ്ങൾക്കും മേഖലകൾക്കുമുള്ള പദ്ധതികൾ.................... 150
15.12.1 പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan) .................... 150
15.12.2 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan).................... 151
15.12.3 വനിതാ ഘടക പദ്ധതി .................... 151
15.12.4 കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ പ്രത്യേക പദ്ധതി.................... 151
15.12.5 വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും.. 151
15.12.6 അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി.................... 151
15.13 ആസ്തി പരിരക്ഷണ പദ്ധതി (Asset Maintenance Plan) .................... 151
15.14 സത്ഭരണ പദ്ധതി.................... 152
15.15 വാർഷിക പദ്ധതിക്കും പ്രോജക്റ്റുകൾക്കും ഭരണസമിതി അംഗീകാരം...... 152
15.16 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം .................... 152
15.17 പ്രോജക്റ്റുകളുടെ പരിശോധനയും വെറ്റിംഗും.................... 152
15.18 പ്രോജക്റ്റുകളുടെ അനുമതി നിരീക്ഷണവും മോണിറ്ററിംഗും .................... 153
**16 പദ്ധതി നിർവ്വഹണം ....................**
16.1 പദ്ധതി നിർവ്വഹണം നയവും കാഴ്ചപ്പാടും .................... 154
16.2 പദ്ധതി–പ്രോജക്ട് അംഗീകാരം.................... 154
16.3 നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം .................... 155
16.4 നിർവ്വഹണ ഉദ്യോഗസ്ഥർ .................... 155
16.5 അനുമതികൾ.................... 156
16.6 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ അംഗീകാരം.................... 156
16.6.1 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ.................... 156
16.6.2 നിർവ്വഹണ കലണ്ടർ.................... 157
16.6.3 നിർവ്വഹണ കലണ്ടർ പ്രകാരം നിർവ്വഹണം .................... 157
16.6.4 പ്രോജക്ട് നിർവ്വഹണ രീതികൾ.................... 157
16.6.5 അക്രഡിറ്റഡ് ഏജൻസി/അംഗീകൃത ഏജൻസി മുഖേന .................... 158
16.6.6 തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട്.................... 158
16.6.7 പീസ് വർക്ക് കരാർ.................... 158

16.6.8 കരാറുകാരൻ മുഖേനയുള്ള നിർവ്വഹണം ........ 159
16.7 പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ........ 159
**17 പദ്ധതി മോണിറ്ററിംഗ്........**
17.1 മോണിറ്ററിംഗ് ചുമതലകൾ ........ 161
17.2 മോണിറ്ററിംഗ് എങ്ങനെ?........ 162
**18 സോഷ്യൽ ഓഡിറ്റ്........**
**19 ഓഡിറ്റ്........**
19.1 ഓഡിറ്റ് രീതിശാസ്ത്രം ........ 168
19.2 ഓഡിറ്റ് ജനങ്ങൾക്കും സ്ഥാപനത്തിനും വേണ്ടി........ 168
19.3 വിവിധതരം ഓഡിറ്റുകൾ........ 169
19.4 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധന........ 169
19.5 കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്........ 169
19.6 അക്കൗണ്ടുകൾ ഓഡിറ്റിന് നൽകുവാനുള്ള ബാധ്യത........ 170
19.7 അക്കൗണ്ടുകൾ സമർപ്പിക്കുന്നതിൽ വീഴ്ച........ 170
19.8 പെർഫോമൻസ് ഓഡിറ്റ്........ 173
19.9 ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ്........ 174
19.9.1 റവന്യൂ റിക്കവറി........ 174
19.10 കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ........ 174
19.11 സ്റ്റോർ പർച്ചേയ്സ് വിഭാഗം പരിശോധന........ 175
19.12 ജനപ്രതിനിധികളും ഓഡിറ്റും ........ 175
**20 ഘടക സ്ഥാപനങ്ങളുടെ പരിപാലനം ........**
20.1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ഘടക സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും........ 177
20.1.1 ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ........ 177
20.2 ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിലുള്ള ബന്ധം ........ 178
20.3 നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളിൽ പങ്ക്........ 178
20.4 ഘടക സ്ഥാപനങ്ങളുടെ നടത്തിപ്പ്........ 179
20.5 കണ്ടിജൻസി ചെലവുകൾ........ 179
**21 ഭക്ഷ്യസംരക്ഷണത്തിനും പ്രകൃതിവിഭവ സംരക്ഷണത്തിനും ഒരു കർമ്മപരിപാടി........**
21.1 ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ ........ 181

# 1

# നഗരവികസനത്തിന് ഒരു സമീപനം

ലോകത്ത് ആകമാനം നഗരവത്ക്കരണം വലിയ തോതിൽ നടക്കുകയാണ്. ഗ്രാമങ്ങൾ നഗരസ്വഭാവം ആർജ്ജിക്കുന്നതും, നഗര ജനസംഖ്യയും ജനസാന്ദ്രതയും വർദ്ധിക്കുന്നതും ഇതിന്റെ ഭാഗമാണ്. തൊഴിൽഘടന, ഉപഭോഗം, പരിസ്ഥിതി എന്നിവയിൽ നഗരവത്ക്കരണം വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കൽ, ജീവിത നിലവാരം മെച്ചപ്പെടുത്തൽ എന്നീ തലങ്ങളിൽ വ്യവസായ വത്ക്കരണത്തിന്റെയും വാണിജ്യവികസനത്തിന്റെയും ഭാഗമായ നഗരവത്ക്കരണം വലിയ പങ്ക് വഹിക്കുന്നു. ഗുണകരമായ ഈ ഘടകങ്ങൾ നിലനിൽക്കുമ്പോൾ തന്നെ നഗരങ്ങൾ വലിയ തോതിലുള്ള പ്രതിസന്ധികൾ നേരിടുന്ന കാലഘട്ടം കൂടിയാണ് ഇത്. കാലാവസ്ഥാ വ്യതിയാനം ലോകത്തെ പലയിടത്തേയും നഗരജീവിതത്തെ വലിയ തോതിൽ ബാധിക്കാൻ തുടങ്ങി യിരിക്കുന്നു. ലോകത്തെ പ്രധാന നഗരങ്ങളിൽ പലതും കടൽത്തീരങ്ങളിൽ ഉള്ളവയാണ് എന്നതിനാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ, പ്രളയങ്ങൾ, ചുഴലിക്കാറ്റുകൾ എന്നിവയുടെ രൂപങ്ങളിൽ ഇവർ കൂടുതലായി നേരിടേണ്ടി വരുന്നതും ആഗോളതാപനത്തിന്റെ ഭാഗമായ താപനിലയിലെ വർദ്ധനവും നഗരജീവിതത്തെ ദുഷ്ക്കരമാക്കുന്നു. താപനില കൂടുന്നതിന്റെ ഭാഗമായി വായുമലിനീകരണ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിക്കുന്നത് കാർബൺ ഉത്സർജ്ജനം വർദ്ധിപ്പിക്കുന്നതിനും അന്തരീക്ഷതാപത്തെ ഫലത്തിൽ വീണ്ടും ഉയർത്തുന്നതിനും കാരണമാകുന്നു. പ്രകൃതി അധിഷ്ഠിത പരിഹാരങ്ങൾക്ക് പകരം കൃത്രിമ പരിഹാരങ്ങൾക്കായുള്ള അന്വേഷണങ്ങൾ ആഗോള താപനത്തിന് ആക്കം കൂട്ടുകയാണ് ചെയ്യുന്നത്.

ലോകത്തെ പ്രധാന നഗരങ്ങളിൽ വലിയൊരു ഭാഗം തീരങ്ങളിലോ, നദീതടങ്ങളിലോ ആണ് എന്നതും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾക്ക് അവർക്ക് കൂടുതൽ അനുഭവവേദ്യം ആകുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിക്കുന്നു. നഗരങ്ങളിലെ ജൈവ കവചവും നിർമ്മിത പ്രദേശങ്ങളും തമ്മിലുള്ള അനുപാതത്തിൽ വരുന്ന മാറ്റങ്ങൾ നഗരപ്രദേശങ്ങളിൽ കാർബൺ ആഗിരണ സാദ്ധ്യതകൾ കുറക്കുകയും, കാലാവസ്ഥാ വ്യതിയാനത്തിന്റെ തീവ്രത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഫോസിൽ ഇന്ധനങ്ങളുടെ വർദ്ധിക്കുന്ന ഉപയോഗം, ഉയർന്ന ഊർജ്ജ ഉപയോഗം, നിർമ്മാണ മേഖലയുടെ വ്യാപനം എന്നിവ നഗരങ്ങളിലെ കാർബൺ പാദമുദ്രയും, തൽഫലമായി പാരിസ്ഥിതിക

പാദമുദ്രയും വർദ്ധിപ്പിക്കുന്നു. പുനരുപയോഗ ഊർജ്ജസാദ്ധ്യതകളിലേക്കുള്ള പരിവർത്തനം, ഹരിത നിർമ്മിതികളുടെ വ്യാപനം, നഗരങ്ങളിലെ ഹരിതകവചം വ്യാപിപ്പിക്കൽ, നഗര ജലാശയ വ്യവസ്ഥയുടെ സംരക്ഷണത്തെ ജൈവവൈവിദ്ധ്യ പ്രോത്സാഹന നടപടികൾ എന്നിവയിലൂടെയാണ് കാർബൺ ഉത്സർജ്ജനത്തെ കുറക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ തീവ്രത കുറക്കുന്നതിനും കഴിയു. ഈ ലക്ഷണങ്ങളോടെയുള്ള പ്രകൃതി സൗഹൃദപരമായ നഗരാസൂത്രണത്തിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽചൂണ്ടുന്നു. വർദ്ധിക്കുന്ന ഉപഭോഗത്തിന്റെ ഭാഗമായി സ്വാഭാവികമായി വർദ്ധിക്കുന്ന മാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരണവും പുനചംക്രമണവും ചെയ്ത് ഉപയോഗിക്കുക എന്നത് ഗുണപരമായ ഒരു നഗര ജീവിതം ഉറപ്പിക്കുന്നതിലും, മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിച്ച് ജൈവകവചം വികസിപ്പിക്കുന്നതിലും നിർണ്ണായക പങ്ക് വഹിക്കുന്നു. ഇതിനാൽ തന്നെ ശാസ്ത്രീയമായ മാലിന്യപരിപാലനം സുസ്ഥിര നഗര വികസനത്തിൽ പ്രധാനമായ ഒരു ഘടകം ആകുന്നു.

നഗരവത്ക്കരണത്തിന്റെ പ്രധാന കാരണം തൊഴിൽ നൽകാനുള്ള ഒരു നഗരത്തിന്റെ ശേഷി ആണ്. നഗരത്തിലെ സൗകര്യങ്ങളും പുതിയ സാങ്കേതിക വിദ്യയുടെ സാധ്യതകളും തൊഴിൽ കേന്ദ്രങ്ങൾ ആക്കി നഗരങ്ങളെ മാറ്റുന്നു. വിവരസാങ്കേതിക വിദ്യയുടെ കാലത്ത് അറിവിന്റെ സമ്പദ് വ്യവസ്ഥയുടെ പ്രയോഗ കേന്ദ്രങ്ങൾ ആക്കി നഗരങ്ങളെ മാറ്റുന്നു. പലതരം വിദഗ്ധ തൊളിലാളികളുടെ കേന്ദ്രങ്ങളായി നഗരങ്ങൾ മാറുന്നു. ഈ സാഹചര്യത്തിൽ നഗരത്തിലെ മനുഷ്യ വിഭവത്തെ ഫലപ്രദമായ തൊഴിൽ ശേഷിയായി പരിണമിപ്പിക്കാൻ കഴിയുന്ന നഗരാസൂത്രണത്തിന്റെ പ്രാധാന്യം ഏറുന്നു.

## 1.1 കേരളവും നഗരവത്ക്കരണവും

കേരളത്തിന്റെ നഗരവത്ക്കരണം എന്നത് ഏറെ സവിശേഷതകൾ ഉള്ള ഒന്നാണ്. നഗരങ്ങളിലേക്ക് ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള കുടിയേറ്റം വർദ്ധിക്കുകയോ വലിയ നഗരങ്ങളിലെ ജനസംഖ്യ വൻതോതിൽ വർദ്ധിക്കുകയോ അല്ല കേരളത്തിൽ സംഭവിക്കുന്നത് മറിച്ച് കേരളത്തിലെ ഗ്രാമങ്ങൾ തന്നെ ക്രമാനുഗതമായി നഗരസ്വഭാവം ആർജ്ജിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തെ നഗരജനസംഖ്യ 2011 ലെ സെൻസസ് കണക്കുകൾ പ്രകാരം 25–96 ശതമാനം ആയിരുന്നു. ഒരു ദശാംബ്ദത്തിനിടയിൽ ആണ് ഇത്രയും കാര്യമായ മാറ്റം സംഭവിച്ചത്. നഗരജനസംഖ്യയുടെ വർദ്ധനവ് പരിശോധിക്കുമ്പോൾ കേരളത്തിനകത്ത് ചില ജില്ലകളിൽ നഗരവത്ക്കരണ വേഗത വളരെ ഏറെയാണ് എന്നു കാണാം. എറണാകുളം. തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 60 ശതമാനത്തിന് മുകളിൽ നഗരജനസംഖ്യയാണ് ഉള്ളത്. ഇതിനു തൊട്ടുപുറകിലായി 50 ശതമാനത്തിന് മുകളിലായി ആലപ്പുഴ, തിരുവനന്തപുരം ജില്ലകൾ ഉണ്ട്.

മുൻപ് സൂചിപ്പിച്ചതു പോലെ നഗരങ്ങളിലെ ജനസംഖ്യയും ജനസാന്ദ്രതയും വർദ്ധിക്കുക എന്നതിനെക്കാൾ ഗ്രാമങ്ങൾ തന്നെ നഗരങ്ങളായി മാറുന്ന ഒരു ത്വരിത നഗരവത്ക്കരണത്തിന്റെ പ്രവണതയാണ് കേരളത്തിൽ ദൃശ്യമാകുന്നത്. 87 മുനിസിപ്പാലിറ്റികൾക്കും 6 കോർപ്പറേഷനുകൾക്കും പുറമെ നഗരസ്വഭാവം ആർജ്ജിച്ച 300ലധികം ഗ്രാമപഞ്ചായത്തുകൾ കേരളത്തിൽ ഉണ്ട്. ഇവരെയും കൂടെ കണ്ടുകൊണ്ടു വേണം കേരളത്തിൽ ഇനി നഗരാസൂത്രണ പ്രക്രിയ മുമ്പോട്ടു കൊണ്ടുപോകാൻ. നഗരസഭകളും അടുത്ത ഗ്രാമപഞ്ചായത്തുകളും ചേർന്ന് ദീർഘകാല ലക്ഷ്യം വച്ചുള്ള നഗരാസൂത്രണ പദ്ധതികളുടെ

ആവശ്യത്തിലേക്ക് ഇത് വിരൽച്ചൂണ്ടുന്നു.

## 1.2 നഗരവികസനവും സുസ്ഥിര വികസന ലക്ഷ്യങ്ങളും

2030 നുള്ളിൽ നേടുന്നതിനായി ഐക്യ രാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ സുസ്ഥിരവും തുല്യതയുള്ളതുമായ നഗരങ്ങൾ എന്നത് സുപ്രധാനമായ ഒരു ലക്ഷ്യം ആണ്. ഇതോടൊപ്പം അന്തസ്സുള്ള തൊഴിലും, സാമ്പത്തിക വളർച്ചയും അതിദാരിദ്ര്യ നിർമ്മാർജ്ജനം മാലിന്യ രഹിത നഗരം സൃഷ്ടിക്കൽ, ആരോഗ്യ സുരക്ഷ ഉറപ്പാക്കൽ, സാമൂഹിക നീതി ഉറപ്പാക്കൽ എന്നിവ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പ്രധാനമാണ്.

## 1.3 സുസ്ഥിര വികസനത്തിന് ശാസ്ത്രീയ നഗര ആസൂത്രണം

നഗരത്തെ സുസ്ഥിരതയും സമത്വവും ഉള്ളതാക്കി മാറ്റുക എന്ന പൊതുലക്ഷ്യത്തോടെയാകണം നഗരവികസന പ്രക്രിയകൾ ആസൂത്രണം ചെയ്യേണ്ടുന്നത്. സാമൂഹിക നീതിയുള്ള എല്ലാവരേയും ഉൾക്കൊള്ളുന്ന നഗരം സൃഷ്ടിക്കുന്നതിന് വിവിധ മേഖലകളെ ഏകോപിപ്പിച്ച് സമഗ്രമായി കാണുന്ന ഒരു നഗരവികസന സമീപനം ആവശ്യമാണ്.

പരിസ്ഥിതി സംതുലനാവസ്ഥ ഉറപ്പാക്കുന്ന ഒരു നഗരവികസന സമീപനത്തിന്റെ ആവശ്യം മുൻപ് പറഞ്ഞു കഴിഞ്ഞു. ഒരു നഗരത്തെ സുസ്ഥിര വികസന പന്ഥാവിലേക്ക് നയിക്കുന്നതിൽ ഇത് നിർണ്ണായകമാണ്. നഗരത്തിലെ ജീവിത ഗുണത ഉറപ്പാക്കുന്നതിനും ഇടയിലുള്ള സാമൂഹിക സൗഹാർദ്ദം ഉറപ്പാക്കുന്നതിനും, പൊതുഇടങ്ങളുടെ വികസനവും സംരക്ഷണവും അനിവാര്യമാണ്. പൊതുകൂടിച്ചേരലുകൾ കലാസാംസ്കാരിക പരിപാടികൾ, വിശ്രമ സമയം ചെലവഴിക്കുന്നതിനുള്ള ഇടങ്ങൾ എന്നിവ ഈ വികസനം സുസ്ഥിര നഗരവികസനത്തിൽ അനിവാര്യമാണ്. അണുകുടുംബവത്ക്കരിക്കപ്പെട്ട നഗരാവസ്ഥയിൽ ഇതിന് മുൻഗണന നൽകണം.

നഗരത്തിലെ മാനവവികസന ശേഷിയെ ശാസ്ത്രീയമായി വികസിപ്പിച്ചാൽ മാത്രമേ നഗരത്തിന്റെ സാമൂഹിക നീതിയിൽ ഊന്നിയ വികസനം സാധ്യമാകൂ. സമൂഹത്തിലെ ചരിത്രപരമായി പുറന്തള്ളപ്പെട്ടവർക്കും, ദുർബല വിഭാഗങ്ങൾക്കും ഉള്ള കരിയർ ഓറിയന്റേഷൻ സംവിധാനങ്ങൾ, വിദഗ്ധ തൊഴിൽ പരിശീലന സംവിധാനങ്ങൾ, എന്നിവ നഗര വികസനത്തിന്റെ ഭാഗമായി മാറണം. പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന മികവും ഗുണവും വളർത്താനുള്ള പ്രത്യേക പദ്ധതികൾ ഉണ്ടാകണം. ഇവയുടെയെല്ലാം ഏകോപിത സംവിധാനമായി മുൻസിപ്പൽ/കോർപ്പറേഷൻ തല വിദ്യാഭ്യാസ സംവിധാനത്തിന് പ്രവർത്തിക്കാൻ ആകണം. നഗരങ്ങളിലെ വിവിധ തലത്തിലുള്ള പരിശീലനങ്ങളുടെ ഏകോപനത്തിന് നഗരതല റിസോഴ്സ് സെന്റർ എന്ന ആശയവും പ്രധാനമാണ്.

നഗരത്തിന് ഒരു ക്ഷേമകാര്യ നയം അനിവാര്യമാണ്. മുഴുവൻ ദുർബല വിഭാഗങ്ങളേയും കുടുംബങ്ങളേയും ഉൾക്കൊള്ളാൻ ഇതിന് കഴിയണം. കേരളത്തിൽ 12 ശതമാനം വയോജന ജനസംഖ്യയാണ്. ഇത് 2021 ലെ സെൻസസിൽ വലിയ തോതിൽ ഉയരാം. അണുകുടുംബങ്ങളിൽ വയോജനങ്ങൾ ഒറ്റപ്പെടുന്ന അവസ്ഥ നഗരങ്ങളിൽ വ്യാപകമാണ്. ഇവരുടെ പരിപാലനത്തിന് ഒരു പ്രത്യേക പരിപാടി നഗരസഭകൾ ആലോചിക്കണം. കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് സൗഹൃദപരമായ ഒരു നഗരമാക്കി നഗരങ്ങളെ മാറ്റാൻ കഴിയണം. പൊതുഇടങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവ ഭിന്നശേഷി, വയോജന,

ശിശുസൗഹൃദ ഇടങ്ങളാക്കി മാറ്റാൻ ആകണം. പട്ടികജാതി, പട്ടിക വർഗ്ഗ കുടുംബങ്ങളുടെ കാര്യത്തിൽ ഒരോ കുടുംബത്തിനും പ്രത്യേക പദ്ധതിയും കോളനികൾക്ക് പൊതുപദ്ധതികളും ഉണ്ടാവുകയും അവരെ ഏകോപിപ്പിക്കുന്ന നഗരതല പദ്ധതികൾ ഉണ്ടാവുകയും വേണം. ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക, തൊഴിൽ വൈദഗ്ധ്യവത്ക്കരണവും തൊഴിൽ സാധ്യതകളും വർദ്ധിപ്പിക്കുക തുടങ്ങിയ രണ്ടാം തലമുറ പ്രശ്നങ്ങൾക്ക് ആകണം നഗരത്തിന്റെ വികസന ആസൂത്രണത്തിൽ മുൻഗണന. ഈ അർത്ഥത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കൂടുതൽ വിഭാഗങ്ങൾക്കും പ്രഥമപരിഗണന നൽകിയാൽ മാത്രമേ എല്ലാവരേയും ഉൾക്കൊള്ളുന്ന നഗരമായി നമ്മുടെ നഗരങ്ങൾ മാറൂ.

കേരളത്തിലേക്ക് വരുന്ന 25 ലക്ഷത്തിലധികം വരുന്ന കുടിയേറ്റ തൊഴിലാളികളിൽ ഭൂരിഭാഗവും പണിയെടുക്കുന്നത് നഗരങ്ങളിൽ ആണ്. ഇതിനാൽ തന്നെ അവർക്ക് സുരക്ഷിതമായ താമസ സ്ഥലങ്ങൾ, മികച്ച തൊഴിൽ സാഹചര്യങ്ങൾ എന്നിവ ഉറപ്പാക്കാൻ ആയാൽ മാത്രമേ 'നഗരം' ആധുനിക രീതിയിലുള്ള ഒന്നായി മാറൂ.

ഹരിത കവചങ്ങൾ വികസിപ്പിക്കുക എന്നതിനെയും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്നത് സുസ്ഥിര നഗര ലക്ഷ്യങ്ങളിൽ പ്രധാനമാണ്. പരമാവധി പ്രാദേശിക ഭക്ഷ്യ ഉൽപ്പാദനം സാദ്ധ്യമാക്കിയാൽ മാത്രമേ കുറക്കുന്നതിനും പ്രാദേശിക തൊഴിൽ ശേഷി വികസിപ്പിക്കുന്നതിനും കഴിയൂ. നഗരത്തിലെ കുറഞ്ഞ സ്ഥലത്ത് ചെയ്യാവുന്ന കാർഷിക സാങ്കേതിക വിദ്യകളുടേയും, പ്രയോഗവും മനുഷ്യവിഭവശേഷി ലഭ്യമാക്കാനുള്ള അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മുതലായവയുമായി ചേർന്നുള്ള ഏകോപിത ആസൂത്രണവും പ്രധാനമാണ്. ഈ അർത്ഥത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലെ കേവലമായ തൊഴിൽദാന പദ്ധതി എന്നതിനപ്പുറത്ത് നഗരത്തിന്റെ വികസന ആവശ്യങ്ങളിലേക്ക് ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ വർദ്ധിക്കുന്നു.

നഗരസഭകളുടെ ആരോഗ്യം സംരക്ഷിക്കാൻ കഴിഞ്ഞാൽ മാത്രമേ സുസ്ഥിര വികസനം സാധ്യമാകൂ. പ്രാദേശിക ഭക്ഷ്യ ഉത്പാദനം ഈ ദിശയിൽ നിർണ്ണായകമാണ്.

ഇതോടൊപ്പം ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നത് മൂലമുള്ള രോഗാതുരത കുറയ്ക്കണമെങ്കിൽ ഫലപ്രദമായ കായിക ആസൂത്രണം പ്രധാനമാണ്. ഇതോടൊപ്പം നഗരത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഏകോപിത പ്രവർത്തനവും, റസിഡന്റ് അസോസിയേഷനുകളെ വരെ ബന്ധിപ്പിച്ചുള്ള ജനകീയ ആരോഗ്യപ്രവർത്തന ആസൂത്രണവും നിർണ്ണായകമാണ്. നഗര ആരോഗ്യ സ്ഥാപനങ്ങളും പ്രവർത്തന ഗുണത വർദ്ധിപ്പിക്കാനും, നഗര ആരോഗ്യ ജീവനക്കാരുടെ സംവിധാനത്തെ പൊതുജനാരോഗ്യവുമായി കണ്ണിചേർക്കാനും കഴിയണം. മുൻപ് സൂചിപ്പിച്ചതു പോലെ ശാസ്ത്രീയമായി മാലിന്യ പരിപാലനം ഒരു നഗരത്തിന്റെ വികസന സുസ്ഥിരതയിൽ നിർണ്ണായകമാണ്. അതിന് ആസൂത്രണത്തിൽ മുൻഗണന നൽകണം.

നഗര വികസനത്തിൽ സുസ്ഥിര സാധ്യമാകണം എങ്കിൽ തനത് വിഭവസമാഹരണ സാധ്യതകൾ പരമാവധി വർദ്ധിപ്പിക്കണം. സാമ്പത്തിക ചെലവിടലിലെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും വേണം. പുതിയ തനതു വരുമാന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള ആസൂത്രണം ഉണ്ടാകണം. നഗരഭരണത്തിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള സമിതികൾ ഫലപ്രദമായാൽ മാത്രമേ നഗരത്തിലെ ജനാധിപത്യപ്രക്രിയ ശാന്തമാകൂ. വാർഡ് സമിതികൾ, വാർഡ് കമ്മിറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടത് ഈ അർത്ഥത്തിൽ നിർണ്ണായകമാണ്.

മാറുന്ന നഗരത്തെ സംബന്ധിച്ച കൃത്യമായ വിവരശേഖരവും, ദീർഘ വീക്ഷണത്തോടെയുള്ള നഗരവികസന മാസ്റ്റർ പ്ലാനും ഉണ്ടായാൽ മാത്രമേ നഗര വികസന ലക്ഷ്യങ്ങൾ നേടാൻ കഴിയൂ. ഇതിന് നിലവിൽ മാസ്റ്റർ പ്ലാൻ ഉള്ളനഗരങ്ങളിൽ ജനപങ്കാളിത്തത്തോടെ അവ പുതുതായും, പുതുതായി ഉണ്ടാക്കേണ്ട സ്ഥലങ്ങളിൽ വിപുലമായ ജനകീയ പ്രക്രിയയിലൂടെയും, വിഭവ പങ്കാളിത്തത്തിലൂടെയും അവ രൂപപ്പെടുത്തുകയും വേണം. സുസ്ഥിരത, തുല്യത, എല്ലാവരേയും ഉൾക്കൊള്ളുന്ന നഗരം സൃഷ്ടിക്കൽ എന്നിവയ്ക്ക് ആകണം നഗര വികസന മാസ്ററർ പ്ലാനിലും നഗര വികസന സമീപനത്തിലും ഊന്നൽ.

# 2

# നഗരഭരണവും കമ്മിറ്റി സംവിധാനങ്ങളും

ഭരണഘടനാ വ്യവസ്ഥകളും മുനിസിപ്പാലിറ്റി നിയമവും അനുസരിച്ച് മുനിസിപ്പാലിറ്റിയുടെ ഭരണം കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. നഗരസഭയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പ്രമേയങ്ങളും നയപരമായ തീരുമാനങ്ങളും കൈകൊള്ളുക കൗൺസിലിന്റെ ചുമതലയാണ്. നിയമാനുസൃതം രൂപീകരിച്ചിട്ടുള്ള അധികാരസ്ഥാനങ്ങൾ ആയ മേയർ/ചെയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, സ്റ്റിയറിംഗ് കമ്മിറ്റി, മറ്റ് ആവശ്യങ്ങൾക്കായി രൂപീകരിക്കുന്ന കമ്മിറ്റികൾ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ എന്നിവ വഴിയാണ് കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുകയും കർത്തവ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്നത്. ഇവയോടൊപ്പം പങ്കാളിത്ത ജനാധിപത്യം പ്രവർത്തികമാക്കുന്നതിനുള്ള സംവിധാനങ്ങളായ വാർഡ് സഭയും വാർഡ് കമ്മിറ്റുകളും കൂടി ചേർന്നതാണ് നഗരഭരണ സംവിധാനം. ഭരണഘടനയുടെ അനുഛേദം 243 (S) അനുസരിച്ച് വാർഡ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ആവശ്യമെങ്കിൽ മറ്റ് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## 2.1 കമ്മിറ്റിയുടെ പ്രസക്തി

കമ്മിറ്റികളുടെ ആവശ്യകത എന്താണ്? പ്രസക്തി എന്താണ്? എന്ന് പരിശോധിക്കാം. കൂട്ടായ തീരുമാനമെടുക്കൽ പ്രക്രിയ നിർവ്വഹണ കൂട്ടായ്മയിലേക്കും കൂട്ടുത്തരവാദിത്വത്തിലേക്കും സുതാര്യമായ ഭരണനിർവ്വഹണത്തിലേക്കും നയിക്കുന്നു. കൂട്ടായി എടുക്കുന്ന ഏതൊരു തീരുമാനവും ചർച്ചകളിലൂടെ സുതാര്യമായും പൊതു താല്പര്യപ്രകാരവും എടുക്കാൻ കഴിയുന്നു. അതോടൊപ്പം കൗൺസിൽ യോഗത്തിൽ കൃത്യതയോടെയും വ്യക്തതയോടെയും തീരുമാനം കൈക്കൊള്ളുന്നതിന് ഓരോരോ വിഷയങ്ങളിലും സവിശേഷമായ ചുമതലയുള്ള ചെറിയ സമിതികളായ സ്റ്റാന്റിംഗ് കമ്മിറ്റികളും സ്റ്റിയറിംഗ് കമ്മിറ്റിയും അജണ്ടകൾ വിശദമായി ചർച്ച ചെയ്ത് വിഷയാടിസ്ഥാനത്തിൽ വ്യക്തമായ ശുപാർശയും തീരുമാനങ്ങളും എടുത്ത് റിപ്പോർട്ട് ചെയ്യുന്നത് സഹായകമാവും. ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം കമ്മിറ്റി യോഗങ്ങളിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്താനും എടുക്കുന്ന തീരുമാനങ്ങളുടെ നിയമസാധുതയും യുക്തിയും ഉറപ്പുവരുത്താനും കഴിയുന്നു. കൗൺസിലിൽ നിക്ഷിപ്തമായ ചുമതല നിറവേറ്റുന്നതിന് സഹായകമായി മുനിസിപ്പാലിറ്റി നിയമം വ്യവസ്ഥ ചെയ്തിട്ടുള്ള


കമ്മിറ്റികൾ ഏതൊക്കെ എന്ന് പരിശോധിക്കാം.

## 2.2 സ്റ്റാന്റിംഗ് കമ്മിറ്റികൾ

നഗരസഭകളിൽ നിക്ഷിപ്തമായ ചുമതലകൾ ഓരോന്നും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നവയാണ്. കൗൺസിൽ ഏത് വിഷയത്തെ സംബന്ധിച്ചും തീരുമാനമെടുക്കും മുമ്പ് അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ സൂക്ഷ്മവും വിശദവുമായ പരിശോധന നടക്കേണ്ടതുണ്ട്. ഇപ്രകാരം ഓരോ വിഷയവും സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുത്ത ശേഷമായിരിക്കണം വിഷയം കൗൺസിൽ യോഗത്തിൽ അംഗീകാരത്തിന് വരേണ്ടത്. അതുകൊണ്ടു തന്നെ നഗരസഭ കൈകാര്യം ചെയ്യേണ്ട എല്ലാ വിഷയങ്ങളും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കായി നിയമം മൂലം വിഭജിച്ച് നൽകിയിരിക്കുന്നു.

നഗരസഭ കൗൺസിലും കമ്മിറ്റി സംവിധാനവും ഒറ്റ നോട്ടത്തിൽ മനസ്സിലാക്കുന്നതിന് താഴെപ്പറയുന്ന പട്ടിക ഉപകരിക്കും.

## 2.3 ജനപ്രതിനിധി സംവിധാനവും കമ്മിറ്റികളും



വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഏതൊക്കെ എന്ന് മനസ്സിലാക്കിയ സ്ഥിതിയ്ക്ക് ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ ഏതൊക്കെയെന്ന് ചുവടെ ചേർക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

## 2.4 സ്റ്റാന്റിംഗ് കമ്മിറ്റികളും ചുമതലാ വിഷയങ്ങളും

### മുനിസിപ്പാലിറ്റികൾ

| ക്രമ നം. | സ്റ്റാന്റിംഗ് കമ്മിറ്റി | പരിഗണനാ വിഷയങ്ങൾ |
|---|---|---|
| 1 | ധനകാര്യം | • ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുക, നികുതികൾ, ഫീസുകൾ, വാടക, മറ്റുതുകകൾ എന്നിവ യഥാസമയം തിട്ടപ്പെടുത്തുന്നുണ്ടെന്നും ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക<br>• മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ നിരന്തരം പരിശോധിക്കുക<br>• സർക്കാരിൽ നിന്നു വിതരണം ചെയ്യുന്ന ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക<br>• അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യുക, മാസംതോറുമുള്ള ഡി.സി.ബിയും വരവുചെലവു കണക്കുകളും പരിശോധിക്കുക<br>• കൗൺസിലിന് ലഭിക്കേണ്ടതായ തുക വസൂലാക്കാൻ പറ്റില്ലെന്നു കമ്മിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം ചട്ടങ്ങൾക്കു വിധേയമായി എഴുതിത്തള്ളുക<br>• വാർഷിക ഡി.സി.ബി സൂക്ഷ്മ പരിശോധന നടത്തുക<br>• വാർഷിക ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുക<br>• ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിന് അനുസൃതമാണോ യെന്നും ആവശ്യമായ തുക ലഭ്യമാണോയെന്നും പരിശോധിക്കുക.<br>• കൗൺസിൽ നിർദ്ദേശിക്കുകയാണെങ്കിൽ കൗൺസിൽ ജീവനക്കാർക്കെതിരേയുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തുകയും ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക<br>• നികുതി സംബന്ധമായ അപ്പീലുകൾ തീർപ്പാക്കുക. നികുതി ചുമത്താൻ വിട്ടുപോയ കേസുകളിൽ നികുതി ചുമത്തുന്നതിനും മൂല്യം കുറച്ച് ചുമത്തിയ നികുതി പുനപ്പരിശോധിക്കുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകുക |
| 2 | വികസനം | കൃഷി, മണ്ണ് സംരക്ഷണം, സാമൂഹിക വനവൽക്കരണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് നഗരസഭയുടെ വികസനപദ്ധതി തയ്യാറാക്കൽ |

| | | |
|---|---|---|
| 3 | ക്ഷേമകാര്യം | പട്ടികജാതി, പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹികക്ഷേമം, സാമൂഹിക സുരക്ഷാ പെൻഷനും ധനസഹായവും ചേരിപരിഷ്കരണം, ദാരിദ്ര്യ ലഘൂകരണം, പൊതുവിതരണ സമ്പ്രദായം |
| 4 | ആരോഗ്യം | പൊതുജനാരോഗ്യം, ആരോഗ്യ സേവനങ്ങൾ, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം |
| 5 | മരാമത്ത് കാര്യം | പൊതുമരാമത്ത്, പാർപ്പിട നിർമ്മാണം, വൈദ്യുതി, ശുദ്ധജല വിതരണം, ഡ്രെയിനേജ്, അഴുക്കുചാൽ നിർമ്മാണം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം ഉൾപ്പെടെയുള്ള നഗരാസൂത്രണം, പരിസ്ഥിതിസംരക്ഷണം. |
| 6 | വിദ്യാഭ്യാസം –കലാകായികകാര്യം | വിദ്യാഭ്യാസം, കല, കായികം വിദ്യാഭ്യാസം, കല, സംസ്കാരം, കായികവിനോദം |

**മുനിസിപ്പൽ കോർപ്പറേഷൻ**

| ക്രമ നം. | സ്റ്റാന്റിംഗ് കമ്മിറ്റി | പരിഗണനാ വിഷയങ്ങൾ |
|---|---|---|
| 1 | ധനകാര്യം | • ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് മേൽനോട്ടം വഹിക്കുക, നികുതികൾ, ഫീസുകൾ, വാടക, മറ്റുതുകകൾ എന്നിവ യഥാസമയം തിട്ടപ്പെടുത്തുന്നുണ്ടെന്നും ഈടാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തുക<br>• മുനിസിപ്പൽ കൗൺസിലിന്റെ അക്കൗണ്ടുകൾ നിരന്തരം പരിശോധിക്കുക<br>• സർക്കാരിൽ നിന്നു വിതരണം ചെയ്യുന്ന ഗ്രാന്റുകളുടെ ശരിയായ ഉപയോഗം നിരീക്ഷിക്കുക<br>• അക്കൗണ്ടുകൾ മാസംതോറും ഓഡിറ്റ് ചെയ്യുക, മാസംതോറുമുള്ള ഡി.സി.ബിയും വരവുചെലവു കണക്കുകളും പരിശോധിക്കുക<br>• കൗൺസിലിന് ലഭിക്കേണ്ടതായ തുക വസൂലാക്കാൻ പറ്റില്ലെന്നു കമ്മിറ്റിക്ക് ബോധ്യപ്പെടുന്നപക്ഷം ചട്ടങ്ങൾക്കു വിധേയമായി എഴുതിത്തള്ളുക<br>• വാർഷിക ഡി.സി.ബി സൂക്ഷ്മ പരിശോധന നടത്തുക<br>• വാർഷിക ബജറ്റ് തയ്യാറാക്കി അവതരിപ്പിക്കുക<br>• ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക ബജറ്റിന് അനുസൃതമാണോയെന്നും ആവശ്യമായ തുക ലഭ്യമാണോയെന്നും പരിശോധിക്കുക.<br>• കൗൺസിൽ നിർദ്ദേശിക്കുകയാണെങ്കിൽ കൗൺസിൽ ജീവനക്കാർക്കെതിരേയുള്ള ആരോപണങ്ങളിൽ അന്വേഷണം നടത്തുകയും ഫലം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുക |

| | | |
|---|---|---|
| 2 | വികസനം | കൃഷി, മണ്ണ് സംരക്ഷണം, സാമൂഹിക വനവൽക്കരണം, മൃഗ സംരക്ഷണം, ക്ഷീര വികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, സഹകരണം, ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്, മറ്റു സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് നഗരസഭയുടെ വികസനപദ്ധതി തയ്യാറാക്കൽ |
| 3 | ക്ഷേമകാര്യം | പട്ടികജാതി, പട്ടികവർഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹികക്ഷേമം, സാമൂഹിക സുരക്ഷാ പെൻഷനും ധനസഹായവും ചേരിപരിഷ്കരണം, ദാരിദ്ര്യ ലഘൂകരണം, പൊതുവിതരണ സമ്പ്രദായം |
| 4 | ആരോഗ്യം | പൊതുജനാരോഗ്യം, ആരോഗ്യ സേവനങ്ങൾ, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം |
| 5 | മരാമത്ത് കാര്യം | പൊതുമരാമത്ത്, ഭവന നിർമ്മാണം, വൈദ്യുതി, ജല വിതരണം, അഴുക്കുചാൽ നിർമ്മാണം |
| 6 | വിദ്യാഭ്യാസം –കലാകായികകാര്യം | വിദ്യാഭ്യാസവും കായികവിനോദവും |
| 7 | നഗരാസൂത്രണം | നഗരാസൂത്രണം, കെട്ടിടനിർമ്മാണ നിയന്ത്രണം, നഗര സൗന്ദര്യവൽക്കരണം, കലയും സംസ്കാരവും, പുരാവസ്തു സംരക്ഷണം, പരിസ്ഥിതി സംരക്ഷണം. |
| 8 | നികുതി അപ്പീൽ കാര്യം | നികുതി അപ്പീൽ തീർപ്പാക്കുക മൂല്യം കുറഞ്ഞു പോയതും പൊതുവായതും ആയ നികുതികൾ കണ്ടെത്തി ചുമത്താൻ നിർദ്ദേശിക്കുക. |

## 2.5 സ്റ്റാന്റിംഗ് കമ്മിറ്റി – പൊതു വ്യവസ്ഥകൾ

1. മേയർ/ചെയർപേഴ്സൺ, എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും വോട്ടവകാശമില്ലാത്ത എക്സ് ഓഫീഷ്യോ അംഗമായിരിക്കും.
2. ഡെപ്യൂട്ടി മേയർ/വൈസ് ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാനും വോട്ടവകാശമുള്ള അംഗവുമായിരിക്കും.
3. എല്ലാ കൗൺസിലർമാരും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായിരിക്കണം.
4. ഘടക സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കണം പ്രവർത്തിക്കേണ്ടത്.
5. പദ്ധതി രൂപീകരണത്തിനായി രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കണം പ്രവർത്തിക്കേണ്ടത്.
6. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ ആവശ്യാനുസരണവും കുറഞ്ഞത് മാസത്തിലൊരു തവണയെങ്കിലുമോ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വിളിച്ചു ചേർക്കണം. വിഷയങ്ങൾ

സെക്രട്ടറിയുമായി ചർച്ച ചെയ്ത് അജണ്ടയിൽ ഉൾപ്പെടുത്തി മൂന്ന് പൂർണ്ണ ദിവസം മുൻകൂട്ടി നോട്ടീസ് നൽകണം. ഭൂരിപക്ഷ തീരുമാന പ്രകാരം പാസാക്കുന്ന ഏതൊരു പ്രമേയവും തീരുമാനവും തൊട്ടടുത്ത കൗൺസിൽ യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. ആവശ്യമുള്ള പക്ഷം കൗൺസിലിന് അതിൽ വേണ്ട മാറ്റം വരുത്താൻ അധികാരമുണ്ടായിരിക്കുന്നതുമാണ്.

7. സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിന്റെ ക്വാറം 3 ആയിരിക്കും. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ എണ്ണം നാലോ അതിൽ കുറവോ ആണെങ്കിൽ ക്വാറം രണ്ട് മതിയാകും. ക്വാറം ഇല്ലാതെ യോഗം കൂടുവാൻ പാടില്ലാത്തതാകുന്നു.
8. ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനോടും തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായിട്ടുള്ള രേഖകളും റെക്കാഡുകളും ഹാജരാക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്. കൂടുതൽ വിശദീകരണം ആവശ്യമുണ്ടെങ്കിൽ യോഗത്തിൽ ഹാജരായി വിശദീകരണം നൽകണമെന്നും നിർദ്ദേശിക്കാവുന്നതാണ്.
9. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരുടെ പേരിൽ ആകെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ മൂന്നിൽ ഒന്നിൽ കുറയാത്ത അംഗങ്ങൾ ഒപ്പിട്ട അവിശ്വാസ പ്രമേയം നിശ്ചിത ഫോറത്തിൽ നിർദ്ദേശിക്കപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.
10. ആകെ നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളുടെ ഭൂരിപക്ഷം പേർ പിന്താങ്ങിയാൽ മാത്രമേ അവിശ്വാസം പാസ്സാവുകയുള്ളൂ.
11. രാജിവയ്ക്കൽ ആഗ്രഹിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് നിശ്ചിത ഫോറത്തിൽ സെക്രട്ടറിക്ക് രാജി നൽകാവുന്നതാണ്.
12. അംഗങ്ങളുടെ രാജി മൂലമോ മറ്റ് കാരണങ്ങളാലോ ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തിക്കാത്ത പക്ഷം ആയത് പുനർരൂപീകരിക്കുന്നതു വരെ അതിന്റെ ചുമതലകൾ സ്റ്റിയറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്: 28(3).
13. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ അതാത് വിഷയമേഖലകളിലെ എക്സ് ഓഫീഷ്യോ സെക്രട്ടറിമാരായ ഉദ്യോഗസ്ഥർ പങ്കെടുക്കണം. അജണ്ട നോട്ടുകൾ മുൻകൂട്ടി തയ്യാറാക്കി അംഗങ്ങൾക്ക് നോട്ടീസിനൊപ്പം നൽകണം.
14. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നേതൃത്വം സ്റ്റാന്റിംഗ് കമ്മിറ്റികൾ നിർവ്വഹിക്കണം. പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്ത് യോഗങ്ങൾ വിളിച്ചു ചേർക്കണം. തങ്ങളുടെ വിഷയമേഖലയിൽ വരുന്ന ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തണം.
15. സ്ഥാപനതല മാനേജ്മെന്റ് കമ്മിറ്റികൾ വിളിച്ചു ചേർത്ത് പ്രവർത്തനം കാര്യക്ഷമമാക്കണം.
16. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ കൗൺസിലിന്റെ ഭരണാനുമതിക്ക് നല്കുന്നതിന് മുമ്പ് സ്റ്റാന്റിംഗ് കമ്മിറ്റി പഠിച്ച് അംഗീകാരം നൽകണം.
17. തങ്ങളുടെ മേഖലയിൽ കൗൺസിൽ അംഗീകരിച്ച പ്രമേയങ്ങൾ നടപ്പാക്കുന്നതിന് നേതൃത്വം നൽകണം.
18. പദ്ധതി നിർവ്വഹണ പുരോഗതി നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ വിളിച്ച് അവലോകനം ചെയ്ത് വീഴ്ചകൾ പരിഹരിക്കണം.

ഓരോ കൗൺസിലർക്കും നഗരഭരണത്തിൽ പങ്കാളികളാകാനും നേതൃത്വം നൽകാനുമുള്ള അവസരമാണ് സ്റ്റാന്റിംഗ് കമ്മിറ്റികളിലൂടെ ലഭിക്കുന്നത്. ഓരോ കൗൺസിലറും ക്രിയാത്മകമായി പ്രവർത്തിച്ചാൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം മികച്ചതാകുന്നതാണ്. കൂടാതെ നഗരസഭ കാര്യാലയത്തിലൂടെ നൽകുന്ന സേവനങ്ങളും വികസന ക്ഷേമ പ്രവർത്തനങ്ങളും മികച്ച നിലവാരത്തിലെത്തിക്കാൻ ഇതിലൂടെ കഴിയും. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മികവ് കൗൺസിലിന്റെ മികവാർന്ന പ്രവർത്തനത്തിന് കാരണമാവുകയും ചെയ്യും. അതായത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നാൽ കാര്യക്ഷമമായ നഗരഭരണം എന്നർത്ഥമാക്കുന്നു.

## 2.6 സ്റ്റിയറിംഗ് കമ്മിറ്റി

നഗര ഭരണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തന രഹിതമാവുമ്പോൾ പുതിയ കമ്മിറ്റി നിലവിൽ വരുന്നതുവരെ അതിന്റെ ചുമതലകൾ നിറവേറ്റുന്നതിനും വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് സ്റ്റിയറിംഗ് കമ്മിറ്റി. നഗരസഭയുടെ മേയർ/ചേയർപേഴ്സൺ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരടങ്ങിയ സമിതിയാണ് സ്റ്റിയറിംഗ് കമ്മിറ്റി. കൗൺസിലും സ്റ്റാന്റിംഗ് കമ്മിറ്റികളും എടുക്കുന്ന തീരുമാനങ്ങളും അംഗീകരിക്കുന്ന പ്രമേയങ്ങളും സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും ഭരണത്തിലെ കാലതാമസവും വീഴ്ചകളും യഥാസമയം കണ്ടെത്തി പരിഹരിച്ച് നഗരഭരണം കാര്യക്ഷമമാക്കുന്നതിനും സ്റ്റിയറിംഗ് കമ്മിറ്റിക്ക് കഴിയേണ്ടതുണ്ട്. നഗരസഭയിലെ ഉദ്യോഗസ്ഥ സംവിധാനത്തേയും ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളേയും ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പ്രോജക്ടുകളും സ്കീമുകളും നടപ്പാക്കുന്നതിന് നേതൃത്വം നൽകുന്നതിനും സ്റ്റിയറിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ നേതൃത്വം വഴി കഴിയുന്നതാണ്.

## 2.7 പ്രത്യേക കമ്മിറ്റികൾ

നഗരസഭ കൗൺസിലിന് മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ചുമതലകൾ/അധികാരങ്ങൾ/കർത്തവ്യങ്ങൾ നിറവേറ്റുന്നതിനായി ആവശ്യമുള്ളവയിൽ പ്രത്യേക ആവശ്യങ്ങൾക്കുള്ള കമ്മിറ്റികൾ രൂപീകരിക്കാവുന്നതും കൗൺസിലർമാരല്ലാത്ത യോഗ്യരായ ആളുകളെ പ്രസ്തുത കമ്മിറ്റികളിൽ അംഗങ്ങളായി ഉൾപ്പെടുത്താവുന്നതുമാണ്. ഇപ്രകാരം കമ്മിറ്റികളിൽ ഉൾപ്പെടുത്തുന്ന പുറമെ നിന്നുള്ളവരുടെ എണ്ണം കമ്മിറ്റിയിലെ ആകെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കവിയാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## 2.8 ജോയിന്റ് കമ്മിറ്റികൾ

ഒരു നഗരസഭയും മറ്റേതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്ന് ഏതെങ്കിലും പ്രോജക്ടുകളോ പദ്ധതിയോ നടപ്പാക്കുകയാണെങ്കിൽ അതിന്റെ വിജയകരമായ നടത്തിപ്പിനായി മുനിസിപ്പാലിറ്റി നിയമത്തിലെ 37–ാം വകുപ്പ് പ്രകാരം ഒരു ജോയിന്റ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. പ്രസ്തുത ജോയിന്റ് കമ്മിറ്റിയിൽ ജനപ്രതിനിധികൾ അല്ലാതെ യാതൊരാളെയും അംഗമായി ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ പ്രത്യേക യോഗ്യതയുള്ളവരെ കമ്മിറ്റി യോഗങ്ങളിൽ പ്രത്യേക ക്ഷണിതാവായി

പങ്കെടുപ്പിക്കാവുന്നതാണ്.

## 2.9 വാർഡ് കമ്മിറ്റികളും വാർഡ് സഭകളും

ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭളിലാണ് വകുപ്പ് 42 പ്രകാരമുള്ള വാർഡ് കമ്മിറ്റികൾ രൂപീകരിക്കേണ്ടത്. കൗൺസിൽ ചുമതലയേറ്റ് 3 മാസത്തിനകം ഓരോ വാർഡിലും വാർഡ് കമ്മിറ്റികൾ വിവിധ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിക്കണം. ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള നഗരസഭകളിൽ അതിന്റെ ഓരോ വാർഡിലും വോട്ടർ പട്ടികയിൽ പേരുള്ള ആളുകൾ അംഗങ്ങളായ വാർഡ്സഭകൾ നിലവിൽ വരുന്നതും 3 മാസത്തിലൊരിക്കൽ കൺവീനർ കൂടിയായ വാർഡ് കൗൺസിലർ വാർഡ്സഭ യോഗം വിളിച്ചു ചേർത്ത് വികസനക്ഷേമ പരിപാടികളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും ഉൾപ്പെടെയുള്ള കാര്യങ്ങളും നഗരസഭ പ്രവർത്തനങ്ങളും വിലയിരുത്തേണ്ടതുമാണ്. ഏഴാം അധ്യായത്തിൽ പങ്കാളിത്ത ജനാധിപത്യത്തേയും വാർഡ്സഭ കമ്മിറ്റികളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

## 2.10 ആരോഗ്യ സ്ഥാപനങ്ങൾക്കായുള്ള മാനേജ്മെന്റ് കമ്മിറ്റി. (എച്ച്.എം.സി)

2013–ലെ കേരള മുനിസിപ്പാലിറ്റി പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റി ചട്ടങ്ങൾ അനുസരിച്ച് ഓരോ നഗരസഭയിലും സർക്കാരിൽനിന്ന് കൈമാറ്റം ചെയ്തുകിട്ടിയ ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിന്റെയും ശരിയായ പരിപാലനം, ആസൂത്രിത വികസനം, സേവനകാര്യക്ഷമത വർദ്ധന, എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി മേയർ, ഡെപ്യൂട്ടി മേയർ/ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെംബർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ 15 അംഗങ്ങളിൽ കവിയാത്ത ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണം.

## 2.11 ഭരണ നിർവ്വഹണ കമ്മിറ്റി

ഒരു നഗരസഭയിൽ ഏതെങ്കിലും കാരണവശാൽ കൗൺസിൽ പ്രവർത്തന രഹിതമാവുകയാണെങ്കിൽ അത് പുനഃസ്ഥാപിക്കുന്നതുവരെ ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കമ്മിറ്റിയാണിത്. സർക്കാർ നിയോഗിക്കുന്ന മൂന്നിൽ കുറയാത്ത സർക്കാർ ഉദ്യോഗസ്ഥരായിരിക്കും ഇതിലെ അംഗങ്ങൾ – ആറുമാസത്തിലധികം കാലാവധി പാടില്ല. പ്രസ്തുത കാലയളവിൽ കൗൺസിൽ, സ്റ്റാന്റിംഗ് കമ്മിറ്റി, ചെയർപേഴ്സൺ തുടങ്ങി എല്ലാ സംവിധാനങ്ങളുടെയും ചുമതല ഈ കമ്മിറ്റിക്കായിരിക്കും.

## 2.12 ജില്ലാ പ്ലാനിംഗ് കമ്മിറ്റി

ഒരു ജില്ലയിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളുടെയും ഭരണ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന സംവിധാനമാണിത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായ ഒരു കമ്മിറ്റി സംവിധാനമാണിത്. നഗരസഭകളുടെ വാർഷിക പദ്ധതിയ്ക്കും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബജറ്റിനും അംഗീകാരം നൽകുന്നത് ഡി.പി.സിയാണ്. ജില്ലാപദ്ധതി രൂപീകരണവും ഈ സംവിധാനത്തിന്റെ

ചുമതലയാണ്.

## 2.13 സംസ്ഥാന വികസന കൗൺസിൽ

മുഖ്യമന്ത്രി ചെയർമാനും ചീഫ് സെക്രട്ടറി മെമ്പർ സെക്രട്ടറിയുമായിട്ടുള്ള സംസ്ഥാനതല സംവിധാനമാണിത്. തദ്ദേശമേഖലാ വികസന നയരൂപീകരണം ഈ കൗൺസിലിന്റെ ചുമതലയാണ്. ഗ്രാമ നഗരതല പദ്ധതികളുടെയും ജില്ലാ– സംസ്ഥാന പദ്ധതികളുടെയും ഏകീകരണം ഈ സംവിധാനത്തിന്റെ ചുമതലയിൽ അർപ്പിതമായിരിക്കുന്നു.

ഒരു നഗരസഭയിൽ പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ സജീവവും കാര്യക്ഷമവുമാണെങ്കിൽ ആ നഗരസഭയുടെ ആകെയുള്ള പ്രവർത്തനങ്ങൾ ജനോപകാരപ്രദവും കാര്യക്ഷമവുമായിരിക്കും എന്നത് നിസ്തർക്കമാണ്.

# 3

# വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ

## 3.1 ആമുഖം

1994 ലെ കേരള മുനിസിപ്പൽ നിയമത്തിലെ വകുപ്പ് 30–ൽ നഗരസഭയുടെ അധികാരങ്ങളും, ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രതിപാദിച്ചിട്ടുണ്ട്. കേരള മുനിസിപ്പൽ നിയമത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള ഒന്നാം പട്ടികയിൽ നഗരസഭയുടെ ചുമതലകളെ അനിവാര്യ ചുമതലകൾ (30 എണ്ണം), പൊതു ചുമതലകൾ (14 എണ്ണം), മേഖലാ ചുമതലകൾ (19 വിഷയ മേഖലകളിലായി 107 ചുമതലകൾ) എന്നിങ്ങനെ വേർതിരിച്ച് പറഞ്ഞിട്ടുണ്ട്. ഇപ്രകാരമുള്ള മൂന്ന് തരം ചുതലകളിൽപ്പെട്ട എല്ലാ വിഷയങ്ങളും ഏതെങ്കിലും ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അധികാര പരിധിയിൽ ഉൾപ്പെടുന്നു. കേരള മുനിസിപ്പൽ നിയമം വകുപ്പ് 22–ൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ചുമതലകൾ പ്രത്യേകം പട്ടികപ്പെടുത്തിയിട്ടുണ്ട്.

## 3.2 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ (വകുപ്പ് 22)

» കൃഷി
» മണ്ണ് സംരക്ഷണം
» സാമൂഹ്യ വനവൽക്കരണം
» മൃഗസംരക്ഷണം
» ക്ഷീരവികസനം
» മത്സ്യബന്ധനം
» ചെറുകിട വ്യവസായം
» സഹകരണം
» ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്
» മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് നഗരസഭയുടെ വികസന പദ്ധതികൾ തയ്യാറാക്കൽ

## 3.3 അനിവാര്യ ചുമതലകൾ

കേരള മുനിസിപ്പൽ നിയമം ഒന്നാം പട്ടിക പ്രകാരമുള്ള ആകെ 30 അനിവാര്യ ചുമതലകളിൽ താഴെ പറയുന്ന 2 എണ്ണം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം

ചെയ്യേണ്ട വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ്.

1. കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക
2. നഗരസഭയുടെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും, കനാലുകളും പരിരക്ഷിക്കുക.

## 3.4 പൊതു ചുമതലകൾ

കേരള മുനിസിപ്പൽ നിയമം ഒന്നാം പട്ടിക പ്രകാരമുള്ള ആകെ 14 പൊതു ചുമതലകളിൽ 6 എണ്ണം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ടവയാണ്.

1. അവശ്യ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.
3. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക.
4. സഹകരണ മേഖല വികസിപ്പിക്കുക.
5. വികസനാവശ്യങ്ങൾക്ക് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രാദേശികമായി വിഭവ സമാഹരണം നടത്തുക.
6. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക.

## 3.5 മേഖലാ ചുമതലകൾ

കേരള മുനിസിപ്പൽ നിയമം ഒന്നാം പട്ടിക പ്രകാരം ആകെ 19 വിഷയമേഖലകളിലായി 106 ചുമതലകളുള്ളതിൽ താഴെ പറയുന്ന 7 വിഷയ മേഖലകളിലെ 51 ചുമതലകൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്നതാണ്.


| ക്രമ നം. | മേഖല | ചുമതലകളുടെ എണ്ണം |
|---|---|---|
| 1. | കൃഷി | 14 |
| 2. | മൃഗസംരക്ഷണവും ക്ഷീരോല്പാദനവും | 12 |
| 3. | ചെറുകിട ജലസേചനം | 4 |
| 4. | മത്സ്യമേഖലാ വികസനം | 8 |
| 5. | സാമൂഹ്യ വനവൽക്കരണം | 3 |
| 6. | ചെറുകിട വ്യവസായങ്ങൾ | 8 |
| 7. | സഹകരണം | 2 |
| | **ആകെ** | 51 |

മേൽ സൂചിപ്പിച്ച മേഖലാ ചുമതലകൾ ഈ കൈപ്പുസ്തകത്തിലെ അതത് വിഷയമേഖലയുമായി ബന്ധപ്പെട്ട അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക എന്ന നഗരസഭയുടെ ഉത്തരവാദിത്വം ഫലപ്രദമായി നിറവേറ്റുന്നതിന് വിവിധ വിഷയമേഖലകൾ പരസ്പര പൂരകമായി സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. അതുകൊണ്ടുതന്നെ ചില വിഷയങ്ങൾ ഒന്നിൽ കൂടുതൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ടതായും വരും. പാവപ്പെട്ടവരെ കേന്ദ്രീകരിച്ച്

അയൽക്കൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക എന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനമാണെങ്കിലും ഇത്തരത്തിൽ രൂപീകരിക്കപ്പെടുന്ന സംഘങ്ങൾ ചെറുകിട വ്യവസായ യൂണിറ്റുകളായി മാറ്റാവുന്നതിനാലാണ് ഈ വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉൾപ്പെടുത്തിയിരിക്കുന്നത്.

**വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട നഗരസഭയിലെ ഭരണ സംവിധാനം**



## 3.6 ജനകീയാസൂത്രണവും സ്റ്റാന്റിംഗ് കമ്മിറ്റിയും

നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഏറ്റവും സുപ്രധാന പങ്കുവഹിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ആണ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി. വികസനം സംബന്ധിച്ച് നഗരസഭയുടെ പൊതു നയങ്ങളും തന്ത്രങ്ങളും ആവിഷ്കരിക്കാൻ കൗൺസിലിന് ഏറ്റവുമധികം സഹായം നൽകാൻ കഴിയുന്നത് ഈ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ്. അതോടൊപ്പം കമ്മിറ്റിയുടെ കീഴിൽ വരുന്ന പ്രോജക്റ്റുകളുടെ വിജയകരമായ നടത്തിപ്പ് ഈ കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു.

1. കൃഷിയും അനുബന്ധ മേഖലകളും
2. മൃഗസംരക്ഷണവും ക്ഷീരവികസനവും
3. പ്രാദേശിക സാമ്പത്തിക വികസനം

എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ നിയന്ത്രണം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അവയുടെ ഗ്രൂപ്പ് യോഗങ്ങൾ വിളിച്ചു കൂട്ടുകയും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യേണ്ടത് ഈ കമ്മിറ്റിയാണ്.

# 4

# വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉല്പാദന മേഖലയും

## 4.1 കൃഷിയും അനുബന്ധ മേഖലകളും

കേരളത്തിൽ കാർഷിക മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന തളർച്ച സമ്പദ് ഘടനയെയും, ഭക്ഷ്യോല്പാദന രംഗത്തെയും, കാർഷിക മേഖലയെ ആശ്രയിച്ച് നിലനിൽക്കുന്ന ചെറുകിട വ്യവസായ രംഗത്തെയും പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. പരിസ്ഥിതി സൗഹൃദ, ജൈവ സമീപനാധിഷ്ഠിതമായ ഇടപെടൽ (ഓരോ പ്രാദേശിക സർക്കാരുകളുടെയും സാഹചര്യങ്ങൾക്കനുസൃതമായി) അനിവാര്യമായിരിക്കുകയാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന കാർഷിക മേഖലാ വികസനം, നിലവിലുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിച്ച് വിപുലമാക്കാൻ കഴിയും.

## 4.2 കാർഷിക മേഖലയിലെ പ്രശ്നങ്ങളും വെല്ലുവിളികളും

വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി കാർഷിക അനുബന്ധ മേഖലകളിൽ ഒട്ടേറെ അനുകൂല ഘടകങ്ങൾ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ മേഖലയിൽ പരിഹരിക്കപ്പെടേണ്ട ധാരാളം പോരായ്മകളും നിലനിൽക്കുന്നുണ്ട്. കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. കാലാവസ്ഥാ വ്യതിയാനം
2. കൃഷി ഭൂമിയുടെ തുണ്ടുവൽക്കരണം
3. മണ്ണൊലിപ്പ്
4. കാർഷിക ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത
5. അമിതമായ രാസവളങ്ങളുടെയും, രാസകീടനാശിനികളുടെയും പ്രയോഗം മൂലം മണ്ണിന്റെ ഘടനയിലുണ്ടാകുന്ന പോഷണക്കുറവ്
6. ഉല്പാദനക്ഷമതയിലെ പ്രശ്നങ്ങൾ
7. കൃഷി ആദായകരമല്ലാത്ത അവസ്ഥ
8. വയൽ നികത്തൽ
9. കൃഷി ഭൂമി തരിശ്ശിടൽ
10. കുന്നിടിക്കൽ

11. ജലനിർഗ്ഗമന സൗകര്യങ്ങളുടെ അഭാവം
12. വിവിധ ഏജൻസികളുടെ ഏകോപനമില്ലായ്മ
13. സേവന കേന്ദ്രം ആനുകൂല്യ വിതരണ കേന്ദ്രമായി ചുരുങ്ങിപ്പോകൽ
14. സുസ്ഥിരവും സമഗ്രവുമായ വികസന തന്ത്രത്തിന്റെ പോരായ്മ
15. കാർഷിക ഉല്പന്നങ്ങളുടെ സംഭരണ-സംസ്കരണ- മൂല്യവർദ്ധിത സൗകര്യങ്ങളില്ലായ്മ
16. വിപണന കേന്ദ്രങ്ങളുടെ അപര്യാപ്തതയും പ്രശ്നങ്ങളും
17. കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ്, വിദഗ്ധ തൊഴിലാളികളുടെ അഭാവം
18. അഭ്യസ്തവിദ്യർക്കും ചെറുപ്പക്കാർക്കും കാർഷിക മേഖലയിൽ പണിയെടുക്കുന്നതിലുള്ള വിമുഖത
19. കാർഷിക മേഖലയിൽ ആധുനിക സാങ്കേതികവിദ്യ വേണ്ടത്ര ലഭ്യമല്ലാതിരിക്കൽ/ ഉപയോഗപ്പെടുത്താതിരിക്കൽ
20. ബാങ്കുകളുടെ ഫലപ്രദമല്ലാത്ത വായ്പാനയം
21. ആവശ്യക്കാർക്ക് ആനുകൂല്യങ്ങളും വായ്പയും യഥാസമയം അനുവദിക്കാതിരിക്കൽ
22. വായ്പയുടെ ദുരുപയോഗം
23. കൃഷിക്കാർക്ക് ലഭിക്കുന്ന കുറഞ്ഞ സാമൂഹ്യപദവി
24. കാർഷികവൃത്തിയിലേർപ്പെടുന്നവർക്ക് വേണ്ടത്ര സുരക്ഷിതത്വമില്ലായ്മ
25. മുൻ-പിൻബന്ധമില്ലായ്മ
26. വിവര-വിജ്ഞാന വ്യാപന പരിപാടികളുടെ അപര്യാപ്തത.

നഗര കാർഷികമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ഒരളവോളം പരിഹരിക്കുന്നതിന് നഗരസഭയുടെ അധികാരങ്ങളും ചുമതലകളും വിനിയോഗിക്കാവുന്നതാണ്.

### 4.2.1 കാർഷിക മേഖലാ ചുമതലകൾ

കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം കൃഷി, ചെറുകിട ജലസേചനം, സാമൂഹ്യ വനവൽക്കരണം എന്നീ മേഖലകളിലെ ചുമതലകൾ ചുവടെ കൊടുക്കുന്നു.

#### 4.2.1.1 കൃഷിയുമായി ബന്ധപ്പെട്ട മേഖലാ ചുമതലകൾ

1. തരിശുഭൂമികളും പ്രാന്തപ്രദേശങ്ങളും കൃഷി ചെയ്യിപ്പിക്കുക
2. ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുക
3. മണ്ണ് സംരക്ഷണം
4. ജൈവവള ഉല്പാദനം
5. തടയണകൾ സ്ഥാപിക്കുക
6. സഹകരണ-കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക
7. കൃഷിക്കാർക്കിടയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിക്കുക
8. ഉദ്യാനകൃഷിയും പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക
9. കാലിത്തീറ്റ വിള വികസനം
10. സസ്യ സംരക്ഷണം
11. വിത്തുല്പാദനം
12. കൃഷിയിടങ്ങളുടെ യന്ത്രവൽക്കരണം
13. കൃഷി ഭവനുകളുടെ നടത്തിപ്പ്

14. കാർഷിക പ്രദർശനങ്ങൾ സംഘടിപ്പിക്കുക

### 4.2.1.2 ചെറുകിട ജലസേചനം

1. നഗരസഭ പ്രദേശത്തിനകത്തു വരുന്ന എല്ലാ ചെറുകിട ജലസേചന പദ്ധതികളും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പരിപാലിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
2. എല്ലാ സൂക്ഷ്മ ജലസേചന പദ്ധതികളും നടപ്പിലാക്കുകയും പരിപാലിക്കുകയും ചെയ്യുക.
3. ജലസംരക്ഷണം പ്രാവർത്തികമാക്കുക.
4. ഭൂമിക്കടിയിലെ ജല സ്രോതസ്സുകളുടെ വികസനം നടപ്പാക്കുക.

### 4.2.2 സാമൂഹ്യ വനവൽക്കരണം

» കാലിത്തീറ്റക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിക്കുക
» വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനും പരിസ്ഥിതി ബോധവൽക്കരണം നടത്തുന്നതിനുമായി പ്രചരണങ്ങൾ സംഘടിപ്പിക്കുക
» പാഴ്ഭൂമി വനവൽക്കരിക്കുക

## 4.2.3 കാർഷിക മേഖലയിലെ ചുമതലകൾ നിർവ്വഹിക്കുന്നതിനായുള്ള ഇടപെടൽ സാധ്യതകൾ

### 4.2.3.1 തരിശുഭൂമിയിൽ കൃഷി

തരിശുഭൂമിയിലെ ഉടമസ്ഥന് തുടർന്ന് കൃഷിചെയ്യുന്നതിന് യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് വേണ്ട സഹായങ്ങളും ആനുകൂല്യങ്ങളും നൽകുക

### 4.2.3.2 പാട്ട കൃഷി സമ്പ്രദായം

കൃഷിചെയ്യാൻ താല്പര്യമില്ലാത്ത തരിശുഭൂമി ഉടമയിൽ നിന്നും 2008 ലെ കേരള നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്ന ഭൂമി പാട്ടവ്യവസ്ഥയിൽ സ്വാശ്രയ സംഘങ്ങൾ, കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ, പാടശേഖര സമിതികൾ എന്നിവയ്ക്ക് കൃഷിചെയ്യുന്നതിന് ഏൽപ്പിച്ചുകൊടുക്കുകയും ആവശ്യമായ സഹായങ്ങളും ആനുകൂല്യങ്ങളും നൽകുകയും ചെയ്യുക.

### 4.2.3.3 കാർഷികവൃത്തി പ്രോത്സാഹിപ്പിക്കൽ

കൃഷിചെയ്യാൻ തൽപ്പരരായ എല്ലാ കർഷകർക്കും അർഹമായ വിത്ത്, വളം, കീടനാശിനി എന്നിവ യഥാസമയം എത്തിച്ചുകൊടുക്കുക, കാർഷികവൃത്തി പ്രോത്സാഹിപ്പിക്കുവാൻ വിജ്ഞാന വ്യാപനം കാര്യക്ഷമമാക്കുക.

### 4.2.3.4 ജലസ്രോതസ്സുകൾ

നിലവിലുള്ള ജലസ്രോതസ്സുകളെ സംരക്ഷിച്ചും നവീകരിച്ചും ആവശ്യമുള്ളിടത്ത് പുതിയതായി ജലസ്രോതസ്സുകൾ ഉണ്ടാക്കിയും (തലകുളങ്ങൾ ഉൾപ്പെടെ) കൃഷിയിടങ്ങളിൽ ആവശ്യാനുസരണം ജലം എത്തിച്ചുകൊടുക്കുക (ഈ പ്രവൃത്തികൾ പൂർണ്ണമായും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്നതാണ്).

### 4.2.3.5 യന്ത്രവൽക്കരണം

കർഷകത്തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് ആവശ്യമുള്ളിടത്തോളം യന്ത്രവൽക്കരണ സഹായം എത്തിച്ചുകൊടുക്കുക. (ഉദാ: ട്രാക്ടർ, ടില്ലർ, കൊയ്ത്ത് –മെതിയന്ത്രം, മോട്ടോർ പമ്പുകൾ തുടങ്ങിയവ). ഇതിനായി പാടശേഖര സമിതികൾ കാർഷിക സഹകരണ സംഘങ്ങൾ, ലേബർ ബാങ്ക്, കാർഷിക കർമ്മസമിതികൾ, ഫാർമേഴ്സ് ക്ലബ്ബുകൾ, ഗ്രീൻ ആർമി എന്നിവ നഗരഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കാവുന്നതുമാണ്.

### 4.2.3.6 മണ്ണൊലിപ്പ് തടയൽ

മണ്ണൊലിപ്പുകൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ചരിവുള്ള കൃഷിയിടങ്ങളിലും മറ്റും ആവശ്യമായ മണ്ണ് സംരക്ഷണ പ്രവൃത്തികൾ (തടയണകൾ, കയ്യാല, കോണ്ടൂർ ബണ്ട് മുതലായവ) ഏറ്റെടുത്ത് നൽകുക. (ഈ പ്രവൃത്തികൾ പൂർണ്ണമായും AUEGS ൽ ചെയ്യാവുന്നതാണ്). മണ്ണിടിച്ചിലും, മണ്ണൊലിപ്പുമുള്ള ഭൂമിയിൽ തടയണകൾ നിർമ്മിച്ച് അതിൽ രാമച്ചം, തീറ്റപ്പുൽ, കൈത തുടങ്ങിയവ കൃഷിചെയ്ത് കാലിത്തീറ്റയായും ഔഷധമായും ഉപയോഗിക്കുന്നതിന് വ്യാപക പ്രചരണവും സഹായവും നൽകുക. അതുവഴി മണ്ണൊലിപ്പ് തടയുന്നതിന് സഹായിക്കും. നഗരസഭയിലെ എല്ലാ കുളങ്ങളിലെയും ചിറകളിലെയും ബണ്ടുകൾ തത്വത്തിൽ തീറ്റപ്പുൽകൃഷിക്ക് ഉപയോഗപ്പെടുത്താ വുന്നതുമാണ്. ജൈവവേലി നിർമ്മിച്ച് മണ്ണൊലിപ്പ് തടയാവുന്നതും, കാലിത്തീറ്റ ഉല്പാദിപ്പിക്കാവുന്നതുമാണ്.

### 4.2.3.7 ജൈവകൃഷി

സംസ്ഥാനത്ത് ജൈവ കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി രാസവളപ്രയോഗം പരമാവധി ഒഴിവാക്കി ജൈവവളവും, ജൈവകീടനാശിനികളും ഉല്പാദിപ്പിക്കുന്നതിന് കാർഷിക വികസന സമിതി, കാർഷിക ഉത്പാദക സംഘങ്ങൾ, കുടുംബശ്രീ സ്വാശ്രയസംഘങ്ങൾ, അയൽസഭകൾ തുടങ്ങിയവയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

### 4.2.3.8 പാടശേഖരങ്ങളുടെ പരിപാലനം

നികത്തിയ പാടശേഖരങ്ങൾ പഴയ സ്ഥിതിയിലേക്ക് കൊണ്ടുവന്ന് നെൽകൃഷി പുനരാരംഭിക്കുന്നതിനും, പാടശേഖരത്തിന് പുറമെ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനും സഹായം നൽകുക. സംസ്ഥാനത്ത് നിലവിലുള്ള നെൽവയൽ നീർത്തട സംരക്ഷണ നിയമങ്ങൾ നടപടിക്രമങ്ങൾ എന്നിവ ശക്തമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പിന്തുണ ഉറപ്പുവരുത്തുക. ശേഷിക്കുന്ന നെൽവയലുകളിൽ നെൽകൃഷി നിലനിർത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തി നെൽകൃഷി സംരക്ഷിക്കുക.

### 4.2.3.9 ഫലവൃക്ഷങ്ങൾ

ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, പേര, നെല്ലി, പുളി തുടങ്ങിയവ എല്ലാ കുടുംബത്തിലും ഉണ്ടാവുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബോധവൽക്കരണവും ആവശ്യമായ ഫലവൃക്ഷ തൈകളുടെ വിതരണം, സംരക്ഷണം എന്നിവയും ഉറപ്പുവരുത്തുക. ഫലവൃക്ഷ

തൈകൾ ഉല്പാദിപ്പിക്കുന്നതിന് നഗരസഭ തലത്തിൽ, കുടുംബശ്രീ സ്വാശ്രയസംഘങ്ങളുടെ, അയൽസഭകളുടെ, സോഷ്യൽ ഫോറസ്ട്രി ക്ലബ്ബുകൾ ആരംഭിക്കുക. സംസ്ഥാന വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ സാങ്കേതിക സഹായവും, പിന്തുണയും ഇക്കാര്യത്തിനായി ലഭ്യമാക്കാവുന്നതാണ്. (ഈ പ്രവൃത്തികൾ പൂർണ്ണമായും AUEGS ന്റെ സഹായം ഉപയോഗിക്കാവുന്നതാണ്).

### 4.2.3.10 സ്കൂൾതല പച്ചക്കറികൃഷി

പുതുതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി സ്കൂൾതല പച്ചക്കറി കൃഷി പദ്ധതികൾക്ക് രൂപം നൽകുക.

### 4.2.3.11 അടുക്കളത്തോട്ടം

പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവപച്ചക്കറി ഉല്പാദനത്തിൽ ഊന്നൽ നൽകി കഴിയുന്നിടത്തോളം എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കുക. (പച്ചക്കറി കൃഷിക്കുള്ള ഗ്രോബാഗ്, വിത്ത്, ജൈവവളം, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയവ അർഹമായ നിരക്കിൽ നൽകുക). മതിയായ കൃഷിഭൂമി ലഭ്യമല്ലാത്തയിടങ്ങളിൽ ടെറസ്സ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

### 4.2.3.12 ഹൈ-ടെക് പച്ചക്കറികൃഷി

ജൈവ പച്ചക്കറികളുടെ ഉല്പാദനക്ഷമത വർദ്ധനവിനുതകുന്ന തരത്തിൽ ഹൈടെക് പച്ചക്കറി കൃഷി പ്രോത്സാഹന നടപടികൾ സ്വീകരിക്കുക. അക്വാപോണിക്സ്, ഹൈഡ്രോ പോണിക്സ്, മഴമറ തുടങ്ങിയ രീതികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താം.

### 4.2.3.13 സംഭരണ സംവിധാനം

സീസണിൽ കൂടുതലായി ഉല്പാദിപ്പിച്ചുവരുന്ന ഫലങ്ങളും, പച്ചക്കറികളും സംഭരിക്കുന്നതിന് വെയർ ഹൗസുകൾ നിർമ്മിച്ച് നൽകുക. (കുടുംബശ്രീ, സ്വാശ്രയസംഘങ്ങൾ എന്നിവയ്ക്ക് ഇത്തരത്തിൽ വെയർ ഹൗസുകൾ നിർമ്മിക്കാൻ AUEGS ൽ സഹായം നൽകാവുന്നതാണ്).

### 4.2.3.14 പൊതു മാർക്കറ്റുകൾ

Vegetable & Fruit Promotion Council Kerala (V.F.P.C.K.) യുമായി സഹകരിച്ച് പൊതു മാർക്കറ്റുകൾ സജ്ജമാക്കാവുന്നതാണ്.

### 4.2.3.15 മൂല്യവർദ്ധിത ഉല്പ്പന്നങ്ങൾ

ലഭിക്കുന്ന അധിക ഫലങ്ങളെ മൂല്യവർദ്ധിത (Value added) ഉൽപ്പന്നങ്ങളായി മാറ്റി യെടുക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക. സമ്മിശ്ര ഇടവിള കൃഷി വികസനത്തിലൂടെ പരമാവധി ഉല്പാദനക്ഷമത വർദ്ധനവിനുതകുന്ന രീതികൾ പ്രോത്സാഹിപ്പിക്കുക.

### 4.2.3.16 കാർഷിക വിപണന സംഘങ്ങൾ

കാർഷിക മേഖലയിലെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിന് കാർഷിക വിപണന സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക. Vegetable Fruit Promotion Council Kerala (V.F.P.C.K. യുടെ സഹായം തേടാവുന്നതാണ്).

#### 4.2.3.17 അടിസ്ഥാന സൗകര്യങ്ങൾ

കർഷക ഉല്പാദക സംഘങ്ങൾ, ഫെഡറേഷനുകൾ, കാർഷിക ഉല്പന്ന കമ്പനികൾ (FPO) എന്നിവയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുക.

#### 4.2.3.18 വെർട്ടിക്കൽ കൃഷി രീതികൾ

കൃഷിഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പച്ചക്കറികൾ, പുഷ്പകൃഷി എന്നിവ തട്ടുകളായും മറ്റു വെർട്ടിക്കൽ രീതികളായും കൃഷി ചെയ്യാവുന്നതാണ്. പോഷക സമൃദ്ധവും വിപണന സാധ്യതകളും ഉള്ളതായ കൂൺകൃഷിയും ഈ രീതിയിൽ നടത്താം.

#### 4.2.3.19 ലേബർ ബാങ്ക്

ഓരോ നഗരസഭയിലും 15 മുതൽ 20 വരെ അംഗങ്ങളുള്ള സാങ്കേതിക വൈദഗ്ധ്യമുള്ള കർഷക തൊഴിലാളികളുടെ ലേബർ ബാങ്ക് ഉണ്ടാക്കുക. അവർക്ക് വിവിധ ഏജൻസികൾ വഴി ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.

### 4.2.4 സംയോജന സാധ്യതകൾ

കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിനു താഴെപറയുന്ന കേന്ദ്ര സംസ്ഥാന ആവിഷ്കൃത പദ്ധതികൾ, വിവിധ വികസന ഏജൻസികളുടെ പദ്ധതികൾ എന്നിവ സംയോജിപ്പിക്കാവുന്നതാണ്.

1. സുഭിക്ഷ കേരളം പദ്ധതി
2. ഹരിത കേരളം മിഷൻ
3. a) കേന്ദ്രാവിഷ്കൃത പദ്ധതികളായ
    - Agricultural Technology Management Agency (ATMA)
    - Rashtriya Krishi Vikas Yojana (RKVY)
    - Pradhan Mantri Kaushal Vikas Yojana (PMKSY)
    - AUEGS

   b) വികസന ഏജൻസികൾ
    - Vegetable & Fruit Promotion Council Kerala (V. F. P. C. K)
    - നാളികേര വികസന ബോർഡ്
    - ഹോർട്ടികോർപ്പ്

#### 4.2.5 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും കാർഷിക മേഖലയും

പ്രകൃതി വിഭവ പരിപാലനത്തോടൊപ്പം കാർഷിക മേഖലയുടെ വികസനത്തിനു പിന്തുണ നൽകുന്നതിനു സഹായകരമായ പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. കൃഷിക്കും കൃഷി അനുബന്ധ മേഖലയുടെ വികസനത്തിനുമായി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ ചുവടെ പ്രതിപാദിക്കുന്നു.

1. തരിശു ഭൂമി കൃഷിയോഗ്യമാക്കുന്നതിന് ഒറ്റത്തവണ നിലമൊരുക്കൽ
2. ജല സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനു പൊതു– സ്വകാര്യ ഭൂമിയിൽ കുളങ്ങൾ തോടുകൾ കനാലുകൾ എന്നിവ നിർമ്മിക്കൽ.
3. പൊതു കുളങ്ങളുടെയും പൊതു കിണറുകളുടെയും പുനരുദ്ധാരണം.

4. പൊതു – സ്വകാര്യ ഭൂമിയിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ
5. പൊതു – സ്വകാര്യ ഭൂമികളിൽ ഫലവൃക്ഷ തൈകൾ വെച്ച് പിടിപ്പിക്കലും 3 വർഷം വരെ പരിചരണവും.
6. അസോള ടാങ്ക് നിർമ്മാണം
7. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പശുത്തൊഴുത്ത്/ആട്ടിൻകൂട്/കോഴികൂട്/പന്നിക്കൂട് എന്നിവയുടെ നിർമ്മാണം
8. തീറ്റപ്പുൽ കൃഷിക്കാവശ്യമായ ഭൂമി ഒരുക്കൽ, തീറ്റപ്പുല്ല് നട്ടുപിടിപ്പിക്കൽ.
9. കാർഷിക വിളകളുടെ സംഭരണ കേന്ദ്രം.
10. ജൈവ വളനിർമ്മാണത്തിനുള്ള അടിസ്ഥാന സൗകര്യം
11. കുടുംബശ്രീ മിഷന്റെ കീഴിൽ വരുന്ന സ്വയം സഹായ സംഘങ്ങൾക്ക് വർക്ക്ഷെഡ് നിർമ്മാണം (ഗ്രൂപ്പിലെ ഏതെങ്കിലും അംഗത്തിന്റെ പേരിലുള്ള ഭൂമിയിൽ)
12. കംപോസ്റ്റിംഗ് സംവിധാനങ്ങളുടെ (NADEP/തുംമ്പൂർ മുഴി മാതൃകകൾ) നിർമ്മാണം.

### 4.2.6 കൃഷിഭവൻ

നഗരസഭകൾക്ക് കാർഷിക മേഖലയിലെ ചുമതലകൾ നിർവ്വഹിക്കാൻ വേണ്ട സാങ്കേതിക സഹായവും മേൽനോട്ടവും നൽകുന്നതിനും, ആവശ്യമുള്ള രീതിയിൽ (സർക്കാർ വകുപ്പുകൾ ഇതര ഏജൻസികൾ സന്നദ്ധപ്രവർത്തകർ/ജനകീയ സംഘടനാ സംവിധാനങ്ങൾ തുടങ്ങിയവ) പ്രവർത്തന ഏകോപനത്തിലൂടെ സഹായ സംവിധാനമായി പ്രവർത്തിക്കാനും ചുമതലപ്പെട്ട ഒരു സ്ഥാപനമാണ് കൃഷിഭവൻ. ഒരു കൃഷി ഓഫീസറും രണ്ടോ മൂന്നോ കൃഷി അസിസ്റ്റന്റും, ഒരു അറ്റന്ററുമാണ് കൃഷിഭവനിലുള്ളത്. കൂടാതെ കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ പുറത്തിറക്കുന്ന ഉത്തരവിൻ പ്രകാരം രൂപീകരിക്കുന്ന ജനകീയ പിന്തുണാ സംവിധാനമായ കാർഷിക വികസന സമിതിയും പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള ഔദ്യോഗിക, ജനകീയ പിന്തുണാ സംവിധാനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചുമതലകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ ലഭ്യമാകുന്ന ഫണ്ടുകളും, നഗരസഭയുടെ വികസന ഫണ്ടും സംയോജിപ്പിച്ച് കാർഷിക ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പ്രവർത്തിച്ചെങ്കിൽ മാത്രമേ വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ നാം വിഭാവനം ചെയ്ത ലക്ഷ്യ പൂർത്തീകരണം സാധ്യമാകൂ.

## 4.3 നഗര കൃഷി

ഒരു നഗരത്തിലെ ജനങ്ങളുടെയും ചെറുകിട വ്യവസായങ്ങളുടെയും ആവശ്യത്തിനായി ഭക്ഷണം, ഇന്ധനം മുതലായ കാർഷിക വിഭവങ്ങൾ ഉൽപാദിപ്പിക്കുകയും, നഗരപ്രദേശങ്ങളിൽ തന്നെ പ്രോസസ്സ് ചെയ്യുകയും വിപണനം നടത്തുകയും ചെയ്യുന്ന പ്രവർത്തിയാണ് നഗര കൃഷി. പൊതുവായി നഗര കൃഷി എന്ന് പറയുമ്പോൾ നഗരത്തിലെ അടുക്കള തോട്ടങ്ങൾ, മട്ടുപ്പാവ് കൃഷിയിടങ്ങൾ, ചെറുകിട പച്ചക്കറി കൃഷി എന്നിവക്കൊപ്പം തന്നെ മൃഗസംരക്ഷണം, മത്സ്യക്കൃഷി, തേനീച്ചവളർത്തൽ, പൂന്തോട്ടപരിപാലനം എന്നിവയും നഗര കൃഷിയിൽ ഉൾപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ ഭൂപ്രകൃതിയിലും ജനസംഖ്യയുടെ വളർച്ചയിലുമുള്ള പ്രത്യേകത മൂലം ചെറുകിട പച്ചക്കറി കൃഷി, മൃഗസംരക്ഷണം, മത്സ്യക്കൃഷി മുതലായ പ്രവർത്തനങ്ങൾ പ്രധാനമായും നഗരങ്ങളോടടുത്തുള്ള പെരി–അർബൻ പ്രദേശങ്ങളിലാണ് കൂടുതലായി കാണപ്പെടുന്നത്. ജനപ്പെരുപ്പം, സ്ഥലക്കുറവ് എന്നിവ മൂലം

നഗരങ്ങൾക്കുള്ളിലെ കാർഷിക മേഖലയ്ക്ക് പെരി–അർബൻ നഗരകൃഷിയുടേതിനേക്കാൾ വ്യത്യസ്തമായ സ്വഭാവസവിശേഷതകകളാണ് ഉള്ളത്. പ്രാദേശികമായി കാർഷിക, മൃഗസംരക്ഷണ ഡിപ്പാർട്ടമെന്റ്, കാർഷിക യൂണിവേഴ്സിറ്റി എന്നീ ഇൻസ്റ്റിറ്റ്യൂഷണൽ സംവിധാനങ്ങളുടെ പിന്തുണയോടെ, പ്രാദേശികമായ ഭരണകൂടങ്ങളുടെ ടൗൺ പ്ലാനിംഗുമായി സംയോജിപ്പിച്ച് മുന്നോട്ടു പോകുവാൻ കഴിഞ്ഞാൽ മാത്രമാണ്, കാര്യക്ഷമമായ നാഗരിക കൃഷിയിലൂടെ നഗരവാസികൾക്ക് ആവശ്യമായ ഫ്രഷ് പച്ചക്കറികൾ, പഴങ്ങൾ, മാംസം, മുട്ട മുതലായ ഉൽപന്നങ്ങളുടെ ഉല്പാദനവും അതുവഴി നഗരങ്ങളുടെ ഭക്ഷ്യസുരക്ഷയും മെച്ചപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

## 4.4 നഗര ഹരിതവൽക്കരണം

നഗരവാസികളും അവരുടെ പരിസ്ഥിതിയും തമ്മിൽ പരസ്പരം പ്രയോജനകരമായ ബന്ധം സൃഷ്ടിക്കുന്ന ഉദ്യാന പരിപാലന, വനവൽക്കരണ പ്രവർത്തികളും പദ്ധതികളുമാണ് നഗര ഹരിതവൽക്കരണം. നഗര കൃഷിയിൽ നിന്നും വ്യത്യസ്തമായ ഒന്നാണ് നഗര ഹരിതവൽക്കരണം. നഗരങ്ങളിലെ കാർഷിക വിഭവങ്ങൾ ഉൽപാദനവും അവയുടെ വിപണനവും വഴി നഗര കൃഷി നഗര വാസികളുടെ ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റുമ്പോൾ, നഗര ഹരിതവൽക്കരണം പ്രധാനമായും ഇടപെടുന്നത് നഗരവാസികളുടെ മാനസിക ആരോഗ്യത്തിന്റെ ഭാഗമായാണ്. കോവിഡ് പോലുള്ള രോഗങ്ങൾ നഗരങ്ങളിലെ ജനജീവിതത്തിൽ തൊഴിലില്ലായ്മ, വീടുകളിലെ അടഞ്ഞിരിക്കൽ മുതലായ മാനസിക പിരിമുറുക്കങ്ങൾക്ക് വഴിയൊരുക്കുന്ന ഈ കാലത്ത്, നഗര ഹരിതവൽക്കരണം പോലുള്ള നഗര വാസികളുടെ മാനസിക ആരോഗ്യത്തിനു ഗുണം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം വർധിക്കുന്നു.

### 4.4.1 നഗര ജീവിതത്തിൽ നഗര ഹരിതവൽക്കരണത്തിന്റെയും നഗര കൃഷിയുടെയും പ്രാധാന്യം

നഗര ജീവിതത്തിൽ മുകളിൽ വിവരിച്ച ഭക്ഷ്യ സുരക്ഷയും, മാനസിക ആരോഗ്യവും അടക്കം, ആറ് പ്രധാന വിഷയങ്ങളിലൂടെ നഗര ഹരിതവൽക്കരണത്തിന്റെയും നഗര കൃഷിയുടെയും നഗര ജീവിതത്തിലുള്ള പ്രാധാന്യത്തെയാണ് താഴെ വിവരിച്ചിരിക്കുന്നത്

#### 4.4.1.1 ഭക്ഷ്യ സുരക്ഷ

ഇന്ത്യ പോലെയുള്ള വികസ്വര രാജ്യങ്ങളിലെ, കേരളം പോലെ വളരെ ഉയർന്ന സാന്ദ്രതയുള്ള നഗര പ്രദേശങ്ങളിലെ വർധിച്ച് വരുന്ന ഭക്ഷ്യ അരക്ഷിതാവസ്ഥക്ക് നല്ലൊരു മറുപടിയാണ് പ്രാദേശികമായി ഭക്ഷ്യ വിഭവങ്ങൾ ഉല്പാദിപ്പിക്കുന്ന നഗര കൃഷി. കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യ ആവശ്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കാർഷിക വിഭവങ്ങളിൽ മനുഷ്യന് ഹാനികരമായ രാസവസ്തുക്കൾ, പലപ്പോഴായി കണ്ടുപിടിക്കപ്പെട്ടതും, കേരളത്തിലെ വർധിച്ചുവരുന്ന അപകടകരമായ കാൻസർ പോലുള്ള രോഗങ്ങൾക്ക് കാർഷിക വിഭവങ്ങളിൽ ഉപയോഗിക്കുന്ന രാസവസ്തുക്കൾ കാരണമാകും എന്ന സോഷ്യൽ മാധ്യമങ്ങൾ വഴി വന്ന വാർത്തകളാലും, കേരളത്തിലെ പ്രത്യേകിച്ചും നഗരങ്ങളിലെ സാധാരണക്കാർ പോലും ഇന്ന്, പ്രാദേശികമായി ഉത്പാദിപ്പിച്ച കാർഷിക വിഭവങ്ങൾക്ക് (നാടൻ, ജൈവം) കൂടുതൽ താല്പര്യം കാണിക്കുന്നുണ്ട്. ഇതുമൂലം തന്നെ കേരളത്തിലെ എല്ലാ നഗരങ്ങളിലും അടുക്കള തോട്ടങ്ങളായും, ചെറുകിട

കൃഷി തോട്ടങ്ങളായും നഗര കൃഷി വർധിച്ചുവരുന്ന കാഴ്ചയാണ് കാണുവാൻ കഴിയുന്നത്. ഒരുപക്ഷെ കേരളം പോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്ത്, മിക്ക വീടുകളിലും ചെറിയ രീതിയിൽ എങ്കിലും സ്വന്തം ഇടത്ത് സ്വയം നിർമിച്ച ഭക്ഷണം എന്ന മഹത് സ്വപ്നം, ഇതു മൂലം ഇന്ന് പ്രവർത്തികമായി കൊണ്ടിരിക്കയാണ് കേരളത്തിലെ കാലാവസ്ഥയിലും നഗര പ്രദേശങ്ങളിലെ സ്ഥലപരിമിതിയിലും ഉല്പാദിപ്പിക്കാവുന്ന ചില ഭക്ഷ്യ വിളകളും അവയുടെ കൃഷി രീതിയും താഴെ ചേർത്തിരിക്കുന്നു

1. പച്ചക്കറികൾ: ഗ്രോബാഗ്, ചെടിച്ചട്ടി ഇവ ഉപയോഗിച്ചിട്ടുള്ള കിച്ചൻ/റൂഫ്ടോപ്പ്/ വെർട്ടിക്കൽ ഫാർമിംഗ്.
2. പഴവർഗ്ഗങ്ങൾ: പ്രൂൺ ചെയ്ത് (കമ്പ് കോതി ഒതുക്കി ബുഷ് രൂപത്തിൽ) ഡ്രമ്മിലോ വലിയ ചെടിച്ചട്ടിയിലോ വളർത്താം.
3. മുട്ട: ഉയർന്ന മുട്ട ഉല്പാദനമുള്ള സങ്കരഇനം കോഴികൾ, കാടകൾ എന്നിവയെ സ്മാർട്ട് കേജ് രീതിയിൽ വളർത്താം.
4. മാംസം: മുയൽ പോലുള്ള ജീവികൾ, വൃത്തിയാക്കാൻ എളുപ്പമുള്ള തറ ഉയർന്ന കൂടുകളിൽ ആടുകളെ വളർത്താം.
5. മത്സ്യം: വലിപ്പമുള്ള പ്ലാസ്റ്റിക് ഡ്രമ്മുകളിലും, ഫെറോ സിമന്റ് ടാങ്കുകളിലും, വേഗം വളരുന്ന തിലാപിയ, വാള, നാടൻ ഇനം മത്സ്യങ്ങളെ വളർത്താം.

ഇവയിൽ പലതും ഒരുമിച്ച് ഇന്റഗ്രേറ്റഡ് രീതിയിൽ ഒന്ന് മറ്റൊന്നിന് ഗുണം ചെയ്യുന്ന രീതികളും പിന്തുടരാവുന്നതാണ്. ഇതോടൊപ്പം തന്നെ കൂൺ, മൈക്രോ ഗ്രീൻ മുതലായ കുറഞ്ഞ സ്ഥലത്ത് വളർത്തിയെടുക്കാവുന്ന ഭക്ഷ്യ വസ്തുക്കളും നഗരങ്ങളിൽ വളർത്തി യെടുക്കാവുന്നതാണ്.

### 4.4.1.2 സാമൂഹ്യ ആരോഗ്യം

"IT TOOK DECADES TO INTEGRATE KNOWLEDGE ABOUT THE BIOMEDICAL EFFECTS OF THE CITYSCAPE INTO [MY] PROFESSION. BUT WHEN IT COMES TO MENTAL HEALTH, WE HAVEN'T A CLUE." – URBAN PLANNER, BASEL, SWITZERLAND

ജനസാന്ദ്രത ഏറിയ കേരളത്തിലെ ചെറു നഗരങ്ങിലേക്ക്, മികച്ച ജീവിത സൗക ര്യങ്ങൾ തങ്ങളുടെ ജീവിതത്തിലും വേണം എന്ന സ്വപ്നം കണ്ട്കൊണ്ട്, കുടിയേറുന്ന സാധാരണക്കാരുടെ എണ്ണം ഇന്ന് വളരെ കൂടിവരികയാണ്. ഇത്തരത്തിൽ കൂടുതൽ കൂടുതൽ ആളുകൾ നഗരങ്ങളിൽ സ്ഥിരതാമസമാക്കുമ്പോൾ, അവരുടെ നഗരജീവിതം അവരുടെ മാനസികാരോഗ്യത്തിൽ വരുത്തുന്ന മാറ്റങ്ങൾ പല ഗവേഷണ സ്ഥാപങ്ങളും പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. മനുഷ്യനിർമിതമായ കെട്ടിടങ്ങളും റോഡും, തിരക്കും നിറഞ്ഞ നഗരങ്ങളിലെ ജീവിതം നഗരവാസികളുടെ മാനസികാരോഗ്യത്തിൽ ശക്തമായ സ്വാധീനം ചെലുത്തുമെന്ന് തന്നെയാണ് മിക്ക ഗവേഷണവും പറയുന്നത്. ഈ വിഷയത്തിൽ ഗവേഷണം നടത്തുന്ന സെന്റർ ഫോർ അർബൻ ഡിസൈൻ ആൻഡ് മെന്റൽ ഹെൽത്ത് (യു.ഡി.എം.എച്ച്) അവരുടെ ഔദ്യോഗിക വെബ്സൈറ്റിൽ പൊതുജനങ്ങൾക്കായി നൽകിയിരിക്കുന്ന കണക്കുകൾ പ്രകാരം: ജനസാന്ദ്രത കുറഞ്ഞ ഗ്രാമപ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തിരക്കേറിയ നഗരങ്ങളിൽ ജീവിക്കുന്നവർക്ക് വിഷാദ രോഗം വരുന്നതിനു 40% അധിക സാധ്യതയും, ഉത്കണ്ഠക്ക് 20% അധിക സാധ്യതയും, സ്കീസോഫ്രീനിയയുടെ കാര്യത്തിൽ ഏതാണ്ട് ഇരട്ടി സാധ്യതയും, ഇവകൂടാതെ ഏകാന്തത,

ഒറ്റപ്പെടൽ, സമ്മർദ്ദം അടക്കമുള്ള മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങളുടെയും നിരക്കുകൾ ഉയർന്നിരിക്കുന്നു. ഇതോടൊപ്പം തന്നെ ലോകത്തിലെ നഗര വാസികളുടെ ആരോഗ്യത്തിൽ നമ്മളെക്കാൾ മുന്നിൽ നിൽക്കുന്ന പല വൻനഗരങ്ങളിലെയും ആരോഗ്യകരമായ ഗതാഗത സംവിധാനത്തിൽ യാത്ര ചെയ്യുന്നത്, വൃത്തിയായി സംരക്ഷിച്ചിട്ടുള്ള ഒരു ഉദ്യാനത്തിൽ സമയം ചെലവിടുന്നത്, ഓഫീസ് ജാലകങ്ങളിൽ നിന്ന് കോൺക്രീറ്റ് കെട്ടിടങ്ങളെക്കാൾ സസ്യജാലങ്ങൾ കാണാൻ കഴിയുന്നത്, പോലുള്ള ചെറു കാര്യങ്ങൾ പോലും അവിടത്തെ നഗര വാസികളുടെ മാനസികാരോഗ്യത്തിൽ ഗുണകരമായ സ്വാധീനം ചെലുത്താൻ കെൽപ്പുള്ളവയാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഈ കോവിഡ് കാലഘട്ടത്തിൽ തൊഴിൽ ഇല്ലാതെയും, പുറത്തിറങ്ങാൻ കഴിയാതെ വീട്ടിൽ തന്നെ ജോലി ചെയ്യേണ്ടിവരുന്ന നഗര വാസികളിൽ ഭൂരിപക്ഷം പേരും, ഈ മഹാമാരി സമയത്ത് മാനസിക ഉല്ലാസം കണ്ടെത്തിയത് തങ്ങളുടെ ചെറിയ അടുക്കള തോട്ടങ്ങളിലും ഉദ്യാനങ്ങളിലുമാണ് എന്നത് നാം തിരിച്ചറിയുന്നു.

### 4.4.1.3 പരിസ്ഥിതികം

ശാസ്ത്രലോകം നഗരജീവിതം നഗരത്തിലെ വളരെ ദുർബലമായ പരിസ്ഥിതിയ്ക്കുമേൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ, പഠിക്കുന്നതിന് ചില ഏകകങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. അവയിൽ ചിലതാണ് താഴെ നൽകിയിരിക്കുന്നത്.

കാർബൺ കാൽപ്പാടുകൾ (Carbon Foot Print): "ഒരു പ്രത്യേക വ്യക്തിയുടെയോ സമൂഹത്തിന്റെയോ പ്രവർത്തനങ്ങളുടെ ഫലമായി അന്തരീക്ഷത്തിലേക്ക് പുറത്തുവിടുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവാണ് കാർബൺ കാൽപ്പാടുകൾ.

അർബൻ മൈക്രോക്ലൈമേറ്റ്: നഗരപ്രദേശങ്ങളിൽ കാണപ്പെടുന്ന പ്രാദേശിക കാലാവസ്ഥയായി അർബൻ മൈക്രോക്ലൈമറ്റിനെ നിർവചിക്കാം, ഇത് ഗ്രാമീണ മേഖലയിലെ കാലാവസ്ഥയിൽ നിന്ന് വളരെ വ്യത്യസ്തമായിരിക്കും

അർബൻ ഹീറ്റ് ഐലന്റ് (UHI) പ്രഭാവം: പ്രകൃതിദത്തമായ ഭൂപ്രദേശത്തെ മാറ്റി നഗരത്തിലെ ആവശ്യങ്ങൾക്ക് വേണ്ടി നിർമിക്കപ്പെട്ട ടാർ റോഡുകൾ, ടൈൽ വിരിച്ച നടപ്പാതകൾ, കോൺഗ്രീറ്റ് കെട്ടിടങ്ങൾ പോലുള്ള ചൂട് നിലനിർത്തുന്ന മനുഷ്യനിർമിതമായ ഉപരിതലങ്ങളുടെ സാന്ദ്രത സമീപ സെമി-അർബൻ മേഖലകളേക്കാൾ വർധിപ്പിക്കുമ്പോൾ, ആ പ്രദേശത്ത് ഇത്തരം നിർമിതികൾ ഊഷ്മാവ് ആഗിരണം ചെയ്യുകയും അത് അന്തരീക്ഷ ത്തിൽ നിലനിർത്തുകയും ചെയ്യുന്നത് കാരണം, അവിടെ മറ്റ് സമീപ പ്രദേശങ്ങളെയേക്കാൾ അന്തരീക്ഷ ഊഷ്മാവ് കൂടുതലായി നിലനിൽക്കും. ഈ പ്രതിഭാസത്തെ "അർബൻ ഹീറ്റ് ഐലന്റ് (UHI)" എന്ന് വിശേഷിപ്പിക്കുന്നു.

കാർബൺ സീക്വെസ്ട്രേഷൻ: അന്തരീക്ഷത്തിൽ നിന്നും കാർബൺഡൈഓക്സൈഡ് പിടിച്ചെടുക്കുകയും, അത് അന്തരീക്ഷത്തിലേക്ക് തിരിച്ച് വിടാതെ സംഭരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്. ആഗോള കാലാവസ്ഥാ വ്യതിയാനം കുറക്കുവാൻ ഉതകുന്ന ഒരു പ്രവർ ത്തനമാണ് ഇത്. ചെടികൾ പ്രകാശസംശ്ലേഷണത്തിനായി അന്തരീക്ഷത്തിൽ നിന്നും കാർബൺഡൈഓക്സൈഡ് വലിച്ചെടുക്കുകയും അവയെ രൂപമാറ്റം വരുത്തി അവയുടെ തടിയിലും മറ്റും സംഭരിക്കുന്നു. ഇവയെ മനുഷ്യൻ മുറിച്ച് മറ്റ് രൂപങ്ങളിലേക്ക് (ഫർണിച്ചർ പോലുള്ളവ) മാറ്റം വരുത്തുന്നതോടെ, ചെടി പിടിച്ചെടുത്ത കാർബൺഡൈഓക്സൈഡ് അന്തരീക്ഷത്തിലേക്ക് തിരിച്ച് പോകാത്ത രീതിയിൽ സംഭരിക്കുകയും ചെയ്യപ്പെടുന്നു.

നഗര കൃഷിയുടെ/ഹരിതവൽക്കരണത്തിന്റെ ഭാഗമായി വിവിധ ഇനം ഭക്ഷ്യവിഭവങ്ങളും, ചെറുകിട വ്യവസായങ്ങൾ ആവശ്യമായ അസംസ്കൃത വസ്തുക്കളും പ്രാദേശികമായി ഉല്പാദിപ്പിക്കപ്പെടുന്നു. അതുമൂലം, സാധാരണ അവസ്ഥയിൽ പരിസ്ഥിതിക്ക് മേൽ ഏല്പിക്കപെടുന്ന പല ആഘാതങ്ങളുടെയും പ്രഭാവം ഒരളവ് വരെ കുറക്കുവാൻ സാധിക്കും. പ്രാദേശികമായി ഉള്ള ഉത്പാദനം, സാധാരണ രീതിയിൽ ഇതേ വിഭവങ്ങൾ ഉപഭോക്താവിന് എത്തിക്കുന്നതിന് വേണ്ടിവരുന്ന ഗതാഗതത്തെക്കാൾ കുറഞ്ഞ ദൂരത്തിൽ കുറഞ്ഞ സമയത്തിൽ ലഭ്യമാക്കാൻ കഴിയുന്നതിനാൽ തന്നെ, അതിനു വേണ്ടിവരുന്ന ഫോസിൽ ഇന്ധനത്തിന്റെ ഉപയോഗവും കുറയുന്നു. ഇത് വളരെ പ്രത്യേക്ഷത്തിൽ തന്നെ കാർബൺ കാൽപ്പാടുകൾ കുറയ്ക്കാൻ കാരണമാകും. ഇതോടൊപ്പം പരിസ്ഥിതിക്ക് പരിക്കേൽപ്പിക്കുന്ന വിവിധ ഇനം ജൈവമാലിന്യങ്ങളെ വിവിധ ഇനം കമ്പോസ്റ്റിങ്ങിന് വിധേയമാക്കി സസ്യങ്ങൾക്ക് വളർച്ചക്ക് ആവശ്യമായ വളങ്ങൾ തയാറാക്കുന്നത് വഴി നഗരത്തിലെ ജൈവമാലിന്യങ്ങൾ നിർമാർജനം ചെയ്യപ്പെടുന്നതോടൊപ്പം, ഇവമൂലം ഉണ്ടാകുന്ന മറ്റ് പ്രശ്നങ്ങളായ പകർച്ചവ്യാധികൾ, തെരുവ് നായ്ക്കൾ, എന്നിവയെ കൂടി വിജയകരമായി നിയന്ത്രിക്കാനും സാധിക്കും. പ്ലാസ്റ്റിക് കുപ്പികൾ പോലുള്ള കമ്പോസ്റ്റിങ്ങിന് വഴി ഗുണകരമായ രൂപമാറ്റം വരുത്താൻ കഴിയാത്ത മാലിന്യങ്ങളെ പുത്തൻ രീതികളിൽ ഉദ്യാന അലങ്കാരങ്ങൾക്ക് ഉപയോഗിക്കുന്ന രീതിയും ഇന്ന് നിലവിൽ ഉണ്ട്. ഇത് മൂലം സസ്യങ്ങളെക്കാൾ കെടിടങ്ങളും റോഡുകളും കൂടുതലായ നഗരങ്ങളിലെ ഇത്തരം ഹരിത മരുപ്പച്ചകൾക്ക് നഗരപ്രദേശങ്ങളിൽ സ്വതസിദ്ധമായ കാർബൺ ശേഖരണം നടത്തുക വഴി കാർബൺ സിങ്കുകളായി അത്തരം പ്രവർത്തിക്കാൻ കഴിയും.

### 4.4.1.4 വിഭവങ്ങൾ

നഗരകൃഷിയും ഹരിതവൽക്കരണവും, മറ്റു പല നിർമാണ പ്രവർത്തികൾ പോലെ വിവിധ ഇനം വിഭവങ്ങളും നഗരവാസികൾക്കും നഗരത്തിലെ വിവിധ വ്യാവസായിക നിർമാണശാലകൾക്കും ഉല്പാദിപ്പിച്ച് നൽകാൻ പ്രാപ്തമായ ഒരു ഉല്പാദന പ്രവർത്തനം കൂടിയാണ്. മുകളിൽ ഭക്ഷ്യ സുരക്ഷയുടെ കൂടെ ചർച്ചചെയ്ത്ത് ഭക്ഷ്യവസ്തുക്കൾ കൂടാതെ നഗരത്തിലെ വിവിധ വ്യാവസായിക നിർമാണശാലകൾക്ക് ഉല്പാദനത്തിന് സഹായകരമാകുന്ന വിവിധ അസംസ്കൃത വസ്തുക്കളും നഗരകൃഷിയും ഹരിതവൽക്കരണവും ഉല്പാദിപ്പിച്ച് നൽകുന്നുണ്ട്.

ഇത്തരത്തിൽ ലഭ്യമാകുന്ന വിവിധ ഇനം വിഭവങ്ങളിൽ,

- ഇന്ധനം: ബയോ ഗ്യാസ്, വിറക്, കരി – ഇവയെല്ലാം തന്നെ നഗരകൃഷിയുടെയും ഹരിതവൽക്കരണത്തിന്റെയും ഭാഗമായി നഗരങ്ങളിൽ ഉല്പാദിപ്പിക്കാൻ കഴിയും
- സസ്യ എണ്ണകൾ
- കന്നുകാലികൾക്കും മറ്റു വളർത്ത് മൃഗങ്ങൾക്കും ഉള്ള വിവിധ ഇനം ഭക്ഷ്യവസ്തുക്കൾ
- ഔഷധ മരുന്നുകൾ
- വിവിധ സസ്യനാരുകൾ

ഇവ കൂടാതെ ഒട്ടനവധി വ്യാവസായിക അസംസ്കൃത വസ്തുക്കൾ നഗരകൃഷി/ഹരിതവൽക്കരണത്തിലൂടെ ഉൽപാദിപ്പിക്കുവാനും, അതുവഴി ചെറുകിട വ്യവസായങ്ങളെ തുടങ്ങുവാനും അവയെ സഹായിക്കുവാനും കഴിയും

### 4.4.1.5 സംരഭകത്വം

നഗര കൃഷിയും നഗര ഹരിതവൽക്കരണവും ഒരു ഉല്പാദന പ്രവർത്തനം ആയതുകൊണ്ട് തന്നെ, ഇവക്ക് പ്രാദേശികമായി വിവിധ ഇനം പുത്തൻ സംരംഭകങ്ങൾ ഇന്ധനം ആകുവാൻ കഴിയും. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

ഫ്രഷ് നാടൻ/ഓർഗാനിക് വിഭവങ്ങളുടെ വിപണനശാല: കേരളത്തിൽ നഗരങ്ങളിൽ ഇന്നുള്ള "വിഷം പുരളാത്ത ആഹാരത്തോടുള്ള പ്രീയം ഈ മേഖലയിൽ വൻകുതിപ്പിന് സഹായകരമാകും

വിഭവങ്ങളുടെ മൂല്യവർദ്ധനവും അവയുടെ വിപണനവും : സ്വന്തമായി ഉല്പാദിപ്പിക്കുന്ന അച്ചാർ, മഞ്ഞൾ/മുളക് പൊടികൾ, ചമ്മന്തി പൊടികൾ മുതലായ മൂല്യവർധിത വിഭവങ്ങൾക്കും മേലെ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ആളുകൾ വളരെ അധികം വാങ്ങുന്നുണ്ട്.

ജൈവ/രാസ വളങ്ങളുടെയും, കീടനാശിനികളുടെയും വിപണനം:

കാർഷിക ഉപകരണങ്ങളുടെ വില്പന, വാടകയ്ക്ക്നൽകൽ

കർഷക, ഉദ്യാന, മറ്റ് കാർഷികേതര തൊഴിലാളികൾക്ക് തൊഴിൽ

അഗ്രികൾച്ചർ കൺസൾട്ടൻസി

ജൈവ വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല വസ്തു നിർമാണം

### 4.4.1.6 പ്രാദേശിക സമ്പദ്‌വ്യവസ്ഥ

പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രാദേശിക സാധ്യതയാണ് നഗരകൃഷി, പ്രകടനം മികച്ചതാണെങ്കിൽ ഇന്ന് നിക്ഷേപകരെ ആകർഷിക്കാനുള്ള കഴിവും ഇതിന് ഉണ്ട്. നഗര കൃഷിമൂലം നഗരത്തിലെ പ്രാദേശിക സമ്പദ്‌വ്യവസ്ഥക്ക് അനവധി രീതികളിൽ സാമ്പത്തിക നേട്ടങ്ങളുണ്ടാകുന്നുണ്ട്. മനോഹരമായി നിർമിച്ച ഒരു ഉദ്യാനത്തിനും ഇന്റഗ്രേറ്റഡ് കൃഷിയിടങ്ങൾക്കും ടൂറിസവും പ്രോത്സാഹിപ്പിപ്പിക്കുവാനും അതുവഴി സാമ്പത്തിക വളർച്ച കൈവരിക്കാനും കഴിയും. വ്യാവസായിക മാളുകളിലെയും, വില്ല പ്രോജക്ടുകളിലെയും പൂന്തോട്ടങ്ങൾക്ക് ബിസിനസ്സുകളെയും താമസക്കാരെയും ആകർഷിക്കുവാനും അതുവഴി ബിസിനസ്സ് വികസനത്തിനും സാധിക്കും. നഗര ഉദ്യാനങ്ങളെക്കുറിച്ചുള്ള പഠനങ്ങളിൽ, അവ പാർപ്പിട, വാണിജ്യ മേഖലകളുടെ സ്വീകാര്യത മെച്ചപ്പെടുത്തുമെന്നും അതോടൊപ്പം തന്നെ സ്വത്തിന്റെ മൂല്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്ന് പറയപ്പെടുന്നു. പ്രാദേശിക കൃഷി മൂലം, ഭക്ഷ്യ ഉല്പാദനം, പ്രാദേശികമായ തൊഴിൽ, വരുമാനം എന്നിവ സൃഷ്ടിക്കാൻ കഴിയും. ജൈവ ഗാർഹിക മാലിന്യങ്ങൾ വളമാക്കി മാറ്റി തോട്ടങ്ങളിലും വയലുകളിലും ഉപയോഗിക്കാം. ഈ പ്രക്രിയ പാരിസ്ഥിതികവും സാമ്പത്തികവുമായ സമ്പാദ്യം നൽകുന്നു.

### 4.4.1.7 പുത്തൻ രൂപങ്ങൾ

ഇന്ന് ലോകത്തുള്ള മിക്ക നഗരങ്ങളിലും നഗര–കൃഷിയും നഗര ഹരിതവൽക്കരണവും, നമ്മളെക്കാൾ വളരെ വേഗത്തിലാണ് മുന്നേറുന്നത്. അതുകൊണ്ടു തന്നെ ലോകത്തിന്റെ പല കോണുകളിൽ പലകാലങ്ങളിലായി നഗര–കൃഷിയും നഗര ഹരിതവൽക്കരണവും ഉപയോഗപ്പെടുത്തുന്ന ചില രീതികളെ പരിചയപ്പെടാം

### 4.4.1.8 വെർട്ടിക്കൽ കൃഷി

വെർട്ടിക്കൽ കൃഷി എന്നത് ലംബമായി അടുക്കിയിരിക്കുന്ന പാളികളിൽ വിളകൾ വളർത്തുന്ന രീതിയാണ്. ചെടികളുടെ വളർച്ച സഹായിക്കാൻ ലക്ഷ്യമിട്ടുള്ള നിയന്ത്രിത–പരിസ്ഥിതി സാങ്കേതികവിദ്യകളും ഇത് പലപ്പോഴും ഉൾക്കൊള്ളുന്നു. ലോകത്തുതന്നെ പല വലിയ നഗരങ്ങളിലും കെട്ടിടങ്ങൾ, ഷിപ്പിംഗ് കണ്ടെയ്നറുകൾ, തുരങ്കങ്ങൾ, ഉപേക്ഷിക്കപ്പെട്ട മൈൻ ഷാഫുകൾ എന്നിവ ഈ രീതിയിലുള്ള നഗര–കൃഷിക്ക് ഉപയോഗപ്പെടുത്തുന്നുണ്ട്. 1999 ൽ കൊളംബിയ യൂണിവേഴ്സിറ്റിയിലെ പബ്ലിക് ആൻഡ് എൻവിയോൺമെന്റൽ ഹെൽത്ത് പ്രൊഫസറായ ഡിക്സൺ ഡെസ്പോമിയർ ആണ് ലംബകൃഷി എന്ന ആധുനിക ആശയം മുന്നോട്ടുവച്ചത്. 50,000 പേർക്ക് ഭക്ഷണം നൽകാൻ കഴിയുന്ന ഒരു അംബരചുംബിയായ ഫാമിന്റെ രൂപകൽപ്പന ഡെസ്പോമിയറും അദ്ദേഹത്തിന്റെ വിദ്യാർത്ഥികളും കൊണ്ടുവന്നു, ഈ മാതൃകാഡിസൈൻ ഇതുവരെ നിർമ്മിച്ചിട്ടില്ലെങ്കിലും, ലംബ കൃഷി എന്ന ആശയം വിജയകരമായി പ്രചരിപ്പിക്കാൻ ഇത് വളരെ സഹായകരമായി. സൂര്യപ്രകാശത്തിനു പകരം ഉപയോഗിക്കാവുന്ന പ്രത്യേകതരം എൽഇഡി ലൈറ്റുകൾ പോലുള്ള മറ്റ് അത്യാധുനിക സാങ്കേതികവിദ്യകളുമായി ലംബ കൃഷിയിടങ്ങളുടെ നിലവിലെ പ്രയോഗങ്ങൾ പരമ്പരാഗത കൃഷി രീതികളിലൂടെ ലഭിക്കുന്നതിനേക്കാൾ 10 മടങ്ങ് കൂടുതൽ വിളവ് നൽകുന്നുണ്ട്. കേരളത്തിൽ ഇതിന്റെ ഏറ്റവും ചെറിയ രൂപങ്ങൾ ആണ് ഉപയോഗപ്പെടുത്തുന്നത്.

### 4.4.1.9 സീറോ വേസ്റ്റ് ഗാർഡൻ

അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക് കുപ്പികൾ, ടാങ്കുകൾ, ഉപയോഗ ശൂന്യമായ ടയർ മുതലായ വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ ഉപയോഗപ്പെടുത്തി നിർമിക്കുന്ന ഉദ്യാനനിർമിതികളെ പൊതുവായി വിളിക്കുന്ന പേരാണ് സീറോ വെസ്റ്റ് ഗാർഡനിംഗ്. പ്ലാസ്റ്റിക് ബോട്ടിൽ ഗാർഡൻ, ടയർ ഗാർഡൻ, ബ്രോക്കൻ പൊട്ട് ടെറേറിയം ഇതുപോലെ നിർമാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കളുടെ പേരുകളിൽ ഇവയെ വീണ്ടും തരം തിരിക്കുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങളിൽ ഇവയുടെ വിവിധ ഡിസൈനുകൾ പ്രചരിപ്പിക്കപ്പെടുന്നുണ്ടെങ്കിലും, ലഭ്യമായിട്ടുള്ള മാലിന്യങ്ങൾ ഉപയോഗപ്പെടുത്തി നമുക്കിടയിൽ മാതൃകയാകുന്ന നഗരവാസികളും കേരളത്തിൽ ഉണ്ട്.

### 4.4.1.10 മൈക്രോ ഫോഡർ

മണ്ണിന്റെ സഹായമില്ലാതെ കന്നുകാലികൾക്കും മറ്റ് വളർത്ത് മൃഗങ്ങൾക്കും തീറ്റക്ക് അനുയോജ്യമായ ധാന്യങ്ങൾ ട്രേകളിൽ വെള്ളവും വെളിച്ചവും മാത്രം നൽകി മുളപ്പിച്ച്, വളരെ കുറഞ്ഞ സ്ഥലത്ത് വളരെ കൂടുതൽ അളവിൽ കാലാവസ്ഥയ്ക്കതീതമായി എല്ലാ ദിവസവും കന്നുകാലികൾക്ക് പുതിയതും പോഷക സമ്പൂർണ്ണവുമായ തീറ്റ ഉല്പാദിപ്പിക്കുവാൻ സഹായിക്കുന്ന ഒരു പുത്തൻ രീതിയാണ് മൈക്രോ ഫോഡർ കൃഷി. അണുവിമുക്തമാക്കിയ പ്ലാസ്റ്റിക് ട്രേകളിൽ, കഴുകി വൃത്തിയാക്കിയ ധാന്യങ്ങൾ വളരെ നേർത്ത കനത്തിൽ വിരിച്ച്, അവക്ക് ആവശ്യമായ അളവിൽ വെള്ളം സ്പ്രേ ചെയ്ത് നൽകുന്നു. വിവിധ ധാന്യങ്ങൾക്ക് അനുസരിച്ച് അഞ്ച് മുതൽ ഏഴ് ദിവസങ്ങൾക്കുള്ളിൽ മൈക്രോ ഫോഡർ തയ്യാറാകും. കേരളത്തിൽ കുറഞ്ഞ ചിലവിൽ ലഭ്യമായ ചോളം, ഗോതമ്പ്, ഹൈബ്രിഡ് പുല്ല്, നെല്ല് മുതലായ ധാന്യങ്ങൾ അവയുടെ സീസണുകൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. വിവിധ ധാന്യങ്ങൾക്ക് അനുസരിച്ച് ഒരു കിലോ ധാന്യത്തിൽ നിന്നും ഏകദേശം നാല് കിലോ

മുതൽ ആറ് വരെ ഫോഡർ ലഭിക്കും

ഉദാ: ഒരു കിലോ നെല്ല് = Rs – 15 to 20.

ആറ് കിലോ ഫോഡർ = Rs 5 x 6 Kg = Rs 30.

ഇതിന് ആവശ്യമായ ട്രേകളും സ്റ്റാൻഡും ലോക്കൽ ആയി ഉണ്ടാക്കി എടുക്കാവുന്നതാണ് മാത്രമല്ല ഇവ 3–4 വർഷം വരെ തുടർച്ചയായി ഉപയോഗിക്കാം.

### 4.4.1.11 അക്വാപോണിക്സ്/ഹൈഡ്രോപോണിക്സ്

മണ്ണിനു പകരം ജലം ഉപയോഗിച്ച് ചെടികൾ വളർത്തുന്ന രീതിയാണ് ഇത്. ജലത്തിൽ മത്സ്യവും ചെടിയും ഒരുമിച്ച് വളർത്തുന്ന ഹൈബ്രിഡ് രീതിയാണ് കേരളത്തിൽ ഇന്ന് പ്രധാനമായും കണ്ടുവരുന്നത്. പ്രത്യേകം തയ്യാറാക്കിയ ടാങ്കിൽ മീനുകളെ വളർത്തുകയും, ഈ ജലം പ്രത്യേകം തയ്യാറാക്കിയ സസ്യങ്ങൾ വളർത്തുന്ന ടാങ്കുകളിലൂടെ കടത്തി വിടുന്നു. മീനുകളുടെ വിസർജ്യം അടങ്ങിയ വെള്ളത്തിൽ നിന്നും ആവശ്യമായ ന്യൂട്രിയൻസ് വലിച്ചെടുത്ത് സസ്യങ്ങൾ വളരുകയും, അതുവഴി വെള്ളം ശുദ്ധമാക്കുകയും അതേ ജലം തിരിച്ച് മത്സ്യ ടാങ്കിലേക്ക് പോകുകയും മത്സ്യങ്ങൾ അതിൽ വളരുകയും ചെയ്യുന്നു. മോണോ സെക്സ് തിലാപിയ, ഹൈബ്രിഡ് അനബസ്, വാള, പാക്ക–പിരാന മുതലായ വേഗത്തിൽ വളർച്ചയെത്തുന്ന ഭക്ഷ്യയോഗ്യമായ മീനുകളെയും, കാർപ്പ് മുതലായ അലങ്കാര മൽസ്യങ്ങളെയും ഇതിൽ വളർത്താറുണ്ട്.

### 4.4.1.12 പ്രൊട്ടക്ടഡ് ഫാർമിംഗ് (മഴമറ)

നിയന്ത്രിത അന്തരീക്ഷത്തിൽ വിളകൾ വളർത്തുന്ന പ്രക്രിയയാണ് പ്രൊട്ടക്ടഡ് ഫാർമിംഗ് അഥവാ സംരക്ഷിത കൃഷി. പ്രത്യേകം തയ്യാറാക്കിയ ചുറ്റുപാടിൽ വിളയുടെ ആവശ്യാനുസരണം താപനില, ഈർപ്പം, വെളിച്ചം തുടങ്ങിയ ഘടകങ്ങൾ നിയന്ത്രിച്ച് കൃഷി ചെയ്യുകയാണ് ഇതിൽ ചെയ്യുന്നത്. ഇതുമൂലം ഏതു സ്ഥലത്തും ഏത് സമയത്തും ഏത് കൃഷിയും ചെയ്യുവാൻ കഴിയുന്നു.

നിർമാണ ചിലവ് കൂടുതലാണ് എങ്കിലും കാലാവസ്ഥക്ക് അതീതമായി ആരോഗ്യകരമായ ഉയർന്ന ഉൽപ്പന്നത്തിന് ഈ രീതി സഹായിക്കുന്നു. ഒരോ സ്ഥലത്തിന് അനുസരിച്ചുള്ള വിവിധതരം സംരക്ഷിത കൃഷി രീതികളുണ്ട്

മരുഭൂമി/തണുപ്പ് കൂടിയ/മഞ്ഞുള്ള കാലാവസ്ഥ = ടെംപറേച്ചർ കൺട്രോൾ ഗ്ലാസ് ഹൗസ്/പോളിഹൗസ്

അധികം മഴയുള്ള മിതോഷ്ണ കാലാവസ്ഥ = മഴമറകൾ, പോളി തണലുകൾ

ഏകദേശം ആറ് മാസത്തോളം മഴ പെയ്യുന്ന കേരളത്തിൽ, വർഷം മുഴുവൻ ഇഷ്ടമുള്ള കൃഷി ചെയ്യുൻ സഹായിക്കുന്ന ചിലവ് കുറഞ്ഞ സംരക്ഷിത കൃഷി രീതിയാണ് മഴമറ. കേരളത്തിൽ ഇന്ന് ഏകദേശം Sqft–ന് Rs –700/– മുതൽ Rs 900/– വരെയാണ്, മഴമറയുടെ നിർമാണ ചിലവ്, ടെംപ്രേച്ചർ കണ്ട്രോൾ ഗ്ലാസ് ഹൗസ്/പോളിഹൗസ് – കളേക്കാൾ വളരെ ചിലവും സാങ്കേതികതയും കുറഞ്ഞ ഈ കൃഷി രീതി നടപ്പിലാക്കുന്നതിന് കേരളത്തിൽ സർക്കാർ സബ്സിഡി നൽകുന്നുണ്ട്

### 4.4.1.13 മിയാവാക്കി വനങ്ങൾ

ജാപ്പനീസ് സസ്യശാസ്ത്രജ്ഞനും സസ്യ പരിസ്ഥിതി ശാസ്ത്രത്തിൽ വിദഗ്ധനുമായിരുന്ന

അകിറ മിയാവാകിയുടെ നേതൃത്വത്തിൽ ഉരുത്തിരിച്ചെടുത്ത ഒരു സാങ്കേതികതയാണ് മിയാവാക്കി വന നിർമാണ രീതി. പ്രകൃതിദത്ത വിത്തുകളിലും വനങ്ങളെക്കുറിച്ചും ഉള്ള പഠനത്തിൽ വിദഗ്ധനായിരുന്ന ഇദ്ദേഹം 2021 ജൂലൈ 21 നാണു അന്തരിച്ചത്. ഉപയോഗശൂന്യമായ ഭൂമികളിൽ സ്വാഭാവിക സസ്യങ്ങൾ പുനർസ്ഥാപിക്കുന്നതിൽ ഒരു സ്പെഷ്യലിസ്റ്റായിരുന്ന അദ്ദേഹം ലോകമെമ്പാടും സജീവമായി പ്രവർത്തിച്ചിരുന്നു. വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി നിർമ്മിച്ചിരുന്ന മനുഷ്യനിർമിത വനങ്ങളെക്കാൾ ഇത് ഇടതൂർന്ന, തദ്ദേശീയ വനങ്ങൾ നിർമ്മിക്കാൻ സഹായിക്കുന്നു. സാധാരണ രീതിയിൽ വളർത്തിയെടുത്ത സസ്യങ്ങളുടെ വളർച്ചയെക്കാൾ 10 മടങ്ങോളം അധിക വേഗത്തിലും, ഇതുമൂലം നിർമിക്കപ്പെടുന്ന വനം സാധാരണയേക്കാൾ വനനിർമാണ രീതികളേക്കാൾ 30 മടങ്ങ് സാന്ദ്രതയിലും ആണ് വളരുക എന്നതാണ് ഈ രീതിയുടെ പ്രത്യേകത. ഈ രീതിയിൽ ഒരേ പ്രദേശത്ത് ഡസൻ കണക്കിന് നാടൻ ഇനങ്ങൾ ഒരുമിച്ച് നട്ടുന്നത് ഈ രീതിൽ ഉൾപ്പെടുന്നു, കൂടാതെ ആദ്യത്തെ മൂന്ന് വർഷങ്ങൾക്ക് ശേഷം മിയാവാക്കി വനനിർമാണ രീതിയിൽ നിർമ്മിച്ചെടുത്ത വനങ്ങൾ തീർത്തും പരിപാലനരഹിതമായിത്തീരുന്നു എന്നതാണ്, ഈ രീതിയെ ലോകമെങ്ങും അറിയപ്പെടുന്ന ഒരു ഹരിത വൽക്കരണരീതിയായി തെരഞ്ഞെടുക്കാനുള്ള പ്രധാന കാരണം.

# 5

# മൃഗ സംരക്ഷണവും ക്ഷീര വികസനവും

മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിൽ നിലവിലുള്ള മൃഗസംരക്ഷണ–ക്ഷീര വികസന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും നിലനിൽപ്പിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുകയും അവയുടെ ഭൗതിക സാഹചര്യങ്ങൾ ആധുനിക സാങ്കേതിക വിദ്യകൾ ലഭ്യമാക്കി മെച്ചപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക എന്നതായിരിക്കണം പ്രാഥമിക ലക്ഷ്യം. അതിനോടൊപ്പം പുതിയ സംരംഭകരെ ആകർഷിക്കുകയും തൊഴിലും വരുമാനവും ഭക്ഷ്യസുരക്ഷയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുകയും വേണം. നഗര വനിതകൾ, വീട്ടമ്മമാർ, തൊഴിലാളികൾ, യുവജനങ്ങൾ, കോളനികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരെ ലക്ഷ്യമാക്കിയുള്ള മാതൃക പദ്ധതികൾ ആവിഷ്കരിച്ച് സ്ഥിര വരുമാനമുള്ള ആകർഷകമായ ഒരു തൊഴിൽ മേഖലയായി ഈ രംഗത്തിനെ നവീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

പാൽ, മുട്ട, ഇറച്ചി എന്നിവയ്ക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും കഠിന പരിശ്രമത്തിലൂടെ കരകയറുക എന്നതായിരിക്കണം ലക്ഷ്യം. സുസ്ഥിരമായ ആഭ്യന്തര മാർക്കറ്റുള്ളപ്പോഴും ഭക്ഷ്യവസ്തുക്കൾക്കായി അയൽ സംസ്ഥാനങ്ങളിലേക്ക് പണം ഒഴുക്കുന്ന രീതിക്ക് അറുതി വരുത്തേണ്ടതുണ്ട്. സുരക്ഷിതമല്ലാത്ത രാസവസ്തുക്കൾ, വിഷപദാർത്ഥങ്ങൾ, പ്രിസർവേറ്റീവുകൾ, ആന്റിബയോട്ടിക്കുകൾ, ഹോർമോണുകൾ എന്നിവ അടങ്ങിയ പാൽ, മുട്ട, ഇറച്ചി എന്നിവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി ധാരാളം ആശങ്കകൾ നിലനിൽക്കുന്നു. ഗർഭിണികൾ, ശിശുക്കൾ, രോഗികൾ എന്നിവരും അങ്കണവാടികൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയ സ്ഥാപനങ്ങളിലും പാൽ, മുട്ട എന്നിവ ഏറ്റവും പോഷകദായകമായ ഭക്ഷ്യ വസ്തുക്കളായി ഉപയോഗിക്കുമ്പോൾ, അവയുടെ ഉറവിടമോ സംഭരണമോ, വിപണനമോ, സുരക്ഷിതമായ മാനദണ്ഡങ്ങൾ പാലിച്ചുള്ളതാണോ എന്നും ഉറപ്പുവരുത്തേണ്ടതും ഉൽപാദന പ്രക്രിയയിൽ പങ്കാളികളാക്കുകയും ചെയ്യേണ്ടത് വ്യക്തികളുടെയും ഭരണസംവിധാനത്തിന്റെയും ഉത്തരവാദിത്വമാണ്. വരുമാനത്തോടൊപ്പം ആരോഗ്യവും എന്നതിന് പ്രാധാന്യം ബോധ്യപ്പെടണം.

നഗരങ്ങളിലെ മൃഗ പരിപാലനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഫാം വേസ്റ്റ് മാനേജ്മെന്റാണ്. നിലവിൽ ധാരാളം സംവിധാനങ്ങളും ടെക്നോളജിയും ലഭ്യമാണെങ്കിലും, അവയിൽ മിക്കതും സാധാരണ ഫാം സംരംഭകർക്ക് അപരിചിതവും അപ്രാപ്യമാണ്. ശുചിത്വമിഷൻ,

ഹരിത കേരള മിഷൻ, വെറ്ററിനറി–കാർഷിക സർവ്വകലാശാലകൾ എന്നിവയും ഐ.ആർ. ടി.സി, മുണ്ടൂർ കൂടാതെ നിരവധി എൻ.ജി.ഒ.കളും ഈ രംഗത്ത് സജീവമാണ്. Waste to fertilizer, waste to energy പദ്ധതികൾ പ്രാവർത്തികമാക്കുകയാണ് ലളിതമാർഗങ്ങൾ. ജൈവ കൃഷിക്ക് ആവശ്യമായ ജൈവവളം, ജൈവ കീടനാശിനികൾ, പഞ്ചഗവ്യം, ജീവാമൃതം, ബീജാമൃതം പോലെയുള്ള ഉൽപ്പന്നങ്ങളും, ഖരമാലിന്യ സംസ്കരണത്തിനാവശ്യമായ ഘടകങ്ങളും ബയോഗ്യാസും ഫാം വേസ്റ്റിൽ നിന്നും ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനം പരമാവധി കർഷകരിലെത്തിച്ച് ക്ലീൻ സിറ്റി മിഷൻ നടപ്പിലാക്കാവുന്നതാണ്.

വിപണന സൗകര്യങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, 24 മണിക്കൂറും ലഭ്യമായ മൃഗചികിത്സാ സൗകര്യം, വീട്ടുപടിക്കലെത്തും മൊബൈൽ ആംബുലറ്ററി സംവിധാനം, ആധുനിക അറവുശാലകൾ, മീറ്റ് സ്റ്റാളുകൾ, വൃത്തിയുള്ള ചിക്കൻ സെൻസറുകൾ, ജന്തുക്ഷേമ സമിതികൾ, തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ, അലഞ്ഞു തിരിയുന്ന മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള പൗണ്ടുകൾ എന്നിവ ആധുനിക കാലത്തെ നഗരങ്ങളുടെ നിലവാരം വെളിപ്പെടുത്തുന്ന അടയാളങ്ങളാണ്.

## 5.1 മൃഗസംരക്ഷണം-ക്ഷീരവികസന മേഖലകളിലെ പ്രശ്നങ്ങളും വെല്ലുവിളികളും

» അത്യുല്പാദനശേഷിയുള്ള സങ്കരയിനം കാലികളുടെ ലഭ്യതക്കുറവ്
» പരിപാലന ചെലവിനേക്കാൾ കുറഞ്ഞ വരുമാനം
» കന്നുകാലികളുടെ ഉല്പാദനത്തിലും എണ്ണത്തിലും ഉണ്ടാകുന്ന ശോഷണം
» പരമ്പരാഗത തനത് നാടൻ ഇനങ്ങൾക്ക് മതിയായ പരിചരണ, സംരക്ഷണ നടപടികളില്ലാത്തതിനാൽ വംശനാശം നേരിടുന്നു. (ഉദാ: വെച്ചൂർ പശുക്കൾ, കാസർക്കോടൻ കുറിയ ഇനം പശു മുതലായവ).
» തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്
» മൃഗസംരക്ഷണവും, ക്ഷീരവികസനവും മുഖ്യ ഉപജീവനമാർഗ്ഗമായി കരുതുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു.
» സാംക്രമിക രോഗങ്ങളുടെ അനിയന്ത്രിതമായ കടന്നുകയറ്റം.
» ഉയർന്ന ജനസാന്ദ്രത കാരണം മേച്ചിൽപ്പുറങ്ങൾ അപ്രത്യക്ഷമായി.
» ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ദൗർലഭ്യവും വിലവർദ്ധനവും അമിതമായ ചികിത്സാചെലവും.
» ഉല്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോഴുള്ള പാലിന്റെ കുറഞ്ഞ വില.
» പുതിയ തലമുറയ്ക്ക് കാലിവളർത്തൽ ആകർഷണീയമല്ലാതായിരിക്കുന്നു.
» മുഴുവൻ സമയ സാന്നിദ്ധ്യം ആവശ്യമായ തൊഴിൽ
» മൃഗചികിത്സാ സൗകര്യങ്ങൾ വളർത്തു കേന്ദ്രങ്ങളിൽ ലഭ്യമാവുന്നില്ല.
» മൂല്യവർദ്ധിത പാൽ ഉൽപന്ന യൂണിറ്റുകൾ, തുകൽ സംസ്കരണ യൂണിറ്റുകൾ, മാംസ സംസ്കരണ യൂണിറ്റുകൾ, എല്ലുപൊടി, വളം നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവ സമാന്തരമായി വികസിക്കുന്നില്ല.
» ഇൻഷ്വറൻസ് പദ്ധതികൾ സംബന്ധിച്ച മതിയായ ബോധവൽക്കരണമില്ലായ്മ.
» സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കർഷകർക്ക് ഉദാരമായി വായ്പകൾ ലഭ്യമാക്കാൻ ബാങ്കുകളുടെ വിമുഖത, വായ്പാ സഹായ പദ്ധതികളെപ്പറ്റി അറിവില്ലായ്മ.
» കേന്ദ്ര–സംസ്ഥാനാവിഷ്കൃത പദ്ധതികളുമായുള്ള സംയോജന സാദ്ധ്യതകൾ

ഉപയോഗപ്പെടുത്തുന്നില്ല.

» മിൽക്ക് സൊസൈറ്റികളുടെ അപര്യാപ്തത.

### 5.1.1 മൃഗസംരക്ഷണ-ക്ഷീരവികസന മേഖലാ ചുമതലകൾ

കേരള മുനിസിപ്പാലിറ്റി നിയമ പ്രകാരം മൃഗസംരക്ഷണവും ക്ഷീരവികസനവുമായി ബന്ധപ്പെട്ട മേഖലാ ചുമതലകൾ ചുവടെ കൊടുക്കുന്നു.

1. കന്നുകാലി വികസന പരിപാടികൾ നടപ്പാക്കുക.
2. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുക.
3. കോഴി, തേനീച്ച, പന്നി, ആട്, മുയൽ ഇവ വളർത്തൽ.
4. മൃഗാശുപത്രികൾ നടത്തുക.
5. ഐ.സി.ഡി.പി. ഉപകേന്ദ്രം നടത്തുക.
6. മൃഗങ്ങൾക്കായുള്ള പ്രതിരോധ ആരോഗ്യ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക.
7. മൃഗങ്ങളോടുള്ള ക്രൂരത തടയുക.
8. പ്രത്യുല്പാദനക്ഷമതാ വികസന പരിപാടികൾ നടപ്പിലാക്കുക.
9. മൃഗജന്യമായ രോഗങ്ങൾ നിയന്ത്രിക്കുക.
10. മൃഗ പോളിക്ലിനിക്കുകളും മേഖലാ കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങളും നടത്തുക.
11. മൃഗ സംരക്ഷണത്തിൽ പ്രത്യേക സേവനങ്ങൾ നൽകുക.
12. കന്നുകാലി, കോഴി പ്രദർശനങ്ങൾ നടത്തുക.

### 5.1.2 മുന്നൊരുക്കങ്ങൾ

നഗരത്തിലും പ്രാന്ത പ്രദേശങ്ങളിലും നിലവിലുള്ള കന്നുകാലി യൂണിറ്റുകൾ, ചെറുകിട–ഇടത്തരം വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾ, ആടു വളർത്തൽ യൂണിറ്റുകൾ, പന്നി, എരുമ, പോത്ത് വളർത്തൽ ഫാമുകൾ, ഇറച്ചിക്കോഴി, മുട്ടക്കോഴി, താറാവ്, കാട, അലങ്കാര പക്ഷികൾ, തുടങ്ങിയ പക്ഷി ഫാമുകൾ, പക്ഷിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ, കന്നുകാലി ചന്തകൾ, തീറ്റപ്പുൽ കൃഷി പ്രദേശങ്ങൾ, അറവുശാലകൾ, മീറ്റ് സ്റ്റാളുകൾ, ചിക്കൻ സെന്ററുകൾ, മൃഗാശുപത്രി, സബ് സെന്ററുകൾ, ക്ഷീരവികസന ഓഫീസ്, സ്വകാര്യ ഇൻസെമിനേഷൻ സെന്ററുകൾ, ക്ഷീരസംഘങ്ങൾ, ബൾക്ക് കൂളർ യൂണിറ്റുകൾ, അംഗീകൃത മിൽക്ക് ബൂത്തുകൾ തുടങ്ങിയവയെപ്പറ്റി വാർഡ് അടിസ്ഥാനത്തിൽ സമഗ്ര വിവരശേഖരണം നടത്തി ഡാറ്റ സൃഷ്ടിക്കുകയും അത് ആസൂത്രണ വിദഗ്ദർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർക്ക് ഇന്റർനെറ്റിൽ നിന്നും എടുക്കാവുന്ന വിധത്തിൽ ലഭ്യമാക്കുക.

സർവീസിൽ നിന്നും വിരമിച്ച വെറ്റിനറി–ഡയറി വിദഗ്ധരുടെയും പരിണത പ്രജ്ഞരായ കർഷകരുടേയും ഒരു പാനൽ ഏരിയ അടിസ്ഥാനത്തിൽ രൂപീകരിക്കുക. ഇവരുടെ സേവനം കുറ്റമറ്റ രീതിയിൽ പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റിങ് എന്നിവയ്ക്ക് ഉപകരിക്കും. ഒരു വെറ്ററിനറി ഡോക്ടറും, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും മാത്രമുള്ള മൃഗാശുപത്രികളെ മാത്രം ചുമതല ഏൽപ്പിക്കുന്നത് ആശ്വാസ്യമല്ല. അടിക്കടിയുള്ള സ്ഥലം മാറ്റം പദ്ധതി പുരോഗതിയെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് ഈ ടെക്നിക്കൽ ടീമിന്റെ സേവനം പ്രയോജനപ്പെടും.

## 5.2 ഡയറി യൂണിറ്റുകൾ

പശുക്കൾ, എരുമകൾ എന്നിവയെ വളർത്തുന്ന ചെറുകിട–ഇടത്തരം യൂണിറ്റുകൾ നഗര പ്രദേശങ്ങളിൽ ധാരാളം കണ്ടുവരുന്നുവെങ്കിലും വൃത്തിഹീനമായ സാഹചര്യങ്ങളും പരിസരവാസികൾക്ക് ആരോഗ്യ പ്രശ്നങ്ങളും പരാതികളും ഉണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നു. Shut down (അടച്ചു പൂട്ടൽ) നോട്ടീസ് നൽകുകയല്ല ഇതിന് പരിഹാരം. ഈ യൂണിറ്റുകൾക്ക് ആവശ്യമായ വൃത്തിയുള്ള തൊഴുത്ത്, മലിനജലം, ഫാം വേസ്റ്റ് എന്നിവയുടെ സംസ്കരണ സംവിധാനം ഏർപ്പെടുത്തി ഇവയെ ആരോഗ്യകരമായി നിലനിർത്തുകയാണ് പരിഹാരം. നഗരവീഥികളിൽ അലഞ്ഞു തിരിയുന്ന കന്നുകാലികൾ ഒരു നഗരത്തിനും ഭൂഷണമല്ല.

പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മുനിസിപ്പൽ എൻജിനീയറിങ് വിഭാഗത്തിലും വെറ്ററിനറി സ്ഥാപനത്തിലും മാതൃക ഡിസൈൻ തയ്യാറാക്കി നൽകാവുന്നതാണ്. വിവിധ ഏജൻസികൾ (ക്ഷീരവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കന്നുകാലി വികസന ബോർഡ്, വെറ്ററിനറി സർവകലാശാല) എന്നിവ കാലാകാലങ്ങളിൽ രൂപം കൊടുക്കുന്ന പദ്ധതികൾക്ക് അനുരൂപമായ തൊഴുത്ത് നിർമാണ ധനസഹായം നൽകേണ്ടതാണ്. പദ്ധതി നിർവഹണത്തിൽ ലക്ഷ്യം വൃത്തിയുള്ള തൊഴുത്തിൽ മാത്രം കന്നുകാലികളെ വളർത്തണം മാതൃക നഗരം (Model Town) എന്നതായിരിക്കണം. വൃത്തി ഒരു ശീലമാക്കുന്നതിനുള്ള പരിശീലനങ്ങളും, ഡിസ്പ്ലേ ബോർഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ കഴിയും.

അത്യുൽപാദന ശേഷിയുള്ള കിടാവുകൾ, കറവപ്പശുക്കൾ, നാടൻ ജനുസ്സുകൾ എന്നിവയെ ലഭ്യമാക്കുന്നതിന് പർച്ചേസ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

## 5.3 ആട് വളർത്തു യൂണിറ്റുകൾ

പാവങ്ങളുടെ പശുവായും, ശിശുക്കളുടെ വളർത്തമ്മയായും കരുതപ്പെടുന്ന ആട്ട വളർത്തൽ വലിയ തോതിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. നിലവിലുള്ള ആട് വളർത്തു യൂണിറ്റുകൾക്ക് വൃത്തിയുള്ള കൂടുനിർമാണം, കാഷ്ഠം ശേഖരിച്ച് സൂക്ഷിക്കുന്നതിന് മേൽക്കൂരയുള്ള പിറ്റുകൾ ഉറപ്പു വരുത്തണം. മലബാറി ആട്ട വളർത്തൽ യൂണിറ്റുകൾക്ക് ധനസഹായം നൽകുന്നതിന് കുടുംബശ്രീ സംവിധാനം, സാറ്റലൈറ്റ് ഫാമുകൾ സ്ഥാപിക്കുന്നതിന് വനിതാ ഗ്രൂപ്പുകൾക്ക് പരിശീലനം, ആടുകൾക്ക് കൃത്രിമ ബീജസങ്കലനം എന്നിവ സൊസൈറ്റികൾ രൂപീകരിച്ച് ആടുവളർത്തൽ പരമാവധി പ്രോത്സാഹിപ്പിക്കുവാൻ കഴിയും.

## 5.4 മുയൽ യൂണിറ്റുകൾ

ഇറച്ചി ആവശ്യത്തിനുള്ള ബ്രോയിലർ മുയലുകളുടെ യൂണിറ്റുകൾ വളരെ ചുരുങ്ങിയ ചെലവിൽ പരിമിതമായ സൗകര്യങ്ങളിൽ സ്ഥാപിക്കാവുന്നതാണ്. കൊഴുപ്പിന്റെ അംശം വളരെ കുറഞ്ഞ സുരക്ഷിതമായ മുയലിറച്ചിയ്ക്ക് മാർക്കറ്റ് ഡിമാൻഡ് കൂടുതലാണ്. ഇവ കാര്യമായ മാലിന്യ പ്രശ്നം ഉണ്ടാക്കുന്നില്ല. തീറ്റ ചെലവും വളരെ കുറവാണ്.

## 5.5 പന്നിവളർത്തൽ

നഗര പരിസരത്തുള്ള ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ, ചെറുകിട–ഇടത്തരം പന്നി

ഫാമുകൾ സ്ഥാപിക്കാവുന്നതാണ്. ഹോട്ടൽ ഭക്ഷണാവശിഷ്ടങ്ങൾ, അറവുശാല–ചിക്കൻ സ്റ്റാൾ വെയ്സ്റ്റ്, പച്ചക്കറി അവശിഷ്ടങ്ങൾ എന്നിവ നൽകി ചുരുങ്ങിയ ചെലവിൽ നടത്തുന്ന പന്നി ഫാമുകൾ ജൈവമാലിന്യങ്ങളുടെ "ബയോളജിക്കൽ റീസൈക്ലിംഗ്" യൂണിറ്റുകൾ എന്ന നിലയിൽ പ്രയോജന പ്രദമാണ്. വലിച്ചെറിഞ്ഞ മാലിന്യം സൃഷ്ടിക്കുന്ന വസ്തുക്കളിൽ നിന്നും ഗുണമേന്മയേറിയ മാംസം ഉല്പാദിപ്പിക്കുന്ന ഈ യൂണിറ്റുകളെ വേണ്ടവിധം പരിഗ ണിക്കേണ്ടതാണ്. ബയോഗ്യാസ് ടാങ്ക്, മലിനജല ശേഖരണ ടാങ്ക് എന്നിവ കർശനമായി നിഷ്കർഷിക്കേണ്ടതാണ്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ കൂത്താട്ടുകുളം, വെറ്ററിനറി സർവകലാശാല എന്നിവ സാങ്കേതിക സഹായം, പന്നിക്കുഞ്ഞുങ്ങൾ, തീറ്റ, മാർക്കറ്റിംഗ് സൗകര്യം എന്നിവ നൽകുന്നതാണ്.

## 5.6 കോഴി വളർത്തൽ യൂണിറ്റുകൾ

വീട്ടാവശ്യത്തിന് മുട്ടയും ഇറച്ചിയും ലഭിക്കുന്നതിനായി 5–10 കോഴികളെ വളർത്തുന്ന ചെറിയ യൂണിറ്റുകൾ വീടുകളുടെ ചായ്പ്പ്, ടെറസ്സ്, ഗൃഹ പരിസരം എന്നിങ്ങനെ സ്ഥാപി ക്കാവുന്നതാണ്. വെറ്ററിനറി സർവ്വകലാശാല, നബാർഡ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ, തിരുവാഴം കുന്ന് ഏവിയൻ സയൻസ് കോളേജ് എന്നിവ ആവശ്യമായ റെഡിമേഡ് കോഴിക്കൂട്, കോഴികൾ, തീറ്റ എന്നിവ നൽകുന്നതാണ്. ഒരാഴ്ചയിലൊരിക്കൽ തീറ്റ, വെള്ളം എന്നിവ നിറച്ചാൽ മാത്രം മതിയാകുന്ന 'സൺഡേ പൗൾട്രി ഫാമിംഗ്' എല്ലാ വീടുകളിലും സ്ഥാപിച്ച് കോഴിമുട്ടയിൽ സ്വയംപര്യാപ്തത കൈവരിക്കുന്ന പദ്ധതിയെപ്പറ്റി ആലോചിക്കാവുന്നതാണ്.

വാണിജ്യാടിസ്ഥാനത്തിലുള്ള ഇറച്ചിക്കോഴി, മുട്ടക്കോഴി ഫാമുകൾ സ്ഥല ലഭ്യതയനുസരിച്ച് ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ അനുവദിക്കാവുന്നതാണ്.

## 5.7 താറാവു വളർത്തൽ

മുട്ടതാറാവുകളെയും ഇറച്ചി ആവശ്യത്തിനുള്ള ബ്രോയിലർ താറാവ് ഇനങ്ങളെയും പരമ്പരാഗതമായി വളർത്തുന്ന പ്രദേശങ്ങളിലെല്ലാം ഇവ പ്രോത്സാഹിപ്പിക്കാവുന്നതാണ്. അനുയോജ്യമായ സ്ഥലങ്ങളിൽ വീടിനു ചുറ്റും, പറമ്പിൽ, ചതുപ്പു നിലങ്ങളിൽ, മത്സ്യ കൃഷിയുമായി സംയോജിപ്പിച്ചു കൊണ്ട് ജലാശയങ്ങളിലും താറാവ് കൃഷി യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. തിരുവല്ല നിരണം ഡക്ക് ഫാം, വെറ്ററിനറി സർവ്വകലാശാല, സ്വകാര്യ ഫാക്ടറികൾ എന്നിവ വേണ്ട താറാവ് കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നുണ്ട്.

## 5.8 കാട വളർത്തൽ

സ്ഥല പരിമിതിയുള്ള ഗൃഹ പരിസരം, ചായ്പുകൾ, ടെറസ്സ് തുടങ്ങിയ ഇടങ്ങളിലെല്ലാം കാടവളർത്തൽ സാധ്യമാണ്. ഹ്രസ്വ ജീവിത ചക്രവും വളർത്തുവാനുള്ള കുറഞ്ഞ തീറ്റ ചെലവും കാട മുട്ട, കാട ഇറച്ചി എന്നിവയുടെ വർദ്ധിച്ച ഡിമാൻഡും ഈ സംരംഭത്തിന് അനുകൂല ഘടകമാണ്.

## 5.9 അറവുശാലകൾ

ആധുനിക അറവുശാലയും ആരോഗ്യകരമായ മാംസ വില്പന കേന്ദ്രങ്ങളും മാംസഭുക്കുകളുടെ

അവകാശമാണ്. ഒരു നഗരത്തിന്റെ നിലവാരത്തിന്റെ പ്രതീകങ്ങളാണ്. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന നിരവധി മാരകമായ പകർച്ച വ്യാധികളും ജന്തുജന്യ രോഗങ്ങളും ആധുനികകാലത്ത് വലിയ വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ, വെറ്റ റിനറി സർവകലാശാല മീറ്റ് ടെക്നോളജി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കുത്താട്ടുകളം എന്നിവയുടെ സാങ്കേതിക സഹായത്തോടെ നബാഡ്, കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ ഏജൻസികളിലൂടെ ധനസമാഹരണം നടത്തി ആധുനിക അറവുശാല സ്ഥാപിക്കൽ, നിലവിലുള്ള അറവുശാലകളുടെ നവീകരണം എന്നിവ സാധിക്കുന്നതിന് മുൻഗണന നൽകണം. ആന്റിമോർട്ടം, പോസ്റ്റുമോർട്ടം, മാംസ പരിശോധന എന്നിവയ്ക്കു ശേഷം മാംസ വില്പന എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് വെറ്ററിനറി ഡോക്ടറുടെ താൽക്കാലിക/സ്ഥിര നിയമനം ഉറപ്പുവരുത്തേണ്ടതാണ്. കശാപ്പ ജോലിയിൽ ഏർപ്പെടു ന്നവർക്ക് പരിശീലനം നൽകുകയും ആറുമാസത്തിലൊരിക്കൽ ആരോഗ്യ പരിശോധന കർശനമായി നടപ്പിലാക്കണം.

## 5.10 മീറ്റ് സ്റ്റാളുകൾ

വൃത്തിഹീനമായ ഇറച്ചി വിൽപന ശാലകളും അവയ്ക്കു ചുറ്റും തെരുവ് നായ്ക്കളും നമ്മുടെ നഗരങ്ങളിൽ അറപ്പുളവാക്കുന്ന കാഴ്ചയാണ്. ഇത് പരിഷ്കൃത ജനതയ്ക്ക് നാണക്കേടാണ്. മാംസ വിൽപ്പന ശാലകൾക്ക് വെറ്ററിനറി സർവ്വകലാശാല മീറ്റ് ടെക്നോളജി വിഭാഗം നിഷ്കർഷിക്കുന്ന ഭൗതികസാഹചര്യങ്ങൾ കർശനമായി നടപ്പിലാക്കണം. നഗരസഭയുടെ സ്റ്റാൾ ലൈസൻസ്, അനുമതി മുദ്ര ഇവ നിർബന്ധമായും ബോർഡിൽ രേഖപ്പെടുത്തണം.

## 5.11 ചിക്കൻ സെന്ററുകൾ

നഗരത്തിൽ എവിടെയും ചിക്കൻ സെന്ററുകൾ സ്ഥാപിക്കാമെന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തണം. മത്സ്യ മാർക്കറ്റുകൾ, പച്ചക്കറി മാർക്കറ്റുകൾ എന്നിവയുടെ സമീപം, നഗര തിരക്കില്ലാത്ത സ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് ഉചിതമായ രീതിയിൽ മാറ്റി സ്ഥാപിക്കണം. നഗരസഭയുടെ അനുമതി പത്രം പ്രദർശിപ്പിക്കണം. പക്ഷികളെ സൗകര്യപ്രദമായ രീതിയിൽ വൃത്തിയുള്ള കൂടുകളിൽ സൂക്ഷിക്കുന്നതിനും, ഇറച്ചി അവശിഷ്ടങ്ങൾ അടച്ചുറപ്പുള്ള ഡ്രമ്മുകളിൽ സൂക്ഷിക്കുന്നതിനും ഇത് കൃത്യമായി പന്നിഫാമുകളിലേക്കോ, റെൻഡറിംഗ് യൂണിറ്റുകളിലേക്കോ പ്രതിദിനം മാറ്റുന്നതിനുള്ള എഗ്രിമെന്റ് നിർബന്ധമാക്കേണ്ടതാണ്. വഴിവക്കിലും ജലാശയങ്ങളിലും മാലിന്യം വലിച്ചെറിയുന്ന അവസ്ഥയ്ക്ക് പരിഹാരം കാണേ ണ്ടതാണ്. ചിക്കൻ സ്റ്റാൾ വേസ്റ്റ് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് സ്റ്റാൾ ഉടമ എഗ്രിമെന്റിൽ വ്യക്തമാക്കേണ്ടതാണ്. മാലിന്യം കൊണ്ടു പോകുന്ന വാഹനങ്ങൾക്ക് നഗരസഭ/ശുചിത്വ മിഷൻ എന്നിവയുടെ സ്റ്റിക്കറോ അടയാളമോ പതിക്കേണ്ടതാണ്.

## 5.12 മൃഗാശുപത്രികൾ

മൃഗാശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ആധുനിക ചികിത്സാ സൗകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനുള്ള മൊബൈൽ ആശുപത്രി സേവനം, മൃഗങ്ങളെ ചികിത്സയ്ക്ക് എത്തിക്കുന്നതിനുള്ള ആംബുലെറ്ററി സൗകര്യം 24 മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന ലിഫ്റ്റ് അടിസ്ഥാനത്തിലുള്ള സേവനം

എന്നിവയ്ക്കും നടപടി സ്വീകരിക്കാവുന്നതാണ്. പകൽനേരത്ത് ഉപയോഗിക്കുന്ന നഗരസഭാ വാഹനങ്ങൾ, രാത്രി നേരത്തെ മൃഗചികിത്സാ സൗകര്യം വീട്ടുപടിക്കൽ എത്തിക്കുന്നതിന് ലിഫ്റ്റ് അടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്നതാണ്. വെറ്റിനറി സബ് സെന്ററുകളിൽ പാൽ, മുട്ട, ഇറച്ചി തുടങ്ങിയവയുടെ വിൽപ്പന കൗണ്ടറുകളിൽ സ്ഥാപിക്കാവുന്നതാണ്.

## 5.13 ക്ഷീരസംഘങ്ങൾ

സാധ്യമായ സ്ഥലങ്ങളിൽ ആപ്കോസ് (ആനന്ദ് പാറ്റേൺ കോ–ഓപ്പറേറ്റീവ് സൊസൈറ്റികൾ) സ്ഥാപിക്കാവുന്നതാണ്. കർഷകർക്ക് വിപണന സൗകര്യം ലഭ്യമാക്കുന്നതിനും പ്രാദേശിക വില്പനയ്ക്കും സഹായകമാണ്.

## 5.14 കന്നുകാലി ഇൻഷ്വറൻസ്

ക്ഷീരകർഷക–കന്നുകാലി ഇൻഷ്വറൻസ് സൗജന്യനിരക്കിൽ ഏർപ്പെടുത്തുന്നതിനും നിലവിലുള്ള പദ്ധതികളിലെ പ്രീമിയം തുകയുടെ നിശ്ചിത ശതമാനം നഗരസഭ അടയ്ക്കുന്നതിനും സാധ്യമാണ്.

## 5.15 ഫോഡർ/തീറ്റ വസ്തുക്കൾ

വെളിം പ്രദേശങ്ങൾ, മറ്റു കൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങൾ. ചതുപ്പ് പ്രദേശങ്ങൾ, നദീതീരങ്ങൾ, മണ്ണൊലിപ്പ് തടയേണ്ട നീർത്തട പ്രദേശങ്ങൾ എന്നിവ തീറ്റപ്പുൽ/തീറ്റ വസ്തുക്കളുടെ കൃഷിക്ക് ഉപയുക്തമാക്കാം. സീവേജ് ട്രീറ്റ്മെന്റ് റീസൈക്കിൾ ചെയ്യുന്ന ജലവും വലിയ തോതിൽ തീറ്റപ്പുൽകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

നേന്ത്രക്കായ വറുക്കുന്ന സ്ഥലങ്ങളിലെ അവശിഷ്ടങ്ങൾ, ചക്കയുടെ അവശിഷ്ടങ്ങൾ, പൈനാപ്പിൾ വേസ്റ്റ് എന്നിവ വലിയ തോതിൽ പാരമ്പര്യേതര കാലിത്തീറ്റയായി ഉപയോഗിക്കാം.

കാലിത്തീറ്റ സബ്സിഡി പദ്ധതികൾ നടപ്പിലാക്കി ക്ഷീരകർഷകരുടെ ഉൽപാദനച്ചെലവ് കുറയ്ക്കാവുന്നതാണ്,

## 5.16 വിപണന സൗകര്യങ്ങൾ

മുട്ട, പാൽ, പാലുൽപന്നങ്ങൾ, ഇറച്ചി എന്നിവ വിൽക്കുന്നതിനുള്ള വിപണന യൂണിറ്റുകൾ, കുടുംബശ്രീ, ലൈവ് സ്റ്റോക്ക് ഫാർമേഴ്സ് അസോസിയേഷൻ എന്നിവയുടെ സംവിധാനങ്ങളിലൂടെയും കേരള പൗൾട്ടറി ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയിലൂടെയും വില്പന ഉറപ്പുവരുത്താം മൊബൈൽ ഗ്രോസറി ഷോപ്പുകൾ, ഉത്സവ സീസണുകളിലെ താൽക്കാലിക വിൽപ്പന കേന്ദ്രങ്ങൾ എന്നിവയും ആലോചിക്കാവുന്നതാണ്.

## 5.17 ABC പ്രോഗ്രാം

തെരുവ് നായ്ക്കളുടെ പെരുകൽ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്നവ ഉത്തരവാദിത്വത്തോടെ നിർവഹിക്കുന്നതിന് തുക മാറ്റി വയ്ക്കേണ്ടതാണ്. സന്നദ്ധ സേവന സംഘടനകളെ ഇക്കാര്യത്തിൽ സഹകരിപ്പിക്കാവുന്നതാണ്.

## 5.18 മൃഗക്ഷേമ പദ്ധതികൾ

മൃഗങ്ങളോട് ക്രൂരത കാണിക്കുന്നത് തടയുക, മൃഗക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഉപേക്ഷിക്കപ്പെടുന്ന മൃഗങ്ങളെ പുനരധിവസിപ്പിക്കുക, പ്രതിരോധ വാക്സിനേഷൻ പരിപാടികൾ വിജയിപ്പിക്കുക തുടങ്ങിയ സേവനങ്ങൾ നിർവഹിക്കുന്നതിന് മൃഗക്ഷേമ സമിതികൾ രൂപീകരിക്കാവുന്നതാണ്. കേന്ദ്ര അനിമൽ വെൽഫെയർ ബോർഡിന്റെ ധനസഹായം ലഭ്യമാണ്. വോയിസ് ഓയിസ് കളന്റർ, നാഷണൽ, ബ്ലൂക്രോസ് സൊസൈറ്റി, ദയ തുടങ്ങിയ സംഘടനകൾ സഹായിക്കുന്നതാണ്. അലഞ്ഞു നടക്കുന്ന മൃഗങ്ങളെ പാർപ്പിക്കുന്നതിനുള്ള 'ക്യാറ്റിൽ പൗണ്ടുകളുടെ' ചുമതല ഈ സന്നദ്ധ സംഘങ്ങളെ ഏൽപ്പിക്കാവുന്നതാണ്. "ഒരു രാജ്യത്തിന്റെ നിലവാരം ആ രാജ്യത്തെ മൃഗങ്ങളോട് എങ്ങനെ പെരുമാറുന്നു എന്നതിനെ ആശ്രയിച്ചാണ്" – ഗാന്ധിജി

# 6

# ചെറുകിട വ്യവസായം

## 6.1 സൂക്ഷ്മ-ചെറുകിട സംരംഭ മേഖലയിലെ ചുമതലകളും ഇടപെടൽ സാധ്യതകളും

സാമ്പത്തിക വികസനം നിലനിർത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും ഉൽപ്പാദന മേഖലയ്ക്ക് മുഖ്യ പങ്കാണുള്ളത്. കൃഷി, മൃഗസംരക്ഷണം, മത്സ്യം വളർത്തൽ എന്നിവ ഉൾപ്പെടുന്ന പ്രാഥമിക മേഖലയും വ്യവസായരംഗം ഉൾപ്പെടുന്ന ദ്വിതീയ മേഖലയുമാണ് ഉത്പാദന മേഖലയുടെ മുഖ്യഘടകങ്ങൾ. കേരളത്തിന്റെ മൊത്ത ദേശീയ ഉൽപ്പാദനത്തിൽ വ്യവസായരംഗം വളരെ ചെറിയ പങ്കു മാത്രമാണ് വഹിക്കുന്നത്. ഏറെ നാളുകളായി ഈ അവസ്ഥ തുടരുന്നു. എന്നാൽ കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ സമ്പത്തുൽപാദനത്തിന്റെയും സാമ്പത്തിക വികസനത്തിന്റെയും പ്രധാന ചാലകശക്തിയായി വ്യവസായ മേഖലയ്ക്ക് മാറാൻ കഴിയും. കേരളത്തിന്റെ തനതു കാർഷിക വിഭവങ്ങളും വിദ്യാസമ്പന്നരായ യുവതയുമാണ് കേരളത്തിന്റെ വ്യവസായ പുരോഗതിക്കുള്ള പ്രധാന അടിത്തറ. ഭക്ഷ്യസംസ്കരണം, കൃഷിയധിഷ്ഠിതമായ മറ്റു വ്യവസായങ്ങൾ, കാലിത്തീറ്റ നിർമ്മാണം, ജൈവവള നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ലഘു എൻജിനീയറിംഗ് സംരംഭങ്ങൾ, IT അധിഷ്ഠിത സംരംഭങ്ങൾ, റോബോട്ടിക്സ് തുടങ്ങി കേരളത്തിന്റെ പരിസ്ഥിതിക്കും ഉയർന്ന ജനസാന്ദ്രതക്കും അനുയോജ്യമായ നിരവധി സാധ്യതകളാണ് നമുക്ക് മുന്നിലുള്ളത്. കൂടാതെ വളരെ വികസിതമായൊരു സേവനമേഖല നമുക്കുണ്ട്. പുതിയ കാലത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന നൂതന സംരംഭങ്ങൾക്കുള്ള സാധ്യതകൾ സേവന മേഖലയിലും കണ്ടെത്താനാവും.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആരംഭകാലം മുതൽ ചെറുകിട സംരംഭങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന് ആഗ്രഹിച്ചെങ്കിലും ഈ മേഖലയിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എന്തുകൊണ്ട് സാധ്യമായില്ലെന്നത് പ്രാദേശികമായി വിലയിരുത്തണം.

- വിജയസാധ്യത ഇല്ലാത്തതും കാലാഹരണപ്പെട്ടതുമായ സംരംഭങ്ങൾ?
- ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അശാസ്ത്രീയത ?
- സംരംഭക ശേഷിയില്ലാത്ത ഗുണഭോക്താക്കൾ?
- വേണ്ടത്ര സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത ഗുണഭോക്താക്കൾ?
- വിപണന ശേഷിക്കുറവ്?

» വിപണിയിലെ കടുത്ത മത്സരം?
» നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമീപനം?
» മാറുന്ന കാലത്തിന്റെ സ്പന്ദനം തിരിച്ചറിയാൻ കഴിയാതെ പോയത്?
» ധനകാര്യ സ്ഥാപനങ്ങളുടെ നിഷേധാത്മക സമീപനം?
» നിയമങ്ങളുടെ കടുത്ത നിബന്ധനകളും നടപടിക്രമങ്ങളും?
» പ്രാദേശികമായ പ്രതിസന്ധികൾ?

വേറെയും കാരണങ്ങൾ കണ്ടെത്താനാവും സൂക്ഷ്മമായ വിലയിരുത്തലുകളിൽ കണ്ടെത്തുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിച്ച് മുന്നേറുകയാണ് വേണ്ടത്.

പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങളെയും (manufacturing enterprise) വിവിധ സേവനങ്ങൾ പൊതു ജനങ്ങൾക്ക് നൽകുന്ന സ്ഥാപനങ്ങളെയും (Service enterprise) പൊതുവായി ഇന്ന് സംരംഭം (enterprise) എന്നാണ് അറിയപ്പെടുന്നത്. 2006-ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ വികസന നിയമമാണ് (Micro-Small-Medium Enterprise Development Act 2006).

സംരംഭം എന്ന പൊതു നാമകരണം ഈ മേഖലയ്ക്ക് നൽകിയത്. നാളിതുവരെ ചെറുകിട വ്യവസായം (Small Scale Industries - SSI) എന്നായിരുന്നു പൊതുവായി ഈ മേഖല അറിയപ്പെട്ടിരുന്നത്. ചെറുകിട വ്യവസായം എന്ന പൊതു പ്രയോഗത്തിലെ പരിമിതികൾ മറികടക്കുക, 2006-നു മുമ്പ് നിലനിന്നിരുന്ന നിയമപ്രകാരം വ്യവസായങ്ങളുടെ തരംതിരിക്കലിൽ (classification) ഉണ്ടായിരുന്ന കുറവുകൾ പരിഹരിക്കുക, കൂടുതൽ സ്ഥാപനങ്ങളെ നിയമപരിരക്ഷയുടെ പരിധിയിൽ കൊണ്ടുവരിക, വ്യവസായ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുക എന്നിവയെല്ലാമായിരുന്നു 2006-ലെ MSMEDA-യുടെ ലക്ഷ്യം. ഈ നിയമം സംരംഭങ്ങളെ ഉത്പാദക സംരംഭങ്ങൾ എന്നും സേവന സംരംഭങ്ങളെന്നും രണ്ടായി വിഭജിക്കുന്നു. സംരംഭത്തിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികൾ (Machinery) അല്ലെങ്കിൽ ഉപകരണങ്ങൾ (Equipments) എന്നിവയിൽ നടത്തിയിട്ടുള്ള നിക്ഷേപം (Investment), സംരംഭത്തിന്റെ വാർഷിക വിറ്റുവരവ് (turnover) എന്നിവയുടെ അടിസ്ഥാനത്തിലാണ് സംരംഭങ്ങളെ സൂക്ഷ്മ, ചെറുകിട, ഇടത്തരം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നത്.

### 6.1.1 സംരംഭങ്ങളുടെ വർഗ്ഗീകരണം

| വിഭാഗം | യന്ത്രസാമഗ്രികളുടെയോ ഉപകരണങ്ങളുടെയോ വിലയും വാർഷിക വിറ്റുവരവും |
|---|---|
| സൂക്ഷ്മം | യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം ഒരു കോടിയിൽ അധികരിക്കാതിരിക്കുകയും വാർഷിക വിറ്റുവരവ് 5 കോടിയിൽ കവിയാതിരിക്കുകയും |
| ചെറുകിടം | യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം 10 കോടിയിൽ അധികരിക്കാതിരിക്കുകയും വാർഷിക വിറ്റുവരവ് 50 കോടിയിൽ കവിയാതിരിക്കുകയും |
| ഇടത്തരം | യന്ത്രസാമഗ്രികൾ/ഉപകരണങ്ങൾ എന്നിവയിലെ നിക്ഷേപം 50 കോടിയിൽ അധികരിക്കാതിരിക്കുകയും വാർഷിക വിറ്റുവരവ് 150 കോടിയിൽ കവിയാതിരിക്കുകയും |

സൂക്ഷ്മസംരംഭങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിന്തുടരുന്ന ധാരണകളിൽ പുനഃപരിശോധന ആവശ്യമാണ്. സംരംഭകത്വ ശേഷിയാവണം സംരംഭക പദ്ധതികളിൽ ഗുണഭോക്താവാകാനുള്ള പ്രധാന മാനദണ്ഡം. വിദ്യാസമ്പന്നരായ യുവാക്കൾ-വിശിഷ്യ സാങ്കേതിക വിദ്യാഭ്യാസം നേടിയ യുവാക്കളാവണം നവസംരംഭകരിൽ പ്രധാനം. തിരിച്ചെത്തിയ പ്രവാസികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ' വിദ്യാസമ്പന്നരായ വീട്ടമ്മമാർ എന്നിവരും സംരംഭകരാകാൻ പ്രബല സാധ്യതയുള്ള വിഭാഗങ്ങളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പുറത്തുനിന്നുള്ള ഒരാൾ നഗരസഭാ പരിധിയിൽ സംരംഭം ആരംഭിക്കാൻ തയ്യാറായി വന്നാൽ അദ്ദേഹത്തിന് എന്തെല്ലാം പിന്തുണാ സംവിധാനങ്ങൾ നഗരസഭ ഒരുക്കും? കൂടാതെ നഗരസഭയുടെ പ്ലാൻ ഫണ്ടിനു പുറത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകളും ഏജൻസികളും സംരംഭകത്വ വികസനത്തിനും വ്യവസായ പുരോഗതിക്കുമായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ നഗരസഭയിൽ ഫലപ്രദമായി നടപ്പാക്കുന്നതിൽ നഗരസഭയ്ക്ക് എന്ത് പങ്ക് വഹിക്കാനാവും. വിപണനത്തിന്റെയും സാങ്കേതികവിദ്യയുടെയും പുത്തൻ ആശയങ്ങളും സാധ്യതകളും - e-commerce, branding, സർട്ടിഫിക്കേഷനുകൾ, online വ്യാപാരം-സംരംഭകരിലെത്തിക്കാൻ നഗരസഭയ്ക്ക് എത്രകണ്ട് സാധിക്കും? ഉൽപ്പാദക സംരംഭകർക്കു പുറമേ എത്ര സേവന സംരംഭങ്ങൾ ആരംഭിക്കാനാവും, ഓരോ വർഷവും ആരംഭിക്കുന്ന Startup-കൾ, തൊഴിലവസരങ്ങൾ എന്നിവ മുൻകൂട്ടി നിശ്ചയിച്ച് പ്രഖ്യാപിക്കാനാവുമോ? അടുത്ത 5 വർഷം കൊണ്ട് സംസ്ഥാനത്തെ ഏറ്റവും മികച്ച സംരംഭങ്ങളുടെ പട്ടികയിലേക്ക് നമ്മുടെ നഗരസഭയിൽ നിന്ന് എത്ര സംരംഭങ്ങൾ ഇടംപിടിക്കും ഈ പ്രവർത്തനങ്ങൾക്കെല്ലാം നഗരസഭാ പരിധിയിൽ നേതൃത്വം നൽകേണ്ടത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

## 6.2 ചെറുകിട വ്യവസായം – ചുമതലകൾ

കേരള മുനിസിപ്പാലിറ്റി നിയമത്തിൽ ചെറുകിട വ്യവസായമേഖലയുമായി ബന്ധപ്പെട്ട മേഖലാ ചുമതലകൾ ചുവടെ ചേർക്കുന്നു.

1. കുടിൽ-ഗ്രാമീണ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
2. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
3. പരമ്പരാഗതവും ചെറുതുമായ വ്യവസായങ്ങളെ വികസിപ്പിക്കുക.
4. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
5. എസ്.എസ്.ഐ പരിധിയുടെ മൂന്നിലൊന്ന് നിക്ഷേപം വരുന്നവ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക.
6. വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക.
7. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
8. വ്യവസായ സംരംഭ വികസന പരിപാടികൾ സംഘടിപ്പിക്കുക.

## 6.3 സൂക്ഷ്മ സംരംഭ മേഖല-പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും

തനത് നാണ്യവിളകൾ ഉത്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. സാങ്കേതിക

വിദ്യാഭ്യാസം നേടിയ അഭ്യസ്തവിദ്യർ, കേരളത്തിനു പുറത്തുനിന്ന് പ്രവാസി സമൂഹം സംസ്ഥാനത്തേക്ക് അയക്കുന്ന വലിയ തോതിലുള്ള പണം, അഭ്യസ്തവിദ്യരുടെ ഇടയിൽ നിലനിൽക്കുന്ന തൊഴിലില്ലായ്മ എന്നിവയെല്ലാം സംരംഭക വികസനത്തിന് അനുയോജ്യമായ ഘടകങ്ങളാണ്. എന്നാൽ ഇവ ഫലപ്രദമായി ഉപയോഗിക്കാൻ നമുക്കായിട്ടില്ല. സംസ്ഥാനത്തിന്റെ GDP-യിൽ നാമമാത്രമായ സംഭാവനയാണ് MSME മേഖലയുടേത് ജനകീയവും ആസൂത്രിതവുമായ ഇടപെടലുകളിലൂടെ ഈ അവസ്ഥയെ മറികടക്കുക എന്നതിലാണ് ഊന്നൽ. നിലവിൽ ചെറുകിട വ്യവസായ മേഖലയുടെ പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും ഇവയാണ്.

» സ്ഥലപരിമിതി/സ്ഥലത്തിന്റെ ലഭ്യത കുറവ്.
» അനുയോജ്യമായ സ്ഥലത്തിന്റെ അഭാവം.
» ഭൂമിയുടെ ഉയർന്ന വില/ഉയർന്ന വാടക.
» വ്യവസായ എസ്റ്റേറ്റുകളുടെ അഭാവം.
» നഗരങ്ങളിലെ വളരെ ഉയർന്ന ജനസാന്ദ്രത.
» വ്യവസായ മാലിന്യങ്ങളുടെ സംസ്കരണത്തിനുള്ള സ്ഥലപരിമിതിയും സംവിധാനങ്ങളുടെ കുറവും.
» ധനകാര്യ സ്ഥാപനങ്ങളുടെ നിഷേധാത്മക സമീപനം.
» വായ്പ ലഭിക്കുന്നതിനുള്ള സങ്കീർണമായ നടപടി ക്രമങ്ങൾ.
» സാധാരണക്കാർക്ക് തീർത്തും അപ്രാപ്യമായി നിൽക്കുന്ന ധനകാര്യസ്ഥാപനങ്ങൾ.
» ചെറിയ വായ്പകൾക്ക് പോലും ഈട് നൽകണമെന്ന ബാങ്കുകളുടെ ദുശ്ശാഠ്യം.
» ഉയർന്ന പലിശ നിരക്ക്.
» സംരംഭകർ എടുക്കേണ്ട ലൈസൻസുകൾ/NOCകൾ/രജിസ്ട്രേഷനുകൾ എന്നിവയുടെ ബാഹുല്യവും, നൂലാമാലകളും, അജ്ഞതയും.
» സംരംഭകൻ എന്ന നിലയിൽ ഇടപെടേണ്ടി വരുന്ന സർക്കാർ സ്ഥാപനങ്ങളുടെ നിസ്സംഗത/ജനവിരുദ്ധ മനോഭാവം
» വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും വ്യവസായ വികസന പദ്ധതികളെ കുറിച്ചുള്ള അജ്ഞത.
» വിപണന തന്ത്രങ്ങളുടെ അഭാവം.
» പ്രാദേശിക ഉൽപ്പന്നങ്ങളുടെ അനാകർഷകമായ പായ്ക്കിംഗ്.
» ഉൽപ്പന്നങ്ങളുടെ ശാസ്ത്രീയമായ Standardiation-ന്റെ അഭാവം.
» വിപണിയിൽ നേരിടേണ്ടി വരുന്ന കടുത്ത മത്സരം.
» അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും അവയുടെ വിലയിൽ അടിക്കടിയുണ്ടാകുന്ന ചാഞ്ചാട്ടവും.
» പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങൾക്ക് പൊതുവേ നിലനിന്നു കാണുന്ന താഴ്ന്ന ഗുണനിലവാരം.
» പരമ്പരാഗത വ്യവസായങ്ങളുടെ അസംസ്കൃത വസ്തുക്കൾക്കുള്ള കടുത്ത ക്ഷാമം.
» പരമ്പരാഗത വ്യവസായ മേഖലയിൽ ആധുനികവൽക്കരണത്തിന്റെ അഭാവം.
» സംരംഭകത്വ ശേഷിയുള്ളവരെ കണ്ടെത്തുന്നതിനുള്ള പ്രയാസങ്ങൾ.
» സംരംഭകത്വ വികസന പരിശീലനത്തിനുള്ള സ്ഥാപനങ്ങളുടെ അഭാവം.
» സംരംഭകന് സമൂഹം നൽകുന്ന രണ്ടാംതരം പരിഗണന.

» കായികാധ്വാനത്തോടു സമൂഹം പുലർത്തുന്ന അനാദരവ്.

## 6.4 ഇടപെടൽ സാധ്യതകൾ

ചെറുകിട വ്യവസായ മേഖലയുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും പട്ടികപ്പെടുത്തുകയുണ്ടായി. ഇവ കൂടാതെ പ്രാദേശികമായ തടസ്സങ്ങളും വെല്ലുവിളികളും ഉണ്ടാകാം.

പട്ടികപ്പെടുത്തിയ ഓരോ വെല്ലുവിളിയേയും പ്രാദേശിക സാഹചര്യങ്ങൾ കൂടി പരിഗണിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്ത് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ നഗരസഭയിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും ഫലപ്രദമായി വിനിയോഗിച്ച് ഇടപെടൽ സാധ്യതകൾ വികസിപ്പിക്കുകയാണ് വേണ്ടത്.

» പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ തടസ്സമില്ലാതെ ലഭിക്കുവാനുള്ള സംവിധാനം ഒരുക്കൽ.
» പരമ്പരാഗത വ്യവസായങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക.
» പരമ്പരാഗത വ്യവസായ മേഖലയിലെ ഉല്പന്നങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കുക, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം നടപ്പാക്കുക, ആഗോള വിപണി സാധ്യതകൾ പരിചയപ്പെടുത്തുക, തുടങ്ങിയവയ്ക്കാവശ്യമായ പദ്ധതികൾക്കും പരിശീലനങ്ങൾക്കും രൂപം നൽകുക.
» പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമായ Common Facility Service Centre -ന്റെ സാധ്യതകൾ പരിശോധിച്ച് പദ്ധതികൾ ആവിഷ്കരിക്കുക.
» വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക, നിലവിലുള്ളവയുടെ വ്യാപ്തിയും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
» വ്യവസായ എസ്റ്റേറ്റുകളെ ആകർഷകമാക്കുകയും മാലിന്യ സംസ്കരണത്തിനുള്ള ശാസ്ത്രീയ മാർഗങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.
» NULM, കുടുംബശ്രീമിഷൻ, എന്നിവയുമായി ചേർന്ന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയെ ശാക്തീകരിക്കുന്നതിനും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകുക.
» യുവാക്കൾ, വിദ്യാർഥികൾ എന്നിവർക്ക് IT, BT എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുക.
» ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള വ്യവസായ വികസന സാധ്യതകൾ പരിശോധിക്കുകയും ആവശ്യമായ പിന്തുണാ സംവിധാനം ഉറപ്പുവരുത്തുകയും ചെയ്യുക.
» സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പദ്ധതികൾ നടപ്പാക്കുന്ന സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സ്ഥിരമായ ഏകോപന സംവിധാനം നഗരസഭാതലത്തിൽ ഒരുക്കുക.
» നഗരസഭാതലത്തിൽ സംരംഭക ക്ലബ് രൂപീകരിച്ച് സജ്ജീവമാക്കുകയും പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യുക.
» സംരംഭക ക്ലബ്ബിന്റെ നേതൃത്വത്തിൽ പുതിയ സംരംഭകരെ കണ്ടെത്തൽ Project Sensitisation, Project Report തയ്യാറാക്കൽ, ധനകാര്യ സ്ഥാപനങ്ങളുമായി സംരം

ഭകരെ ബന്ധിപ്പിക്കൽ സംരംഭക പരിശീലനം നൽകൽ തുടങ്ങിയവ ഫലപ്രദമാക്കൽ.

» സംരംഭക ക്ലബ്ബിന്റെ പ്രവർത്തനത്തിൽ സംരംഭക സഹായ പദ്ധതികൾ നടപ്പാക്കുന്ന എല്ലാ സർക്കാർ വകുപ്പ്/ഏജൻസികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.
» സംരംഭക ക്ലബ്ബിന്റെ നേതൃത്വത്തിൽ packing, product standardization, certifications, branding, e-commerce, സംരംഭകത്വ നൈപുണികൾ എന്നിവയിൽ പരിശീലനം നൽകുക.
» നഗരസഭയിൽ നിലവിലുള്ള മികച്ച വ്യവസായികളുടെ അറിവും അനുഭവവും നവ സംരംഭകർക്ക് പകർന്നുനൽകാനുള്ള അവസരമൊരുക്കുക.
» MSME മേഖലയിൽ നഗരസഭയിലെ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലപ്രദമാകുന്നതിനാവശ്യമായ നൂതന സംഘടനാ സംവിധാനങ്ങൾക്ക് രൂപം നൽകുക.
» സംരംഭക ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിജയസാധ്യതയുള്ള ഗ്രൂപ്പ് സംരംഭങ്ങൾ രൂപീകരിക്കുകയും അവർക്കുവേണ്ട പിന്തുണാ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.
» നഗരസഭാ പ്രദേശത്ത് ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പരമാവധി പ്രാദേശിക വിപണി ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
» വിവിധ വകുപ്പുകൾ ഏജൻസികൾ നടപ്പാക്കുന്ന സംരംഭക സഹായ പദ്ധതികളെ ക്കുറിച്ച് ബന്ധപ്പെട്ട ഏജൻസികളുടെ പങ്കാളിത്തത്തോടെ വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുക.
» പുതിയ സംരംഭകർ മുന്നോട്ടുവയ്ക്കുന്ന പ്രോജക്ട് നിർദ്ദേശങ്ങളുടെ പ്രായോഗിക ക്ഷമത, സാങ്കേതിക ക്ഷമത, സാമ്പത്തിക ക്ഷമത എന്നിവ പരിശോധിക്കുവാൻ വ്യവസായ വകുപ്പ്, ധനകാര്യ സ്ഥാപനങ്ങൾ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് നിശ്ചിത ഇടവേളകളിൽ തുടർച്ചയായി പ്രോജക്ട് ക്ലിനിക്കുകൾ നടത്തുക.
» നഗരസഭാ പരിധിക്കുള്ളിൽ പലകാരണങ്ങളാൽ പ്രവർത്തനരഹിതമായിക്കിടക്കുന്ന സംരംഭങ്ങളുടെ പുനരുജ്ജീവനത്തിനും, പുനരുദ്ധാരണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുക.
» കുടുംബശ്രീ, MSME സംരംഭങ്ങൾ, പരമ്പരാഗത ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി വിപണന മേളകൾ, സ്ഥിരം വിപണന സംവിധാനങ്ങൾ എന്നിവയൊരുക്കുക.
» മറ്റു വികസന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യം തുടങ്ങിയ രംഗങ്ങളുമായി സഹകരിച്ച് ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, ജൈവവളം നിർമ്മാണം, കാലിത്തീറ്റ നിർമാണം തുടങ്ങി സംയോജന സാധ്യതയുള്ള പരമാവധി പ്രോജക്ടുകൾ കണ്ടെത്തി നടപ്പാക്കുക.
» നഗരസഭാ പരിധിക്കുള്ളിൽ സംരംഭങ്ങൾ ആരംഭിക്കാൻ നഗരസഭയ്ക്കു പുറത്തുനിന്ന് വരുന്നവർക്ക് വേണ്ടി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.

വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് സംസ്ഥാന സർക്കാർ പ്രധാന ലക്ഷ്യങ്ങളിലൊന്നായി പ്രഖ്യാപിച്ചിരിക്കുകയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സ്വാഭാവികമായും പ്രധാന പങ്കുവഹിക്കേണ്ടി വരിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാവും. തൊഴിലന്വേഷകരുടെ ആവശ്യങ്ങൾ, അവരുടെ നൈപുണികൾ, മറ്റു സാധ്യതകൾ,

പരിമിതികൾ എന്നിവയെല്ലാം ഏറ്റവും അടുത്തറിയാൻ കഴിയുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പുതിയ കാലത്തെ കൂടി തിരിച്ചറിഞ്ഞ് അവരെ തൊഴിലന്വേഷകരിൽ നിന്ന് തൊഴിൽ ദാതാക്കളായി ഉയർത്തുവാനുള്ള നേതൃത്വപരമായ പങ്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത്. സംരംഭങ്ങളുടെ വിവിധ രജിസ്ട്രേഷനുകൾ, NOC-കൾ മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവയെല്ലാം ഒരൊറ്റ സംവിധാനത്തിലൂടെ ഓൺലൈനായി അതിവേഗം ലഭ്യമാക്കാനുള്ള വമ്പിച്ച മാറ്റം സംസ്ഥാന സർക്കാർ ഇതിനകം തന്നെ നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്. ഈ അവസരങ്ങൾ എല്ലാം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സംരംഭകർക്കൊപ്പം നിൽക്കുക എന്നതാണ് പ്രധാനം. ഇതിനായി പുതിയ ആശയങ്ങളും വഴികളും തേടാം.

# 7

# മത്സ്യബന്ധനം

## 7.1 മത്സ്യവും പോഷകസുരക്ഷയും – നഗരപാലികാ സ്ഥാപനങ്ങളുടെ പങ്ക്

### 7.1.1 ആമുഖം

ഏറെ പോഷകഗുണമുള്ളതും താരതമ്യേന സുരക്ഷിതവുമായ ജന്തുജന്യ മാംസമാണ് മത്സ്യം പ്രദാനം ചെയ്യുന്നത്. അപൂരിത കൊഴുപ്പിന്റെ (PUFA) മികച്ച നിര തന്നെ ഇവയിലടങ്ങിയിട്ടുണ്ട്. തന്മൂലം, പ്രായഭേദമന്യേ ഏവർക്കും പ്രയോജനപ്രദമാണ് മത്സ്യാഹാരം. സംസ്ഥാനത്തെ പ്രതിശീർഷ മത്സ്യ ഉപഭോഗം (Per Capita Fish Consumption) 19.5 kg/ആണ്. ഇത് ആഗോള ശരാശരിക്ക് തുല്യവും രാജ്യ ശരാശരിയുടെ മൂന്ന് മടങ്ങുമാണ്. കേരളീയർക്ക് പ്രിയപ്പെട്ട മത്സ്യത്തിന്റെ ഉപഭോഗത്തിൽ 50% വർദ്ധനവാണ് 2025- ഓടെ നാം പ്രതീക്ഷിക്കുന്നത്.

സമുദ്ര മത്സ്യ ഉൽപ്പാദനത്തെ ആശ്രയിച്ചാണ് കേരളത്തിലെ മത്സ്യവിപണി പ്രധാനമായും നിലനിൽക്കുന്നത്. എന്നാൽ, 2013-ന് ശേഷം സമുദ്ര മത്സ്യ ഉൽപ്പാദനത്തിൽ പ്രകടമായ ഇടിവാണ് ഉണ്ടായിട്ടുള്ളത് (CMFRI Annual Report 2013 -2020) രണ്ട് ദശാബ്ദങ്ങളിലെ ക്രിയാത്മക ഇടപെടൽ വഴി ഉൾനാടൻ മത്സ്യ ഉൽപ്പാദനത്തിൽ, വിശിഷ്യാ, മത്സ്യ കൃഷിയിലൂടെ വമ്പിച്ച മുന്നേറ്റം ഉണ്ടാക്കാൻ ആയിട്ടുണ്ട്. 2020-21ലെ പ്രാഥമിക സ്ഥിതിവിവര കണക്കുകൾ നൽകുന്ന സൂചന ഉൾനാടൻ മത്സ്യ ഉൽപ്പാദനം ആകെ ഉൽപാദനത്തിന്റെ 30 ശതമാനത്തിലധികരിക്കും എന്നതാണ്.

കടൽമത്സ്യ ലഭ്യതയിൽ ഉണ്ടായിട്ടുള്ള ഈ ഇടിവ് മത്സ്യമേഖലയിൽ പൊതുവേയും മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിൽ പ്രത്യേകിച്ചും സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധി വിപുലമാണ്. നിലവിൽ തന്നെ ആഭ്യന്തര മത്സ്യ ഉൽപാദനവും ഉപഭോഗവും തമ്മിലുള്ള വിടവ് രണ്ട് ലക്ഷം ടൺ ആണ്. ഈ അന്തരം കുറയ്ക്കുവാനുള്ള ഏക പോംവഴി മത്സ്യകൃഷി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ്. ഇതിനൊപ്പം, തീരദേശ മേഖലയിലെ അടിസ്ഥാന വിഭാഗമായ മത്സ്യതൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്ന മത്സ്യബന്ധന മുറകൾ അവലംബിച്ച് വിഭവ പരിപാലനത്തിലൂന്നിയ മത്സ്യബന്ധനവും സുസ്ഥിരവികസനവുമാണ്.

## 7.2 മത്സ്യമേഖലയും നഗരപാലികാ സ്ഥാപനങ്ങളും

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം മത്സ്യ മേഖലയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന മേഖലകളാണ് നഗരപാലികാ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നത്:–

1. കുളങ്ങളിലെയും ടാങ്കുകളിലെയും ശുദ്ധ–ഓരു ജല മത്സ്യ കൃഷി വികസനം
2. കടൽമത്സ്യ വിഭവങ്ങളുടെ വികസനം
3. മത്സ്യ വിത്ത് ഉൽപാദനം, വിതരണം
4. മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം
5. മത്സ്യവിപണനത്തിനുള്ള സഹായം
6. മത്സ്യതൊഴിലാളി കുടുംബങ്ങൾക്കായുള്ള അടിസ്ഥാന സേവനങ്ങൾ
7. മത്സ്യതൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കൽ
8. പരമ്പരാഗത മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
9. ഫിഷറീസ് സ്കൂളുകളുടെ പരിപാലനം

## 7.3 ജനകീയാസൂത്രണവും മത്സ്യമേഖലയും–മുൻകാല അനുഭവങ്ങൾ

പ്രാദേശിക സാമ്പത്തിക വികസനവും സാമൂഹ്യനീതിയും ലക്ഷ്യമാക്കിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം വികേന്ദ്രീകരിച്ചു നൽകിയത്. വികേന്ദ്രീകൃത ഭരണ നിർവഹണത്തിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച മാതൃകകൾ നടപ്പിലാക്കാൻ നമുക്കായിട്ടുണ്ട്. സാമൂഹ്യ–സാമ്പത്തിക നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ വികസനപ്രക്രിയയിൽ പങ്കാളിയാക്കുവാൻ ഇതിലൂടെ സാധിച്ചു. ഇതിനായി സംസ്ഥാന ബജറ്റിന്റെ മൂന്നിലൊന്ന് തുക പ്രാദേശിക ഭരണകൂടങ്ങൾക്ക് നൽകുകയുണ്ടായി. എന്നാൽ, സങ്കീർണമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ആദിവാസി –ദളിത് മത്സ്യത്തൊഴിലാളി മേഖലയിൽ പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടൽ തുലോം കുറവാണെന്ന ആക്ഷേപം ഇന്നും വിവിധ കോണുകളിൽ നിന്ന് അലയടിക്കുന്നുണ്ട്.

സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെ തന്നെയും സമ്പദ് വ്യവസ്ഥയിൽ നിർണായക പങ്കുവഹിക്കുകയും എന്നാൽ സാമൂഹിക ശ്രേണിയിൽ ഏറെ പിന്നിലുമാണ് മത്സ്യബന്ധനം ഉപജീവനമാക്കിയ തീരദേശ ജനതയുടെ ജീവിതം. ഈ അവസ്ഥയ്ക്ക് മാറ്റം കൊണ്ടുവരുവാൻ പ്രാദേശിക ഭരണകൂടങ്ങൾക്ക് സവിശേഷമായ പങ്ക് നിർവഹിക്കുവാനുണ്ട്.

ജനകീയാസൂത്രണ പ്രക്രിയ രജത ജൂബിലിയുടെ നിറവിൽ നിൽക്കുമ്പോൾ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട മുൻകാല അനുഭവങ്ങൾ വിലയിരുത്തുന്നത് അനുകരണീയമാണ്. ഇതുമായി ബന്ധപ്പെട്ട വിവിധ പഠനങ്ങളിലൂടെ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

» തീരദേശ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പോലും വാർഷിക അടങ്കൽ തുകയുടെ ചെറിയൊരംശം മാത്രമേ മത്സ്യമേഖലയിലെ പദ്ധതികൾക്കായി വകയിരുത്തുന്നുള്ളൂ.
» ഗ്രാമസഭകളിലെ തീരദേശ ജനതയുടെ നന്ദി കുറഞ്ഞ പങ്കാളിത്തം.
» മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ നേരിടാനും പരിഹരിക്കാനും ഉതകുന്ന പദ്ധതികൾ രൂപപ്പെടുന്നില്ല.
» ഗ്രാമ പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ നഗരസഭ, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ തീരദേശ

ജനവിഭാഗത്തിന്റെ പ്രാതിനിധ്യ കുറവ്.

» 12ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി രൂപം കൊണ്ട മത്സ്യ സഭകളുടെ നാമമാത്ര ഇടപെടൽ.
» മത്സ്യമേഖല പദ്ധതി രൂപീകരണത്തിന്റെ ആശയതലത്തിലും തുടർ നിർമ്മാണ പ്രക്രിയയിലും മത്സ്യത്തൊഴിലാളി പങ്കാളിത്തം ശുഷ്കമാണ്.
» നൂതനവും ദീർഘകാലം പ്രയോജനം ലഭിക്കുന്നതുമായ പദ്ധതികളുടെ അഭാവം.
» വിഭവ ചൂഷണത്തിൽ അധിഷ്ഠിതമായ പദ്ധതികൾ മാത്രം. പരിപാലനത്തിനുതകുന്ന പദ്ധതികൾ അപര്യാപ്തം.

## 7.4 നിർദ്ദേശങ്ങൾ

1. ഉൽപ്പാദന മേഖലയുടെ ഭാഗമായ മത്സ്യബന്ധനത്തിന് വകയിരുത്തേണ്ട തുക കൃത്യമായി നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ മേഖലയ്ക്ക് അർഹമായ വിഹിതം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തണം.
2. കൃഷി, മൃഗസംരക്ഷണം തുടങ്ങിയ അനുബന്ധ മേഖലകളുമായി സംയോജിപ്പിച്ച് (Integrated Farming) പദ്ധതികൾ നടപ്പിലാക്കണം
3. മത്സ്യബന്ധന മേഖലയുടെ ദീർഘകാല താൽപര്യങ്ങൾ ബലി കൊടുക്കാതെ കടൽ മത്സ്യബന്ധന മേഖലയുടെ സങ്കീർണതകളും വൈകാരിക തലങ്ങളും സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിക്കണം
4. മത്സ്യസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം പദ്ധതി ആസൂത്രണം മത്സ്യ സഭകളിൽ നിന്ന് ആരംഭിക്കണം
5. മത്സ്യോൽപാദന വർദ്ധനവിനൊപ്പം മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന കാഴ്ചപ്പാടോടെ വികസന തന്ത്രങ്ങൾ ആവിഷ്കരിക്കണം
6. മത്സ്യ ഗ്രാമങ്ങൾ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യമേഖലയ്ക്ക് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം.
7. മത്സ്യഭവനുകൾ ആവശ്യമായ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും നൽകി ശാക്തീകരണം.
8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മത്സ്യഭവനും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തണം

a) തീരദേശത്തെ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരം പൊതു ധാരയുമായി താരതമ്യം ചെയ്യുമ്പോൾ ഇന്നും ഏറെ പിന്നിലാണ്. ഇത് പരിഹരിക്കുന്നതിനായി ഹൈസ്കൂൾ വിദ്യാർഥികളായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മത്സ്യ തൊഴിലാളി ക്ഷേമം എന്ന ശീർഷകത്തിലുൾപ്പെടുത്തി "മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സ്പെഷ്യൽ ട്യൂഷൻ പദ്ധതി" നടപ്പിലാക്കാവുന്നതാണ്.
b) മത്സ്യാവശിഷ്ടങ്ങളിൽ (Fish Waste) നിന്ന് ഗുണമേന്മയേറിയ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
c) മത്സ്യ കച്ചവടം നടത്തുന്നവരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ശുചിയായ രീതിയിൽ മത്സ്യ വിപണനം നടത്തുന്നതിനും Stainless Steel Fish Vending Table & Insulated Ice Box പദ്ധതി നടപ്പിലാക്കാവുന്നതാണ്.
d) മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്, ഫർണിച്ചർ പദ്ധതികൾ.

e) ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലത്തിൽ പഠനം നടത്തുന്ന മത്സ്യ ത്തൊഴിലാളികളുടെ മക്കൾക്ക് (വിശിഷ്യാ പെൺമക്കൾക്ക്) യാത്രാസൗകര്യം ഒരുക്കുന്നതിനും വ്യായാമം പ്രദാനം ചെയ്യുന്നതിനും ബൈ-സൈക്കിൾ നൽകുന്ന പദ്ധതി.

മത്സ്യകൃഷിയും പച്ചക്കറി കൃഷിയും സംയോജിപ്പിച്ച് നടപ്പിലാക്കുന്ന അക്വാപോണിക്സ് പദ്ധതി.

## 7.5 നൂതന മത്സ്യ കൃഷി സാധ്യതയും-നഗരപാലികാ സ്ഥാപനങ്ങളും

സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയിൽ മത്സ്യമേഖലയുടെ സവിശേഷമായ പങ്ക് നിർവഹിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് സുഭിക്ഷ കേരളം മത്സ്യകൃഷി. മൂന്ന് ഘടക പദ്ധതികളാണ് സുഭിക്ഷ കേരളത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

# 8

# സഹകരണം

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 30(1) വകുപ്പുപ്രകാരം മുനിസിപ്പാലിറ്റികളുടെ ചുമതലകളായി ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയ വിഷയങ്ങളിൽ സഹകരണമേഖലയെ സംബന്ധിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

പൊതുവായ ചുമതലകളുടെ പട്ടികയിൽ സഹകരണമേഖല വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കൂടാതെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ പട്ടികയിൽ "സഹകരണം" എന്ന വിഷയമേഖലയായി താഴെപ്പറയുന്ന രണ്ട് ചുമതലകളും ഉൾപ്പെടുത്തിയിരിക്കുന്നു.

1. മുൻസിപ്പൽ അതിർത്തിക്കുള്ളിൽ സഹകരണസംഘങ്ങൾ സംഘടിപ്പിക്കുക.
2. സർക്കാർ ഗ്രാന്റുകളും സബ്സിഡികളും വിതരണം ചെയ്യുക.

ജില്ലാ കേന്ദ്രങ്ങളിലെ നഗരസഭകളിൽ സഹകരണവകുപ്പിലെ ഒരു ഉദ്യോഗസ്ഥന്റെ സേവനം (സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ) ലഭ്യമാക്കിയിരിക്കുന്നു.

ഇതുകൂടാതെ വാർഷികപദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതുമാണ്.

1. പ്രവർത്തനക്ഷമതയുള്ള സഹകരണസംഘങ്ങൾക്ക് സഹായം നൽകുക, അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുക, ആധുനികവൽക്കരണം പ്രോത്സാഹിപ്പിക്കുക എന്നിവയ്ക്ക് ഊന്നൽ നൽകണം.
2. പ്രാദേശിക സാമ്പത്തിക വികസനത്തിന് പൂരകമായ ഒരു സഹകരണ വായ്പാനയം തദ്ദേശ സ്ഥാപനതലത്തിൽ ആവിഷ്കരിക്കുക.
3. പരമ്പരാഗത വ്യവസായ സഹകരണസംഘവും വൈവിധ്യവൽക്കരണവും ഇതര സഹകരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും വിഭാവനം ചെയ്യുന്ന കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പാക്കുക.
4. പുതിയ സഹകരണ സംഘങ്ങൾ നിർദ്ദേശിക്കുമ്പോൾ അത് തദ്ദേശഭരണസ്ഥാപന പരിധിക്കുള്ളിൽ നിലവിലില്ലാത്ത മേഖലകളുടെ പ്രവർത്തനത്തിനാണ് എന്ന് ഉറപ്പുവരുത്തുക.
5. സഹകരണ സംഘങ്ങളുടെ വിഭവശേഷിയും അധികവിഭവവും വിനിയോഗിച്ച് പ്രാദേശിക സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്ന പദ്ധതി രൂപീകരിക്കുക.

മേൽപരാമർശിച്ച നിയമപരമായ ചുമതലകളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ

സമ്പദ്ഘടനയിലും ഉൽപാദന സേവന മേഖലകളിലും സഹകരണ പ്രസ്ഥാനം വഹിക്കുന്ന പങ്ക് മനസ്സിലാക്കി ഈ മേഖലയെ നഗരഭരണത്തിലെ വാർഷികപദ്ധതി പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ഏകോപന സാധ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പരിശോധിക്കാം

നഗരപാലിക സ്ഥാപനങ്ങൾക്കായുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സബ്സിഡി–ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ (Go (Ms) No.115/2022/LSGD തീയതി 28.05.2022) പ്രകാരം സഹകരണ മേഖലയിൽ നൽകാവുന്ന അനുകൂല്യങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്

1. സഹകരണസംഘങ്ങൾക്ക് ധനസഹായം (സബ് സിഡി) നൽകുന്നതിനുള്ള നിബന്ധനങ്ങൾ നൽകാവുന്ന ഘടകങ്ങൾ, യോഗ്യത മാനദണ്ഡങ്ങൾ, അർഹത മുൻഗണനകൾ, തെരഞ്ഞെടുപ്പ് പ്രക്രിയകൾ, കരാർ വ്യവസ്ഥകൾ എന്നിവ പരിശോധിച്ച് നഗരസഭാ പ്രദേശത്തെ അർഹരായ സംഘങ്ങൾക്ക് (1969 ലെ സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്). വിവിധമേഖലകളിലെ സംഘങ്ങൾക്ക് സബ്സിഡി ധനസഹായം നൽകാവുന്നതാണ്. വ്യവസായ –വാണിജ്യ രംഗം, കയർ വികസനം, കൈത്തറി ഫിഷറീസ്, ക്ഷീരവികസനം, ഖാദി ഗ്രാമവ്യവസായങ്ങൾ എന്നീ മേഖലകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ മുഖേന രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന സഹകരണസംഘങ്ങൾക്കാണ് സഹായം നൽകേണ്ടത്. നഗരസഭാ പ്രദേശത്തിനുള്ളിൽ മാത്രം പ്രവർത്തനപരിധിയുള്ള സഹകരണസംഘങ്ങൾക്ക് മാത്രമേ ധനസഹായം നൽകാവൂ (വിശദാംശങ്ങൾക്ക് മാർഗരേഖ കാണുക)

## 8.1 സഹകരണ മേഖല ഇടപെടൽ സാധ്യതകൾ

1. പ്രാഥമിക വായ്പാ സംഘങ്ങൾക്കുള്ള ധനസഹായം.
2. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള ധനസഹായം.
3. വിപണന, സംസ്കരണ രംഗത്ത് സഹായം.
4. ഉപഭോക്തൃ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുള്ള സഹായം.
5. വനിതാ സഹകരണ സംഘങ്ങൾക്ക് പ്രവർത്തനത്തിനും വളർച്ചയ്ക്കും ആവശ്യമായ സഹായങ്ങൾ.
6. ദുർബലവിഭാഗങ്ങളുടെ പുനരുദ്ധാരണം.
7. ജില്ലാതാലൂക്ക് ആശുപത്രികളിൽ ബ്ലഡ്ബാങ്ക്, മെഡിക്കൽ ലാബ് എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം.
8. വികസനത്തിനും പ്രവർത്തന വൈവിദ്ധ്യവൽക്കരണതിനുമുള്ള സഹായങ്ങൾ.
9. ഊർജ്ജസംരക്ഷണം, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട സഹായ സമിതികൾ.
10. അർബൻ ബാങ്കുകൾക്കും/അർബൻ സൊസൈറ്റികൾക്കും മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള സഹായങ്ങൾ.

## 8.2 സഹകരണമേഖല സേവനവും മാനദണ്ഡങ്ങളും ഉദാഹരണങ്ങളിലൂടെ

### 8.2.1 ജില്ലാ-താലൂക്ക് ആശുപത്രികളിൽ ബ്ലഡ്ബാങ്ക്, മെഡിക്കൽ ലാബ് എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ട് പോസ്റ്റ് 80% അല്ലെങ്കിൽ 50 ലക്ഷം രൂപ

- ഓഹരി–സബ്സിഡി–വായ്പ–സംഘം വിഹിതം
- 20 40 20 20
- സഹകരണസംഘം രജിസ്ട്രാർ തെരഞ്ഞെടുക്കുന്ന ആശുപത്രികൾ അനുവദിക്കുന്നത് സർക്കാർ.
- വായ്പാ തിരിച്ചടവ് 12 വർഷം വാർഷിക തവണ.
- സർക്കാർ നിശ്ചയിക്കുന്ന പലിശ.
- ഓഹരി 10 വാർഷിക തവണകളായി, മൂന്നാം വർഷം മുതൽ തിരിച്ചടവ് ഇതിനുമുൻപ് ബൈലോയിൽ വ്യവസ്ഥ ഉൾപ്പെടുത്തണം. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സർട്ടിഫിക്കറ്റ്/അനുവാദം.
- പ്രോജക്ട് റിപ്പോർട്ട്

### 8.2.2 അർബൻ ബാങ്കുകൾക്കും അർബൻ സൊസൈറ്റികൾക്കും 10 ലക്ഷം രൂപ വരെ ഓഹരി പങ്കാളിത്തം

- രണ്ട് തവണയായി നൽകും.
- തിരിച്ചടവ് മൂന്നാം വർഷം മുതൽ തുല്യ വാർഷിക ഗഡുക്കൾ.
- ആർബിഐ (Reserve Bank of India) യുടെ ലൈസൻസ് നിർബന്ധം.
- അർബൻ സംഘങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപ വരെ.

### 8.2.3 മുൻസിപ്പൽ കോർപ്പറേഷൻ ആസ്ഥാനങ്ങളിൽ ഭക്ഷണശാല നടത്തുന്ന സംഘങ്ങൾക്ക് പരമാവധി ഒരു ലക്ഷം രൂപ, തുക പിൻവലിച്ച് അഞ്ചുവർഷത്തിനുശേഷം 10 വാർഷിക തവണ കളായി തിരിച്ചടവ്

- ദുർബല വനിതാസംഘങ്ങളുടെ പുനരുദ്ധാരണം
  - പ്രോജക്ട് കോസ്റ്റിന്റെ 80 % പരമാവധി 10 ലക്ഷം രൂപ.
  - ഓഹരി 20% വായ്പ 20% സബ് സി ഡി 40%.

### 8.2.4 വനിതാ സഹകരണ സംഘങ്ങൾ

ഓഹരി മൂലധനം – പരമാവധി ഒരു ലക്ഷം രൂപ.
തുക പിൻവലിച്ച് ആറാം വർഷം മുതൽ 10 തുല്യ വാർഷിക ഗഡുക്കളായി തിരിച്ചടക്കുക.

- **സഹകരണസംഘങ്ങളുടെ വികസനത്തിനും പ്രവർത്തന വൈവിധ്യവൽക്കരണത്തിനുമുള്ള ധനസഹായം**

വൻകിട വാണിജ്യ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്ന സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന പദ്ധതി. പദ്ധതിയുടെ സബ്സിഡി 10%, ഓഹരി 20%, വായ്പ 20%

വായ്പ – 10 ഗഡുക്കളായി 3–ാം വർഷം മുതലും
ഓഹരി – 6 ഗഡുക്കളായി 3–ാം വർഷം മുതലും

- **മാതൃക സഹകരണ സംഘങ്ങൾക്കുള്ള സഹായം**

സഹകരണമേഖലയിലെ നൂതന കണ്ടുപിടിത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മാതൃക സംഘങ്ങളുടെ പ്രോത്സാഹനത്തിനും പരമാവധി സഹായം 25 ലക്ഷം

ഓഹരി 10 ലക്ഷം, വായ്പ 10 ലക്ഷം, സബ് സിഡി 5 ലക്ഷം

### 8.2.5 ബയോഗ്യാസ് പ്ലാന്റ് – പലിശ രഹിത വായ്പ പദ്ധതി

» 20000/– രൂപ വരെ ഒരു വർഷ കാലാവധിയിൽ കുടുംബത്തിന് വായ്പ നൽകുന്നു. പലിശ സർക്കാർ സംഘത്തിന് നൽകുന്നതാണ്.

## 8.3 പുതിയതായി ഏറ്റെടുത്തു നടത്താവുന്ന പദ്ധതികൾ

### 8.3.1 സോളാർ ഊർജ്ജം ഉൽപാദനം

» ക്ലസ്റ്ററുകളായി രൂപീകരിച്ച് പൊതുഉൽപാദനം സർക്കാർ സബ് സിഡിയോട്ടു കൂടി നടപ്പാക്കുക. സബ് സിഡി കഴിച്ച് വരുന്ന തുക സംഘങ്ങൾ വായ്പ നൽകുന്നു
» വൈദ്യുതി ഉത്പാദിപ്പിച്ച് ഉപയോഗിക്കുക, ബോർഡിന് വൈദ്യുതി വിൽക്കുന്നതിന് ആവശ്യമായ മെയിന്റനൻസ് പരിശീലനം നടത്തുക. സാമ്പത്തികമായി സഹായിക്കുക

### 8.3.2 മാലിന്യസംസ്കരണ പ്ലാന്റ്

» മുൻസിപ്പൽ, കോർപ്പറേഷൻ എന്നിവയുമായി ചേർന്ന് സഹകരണസംഘങ്ങൾ മുതൽ മുടക്കി യൂണിറ്റുകൾ സ്ഥാപിക്കുക. ഉൽപ്പാദിപ്പിക്കുന്ന വളം വിൽപ്പന നടത്തുക. സബ്സിഡിയോട്ടുകൂടി പ്രോജക്ട് നടപ്പാക്കാം

### 8.3.4 ആധുനിക കൃഷി രീതികൾ

» കുറഞ്ഞ സ്ഥല വിസ്തൃതിയുള്ള നഗരപ്രദേശങ്ങളിൽ മട്ടുപ്പാവ്, പോളിഹൗസ് എന്നീ മാർഗങ്ങളിൽ കൃഷി നടത്തുവാൻ പ്രോജക്ടുകൾ തയ്യാറാക്കി സാമ്പത്തിക സഹായ ത്തോടെ നടപ്പാക്കാം. സർക്കാർ പദ്ധതിയുമായി സംയോജിപ്പിക്കാവുന്നതാണ്

### 8.3.5 മാർക്കറ്റിംഗ് സൊസൈറ്റികൾ

» പ്രാഥമിക വിപണന സംഘങ്ങൾ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തിന് വിധേയമായാണ്. ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്.
» പ്രോജക്ട് റിപ്പോർട്ട് 75% പരമാവധി 25 ലക്ഷം സബ്സിഡി, വായ്പ എന്നിങ്ങനെ 20: 25: 30 എന്ന അനുപാതത്തിൽ ധനസഹായമായി നൽകുന്നു.

### 8.3.6 സമഗ്ര ആരോഗ്യ പദ്ധതി

» സംഘങ്ങളുടെ നേതൃത്വത്തിൽ നഗരസഭ, കോർപ്പറേഷൻ എന്നിവയുമായി ബന്ധപ്പെട്ട ലബോറട്ടറി, മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് കെയർ എന്നിവ പദ്ധതിയായി നടപ്പാക്കണം.

### 8.4 ലക്ഷ്യങ്ങൾ

1. സഹകരണ സംഘങ്ങളുടെ ഓഹരി നിക്ഷേപം വർദ്ധിപ്പിക്കുക.
2. സ്വാശ്രയ സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.
3. ജില്ലാ/താലൂക്ക് ആശുപത്രികളിൽ ആധുനിക സൗകര്യം സാധാരണക്കാർക്കുവേണ്ടി

ഏർപ്പെടുത്തുക.

4. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശയിളവ് നൽകുക.
5. ആധുനികവൽക്കരണവും യന്ത്രവൽക്കരണവും നടത്തുന്നതിന് ഗ്രാൻഡ്, സബ്സിഡിയും അനുവദിക്കുക.
6. സംസ്കരണ സംഘങ്ങൾക്ക്, സംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുക.
7. നീതി മെഡിക്കൽ, നീതി സ്റ്റോറുകൾ എന്നിവ നടത്തുന്ന സംഘങ്ങൾക്ക് ഓഹരി മൂലധനം, വായ്പ ഗ്രാൻഡ് എന്നിവ നൽകുക.
8. കുടുംബശ്രീയുടെ പങ്കാളിത്തത്തോടെയുള്ള സ്വാശ്രയ സംഘങ്ങൾ ഉൾപ്പെടെ വനിതാ സഹകരണ സംഘങ്ങൾക്ക് വിവിധ തൊഴിൽ പദ്ധതികൾ നടപ്പാക്കുന്നതിന് ഗ്രാൻഡ്.
9. മോട്ടോർ ട്രാൻസ്പോർട്ട്/ടാക്സി ഡ്രൈവേഴ്സ്/ലേബർ കോൺട്രാക്ട് സംഘങ്ങൾക്ക് ധനസഹായം നൽകുക.
10. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി ഇത്തരം വിഭാഗ സംഘങ്ങളിലൂടെ ധനസഹായം നൽകുക.

സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണസംഘങ്ങൾ, സംഘങ്ങളിലെ അംഗങ്ങൾ എന്നിവർ പ്രത്യക്ഷ പരോക്ഷ ഗുണഭോക്താക്കളായിരിക്കും. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെയും, പ്രവർത്തന റിപ്പോർട്ടിന്റെയും, അപേക്ഷയുടെയും അടിസ്ഥാനത്തിലായിരിക്കും പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. ഓരോ സംഘത്തിന്റെ സാമ്പത്തികസ്ഥിതിയും പ്രാദേശിക വിഭവ സാദ്ധ്യതകളും മാനദണ്ഡങ്ങളായിരിക്കും.

# 9

# ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്

## 9.1 ആമുഖം

നഗരവൽക്കരണത്തിന്റെ തീവ്രതയേറുന്നതോട്ടുകൂടി നഗരങ്ങളിൽ താമസിക്കുന്നവരുടെ എണ്ണം കൂടുകയും നഗരപ്രദേശത്തിന്റെ വ്യാപ്തി കൂടുകയും ചെയ്യുന്നു. നഗരസഭകൾ ലഭ്യമാക്കേണ്ട പശ്ചാത്തല സൗകര്യങ്ങളുടെയും മറ്റു സേവനങ്ങളുടെയും അളവും വ്യാപ്തിയും വർദ്ധിക്കുന്നു. ഇപ്രകാരം ലഭ്യമാകുന്ന സേവനങ്ങളിലെ വിടവ്/കുറവ് നികത്തുന്നതിന് നഗരഭരണസ്ഥാപനങ്ങളിൽ വികസന ആവശ്യങ്ങൾ ഉൾക്കൊണ്ട് പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള ഭരണസംവിധാനവും ധനവും ആവശ്യമാണ്. നിലവിലുള്ള തനത് വരുമാനങ്ങളെയോ സർക്കാരിന്റെ ഗ്രാന്റുകളെയോ മാത്രം ആശ്രയിച്ച് നഗരസഭകൾക്ക് മുന്നോട്ടുപോകാൻ കഴിയില്ല.

ഇന്ന് ഭാരതത്തിലെ ഭൂരിപക്ഷം നഗരസഭകളും നേരിടുന്ന പ്രധാന വെല്ലുവിളി ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിന് വേണ്ടത്ര പണം ഇല്ല എന്നതാണ്. ഇതിന് പരിഹാരമായി വിവിധ മാർഗങ്ങൾ 1980മുതൽ പരീക്ഷിച്ചു തുടങ്ങിയിട്ടുള്ളതുമാണ്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 22(1) E, 22(1) (J) എന്നീ വകുപ്പുകൾ പ്രകാരം നഗരസഭയുടെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയായ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന്റെ സമഗ്രമായ വ്യാപ്തി ഉൾക്കൊണ്ടുകൊണ്ട് ഇത് ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. ഇവിടെയാണ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമായി വരുന്നത്.

## 9.2 മേഖലാ ചുമതല- ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്

വാണിജ്യ ബാങ്കുകളിൽ നിന്നല്ലാതെ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നതാണ് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് എന്ന് പറയുന്നത്. ഇന്ന് സമാഹരണത്തിനായി ലോകത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന മാർഗങ്ങളിൽ ഒന്നാണിത്. സാധാരണയായി ഇത്തരം സ്ഥാപനങ്ങൾ തുക മുടക്കുന്നവരുടെയും വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നവരുടെയും താൽപ്പര്യങ്ങൾ സംരക്ഷിച്ചു രണ്ടുപേർക്കും സൗകര്യം നൽകുന്നു. ഇത്തരം സ്ഥാപനങ്ങൾ സാധാരണ ധനകാര്യ ഇടപാടുകാർക്ക്

അപ്രാപ്യമായ മേഖലകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു.

ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിൽ ഒരു സ്ഥാപനത്തിൽ നിന്നും വായ്പ ലഭ്യമാകുമ്പോൾ, ആയത് പലപ്പോഴും ധാരാളം പേരുടെ നിക്ഷേപങ്ങൾ ആയിരിക്കും. ഒരിക്കലും ഒരാളുടെ നിക്ഷേപം അല്ല. ക്രെഡിറ്റ് യൂണിയൻ, ഇൻഷുറൻസ് കമ്പനികൾ, വെഞ്ച്വർ ക്യാപിറ്റൽ ലിസ്റ്റുകൾ എന്നിവ ഇതിന് ഉദാഹരണമാണ്.

## 9.3 വിവിധതരം ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ്

ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് മൂന്നായി തരം തിരിക്കാം

1. പബ്ലിക്ക് ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നും തരപ്പെടുത്തുന്ന ധനസമാഹരണം ഉദാഹരണം: (KFC– Kerala Finance Corporation), (HUDCO– Housing & Urban Development Corporation)
2. നോൺബാങ്കിങ് ഫിനാൻസ് കമ്പനികളിൽ നിന്നും തരപ്പെടുത്തുന്ന ധനസമാഹരണം ഉദാഹരണം (Bajaj Alliance).
3. ഇൻവെസ്റ്റ്മെന്റ് (ട്രസ്‌റ്റ്) മ്യൂചൽ ഫണ്ട് എന്നിവിടങ്ങളിൽ നിന്നും തരപ്പെടുത്തുന്ന ധനസമാഹരണം. ഉദാഹരണം(KURDFC– Kerala Urban & Rural Finance Corporation)

## 9.4 നഗരസഭകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും വെല്ലുവിളികളും

1. ജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിന് വേണ്ടത്ര പണം ലഭ്യമല്ലാത്തത്
2. നൂതന ധനസമാഹരണ സ്രോതസ്സുകളെ കുറിച്ചുള്ള അറിവില്ലായ്മ
3. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള തടസം/പ്രയാസം
4. നഗരസഭയുടെ സുസ്ഥിരമല്ലാത്ത സാമ്പത്തിക.ഭദ്രത
5. തിരിച്ചടവുശേഷിയില്ലായ്മ

## 9.5 പ്രശ്നപരിഹാരമാർഗ്ഗങ്ങൾ-നിലവിൽ

നഗരസഭകളിൽ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രധാനമായും നിലവിൽ അവലംബിച്ചു വരുന്ന മാർഗം വായ്പയെടുക്കലാണ്. ഇവ തന്നെ പ്രധാനമായും താഴെപ്പറയുന്ന രണ്ട് തരം പദ്ധതികൾക്കാണ്

1. വരുമാനദായക പദ്ധതികൾ
2. വരുമാനമില്ലാത്ത ക്ഷേമപദ്ധതികൾ

വരുമാനദായക പദ്ധതികൾക്ക് വായ്പ തരപ്പെടുത്താൻ പൊതുവേ എളുപ്പമാണ്. എന്നാൽ സുരക്ഷാ–സാമൂഹ്യക്ഷേമം മുൻനിർത്തിയുള്ള പദ്ധതികൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കാൻ പ്രയാസമാണ്. ഇത്തരം കാര്യങ്ങളിൽ നഗരസഭയുടെ സാമ്പത്തിക ഭദ്രതയില്ലായ്മയും തിരിച്ചടവുശേഷി കുറവും പ്രധാന വെല്ലുവിളിയായി നിലനിൽക്കുന്നു.

## 9.6 ധനസമാഹരണത്തിന് ഇന്ന് അവലംബിക്കാവുന്ന നിയമങ്ങൾ

1. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 297 പ്രകാരം കടം വാങ്ങുന്നതിന് നഗര

സഭകൾക്ക് അധികാരമുണ്ട്. എന്നാൽ ഇത് 1963ലെ തദ്ദേശ അധികാരികൾ സംസ്ഥാന വായ്പ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ആയിരിക്കണം. ഇത്തരത്തിൽ എടുക്കുന്ന വായ്പ 60 വർഷത്തിൽ കവിയാത്ത കാലാവധിക്കുള്ളിൽ തിരിച്ചടയ്ക്കേണ്ടതാണ്.

2. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 300 പ്രകാരം കടപ്പത്രങ്ങൾ പുറപ്പെടുവിക്കലിലൂടെ ധനസമാഹരണത്തിന് നഗരസഭയെ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 1994 ൽ ഈ ആക്ട് നിലവിൽ വന്നശേഷം കേരളത്തിലെ ഒരു നഗരസഭ മാത്രമേ പ്രസ്തുത വകുപ്പ് ഉപയോഗിച്ച് ധനസമാഹരണം നടത്തിയിട്ടുള്ളൂ.

* 1969 കാലഘട്ടത്തിൽ അന്നത്തെ ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. മൊറാർജി ദേശായിയുടെ പ്രത്യേക അനുമതിയോടെ കോഴിക്കോട് നഗരസഭ 30 ലക്ഷം രൂപ മുനിസിപ്പൽ ബോണ്ട് മുഖേന സമാഹരിക്കുകയും അത് ഫലപ്രദമായി വിനിയോഗിച്ചും കൃത്യസമയത്ത് തന്നെ തുക തിരിച്ചു നൽകുകയും ചെയ്തിട്ടുണ്ടെന്നത് അധികമാരുമറിയാത്ത ചരിത്രവസ്തുതയാണ്.

## 9.7 ഇടപെടൽ സാധ്യതകൾ

ധനസമാഹരണത്തിന് നഗരസഭകൾക്ക് വിവിധ മാതൃകകൾ അവലംബിക്കുന്നതാണ്. ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നത് വാണിജ്യ ബാങ്കുകളിൽ നിന്നുള്ള വായ്പയെടുക്കലാണ്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്നത് ആയാസകരമായ നടപടിയാണ്. വായ്പ അനുവദിക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ധനകാര്യസ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്

1. വാണിജ്യ ബാങ്കുകൾ
2. ക്രെഡിറ്റ് യൂണിയൻ
3. സ്റ്റോക്ക് ബ്രോക്ക്റേജ് സ്ഥാപനങ്ങൾ
4. അസറ്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂഷൻ
5. ഇൻഷുറൻസ് കമ്പനികൾ
6. ധനകാര്യ കമ്പനികൾ
7. ബിൽഡിങ് സൊസൈറ്റികൾ
8. റീട്ടെയ്ലേഴ്സ്

## 9.8 ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന്റെ സവിശേഷതകൾ

ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന് മറ്റ് സ്ഥാപനങ്ങളിൽ നിന്നും തരപ്പെടുത്തുന്ന ധനസമാഹരണ മാർഗ്ഗങ്ങളെക്കാൾ കൂടുതൽ വേഗത്തിലും എളുപ്പത്തിലും ധനം സമാഹരിക്കാൻ കഴിയുന്നു. കൂടാതെ താഴെ പറയുന്ന നേട്ടങ്ങളും ഇവയ്ക്കുണ്ട്

1. പുതുതായി തുടങ്ങുന്ന കമ്പനികൾക്ക് സാധാരണ വാണിജ്യബാങ്കുകൾ ബാങ്കുകളിൽനിന്ന് വായ്പ ലഭിക്കാൻ പ്രയാസമാണ്. എന്നാൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന് ഇത്തരം പരിമിതികളില്ല. മറ്റു കാര്യങ്ങൾ പരിഗണിക്കാതെ പുതിയതായി തുടങ്ങുന്ന സ്ഥാപനങ്ങളുടെ സാധ്യതകൾ, ആയതിന്റെ മേഖല, ചുക്കാൻ പിടിക്കുന്നവരുടെ ധനകാര്യ പ്രാപ്തി എന്നിവ പരിഗണിച്ച് വായ്പ അനുവദിക്കുന്നു.
2. വായ്പയെടുക്കുന്ന സ്ഥാപനത്തിന് പദ്ധതികളുടെ നിർവഹണം, പരിപാലനം

എന്നിവ സംബന്ധിച്ച് വിദഗ്ധ ഉപദേശം ഇത്തരം സ്ഥാപനങ്ങൾ നൽകുന്നു.

3. പലിശയും, തിരിച്ചടവും നടപടിക്രമവും രണ്ടുപേരുടെയും സൗകര്യാർത്ഥം നിശ്ചയിക്കാൻ സാധിക്കുന്നു. കൂടാതെ രണ്ടു കക്ഷികൾക്കും മികച്ച നേട്ടം നൽകുന്ന രീതിയിൽ ക്രമീകരിക്കുന്നു.
4. തിരിച്ചടവ് തവണകൾ, മറ്റു വ്യവസ്ഥകൾ എന്നിവ ആവശ്യാനുസരണം പുനക്രമീകരിക്കാൻ സാധിക്കുന്നു.
5. വായ്പയെടുക്കുന്ന സമയത്ത് വായ്പയെടുക്കുന്ന സ്ഥാപനവുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനാലും നിരവധി രേഖകൾ പരിശോധിക്കുന്നതിനാലും പരസ്പരം അറിയാനും സുദീർഘമായ ഒരു ബന്ധം ഉണ്ടാക്കി പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുവാനും കഴിയുന്നു.
6. പദ്ധതികൾക്ക് പുറമേ, ലോൺ ക്യാപിറ്റലിനും അണ്ടർ റൈറ്റിംഗിനും ഇത്തരം സ്ഥാപനങ്ങൾ വായ്പ കൊടുക്കുന്നു.

## 9.9 പരിമിതികൾ

ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന് താഴെപ്പറയുന്ന പരിമിതികളുണ്ട്

1. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് സ്ഥാപനങ്ങൾ പാലിക്കുന്ന കർശന നിബന്ധനകളും മാനദണ്ഡങ്ങളും വായ്പ ആവശ്യമുള്ള പലർക്കും പാലിക്കാൻ കഴിയാത്തത് ധനസമാഹരണം നടത്തുന്നതിന് ഒരു പരിമിതിയാണ്.
2. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നത് നിരവധി അന്വേഷണങ്ങളും രേഖകളുടെ ആവശ്യകതയും ഒരു പരിമിതിയായി നിലനിൽക്കുന്നു.
3. ചില ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് സ്ഥാപനങ്ങൾ വായ്പയെടുക്കുന്ന സ്ഥാപനങ്ങളുടെ താല്പര്യങ്ങൾക്ക് വിഘാതം ഉണ്ടാക്കുന്ന നിർദ്ദേശങ്ങൾ വയ്ക്കുകയും വായ്പയെടുക്കുന്ന സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡിൽ ധനകാര്യ സ്ഥാപനത്തിന്റെ പ്രതിനിധിയെ ഉൾക്കൊള്ളിക്കണമെന്ന നിർദ്ദേശവും ചില അവസരങ്ങളിൽ വയ്ക്കാറുണ്ട്.
4. പരിമിതികൾ നിലനിൽക്കുന്നുണ്ടെങ്കിലും ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിന്റെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ധനസമാഹരണം നടത്തി വികസന പ്രവർത്തനത്തിലൂടെ ജനാഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിലൂടെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്ക് ക്രിയാത്മകമായി ഇടപെടാൻ സാധിക്കും.

# 10

# അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി

## 10.1 ലക്ഷ്യം

നഗരപ്രദേശങ്ങളിൽ വസിക്കുന്ന, അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. (മാർഗ്ഗരേഖ 216/2017/3.11.2017) കാണുക)

കേരളത്തിലെ എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും, മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുടുംബത്തിനും തൊഴിൽ കാർഡ് നൽകുന്നതാണ്.

പദ്ധതിയിൽ വനിതകൾക്കും പുരുഷൻമാർക്കും തുല്യകൂലിക്ക് അർഹതയുണ്ടായിരിക്കും. നിലവിലെ കൂലി 311/– രൂപയാണ്. പണിയെടുക്കുന്ന തൊഴിലാളികൾക്ക് പരമാവധി 14 ദിവസത്തിനകം കൂലി ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും സേവിംഗ്സ് ബാങ്ക് അക്കൗണ്ടുണ്ടായിരിക്കണം. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയ്ക്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന കൂലി ഈ പദ്ധതിയ്ക്കും ബാധകമായിരിക്കുന്നതാണ്.

## 10.2 ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ്

പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ വേതന–സാധന അനുപാതം 60:40 ആയിരിക്കണം. വേതനഘടകം ഒരു കാരണവശാലും 60% ത്തിൽ കുറയാൻ പാടില്ല.

ഒരോ നഗരസഭയിലും അതാത് വാർഡുസഭകളിൽ വെച്ച് പ്രവൃത്തികൾ തെരഞ്ഞെടുക്കാവുന്നതാണ്. അതാത് സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനും ലേബർ ബജറ്റും കൗൺസിൽ അംഗീകാരത്തിനു ശേഷം ഡി.പി.സി അംഗീകാരത്തിനായി നൽകുന്നു. തുടർന്ന് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കുന്നു.

## 10.3 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി – ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

### 10.3.1 പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ

» കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ, മൺതടയണകൾ, അണകൾ (സ്റ്റോപ്പ് ഡാം), ചെക്ക് ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലക്കൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ.

» ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർ ട്രഞ്ചുകൾ, തട്ട്തിരിക്കൽ, കോണ്ടൂർ ബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ.

» സൂക്ഷ്മ–ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികളും;

» ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും;

» കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതു ഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വെച്ച് പിടിപ്പിക്കലും വനവൽക്കരണവും; ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഓരോ പദ്ധതിയിലും പണിയെടുത്ത കുടുംബാംഗങ്ങൾക്ക് നൽകേണ്ടതാണ്;

» പൊതുഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

## 10.4 സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ

(ഖണ്ഡിക 5–ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)

» ഖണ്ഡിക 5–ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ, കുളങ്ങൾ മറ്റ് ജലക്കൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;

» പഴകൃഷി, പട്ട് നൂൽ കൃഷി, തോട്ടവിള കൃഷി, പുഷ്പ കൃഷി, ഔഷധ കൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ അതിജീവനം മെച്ചപ്പെടുത്തൽ;

» ഖണ്ഡിക 5–ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/പാഴ് ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;

» പി.എം.എ.വൈ പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉൽപാദനവും.

» മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻകൂട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;

» മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന

സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങൾ, മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

## 10.5 സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ

» കാർഷികോല്പന്നങ്ങളുടെ ഈട്ടറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ, ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക വഴി കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികളും;
» സ്വയംസഹായ ഘടകങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതു വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണവും.

## 10.6 അടിസ്ഥാന സൗകര്യങ്ങൾ

» നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര–ദ്രവ മാലിന്യശേഖരണവും സംസ്കരണവും തുറസ്സായ മലമൂത്ര വിസർജ്ജനവും ഇല്ലാതാക്കുന്നതിനും വേണ്ടി സ്വത ന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്ക്കൂൾ ടോയിലറ്റുകൾ, അങ്കണവാടി ടോയിലറ്റുകൾ തുടങ്ങിയ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;
» കളി സ്ഥലങ്ങളുടെ നിർമ്മാണം
» വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോം വാട്ടർ ഡ്രെയിനുകൾ എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരു ദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;
» വനിതാ സ്വയം സഹായസംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ) നിർമ്മാണവും ക്രിമിറ്റോറിയങ്ങളുടെ നിർമ്മാണവും
» ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും
» അയ്യങ്കാളി നഗരതൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ ഉല്പാദനവും
» അയ്യങ്കാളി നഗരതൊഴിലുറപ്പ് നിയമപ്രകാരം സൃഷ്ടിക്കപ്പെട്ട നഗര പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികളും
» ഇത് സംബന്ധിച്ച് അയ്യങ്കാളി നഗര തൊഴിലുറപ്പ് കൗൺസിൽ സംസ്ഥാന സർക്കാ രുമായി കൂടിയാലോചന നടത്തി വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും

പ്രകടമല്ലാത്തതും അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ തുടങ്ങി ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

1. പട്ടികജാതി
2. പട്ടിക വർഗ്ഗം
3. നാടോടികളായ ആദിവാസികൾ
4. ഡീനോട്ടിഫൈഡ് ആദിവാസികൾ
5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
6. സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
7. ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ
8. ഭൂപരിഷ്ക്കരണത്തിന്റെ ഗുണഭോക്താക്കൾ
9. പി.എം.എ.വൈ പദ്ധതിയുടെ ഗുണഭോക്താക്കൾ

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ കണ്ടെത്തുന്നതിന് അവലംബിക്കേണ്ട രീതിശാസ്ത്രം:-

പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ണ്-ജല സംരക്ഷണം, മഴവെള്ളക്കൊയ്ത്ത്, ഭൂഗർഭജലപോഷണം, ഭൂവികസനം, വനവൽക്കരണം തുടങ്ങിയ പൊതുലക്ഷ്യങ്ങളോടെ നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗരതൊഴിലുറപ്പ് നിയമപ്രകാരം ആകെ അനുവദനീയമായ പ്രവൃത്തികളെ വിശദമായി പരിശോധിച്ചതിൽ നിരവധി പ്രവൃത്തികൾ ഈ പദ്ധിയിൽ ഏറ്റെടുക്കാവുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ, 100 ഇനം പ്രവൃത്തികൾ പ്രകൃതിവിഭവ പരിപാലനവുമായി മാത്രം ബന്ധപ്പെട്ടവയാണ്. അതിൽതന്നെ 71 ഇനം പ്രവൃത്തികൾ ജലസംരക്ഷണവുമായി ബന്ധപ്പെട്ടവയുമാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തുന്ന പക്ഷം പദ്ധതിയിൽ ആഗ്രഹിച്ച നിലയിൽ സമഗ്ര വികസന കാഴ്ചപ്പാടിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടെത്താൻ കഴിയും. സമഗ്ര നീർത്തട കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ അല്ലാതെ ഒറ്റയൊറ്റ പ്രവൃത്തികൾ പലയിടങ്ങളിലായി ഇപ്പോൾ ചെയ്യുന്നതിനാൽ ലഭ്യമാകേണ്ട പ്രയോജനം ഫലപ്രദമായി ലഭിക്കുന്നില്ല എന്ന് വിലയിരുത്താവുന്നതാണ്. ഭൂരിപക്ഷം നഗരസഭകളും ഈ പദ്ധതി ഏറ്റെടുത്തിട്ടില്ലായെന്നുള്ളത് ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകൾ നഗരസഭകളായി മാറിയ പ്രദേശത്തെ വലിയൊരു വിഭാഗം തൊഴിലാളികൾക്ക് ലഭിച്ചിരുന്ന അവകാശങ്ങൾ നഗരസഭകളായി മാറിയപ്പോൾ നഷ്ടപ്പെട്ടിട്ടുണ്ട്. പുതിയ നഗരസഭകൾ അതുകൊണ്ടുതന്നെ നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാൻ ജാഗ്രത പുലർത്തണം.

നേരിട്ട് കാണാവുന്നതും അളന്നു തിട്ടപ്പെടുത്താവുന്നതും ആവർത്തന സ്വഭാവം ഇല്ലാത്തതുമായ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്ന തോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിയിൽ വിവക്ഷിച്ചിട്ടുള്ള പ്രധാന ലക്ഷ്യം. ഏതൊക്കെ ആസ്തികൾ പദ്ധതിയിൽ സൃഷ്ടിക്കാം എന്നതിനെ സംബന്ധിച്ച് പരിശോധിക്കുകയും സംസ്ഥാനത്ത് ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ, പ്രസ്തുത പ്രവൃത്തികളുടെ പട്ടികയിൽ നിന്നും ഓരോ നഗരസഭയും അവയ്ക്ക് ആവശ്യമായ പദ്ധതികൾ ഏതെല്ലാമാണ് എന്ന് നിർണ്ണയിക്കുന്നതാണ് ഇന്ന് നഗരസഭകൾ അഭിമുഖീകരിക്കുന്ന പ്രശ്നം.

നഗരപ്രദേശത്തെ സാമൂഹിക സാമ്പത്തിക ഭൂമിശാസ്ത്രപരമായ ഘടകങ്ങളെ മുൻനിർത്തി കാർഷിക വികസനം, പ്രകൃതി വിഭവ പരിപാലനം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം എന്നിവ തൊഴിലുറപ്പ് പദ്ധതിയിലൂടെ കൈവരിക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങളാണ് ഏറ്റെടുക്കേണ്ടത് എന്നതിലേക്ക് താഴെ പറയുന്ന വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേണ്ടതാണ്.

1. പ്രാദേശിക ഭൗമ പ്രത്യേകതകൾ
2. നീരൊഴുക്ക് വിവരങ്ങൾ
3. മഴയുടെ വിവരങ്ങൾ
4. ഊർവ്വരത
5. ഊഷ്മാവ്
6. ഭൗമ പ്രത്യേകതകൾ
7. ഭൂഗർഭ ജലനിരപ്പ്
8. നിലവിലുള്ള ജലസേചന സംവിധാനങ്ങൾ
9. ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക അവസ്ഥ
10. ജനസംഖ്യ
11. പൊതുജനാരോഗ്യാവസ്ഥ
12. വിദ്യാഭ്യാസ നിലവാരം
13. കൃഷിയും ഭൂവിനിയോഗവും
14. മൃഗസംരക്ഷണം
15. മണ്ണൊലിപ്പ്
16. ഭൂക്ഷമത

മുകളിൽ സൂചിപ്പിച്ച ബൃഹത്തായ വിവരശേഖരണത്തിന്റെ പാശ്ചാത്തലത്തിൽ അടുത്ത പടിയായി ഏറ്റെടുക്കേണ്ടത് ജനങ്ങളുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്നുള്ള തിട്ടപ്പെടുത്തലാണ്. ഇതിന് അയൽക്കൂട്ട ചർച്ചകൾ, എസ്.സി./എസ്.ടി വിഭാഗത്തിലുള്ളവരുടെ മുൻഗണനകൾ ഉൾപ്പെടുത്താനായി പ്രത്യേക ശ്രമം, ജനങ്ങളുടെ ആവശ്യങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്താനായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ, ട്രാൻസെക്ട് വാക്ക്, വിഭവഭൂപട നിർമ്മാണം, പങ്കാളിത്ത മുൻഗണനാക്രമം നിശ്ചയിക്കൽ തുടങ്ങിയവ സ്വീകരിക്കാവുന്നതാണ്.

കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് നഗരപ്രദേശങ്ങൾ തീരപ്രദേശം, ഇടനാട്, മലയോരം എന്നീ പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഓരോ നഗരപ്രദേശത്തിനും അതിന്റേതായ സവിശേഷതകൾ ഉണ്ട്. അവ ഏതെന്ന് കണ്ടെത്തി ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംബന്ധിച്ച് ഓരോ നഗരസഭയും വിശദമായ പ്രോജക്ടുകൾ തയ്യാറാക്കുകയാണ് ഉചിതം.

## 10.7 ജല സംരക്ഷണം

» കിണർ റീചാർജ്ജിംഗ്
» ഗള്ളിപ്ലഗ്ഗിങ്ങ് തടയണ, ബ്രഷ് വുഡ് തടയണ, കമ്പിവലയ്ക്കുള്ളിൽ കല്ലടുക്കിയുള്ള തടയണ, കല്ലടുക്ക് തടയണ, മഴക്കുഴി, അടിയണ, ജലാഗീകരണ ട്രഞ്ച്, കോണ്ടൂർ ട്രഞ്ച്, കോണ്ടൂർ മണ്ണ് ബണ്ട്, സ്റ്റാഗേർഡ് കോണ്ടൂർ ബണ്ട്, കല്ല് കയ്യാല ഗാബിയോൺ തടയണ,

കുളങ്ങളുടെ പുനരുദ്ധാരണം (ചെളി നീക്കം ചെയ്യൽ), വശഭിത്തി സംരക്ഷണവും പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും.

## 10.8 കുടിവെള്ളം

- റീചാർജ്ജ് കുഴികൾ, കിണർ നിർമ്മാണം
- വരൾച്ച പ്രതിരോധം
- വനങ്ങളുടെ പരിസ്ഥിതി പുനരുദ്ധാരണം
- വനവത്ക്കരണം
- സിൽവി പാസ്ചർ
- കാർഷിക നഴ്സറി സ്ഥാപിക്കൽ
- സർക്കാർ ഭൂമിയിൽ വനവൽക്കരണം
- റോഡ്, കനാൽ വശങ്ങളിൽ വനവൽക്കരണം
- ഭൂവികസനം

## 10.9 സൂക്ഷ്മ ജലസേചനം

- കനാൽ, ജലവിതരണ ചാലുകളുടെ നിർമ്മാണം
- ലിഫ്റ്റ് ഇറിഗേഷൻ
- കനാൽ വശഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ
- ജലസേചനത്തിനായി പൊതു കിണർ നിർമ്മാണം.

## 10.10 ഭൂവികസന പ്രവർത്തനങ്ങൾ

- കല്ല് കയ്യാല, മൺ വരമ്പ്, കല്ല് ബണ്ട്, ടെറസ്സിങ്ങ് (നിരപ്പാക്കൽ) തരിശുഭൂമി വികസനം
- സ്വകാര്യഭൂമിയിലെ ഇടപെടലുകൾ
- കൃഷി ആവശ്യത്തിന് കുളം കുഴിക്കൽ
- കിണർ പരിപോഷണം
- കല്ല് അണ
- കോണ്ടൂർ ബണ്ട് നിർമ്മാണം
- ഗള്ളി പ്ലഗ്ഗിങ്ങ്
- ജലപരിപോഷണ കുഴികൾ
- കക്കൂസ് കുഴി നിർമ്മാണം
- നീരൊഴുക്ക് ചാൽ നിർമ്മാണം
- പുരയിടത്തിൽ ബണ്ട് നിർമ്മാണം
- കിണർ കുഴികൾ
- കല്ല് കയ്യാല
- തരിശായ ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള ഇടപെടലുകൾ
- കോണ്ടൂർ ബണ്ടുകളുടെ നിർമ്മാണം
- ഗ്രേഡഡ് ബണ്ടുകളുടെ നിർമ്മാണം
- ജലനിർഗ്ഗമന ചാലുകൾ

» ഭൂമി നിരപ്പാക്കൽ
» ചാലുകളുടെ ചോർച്ച അടക്കുന്നതിന് ലൈനിംഗ്
» ക്രോസ്സ് ബണ്ട്
» വെള്ളപ്പൊക്ക നിവാരണ ചാലുകളുടെ ആഴം കൂട്ടൽ
» ഡൈവേർഷൻ ചാനൽ
» വെള്ളക്കെട്ട് പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തൽ
» പെറിഫെറൽ ബണ്ടിംഗ്
» പതിനഞ്ച് മുതൽ ഇരുപത്തഞ്ച് കൊല്ലക്കാലം നിലനിൽക്കുന്ന തരത്തിലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ
» കടലോരങ്ങളിൽ കടൽ ക്ഷോഭത്തിന്റെ ആഘാതം കുറക്കുന്നതിനുള്ള മരം വെച്ച് പിടിപ്പിക്കൽ
» നഴ്സറികൾ, ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കൽ
» പുരയിടങ്ങളിലെ അതിർത്തിയിൽ പതിനഞ്ച് മുതൽ ഇരുപത്തിയഞ്ച് കൊല്ലം വരെ നിലനിൽക്കാവുന്ന വൃക്ഷ ഇനങ്ങൾ നട്ടുപിടിപ്പിക്കൽ
» പതിനഞ്ച് മുതൽ ഇരുപത്തിയഞ്ച് കൊല്ലക്കാലം വരെ നിലനിൽക്കുന്ന ഫലവൃക്ഷങ്ങളുടെ തോട്ടം
» പട്ടുനൂൽകൃഷി, പുഷ്പകൃഷി, ഔഷധകൃഷി
» തരിശുഭൂമി കൃഷിയോഗ്യമാക്കൽ
» ഭൂമിയിലെ ക്ഷാരം/ലവണ അംശങ്ങൾ നീക്കം ചെയ്ത് ഭൂമി കൃഷിയോഗ്യമാക്കൽ
» കംപോസ്റ്റ് കുഴികൾ
» നടേപ്പ് കമ്പോസ്റ്റ്
» ബർക്ലി കമ്പോസ്റ്റ്
» മണ്ണിര കമ്പോസ്റ്റ്
» ഭവന നിർമ്മാണം (ലൈഫ് പദ്ധതി)
» അസ്സോള കൃഷി
» തൊഴുത്ത്
» ആട്ടിൻകൂട്
» പന്നിക്കൂട്
» കോഴിക്കൂട്

### 10.10.1 ഭൂവികസന പ്രവർത്തനങ്ങൾ (പൊതുഭൂമിയിൽ)

» കല്ല് നിരത്തി തറ ഉറപ്പാക്കൽ
» തരിശ് ഭൂമി വികസിപ്പിക്കൽ
» കരഭൂമി വികസിപ്പിക്കൽ

### 10.10.2 കെട്ടിട നിർമ്മാണം

» അയൽക്കൂട്ടങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾക്കുള്ള വർക്ക്ഷെഡ്.
» അങ്കണവാടി കെട്ടിട നിർമ്മാണം
» എ.ഡി.എസ്/സി.ഡി.എസ് എന്നിവയ്ക്കുള്ള കെട്ടിടം

» കാർഷികോല്പന്ന സംഭരണ കേന്ദ്രം
» സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം
» ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായുള്ള ഷെൽട്ടറുകൾ
» ശ്മശാന നിർമ്മാണം

### 10.10.3 ശുചിത്വം

» കമ്പോസ്റ്റ് കുഴി
» അങ്കണവാടി ടോയിലറ്റ് നിർമ്മാണം
» സോക്കേജ് ചാനൽ/പിറ്റ് നിർമ്മാണം
» ഓടകളുടെ നിർമ്മാണം
» മാലിന്യശേഖരണവും സംസ്കരണവും

### 10.10.4 വെള്ളപ്പൊക്ക നിയന്ത്രണം

» വരിവെള്ളം ഒഴുകുന്നതിനുള്ള ചാലുകളുടെ നിർമ്മാണം
» നീരൊഴുക്ക് ചാലുകളുടെ ആഴം വർദ്ധിപ്പിക്കലും പരിപാലനവും
» വെള്ളക്കെട്ട് പ്രദേശങ്ങളിലെ നീരൊഴുക്ക് സംവിധാനം
» നീരൊഴുക്ക് ചാലുകളുടെ വശഭിത്തി ബലപ്പെടുത്തൽ
» പൊതു ആസ്തികളുടെ സംരക്ഷണം

### 10.10.5 മത്സ്യമേഖല

» മീൻ ഉണക്കുന്ന തറകളുടെ നിർമ്മാണം
» കുളങ്ങളുടെ നിർമ്മാണം

### 10.10.6 തീരദേശ സംരക്ഷണം

» മത്സ്യം ഉണക്കുന്ന ഷെഡ്ഡുകൾ/തറകൾ

### 10.10.7 മറ്റു പ്രവൃത്തികൾ

» പൊതു ആസ്തികളുടെ പരിപാലനം
» കളിസ്ഥലങ്ങളുടെ നിർമ്മാണം
» കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം
» നടേപ്പ്/വെർമി കമ്പോസ്റ്റുകൾക്കുള്ള അടിസ്ഥന സൗകര്യം
» സർക്കാർ സ്ക്കൂളുകൾക്ക് ചുറ്റുമതിൽ
» മാലിന്യശേഖരണവും സംസ്കരണവും

# 11

# ഏകോപിത നവകേരള കർമ്മ പരിപാടി

## 11.1 നവകേരള കർമ്മ പരിപാടി

മാനവ വികസനസൂചിക അനുസരിച്ച് ലോകത്തിലെ മികച്ച പ്രദേശങ്ങളിൽ ഒന്നാണ് കേരളം. ഉയർന്ന സാക്ഷരത, ഉന്നതമായ വിദ്യാഭ്യാസ നിലവാരം, പൊതുജനാരോഗ്യം, പൊതുവിതരണ സമ്പ്രദായം, അധികാര വികേന്ദ്രീകരണം തുടങ്ങിയ മേഖലകളിലെല്ലാം കേരളം മുന്നിട്ടു നിൽക്കുന്നു.

എന്നാൽ, ഉൽപ്പാദന മേഖലയിലുണ്ടായ മുരടിപ്പ് മൂലം എല്ലാവർക്കും, പ്രത്യേകിച്ച് അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് കേരള സമ്പദ് വ്യവസ്ഥയിൽ സാധ്യമായില്ല. മെച്ചപ്പെട്ട വരുമാനവും ജോലിയും തേടി വിദേശ രാജ്യങ്ങളിൽ പോയവർ അയച്ച പണം ഉൽപ്പാദന രംഗത്ത് വിനിയോഗിക്കുന്നതിലും പരാജയമുണ്ടായി. പ്രവാസികൾ അയച്ച പണം കെട്ടിട നിർമ്മാണത്തിനും റിയൽ എസ്റ്റേറ്റ് ബിസിനസ്സിലുമാണ് കേന്ദ്രീകരിക്കപ്പെട്ടത്. അമിതമായ പ്രകൃതിവിഭവ ചൂഷണത്തിലൂന്നിയ വികസന രീതി ഉണ്ടായി വരുന്നതിലേക്കാണ് ഇത് നയിച്ചത്. മണ്ണിനും ജലത്തിനുമുണ്ടായ ശോഷണം, മദ്യപാനവും ജീവിതശൈലീരോഗങ്ങളും, ആത്മഹത്യാ പ്രവണതയും വളർന്നു വന്നു. പലവിധ കാരണങ്ങളാൽ ജലനിർഗ്ഗമനം തടസ്സപ്പെട്ടതും വലിച്ചെറിയലുകൾ കൂടിയതും മൂലം മാലിന്യപ്രശ്നം അതിരൂക്ഷമായി. ഇത് പകർച്ച വ്യാധികൾ വീണ്ടും പടർന്നു പിടിക്കുന്നതിന് കാരണമാകുന്നു.

എല്ലാവർക്കും വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം പ്രാപ്തമായെങ്കിലും പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് കൂടുതൽ പരിശ്രമിക്കേണ്ടിയിരുന്നു. ജനങ്ങളുടെ ജീവിത ഗുണത ഉയർത്തുന്നതിന് എല്ലാവർക്കും സുരക്ഷിതമായ താമസ സൗകര്യം ഉണ്ടാക്കേണ്ടതും അടിയന്തിരമായ ആവശ്യമായിരുന്നു. നേടിയ ജീവിതഗുണനിലവാരം പിടിച്ചു നിർത്തുന്നതിനും എല്ലാവർക്കും മെച്ചപ്പെട്ട ആരോഗ്യം ഉറപ്പു വരുത്തുന്നതിനും ഗ്രാമ തലത്തിലെ ആരോഗ്യസേവനങ്ങൾ പൊളിച്ചെഴുതുന്ന പ്രക്രിയ അടിയന്തിരമായി ആരംഭിക്കേണ്ടതും ആവശ്യമായിരുന്നു. ഇനിയും ഗുരുതരമായി ബാക്കിയായിരുന്ന പാർപ്പിട പ്രശ്നവും അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ടായിരുന്നു. വികസനത്തിന്റെ ഈ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതിനായാണ് കേരളത്തിലെ അടിസ്ഥാന വികസന പ്രശ്നങ്ങളെ ഉൾക്കൊള്ളുന്ന വിധത്തിൽ നാല് മിഷനുകൾ പ്രഖ്യാപിക്കപ്പെട്ടത്.

ഹരിത കേരള മിഷൻ കൃഷി, മണ്ണ്–ജല സംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ ഊന്നുന്നു. ആർദ്രം മിഷൻ ആരോഗ്യ മേഖലയിലും ലൈഫ് മിഷൻ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും. അന്താരാഷ്ട്ര നിലവാരത്തിലേക്ക് കേരളത്തിന്റെ വിദ്യാഭ്യാസം ഉയർത്തുന്നതിനാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിരിക്കുന്നത്. ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള ഉറച്ച തീരുമാനമാണ് നവകേരള മിഷനുകളുടെ പ്രവർത്തനത്തിന് ഊർജ്ജം പകരുന്നത്.

## 11.2 നവകേരള നിർമ്മിതിക്കായി നാല് മിഷനുകൾ

ഹരിതകേരളം –ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ലൈഫ്

വെള്ളം–വൃത്തി–വിളവ്, ജനകീയാരോഗ്യം, അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം, സമ്പൂർണ്ണ പാർപ്പിടം.

### 11.2.1 ഹരിതകേരള മിഷൻ

വൃത്തി, വെള്ളം, വിളവ് എന്നിവയെ മുൻനിർത്തിക്കൊണ്ട് മൂന്ന് ഉപ മിഷനുകളായാണ് ഹരിതകേരളം രൂപീകരിച്ചിരിക്കുന്നത്. ഒന്നാമത്തേത് ശുചിത്വവും മാലിന്യ സംസ്കരണവും, രണ്ടാമത്തേത് ജലസംരക്ഷണവും, മൂന്നാമത്തേത് ജൈവരീതിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിവികസനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.

### 11.2.2 ശുചിത്വം മാലിന്യ സംസ്കരണം

**ലക്ഷ്യങ്ങൾ**

» എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം–അനുകൂല മനോഭാവങ്ങളും ശീലങ്ങളും സമൂഹത്തിൽ സൃഷ്ടിക്കുക.

» സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും തദ്ദേശ ഭരണസ്ഥാപനങ്ങളെ സഹായിക്കുക.

» ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥിരം സംവിധാനമാക്കുക.

**പ്രവർത്തനങ്ങൾ**

| വിഷയം | പ്രവർത്തനം | ചുമതല |
|---|---|---|
| ജൈവ മാലിന്യങ്ങൾ | ഉറവിട മാലിന്യ സംസ്കരണം | വീട്ടുകളും സ്ഥാപനങ്ങളും |
| അജൈവ മാലിന്യങ്ങൾ | തരംതിരിച്ച് വൃത്തിയാക്കി ശേഖരിക്കൽ | ഹരിതകർമ്മ സേന |
| ദ്രവ മാലിന്യം | വികേന്ദ്രീകൃത പരിപാലന സംവിധാനങ്ങൾ | വീടുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ |
| വലിയ നഗര മാലിന്യം | കേന്ദ്രീകൃത സംവിധാനങ്ങൾ | നഗരസഭ |
| പൊതുസ്ഥലങ്ങൾ | സ്ഥലത്തിന് യോജിച്ച സംവിധാനം | തദ്ദേശ ഭരണ സ്ഥാപനങ്ങൾ |
| ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം തടയൽ | നിയമ പരിപാലനം | തദ്ദേശ ഭരണസ്ഥാപനങ്ങൾ |

### 11.2.3 ജലസംരക്ഷണം

സുസ്ഥിരമായ ജലസംരക്ഷണ–വിനിയോഗ സംസ്കാരം ഉയർത്തിക്കൊണ്ട് വരികയും അതിനെ ജനജീവിതത്തിന്റെ ഭാഗമാക്കുകയും അതുവഴി ജലസുരക്ഷയും പരിസ്ഥിതി സംരക്ഷണവും നടത്തുകയുമാണ് മിഷൻ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി, ജലസ്രോതസ്സുകളുടെ നവീകരണം, ശുദ്ധീകരണം, പരിപാലനം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.

### 11.2.4 കാർഷിക വികസനം

പച്ചക്കറി, നെല്ല്, പഴവർഗ്ഗങ്ങൾ എന്നിവയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം അടിയന്തിര സ്വഭാവത്തോടെ കൈവരിക്കണം. കൃഷിയെ മാത്രം ആശ്രയിക്കുന്ന കർഷകർക്ക് സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തണം. ഭൂ–ജല വിഭവങ്ങളെ സംയോജിതമായി ഉപയോഗപ്പെടുത്തിയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകിയും വിപണന സൗകര്യങ്ങൾ വികസിപ്പിച്ചും മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നേടാനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. ഇതിനായി വകുപ്പുതല പദ്ധതികളുടെ ഫലപ്രദമായ സംയോജനം, കാർഷിക കർമ്മസേനകളെ ശക്തിപ്പെടുത്തൽ, സഹകരണ മേഖലയുമായി സഹകരിച്ച് വായ്പ വിപണന സൗകര്യങ്ങൾ ഒരുക്കൽ, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തലും അവയുടെ പ്രചാരണവും ഏറ്റെടുത്തിട്ടുണ്ട്.

### 11.2.5 ആർദ്രം മിഷൻ

സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ എല്ലാ തലത്തിലും രോഗീ സൗഹൃദമാക്കുന്നതിനായാണ് ആർദ്രം മിഷനിലൂടെ ശ്രമിക്കുന്നത്. പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് ഒരു കുടുംബത്തിലെ എല്ലാ പ്രാഥമിക ആരോഗ്യ പരിചരണ കാര്യങ്ങളും ചിട്ടയായി മോണിറ്റർ ചെയ്യാവുന്ന രീതിയിൽ ഈ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഘട്ടംഘട്ടമായി മാറ്റിക്കൊണ്ടിരിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തന പ്രദേശത്തുള്ള ഓരോ വ്യക്തിക്കും സമഗ്രമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിലെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങളും കാലോചിത മാറ്റങ്ങളോടെ പരിഷ്ക്കരിക്കുന്നു.

ഇതോടൊപ്പം ജില്ലാ–താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടു കൂടിയ സൗകര്യങ്ങൾ ഒരുക്കുന്ന നടപടികളും പൂർത്തീകരിച്ചു വരികയാണ്. മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, ആദിവാസി ആരോഗ്യ പരിപാടി നടപ്പാക്കുക എന്നീ പ്രവർത്തനങ്ങളും തുല്യ പ്രാധാന്യത്തോടെ നടന്നു വരുന്നു.

### 11.2.6 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

കേരളത്തിലെ മുഴുവൻ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഈ മിഷന്റെ ലക്ഷ്യം. മികവ് എന്നാൽ അക്കാദമിക്ക് മികവാണ്. ഇതിനായാണ് ആധുനിക രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള മറ്റു സംവിധാനങ്ങൾ ഒരുക്കുന്നത്. കേരളീയ സമൂഹം പൊതു വിദ്യാലയങ്ങളിലൂടെ ആർജ്ജിച്ചെടുത്തതാണ് നമ്മുടെ മതനിരപേക്ഷ ജനാധിപത്യ ബോധവും അതിനനുസരിച്ച ജനാധിപത്യ മൂല്യങ്ങളും.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രവർത്തനങ്ങളെ

താഴെ പറയുന്ന പ്രകാരം മനസ്സിലാക്കാം.

» പ്രീ സ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനരാവിഷ്ക്കരിക്കുക.
» അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുക.
» കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഒരോ കാമ്പസും ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
» വായനശാല, ലാബറട്ടറി എന്നിവ ആധുനികവൽക്കരിക്കുക.
» വോട്ടവകാശം ലഭിക്കുന്ന പ്രായത്തിൽ തൊഴിൽ ചെയ്യാനുള്ള കഴിവ് വികസിപ്പിക്കുക.
» പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിഗണന ഉറപ്പാക്കുക.
» ക്ലാസ് മുറികൾ ഹൈടെക് ആക്കുക.
» സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
» വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുക.

അക്കാദമികമായി വിദ്യാലയങ്ങളുടെ നിലവാരം ഉയർത്തി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കിയാൽ മാത്രമേ പൊതുസമൂഹം ഇന്നു കാണിക്കുന്ന ഉത്സാഹം നിലനിർത്താൻ കഴിയൂ. ഇതിനായി അധ്യാപകർ, രക്ഷാകർതൃസമൂഹം, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം, ഭരണനിർവ്വഹണ സംവിധാനങ്ങൾ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തിക്കലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സവിശേഷത.

### 11.2.7 ലൈഫ് മിഷൻ

കേരളത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ മുഴുവൻ കുടുംബത്തിനും വീടുകൾ വച്ചു നൽകുന്നതിനുള്ള ഒരു സമഗ്രപദ്ധതിയാണ് ലൈഫ് മിഷൻ. സാമൂഹിക വികസനം വേഗത്തിലാക്കുന്നതിന് അടിസ്ഥാനമായ അനിവാര്യമായ ഘടകം എന്ന നിലയിലാണ് എല്ലാവർക്കും വീട് എന്ന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

അഞ്ച് വർഷം കൊണ്ട് ഏകദേശം 4.30 ലക്ഷം ഭവനരഹിതർക്ക് വീട് വച്ച് നൽകുക എന്ന ലക്ഷ്യവുമായാണ് ലൈഫ് പദ്ധതി ആരംഭിച്ചത്. വിവിധ കാരണങ്ങളാൽ മുൻകാലത്ത് ഭവനപദ്ധതികളിൽ നിന്ന് ഒഴിവായിപ്പോയിരുന്ന 1.60 ലക്ഷം കുടുംബങ്ങളും ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

ഭവന നിർമ്മാണത്തോടൊപ്പം കുടുംബങ്ങൾക്ക് അവരുടെ ഉപജീവന സൗകര്യങ്ങൾ ഒരുക്കുക വഴി സാമ്പത്തിക ശക്തീകരണം ഉറപ്പ് വരുത്തലാണ് ഈ പദ്ധതിയുടെ പ്രധാന ഊന്നൽ. വീട് വയ്ക്കാൻ സ്വന്തമായി ഭൂമിയുള്ളവർക്ക് ഉറപ്പുള്ള വീടുകൾ നിർമ്മിച്ച് നൽകുക, സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് താമസ സൗകര്യം ഒരുക്കുക എന്നതാണ് പരിപാടി. ഇതോടൊപ്പം ഉപജീവനത്തിനുള്ള പദ്ധതികളും പ്രാഥമിക ആരോഗ്യം, വയോജനങ്ങൾക്കുള്ള പിന്തുണാ പരിപാടികൾ, വിദഗ്ധജോലികൾക്കുള്ള പരിശീലനം എന്നിവ നൽകുകയും സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യും. ഭൂമി കണ്ടെത്തുന്നതും പദ്ധതിക്കുള്ള അധിക സാമ്പത്തിക ബാധ്യത നിറവേറ്റുന്നതും വിവിധ സംഘടനകളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ്.

ഒരു നിശ്ചിത കാലയളവിൽ സമയബന്ധിതമായി ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള കർമ്മ പരിപാടിയാണ് നവകേരള മിഷനിലൂടെ മുന്നോട്ട് വച്ചത്. പഴയ കേരളം പുതുക്കി പണിയലല്ല, പ്രത്യുത, പുതിയൊരു കേരളത്തിന്റെ നിർമ്മിതിയാണ് ഈ പരിപാടിയിലൂടെ സാധ്യമാവുക.

# 12

# കാലാവസ്ഥാ വ്യതിയാന കാലത്തെ വികസനം

## 12.1 ആമുഖം

ലോകമെമ്പാടും കാലാവസ്ഥാ വ്യതിയാനത്തിന് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. കടലിനോട് അടുത്ത് കിടക്കുന്ന സംസ്ഥാനം എന്ന നിലയിൽ കഴിഞ്ഞ രണ്ട്–മൂന്ന് വർഷങ്ങളായി അതിതീവ്രമായ പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കപ്പെടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. നാം ഏറെ സുരക്ഷിതമാണ് എന്ന് കരുതിയ പ്രദേശങ്ങളാണ് നിരന്തരമായ പ്രകൃതി ദുരന്ത ഭീഷണിയിലൂടെ കടന്നുപോകുന്നത്. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന ദുരിതങ്ങളുടെ തീവ്രത ഗ്രാമങ്ങളെ പോലെ തന്നെ കേരളത്തിലെ നഗരങ്ങളിലും ബാധകമാണ്. സംസ്ഥാനത്തെ പ്രധാനപ്പെട്ട മിക്ക നഗരങ്ങളും തീരദേശ മേഖലയിലാണ് നിലകൊള്ളുന്നത് എന്നത് കൂടുതൽ വെല്ലുവിളികൾ ഉയർത്തുന്നു. കാലാവസ്ഥാ വ്യതിയാനത്തെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള ദീർഘകാല വികസന ആസൂത്രണത്തിലൂടെ മാത്രമേ ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ തോത് കുറച്ചു കൊണ്ടുവരുന്നതിനും കഴിയൂ.

ഈ പശ്ചാത്തലത്തിൽ നഗരസഭകളുടെ കാലാവസ്ഥാ വ്യതിയാന കാലത്തെ വികസന ആസൂത്രണത്തിന്റെ ശൈലിയും മുൻഗണനകളും എന്താകണം എന്ന് ചർച്ച ചെയ്യുന്നതിനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

## 12.2 ദിനാവസ്ഥയും കാലാവസ്ഥയും

കാലാവസ്ഥാ മാറ്റത്തെക്കുറിച്ച് മനസ്സിലാക്കണം എന്നുണ്ടെങ്കിൽ ദിനാവസ്ഥ, കാലാവസ്ഥ എന്നീ അടിസ്ഥാന സങ്കൽപ്പങ്ങൾ മനസ്സിലാക്കിയേ മതിയാകൂ. ഈ രണ്ടു പദങ്ങളും തികച്ചും വ്യത്യസ്തമായ അർത്ഥതലങ്ങളിൽ ആണ് ഉപയോഗിക്കപ്പെടുന്നത്.

### 12.2.1 ദിനാവസ്ഥ (Weather)

ഹ്രസ്വകാലത്തെ അന്തരീക്ഷത്തിലെ അവസ്ഥയെ സൂചിപ്പിക്കുന്നതിനാണ് ദിനാവസ്ഥ എന്ന പദം ഉപയോഗിക്കുന്നത്. ഒരു ദിവസത്തെയോ, ആഴ്ചയിലേയോ ഒക്കെ അന്തരീക്ഷ അവസ്ഥയെയാണ് ഇതുകൊണ്ട് സൂചിപ്പിക്കുന്നത്. ഒരു പ്രത്യേക സമയത്ത് ഒരു പ്രത്യേക

സ്ഥലത്തെ അന്തരീക്ഷത്തിന്റെ സ്ഥിതിയാണ് ഇതുകൊണ്ട് സൂചിപ്പിക്കുന്നത്.

ദിനാവസ്ഥയെ സൂചിപ്പിക്കുന്നതിന് സാധാരണയായി ഒരു കൂട്ടം സൂചകങ്ങൾ ഉപയോഗിക്കാറുണ്ട്. അന്തരീക്ഷ താപനില (Temperature), മഴയുടെ അളവ് (Rain force), ആർദ്രത (Humidity), ജലത്തിന്റെ ബാഷ്പീകരണം (Evaporation), സൂര്യപ്രകാശ പ്രതിഫലനം (Sun light reflection), കാറ്റ് (Wind), വായുമർദ്ദം (Air Pressure) എന്നിവയാണ് ദിനാവസ്ഥയെ സൂചിപ്പിക്കുന്നതിന് സാധാരണയായി ഉപയോഗിക്കുന്ന സൂചകങ്ങൾ. ഇവയിൽ താപനിലയും, മഴ ലഭ്യതയും, ആർദ്രതയും ആണ് സാധാരണയായി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ വഴി നാം നിത്യവും അറിയാറുള്ളത്.

### 12.2.2 കാലാവസ്ഥ (Climate)

കണക്കാക്കുന്ന കാലയളവിലെ വ്യത്യാസമാണ് ദിനാവസ്ഥയിൽ നിന്നും കാലാവസ്ഥയെ വ്യത്യസ്തമാക്കുന്നത്. ദീർഘകാലത്തെ ഒരുമിച്ചാണ് കാലാവസ്ഥയിൽ കണക്കാക്കുന്നത്. ചുരുങ്ങിയത് 30 വർഷത്തെ മാറ്റങ്ങളെയാണ് ഇതിൽ വിലയിരുത്തുന്നത്. ഒരു ദീർഘ കാലയളവിലെ താപനില, മഴ ലഭ്യത, ആർദ്രത, കാറ്റ്, അന്തരീക്ഷമർദ്ദം, സൂര്യതാപ പ്രതിഫലനം എന്നിവയുടെയെല്ലാം ശരാശരിയാണ് കാലാവസ്ഥ അഥവാ climate അളക്കുന്നതിന് ഉപയോഗിക്കുന്നത്.

### 12.2.3 എന്താണ് കാലാവസ്ഥ വ്യതിയാനം

ദിനാവസ്ഥയും, കാലാവസ്ഥയും പലപ്പോഴും പരസ്പരം തെറ്റായി ഉപയോഗിക്കപ്പെടാറുണ്ട്. ഒരു വർഷത്തിനകത്തെയോ രണ്ട് മൂന്ന് വർഷങ്ങൾക്ക് അകത്ത് തന്നെയോ ദിനാവസ്ഥയിൽ വരുന്ന മാറ്റത്തെ നമുക്ക് കാലാവസ്ഥയിലെ മാറ്റമായി കാണാൻ കഴിയില്ല. നിരവധി ദശാബ്ദങ്ങളോ, ശതാബ്ദങ്ങളോ എടുത്താണ് കാലാവസ്ഥ വ്യതിയാനം ഉണ്ടാകുന്നത്. കാലാവസ്ഥയെ അളക്കുന്ന അടിസ്ഥാന സൂചകങ്ങളിൽ ദീർഘകാലം കൊണ്ട് സംഭവിക്കുന്ന മാറ്റം അഥവാ വ്യതിയാനമാണ് കാലാവസ്ഥാ വ്യതിയാനം (Climate Change) എന്നതുകൊണ്ട് അർഥമാക്കുന്നത്. മഴ, താപനില, ആർദ്രത, കാറ്റ് മുതലായവയുടെ ഘടകങ്ങളിൽ എല്ലാമോ ഏതെങ്കിലും ഘടകങ്ങളിൽ ദീർഘകാലത്തേക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി മാറ്റങ്ങൾ പ്രകടമാകുന്നു.

കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം പ്രകടമാകുന്നത് വ്യത്യസ്തമായ രീതികളിലാണ്.

- » അന്തരീക്ഷ താപനില ഘട്ടം ഘട്ടമായി വർദ്ധിക്കുന്നു. താപനില ഉയർന്നു നിൽക്കുന്ന ദിനങ്ങളുടെ എണ്ണവും താപനില തന്നെയും ഉയരുന്നു.
- » അന്തരീക്ഷ താപനിലയിൽ ഉണ്ടാകുന്ന വർദ്ധനവ് മഞ്ഞുമലകൾ ഉരുകുന്നതിലേക്ക് നയിക്കുന്നു. ഇതിന്റെ തുടർച്ച എന്ന നിലയിൽ കടലിലെ ജലനിരപ്പ് ഘട്ടംഘട്ടമായി ഉയരുന്നു.
- » കാലാവസ്ഥാ മാറ്റത്തിന്റെ ഭാഗമായി അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങൾ ഉണ്ടാകുന്നു. കടുത്ത വേനൽ, അതിതീവ്ര മഴ, വർദ്ധിക്കുന്ന ചുഴലിക്കാറ്റുകൾ എന്നിവ പ്രകടമാകുന്നു.
- » സമുദ്രത്തിലെ അന്തരീക്ഷ താപനില വർദ്ധിക്കുന്നു. സമുദ്ര പരിസ്ഥിതി തന്നെ വലിയ മാറ്റങ്ങൾക്ക് വിധേയമാവുകയും ചെയ്യുന്നു. ന്യൂനമർദ്ദങ്ങൾ, കടൽക്ഷോഭങ്ങൾ, ചുഴലിക്കാറ്റുകൾ എന്നിവയുടെ ഇടയ്ക്കിടെയുള്ള ആക്രമണങ്ങൾ ഉണ്ടാകുന്നു.
- » പ്രകൃതിദുരന്തങ്ങളുടെ ഇടവേളകൾ കുറയുകയും ആർദ്രത വർദ്ധിക്കുകയും ചെയ്യുന്നു.

കാലാവസ്ഥാ വ്യതിയാനം രണ്ട് രീതിയിൽ സംഭവിക്കാം. ഭൂപ്രകൃതിയിലും, അന്തരീക്ഷത്തിലും, പ്രപഞ്ച ഘടനയിലും കാലക്രമത്തിൽ സംഭവിക്കുന്ന മാറ്റങ്ങളുടെ ഭാഗമായി സ്വാഭാവികമായിത്തന്നെ കാലാവസ്ഥയിൽ മാറ്റങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന ഇടപെടലുകളുടെ ഭാഗമായി സംഭവിക്കുന്ന കാലാവസ്ഥാവ്യതിയാനവും ഉണ്ട്. ആദ്യം സൂചിപ്പിച്ച തരത്തിലുള്ള കാലാവസ്ഥ മാറ്റത്തിന് മനുഷ്യസമൂഹം ഉത്തരവാദികൾ അല്ല. എന്നാൽ രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട കാലാവസ്ഥവ്യതിയാനം വിഭവങ്ങളുടെ അനിയന്ത്രിത ഉപഭോഗവും, അശാസ്ത്രീയമായ ഇടപെടലുകളിലൂടെ പ്രകൃതിയുടെ സന്തുലനാവസ്ഥ തെറ്റിക്കുകയും വഴി മനുഷ്യർ വരുത്തി വച്ചതാണ് എന്ന് പറയാം.

### 12.2.4 എന്താണ് കാലാവസ്ഥാ വ്യതിയാനത്തിന് കാരണം

മേൽ സൂചിപ്പിച്ചത് പോലെ മനുഷ്യ നിർമ്മിതമായ കാലാവസ്ഥാ വ്യതിയാനത്തിന് കാരണമായി പറയുന്ന പ്രധാന കാരണം മനുഷ്യ ഉപഭോഗത്തിന്റെ ഭാഗമായി പുറന്തള്ളുന്ന കാർബൺ ഡയോക്സൈഡും സമാന വാതകങ്ങളും അന്തരീക്ഷത്തിൽ തങ്ങി നിന്ന് അന്തരീക്ഷത്തിലെ താപ ബഹിർഗമനം തടഞ്ഞ് അന്തരീക്ഷ താപനില ഉയർന്ന അവസ്ഥയാണ്. ഹരിതഗൃഹ പ്രവാഹത്തിലൂടെ സംജാതമാവുന്നത്. ഇത് ഭൗമാന്തരീക്ഷത്തിലെ താപനില ഘട്ടം ഘട്ടമായി ഉയരുന്നതിന് കാരണമാകുന്നു. ഓസോൺ പാളികളിലെ വിള്ളലുകൾ ഇത് കൂടുതൽ രൂക്ഷമാക്കുന്നു.

കാർബൺ അനുബന്ധ വാതക കണികകളുടെ സ്വാധീനം സൂര്യപ്രകാശത്തിന്റെ പ്രതിഫലനത്തെ അന്തരീക്ഷത്തിൽ വർധിപ്പിക്കുകയും അത് താപനിലയെ ഉയർത്തുകയും ചെയ്യുന്നു. മനുഷ്യ ഉപയോഗത്തിന്റെ ഭാഗമായി മുഖ്യമായും ഇത് കാർബൺഡയോക്സൈഡ് 100 മുതൽ 500 വർഷം വരെ അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്നു. മീഥൈൻ 100 വർഷം വരെ തങ്ങിനിൽക്കുന്നു. ഹരിതഗൃഹ പ്രവാഹത്തിന് കാരണമായ മറ്റു ഘടക വാതകങ്ങളിൽപ്പെട്ട നൈട്രസ് ഓക്സൈഡ് 150 വർഷവും ക്ലോറോ ഫ്ലൂറോ കാർബണുകളും, ബ്ലാക്ക് കാർബണും അമ്പതു വർഷം വീതവും അന്തരീക്ഷ വായുവിൽ തങ്ങി നിൽക്കുന്നു.

### 12.2.5 ആഗോളതാപനം

മേൽ സൂചിപ്പിച്ച ഹരിതഗേഹ വാതകങ്ങളുടെ അന്തരീക്ഷത്തിലെ ഉയർന്ന സ്വാധീനം അന്തരീക്ഷ താപനില വർദ്ധിപ്പിക്കുകയും, ആഗോള താപനത്തിന് കാരണമാവുകയും ചെയ്യുന്നു. ഇത് മഞ്ഞുമലകൾ ഉരുകുന്നതിലേക്കും, കടലിലെ ജലനിരപ്പ് ഉയരുന്നതിലേക്കും, സമുദ്രത്തിലെ താപനില ഉയരുന്നതിലേക്കും, അതിന്റെ ഭാഗമായ അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളിലേക്കും നയിക്കുന്നു. ആഗോളതാപനം പ്രകൃതിയുടെ സന്തുലനാവസ്ഥ തകർക്കുകയും പ്രകൃതിദുരന്തങ്ങൾ ആവർത്തിക്കുകയും ചെയ്യുന്നു.

സമുദ്രത്തിലെ ജലനിരപ്പ് 2100 ആകുമ്പോഴേക്കും 26 മുതൽ 63 സെന്റീമീറ്റർ വരെ ആഗോള താപനത്തിന്റെ ഭാഗമായി ഉയർന്നേക്കാം എന്നാണ് പഠനങ്ങൾ നിരീക്ഷിക്കുന്നത്. നിരന്തരമായി കടൽക്ഷോഭങ്ങൾ, ഉഷ്ണമേഖല പ്രദേശങ്ങളിലെ ന്യൂനമർദ്ദ രൂപപ്പെടലുകളുടെ ഭാഗമായ ചുഴലിക്കാറ്റുകൾ, കടൽ തീരത്തെ മണ്ണൊലിപ്പ് എന്നിവയെല്ലാം നിരന്തരമായി ആവർത്തിക്കപ്പെട്ടേക്കാം എന്നതാണ് കാലാവസ്ഥാ വിദഗ്ധർ നിരീക്ഷിക്കുന്നത്.

### 12.2.6 താപ ദ്വീപുകൾ (Heat Islands) ആകുന്ന നഗരങ്ങൾ

മനുഷ്യ സാന്ദ്രത കൂടിയതും നിർമ്മിത പ്രദേശങ്ങൾ കൂടിയതുമായ പ്രദേശങ്ങൾ എന്ന നിലയിൽ കാലാവസ്ഥ വ്യതിയാനത്തിന്റെയും, ആഗോളതാപനത്തിന്റെയും ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് നഗരങ്ങളാണ്. ലോകത്തെ പ്രധാന നഗരങ്ങൾ താപ ദ്വീപുകൾ ആയി മാറുന്നു എന്ന് പഠനങ്ങൾ കാണിക്കുന്നു. അടുത്ത ഗ്രാമ പ്രദേശങ്ങളേക്കാൾ നഗരങ്ങളിൽ താപനില ഉയർന്നു നിൽക്കുന്ന പ്രതിഭാസം ദൃശ്യമാകുന്നു. കൂടിയ അളവിലുള്ള കെട്ടിടങ്ങൾ, കുറഞ്ഞ ജൈവ ആവരണം, കൂടിയ കാർബൺ ഉത്സർജ്ജനം എന്നിവയാണ് ഇതിനു കാരണമായി വർത്തിക്കുന്നത്. ഫോസിൽ ഇന്ധനങ്ങളുടെ അനിയന്ത്രിത ഉപയോഗം കാർബൺ ഉത്സർജ്ജത്തിന്റെ ആക്കം കൂട്ടുന്നു. ഉയർന്ന ഊർജ്ജത്തിന്റെയും, ശീതീകരണ ഉപാധികളുടെ ഉപയോഗവും കാർബൺ ഉത്സർജനം വർദ്ധിപ്പിക്കുകയും നഗര താപനില ഉയർത്തുകയും ചെയ്യുന്നു. താപനില ഉയരുന്നതുമായി ബന്ധപ്പെട്ട് കാരണങ്ങൾ നഗരപ്രദേശങ്ങളിൽ വർദ്ധിക്കുകയും ചെയ്യുന്നു.

### 12.2.7 കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതങ്ങൾ

കാലാവസ്ഥാ വ്യതിയാനം തീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങൾ വർദ്ധിപ്പിക്കുകയും, ജന ജീവിതത്തെ അസ്ഥിരമാക്കുകയും ചെയ്യുന്നു. അത് താഴെ പറയുന്ന ആഘാതങ്ങൾ സൃഷ്ടിക്കുന്നു.

» സുരക്ഷിതമായി ജനങ്ങൾ ജീവിച്ചിരുന്ന പ്രദേശങ്ങൾ ദുരന്ത സാധ്യതാ പ്രദേശങ്ങളായി മാറുന്നു. കടലാക്രമണം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വരൾച്ച എന്നിവ ബാധിക്കുന്ന പ്രദേശങ്ങൾ വർദ്ധിക്കുന്നു.
» കാലാവസ്ഥ അഭയാർഥികൾ രൂപപ്പെടുന്നു.

നിരന്തരമായ ദുരന്തങ്ങൾ, ഉപജീവന മാർഗങ്ങളിലെ തകർച്ച എന്നിവ മൂലം ജനങ്ങൾക്ക് ഒഴിയേണ്ടി വരുന്നു. കാലാവസ്ഥാ അഭയാർഥികളുടെ എണ്ണം ലോകത്താകമാനം വർധിക്കുന്നു.

### 12.2.8 ഉപജീവന ഉപാധികളുടെ തകർച്ച

ജനങ്ങളുടെ ആസ്തികൾ, ഉപജീവനം ഉപാധികൾ എന്നിവ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി തകർച്ചയ്ക്ക് വിധേയമാകുന്നു. കൃഷി, മൃഗസംരക്ഷണ മേഖലകൾ എന്നിവയെ ആശ്രയിക്കുന്ന ദുർബല വിഭാഗങ്ങളുടെ അതിജീവന സാധ്യതകളേയാണ് കാലാവസ്ഥാ വ്യതിയാനം പ്രാഥമികമായി ബാധിക്കുന്നത്. ഇത് കുടിയേറ്റത്തിന് ആക്കം കൂട്ടുന്നു.

### 12.2.9 സമ്പദ്‌വ്യവസ്ഥയുടെ തകർച്ച

ആവർത്തിക്കുന്ന ദുരന്തങ്ങൾ, ഉത്പാദന രംഗത്തെ വ്യതിയാനങ്ങൾ, വർദ്ധിക്കുന്ന കാലാവസ്ഥ അഭയാർഥികൾ എന്നിവ വിവിധ തൊഴിൽ മേഖലകളെയും ക്രമാനുഗതമായി സമ്പദ് വ്യവസ്ഥയേയും തകർക്കുന്നു. ഭരണകൂടങ്ങളുടെ മേൽ അത് കൂടുതൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു.

### 12.2.10 മാറേണ്ട വികസന സമീപനം

ഫോസിൽ ഇന്ധനങ്ങളുടെ അമിത ഉപയോഗം ഊർജ്ജ സാന്ദ്രിതമായ വികസന

പ്രവർത്തനങ്ങൾ, നിർമ്മിത മേഖലകളും (Built area) ജൈവ പ്രദേശങ്ങളും (Bio Area) തമ്മിലുള്ള അനുപാതത്തിൽ വന്ന മാറ്റം (Reducing blue spaces), ജൈവ മേഖലകളുടെ ചുരുങ്ങൽ, ജലസ്രോതസ്സുകളുടെ വിസ്തൃതിയിൽ വന്ന കുറവ്, അശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികൾ, ഉയർന്ന മാലിന്യ ഉത്പാദനം, ഉയർന്ന പ്ലാസ്റ്റിക് ഉപയോഗം, പുനരുത്പാദിപ്പിക്കാനാകാത്ത ഊർജ്ജ സ്രോതസ്സുകളിലേക്കുള്ള ഉയർന്ന ആശ്രിതത്വം എന്നിവയെല്ലാം കാലാവസ്ഥ വ്യതിയാനത്തിലേക്ക് നയിച്ച മനുഷ്യ ഇടപെടലുകളാണ്.

പ്രാദേശിക ഉത്പാദന വ്യവസ്ഥകൾ തകർന്നതിന്റെ ഭാഗമായി ഭക്ഷ്യ ദൂരം (food mile distances) വർദ്ധിച്ചതും, ചരക്കുകൾക്ക് മേലുള്ള പരാശ്രിതത്വം വർധിച്ചതും ഓരോ പ്രദേശത്തും ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം വർദ്ധിക്കുന്നതിന് കാരണമായി. പരമാവധി നിർമ്മിത പ്രദേശങ്ങൾ വർദ്ധിപ്പിക്കുകയാണ് (Built area expansion) വികസനം എന്ന കാഴ്ചപ്പാട് പ്രകൃതിയുടെ സന്തുലനാവസ്ഥയെ തകിടം മറിക്കുന്നതിന് കാരണമായി.

ഫോസിൽ ഇന്ധനങ്ങളെ പരമാവധി ആശ്രയിക്കുന്ന, നിർമാണ മേഖലയിൽ ഊന്നുന്ന, ജൈവ കവചം ഇല്ലാതാക്കുന്ന, പ്രാദേശിക ഭക്ഷ്യ ഉത്പാദനം പ്രോത്സാഹിപ്പിക്കാത്ത, പുനരുൽപാദന സാധ്യതയില്ലാത്ത ഊർജ്ജ സ്രോതസ്സുകളിൽ അമിതമായി ഊന്നുന്ന ഊർജ്ജ ശാസ്ത്രീയമായ വികസന സമീപനത്തിൽ നിന്ന് പിൻവാങ്ങി കൊണ്ട് മാത്രമേ കാലാവസ്ഥ വ്യതിയാനത്തിന്റെ വേഗതയും, ആഘാതവും കുറയ്ക്കാൻ കഴിയൂ. ഒരു ഹരിത മാർഗ്ഗം സ്വീകരിച്ചു കൊണ്ടു മാത്രമേ മനുഷ്യസമൂഹത്തിന്റെ അതിജീവനം സാധ്യമാകൂ.

### 12.2.11 കാർബൺ പാദമുദ്ര കുറഞ്ഞ വികസന സമീപനം

കാർബൺ ബന്ധിത ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം പരമാവധി കുറച്ചു കൊണ്ടു വരുന്ന ഒരു ഹരിത വികസന സമീപനമാണ് കാലാവസ്ഥ വ്യതിയാന കാലത്ത് അനുയോജ്യമായിട്ടുള്ളത്. അതിനെ താഴെ പറയും പ്രകാരം സംഗ്രഹിക്കാം.

ഓരോ നഗരത്തിലും കാർബൺ പാദമുദ്രയും, പാരിസ്ഥിതിക പാദമുദ്രയും, ജല പാദമുദ്രയും കുറച്ചു കൊണ്ടു വരുന്ന വികസന സമീപനമാണ് ഘട്ടം ഘട്ടമായി സ്വീകരിക്കേണ്ടത്. അതിനു സഹായകമായ ചില നിർദ്ദേശങ്ങളാണ് താഴെ നൽകുന്നത്.

### 12.2.12 ഫോസിൽ ഇന്ധന ഉപയോഗം കുറയ്ക്കുക

നഗരങ്ങളിൽ ഫോസിൽ ഇന്ധന ഉപയോഗം കുറയ്ക്കുന്നതിനുള്ള ബഹുമുഖ പദ്ധതികൾ ആവിഷ്കരിക്കാം.

### 12.2.13 പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുക

നഗരത്തിലെ കോർ മേഖലകളിൽ പൊതു ഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്തി ഫോസിൽ ഇന്ധന ആശ്രിതത്വം കുറയ്ക്കാം. വാഹനങ്ങൾ നഗരത്തിന്റെ കോർ മേഖലകളിലേയ്ക്ക് വരുന്നത് കുറയ്ക്കാം. ചെയിൻ ബസ് സർവീസുകൾ, ഓട്ടോ-ടാക്സി സംവിധാനങ്ങൾ, വാടകയ്ക്ക് ഇരു ചക്രവാഹന ശൃംഖലകൾ എന്നിവ ശക്തിപ്പെടുത്താം.

### 12.2.14 ബാറ്ററി വാഹനങ്ങളുടെ പ്രോത്സാഹനം

നഗരത്തിൽ ബാറ്ററി വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, റീചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുക.

### 12.2.15 ജൈവ കവചം സ്ഥാപിക്കൽ

നഗര പ്രദേശങ്ങളിൽ കഴിയാവുന്നത്ര ഇടങ്ങളിൽ സൂക്ഷ്മതല ആസൂത്രണത്തിലൂടെ ജൈവ പ്രദേശങ്ങൾ ആക്കുക. റോഡരികുകൾ, സ്ഥാപനങ്ങൾ, പുറമ്പോക്കുകൾ എന്നിവിടങ്ങളിൽ ജി.ഐ.എസ് സംവിധാനങ്ങൾ വഴി രേഖപ്പെടുത്തി അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ വനവത്ക്കരണം നടത്തുക. സ്കൂളുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ ഇടങ്ങൾ എന്നിവിടങ്ങളിൽ പച്ചത്തുരുത്തുകൾ വികസിപ്പിക്കുക. പഴക്കാട് (Fruit forest) പദ്ധതികൾ വ്യാപിപ്പിക്കുക.

### 12.2.16 ഭക്ഷ്യ ദൂരം കുറയ്ക്കുക

അതാത് നഗരത്തിന് അകത്ത് നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പച്ചക്കറികൾ, മത്സ്യം, മാംസം, പഴവർഗങ്ങൾ എന്നിവ പരമാവധി ഉത്പാദിപ്പിക്കുക. ഗ്രീൻ ഹൗസുകൾ, വെർട്ടിക്കൽ ഫാമിംഗ്, ബയോ ഫ്ലാക്ക്, അക്വാപോണിക്സ് മുതലായ സാങ്കേതികവിദ്യകൾ വഴി പരമാവധി ഭക്ഷണ സാധനങ്ങൾ പ്രാദേശികമായി ഉൽപാദിപ്പിക്കുക. ഈ പരിപാടികളെ സുഭിക്ഷ കേരളം, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ബന്ധിപ്പിക്കുക.

നഗരത്തോടു ചേർന്നുള്ള പഞ്ചായത്തുകളുമായി ചേർന്ന് ഭക്ഷ്യ ഉൽപാദന പദ്ധതികൾ സംയോജിതമായി തയ്യാറാക്കുക.

### 12.2.17 ജലാശയ സംരക്ഷണം

നഗരത്തിനകത്തെ പൊതു-സ്വകാര്യ ജലാശയങ്ങൾ, തോടുകൾ എന്നിവ സംരക്ഷിക്കുന്നതിനും, ഇടവേളകളിൽ ശുദ്ധീകരിക്കുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുക. പരമാവധി ജലസംഭരണത്തിനും സുഗമമായ നീരൊഴുക്കിനും ഉള്ള സാധ്യതകൾ തയ്യാറാക്കുക. കിണറുകളുടെ റീചാർജിംഗിന് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് പദ്ധതി തയ്യാറാക്കുക.

### 12.2.18 മാലിന്യ സംസ്കരണം

ഗാർഹിക തലത്തിലും സ്ഥാപന തലത്തിലും ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ പരമാവധി സ്രോതസ്സുകളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അവയെ കമ്പോസ്റ്റ് ആക്കി മാറ്റി വളം നഗര കൃഷിക്ക് ശാസ്ത്രീയമായി ഉപയോഗിക്കുക.

പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം കഴിയുന്നത്ര നിയന്ത്രിക്കുക, അജൈവ മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ഹരിത കർമ്മ സേനകളുടെ പ്രവർത്തനം ഫലപ്രദമാക്കുക.

## 12.2.19 ഹരിത നിർമ്മിതികൾ പ്രോത്സാഹിപ്പിക്കൽ

തദ്ദേശ സ്ഥാപന തലത്തിൽ വീടുകൾ, കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ഹരിത നിർമ്മിതികൾ പ്രോത്സാഹിപ്പിക്കാം. ചെലവു കുറഞ്ഞ നിർമ്മാണ രീതികൾ, മഴവെള്ള സംഭരണം, ടോയ്‌ലറ്റ് ബന്ധിത ബയോഗ്യാസ് പ്ലാന്റുകൾ, കിണർ റീചാർജിങ് സംവിധാനങ്ങൾ, സോളാർ പാനൽ സ്ഥാപിച്ച വീടുകൾ മുതലായവയ്ക്ക് പ്രത്യേകം നികുതിയിളവുകൾ ആലോചിക്കാം. ഭവന നിർമാണത്തിന് അനുമതി അപേക്ഷിക്കുന്നവർക്ക്

പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. പൊളിച്ചു മാറ്റി മറ്റൊരു സ്ഥലത്ത് സ്ഥാപിക്കാവുന്ന ഫ്രീ ഫാബ്രിക്കേറ്റഡ് നിർമാണ രീതികളും പ്രോത്സാഹിപ്പിക്കാം.

### 12.2.20 ഊർജ്ജസംരക്ഷണ ഇടപെടലുകൾ

തെരുവുവിളക്കുകൾ മുഴുവൻ സോളാർ ആക്കൽ, സ്ഥാപനങ്ങൾ സോളാർ ആക്കൽ എന്നിവ ഘട്ടം ഘട്ടമായി നടത്താം. ഊർജ്ജ സ്രോതസ്സിലേക്ക് മാറുന്ന നഗരസഭയാക്കി മാറ്റാം. വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സോളാർ സംവിധാനം വ്യാപകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാം.

ഇതോടൊപ്പം ടോയ്ലെറ്റിൽ ലിങ്ക്ഡ് ബയോഗ്യാസുകൾ വ്യാപിപ്പിക്കൽ, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, എൽ.ഇ.ഡി ബൾബുകളുടെ പ്രോത്സാഹനം, നമ്മുടെ വീടുകളുടെയും സ്ഥാപനങ്ങളോട്ടും ഊർജ്ജ ഓഡിറ്റിംഗ് എന്നിവയ്ക്കായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാം

### 12.2.21 നഗരത്തിന് ഒരു ദുരന്ത നിവാരണ പദ്ധതി

പ്രകൃതിദുരന്തങ്ങൾ വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ ദുരന്തങ്ങളെ നേരിടുന്നതിന് നഗരങ്ങൾക്ക് ഒരു ദുരന്ത നിവാരണ പദ്ധതി ജനകീയമായി തയ്യാറാക്കണം. ഇതിനായുള്ള ഇടപെടലുകൾ 2019–20 കാലഘട്ടത്തിൽ തുടങ്ങിയ വയ്ക്കുകയും എല്ലാ നഗരസഭകളും ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലെ പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ച് ഒരു മികച്ച ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കുക എന്നത് പ്രധാനമാണ്. ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള ഇടപെടലുകൾ, ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുള്ള നടപടികൾ, ദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതൽ നടപടികൾ എന്നിങ്ങനെ മൂന്നു പ്രധാന ഘടകങ്ങൾ ഈ പദ്ധതിയിൽ ഉണ്ടാകണം.

» നഗരസഭയ്ക്ക് അകത്തെ ദുരന്തസാധ്യത കൂടുതലുള്ള പ്രദേശങ്ങൾ (വെള്ളപ്പൊക്ക സാധ്യത, ഉരുൾപൊട്ടൽ, മലയിടിച്ചിൽ സാധ്യത, കടലാക്രമണ സാധ്യത) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഭൂപട സഹായത്തോടെ തിരിച്ചറിഞ്ഞ് അവിടങ്ങളിൽ ആവശ്യമായ പുനരധിവാസ നടപടികൾ സ്വീകരിക്കണം.
» ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ പുനരധിവസിപ്പിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെ മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണം.
» ദുരന്ത ഘട്ടങ്ങളിൽ ഇടപെടാൻ കഴിയുന്ന ദ്രുത കർമസേന സേനകൾ (Rapid Response Team) രൂപീകരിച്ച് അവർക്ക് ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനങ്ങൾ നൽകണം.
» ദുരന്ത ഘട്ടങ്ങളിൽ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം.
» ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനുള്ള ദീർഘകാല നടപടികൾ സ്വീകരിക്കണം. ജലാശയങ്ങളുടെയും, തോടുകളുടെയും സംഭരണശേഷികൾ വർദ്ധിപ്പിക്കൽ, കടൽ നീർ സംരക്ഷണം, പുതിയ ജല സ്രോതസ്സുകൾ ഉണ്ടാകുന്നതിനുള്ള പ്രോത്സാഹനം എന്നിവ അവലംബിക്കണം

### 12.2.22 പുതിയ സമീപനത്തിലേക്ക്

നാം ഇതുവരെ പിന്തുടർന്നു വന്ന ഊർജ്ജ സാന്ദ്രീകൃതവും, വിഭവ സാന്ദ്രീകൃതവുമായ വികസന രീതിയാണ് ഇന്ന് നേരിടുന്ന പ്രകൃതിദുരന്തങ്ങളുടെയും, കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിസ്ഥാന കാരണം എന്ന തിരിച്ചറിവ് പ്രധാനമാണ്. കാർബൺ പാദമുദ്രയും, പാരിസ്ഥിതിക തല പാദമുദ്രകളും കുറയ്ക്കുന്ന കുറഞ്ഞ കാർബൺ പന്ഥാവിലൂടെയുള്ള വികസനം (Low carbon pathing Development) കൊണ്ട് മാത്രമേ കാലാവസ്ഥാ വ്യതിയാനത്തിന് വേഗതയും ആഘാതവും കുറയ്ക്കാനാകൂ.

ഈ ലക്ഷ്യത്തോടെ കാലാവസ്ഥാ വ്യതിയാനത്തിനും ദുരന്തനിവാരണത്തിനും ആയുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനത്തെ മറ്റ് ഗ്രൂപ്പുകളുമായി കണ്ണി ചേർത്തുള്ള ദീർഘകാല കാഴ്ചപ്പാടോടെയുള്ള ഇടപെടലുകളാണ് നഗരസഭകളിൽ ഉണ്ടാകേണ്ടത്.

# 13

# നഗരവികസനത്തിന് ഒരു സമീപനം

## 13.1 എന്താണ് യഥാർത്ഥ വികസനം

മനുഷ്യരുടെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ജോലി, തങ്ങളെ ബാധിക്കുന്ന തീരുമാനങ്ങളിൽ പങ്കെടുക്കാനുള്ള അവകാശം തുടങ്ങി അന്തസ്സോടെ ജീവിക്കാൻ വേണ്ട എല്ലാ കാര്യങ്ങളും ഉറപ്പുവരുത്തുന്ന പ്രക്രിയയാണ് വികസനം എന്ന് പൊതുവായി പറയാം. മനുഷ്യന്റെ അസ്തിത്വം, സുരക്ഷിതത്വം, സ്വാതന്ത്ര്യം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റപ്പെടാനും അവരുടെ എല്ലാ സാദ്ധ്യതകളും പ്രയോജനപ്പെടുത്താനും കഴിയുന്ന പ്രക്രിയയാവണം വികസനം. അത് തുല്യതയോടു കൂടിയ, പങ്കാളിത്തമുള്ള, ചുറ്റുപാടുകളെ സംരക്ഷിച്ചുകൊണ്ടുള്ള വളർച്ചയാണ്. എന്നാൽ സ്വന്തം അടിസ്ഥാനാവകാശങ്ങളെ മനുഷ്യാവകാശങ്ങളായി കണക്കാക്കി കിട്ടാനുള്ള പോരാട്ടത്തിലാണ് 21ാം നൂറ്റാണ്ടിലും സ്ത്രീകൾ. ഒന്നാം വികസന ദശകത്തിനു ശേഷം 1970 കളുടെ തുടക്കത്തിലാണ് സാമ്പത്തിക-സാമൂഹിക ഘടകങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പുതിയ വികസന അവബോധം രൂപപ്പെടുന്നത്. ഇത് വികസനത്തിൽ സ്ത്രീകളുടെ പങ്കിന് പ്രാധാന്യം കൊടുക്കുന്ന വിവിധ സമീപനങ്ങൾ രൂപപ്പെടാൻ കാരണമായി.

## 13.2 ലിംഗപദവിയും വികസനവും (Gender and Development)

ഉത്പാദനവും ജീവന്റെ ഉത്പാദനവും തമ്മിലുള്ള ബന്ധമുൾപ്പെടെ സ്ത്രീ ജീവിതത്തിന്റെ എല്ലാ മേഖലകളെയും കണക്കിലെടുക്കുന്ന സമീപനമാണ് ഇത്.

സ്ത്രീകൾ ചെയ്യുന്ന വീട്ടുജോലികളെ മൂല്യമില്ലാത്തതാക്കുന്ന പൊതു/സ്വകാര്യ വേർതിരിവുകൾ ഈ സമീപനം തള്ളിക്കളയുന്നു. "സ്വകാര്യം" എന്നു കരുതി വിമർശനങ്ങൾക്കതീതമായി നിലനിൽക്കുന്ന കുടുംബത്തിൽ, സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നതിനെയും ഈ സമീപനം വിശകലനം ചെയ്യുന്നു. സമൂഹത്തിലെ സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്താനുള്ള ഉത്തരവാദിത്വം ഭരണകൂടത്തിനുണ്ടെന്ന് ഈ സമീപനം ഓർമ്മിപ്പിക്കുന്നു. വികസനത്തിന്റെ നിശബ്ദ ഗുണഭോക്താക്കളെന്നതിനുപരി സ്ത്രീകൾ സമൂഹത്തിൽ മാറ്റമുണ്ടാക്കാൻ കഴിവുള്ളവരാണെന്നും ലിംഗപദവിയും വികസനവും അഭിപ്രായപ്പെടുന്നു. അതുകൊണ്ടു തന്നെ അവർ സംഘടിക്കേണ്ടതിന്റെ ആവശ്യകതയും ഈ സമീപനം ഊന്നിപ്പറയുന്നു.

മറ്റു രണ്ടു സമീപനങ്ങളെക്കാളും ഒരുപടി കടന്ന് ഈ സമീപനം സാമൂഹിക-സാമ്പത്തിക -രാഷ്ട്രീയഘടനയിൽ നിലനിൽക്കുന്ന ധാരണകളെ ചോദ്യംചെയ്യാൻ തയ്യാറാകുന്നുണ്ട്.

## 13.3 ലിംഗപദവിയുടെയും വികസനത്തിന്റെയും പ്രാധാന്യം

നിലവിലുള്ള സാഹചര്യങ്ങളിൽ വികസനപദ്ധതികൾ തയ്യാറാക്കുമ്പോൾ ആസൂത്രകർ കാണാതെ പോകുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. കുടുംബം എന്നത് ഭാര്യയും ഭർത്താവും ഒന്നോ രണ്ടോ മക്കളും അടങ്ങിയതാണെന്ന മുൻധാരണയാണ് മിക്കവർക്കും. പുരുഷൻ കുടുംബത്തലവൻ എന്ന നിലയിൽ പുറത്ത് വരുമാനം ലഭിക്കുന്ന തൊഴിലിൽ ഏർപ്പെടുന്നുവെന്നും, കുടുംബത്തിനകത്തെ ജോലികളും പ്രത്യുല്പാദന ഉത്തരവാദിത്വങ്ങളും സ്ത്രീകൾ ചെയ്യേണ്ടവയാണെന്നും അവർ വിശ്വസിക്കുന്നു. കുടുംബത്തിനകത്ത് വിഭവങ്ങളുടെ നിയന്ത്രണത്തിലും തീരുമാനമെടുക്കൽ പ്രക്രിയയിലും പുരുഷന്മാർക്കാണ് അധികാരമെന്നും അവർ വിശ്വസിക്കുന്നു. ലിംഗപരമായ തൊഴിൽവിഭജനം സ്വാഭാവികമായി കരുതുകയും വിദ്യാഭ്യാസസ്ഥാപനങ്ങളും മാധ്യമങ്ങളും ഈ വിശ്വാസങ്ങളെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കാനും വിശകലനം ചെയ്യാനും ശ്രമിച്ചാലേ ഈ മുൻവിധികൾ മാറുകയുള്ളു.

## 13.4 ശാക്തീകരണ സമീപനം (Empowerment Approach)

ലിംഗ പദവി വികസന സമീപനത്തിന്റെ അടിത്തറ ശാക്തീകരണ സമീപനമാണ്. അവികസിത രാജ്യങ്ങളിലെ ഫെമിനിസ്റ്റ് പഠനങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ ഉരുത്തിരിഞ്ഞു വന്ന ഒരു സമീപനമായി ഇതിനെ കാണാം. മൂന്നാംലോക രാജ്യങ്ങളിലെ ദേശീയ പ്രസ്ഥാനങ്ങളിൽ നിന്നും തൊഴിലാളിവർഗ്ഗ-കർഷക പോരാട്ടങ്ങളിൽനിന്നും ഉയിർക്കൊണ്ടവയാണിത്. ശാക്തീകരണ സമീപനം സ്ത്രീപുരുഷന്മാർ തമ്മിലുള്ള തുല്യത യില്ലായ്മ തിരിച്ചറിയുകയും സ്ത്രീകളുടെ അടിച്ചമർത്തലിന്റെ ആരംഭം കുടുംബത്തിലാണ് എന്ന് അംഗീകരിക്കുകയും ചെയ്യുന്നു. അവരുടെ വംശം, വർഗ്ഗം, ജാതി, രാജ്യങ്ങളുടെ ചരിത്രം, സാർവ്വദേശീയ സമ്പദ് വ്യവസ്ഥയിലെ സ്ഥാനം തുടങ്ങിയ ഘടകങ്ങൾക്കനുസരിച്ച് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും വ്യത്യസ്തങ്ങളായിരിക്കും എന്ന് ഇവർ പറയുന്നു.

അധികാരവും വികസനവും തമ്മിലുള്ള പരസ്പരബന്ധത്തെ ശാക്തീകരണ സമീപനം ചോദ്യംചെയ്യുന്നു. സ്ത്രീകളുടെ ശക്തി വർദ്ധിക്കേണ്ടതുണ്ടെങ്കിലും, അത് മറ്റുള്ളവരുടെമേൽ മേധാവിത്വം ചെലുത്തിയിട്ടില്ല, മറിച്ച് സ്ത്രീകളുടെ സ്വാശ്രയത്വവും ആന്തരികശക്തിയും വർദ്ധിപ്പിച്ചിട്ടാണ് എന്നതാണ് ഈ സമീപനത്തിന്റെ കാതൽ ഭൗതികവും ഭൗതികേ തരവുമായ വിഭവങ്ങളുടെമേൽ നിയന്ത്രണം കൈവരിക്കുന്നതിലൂടെ മാറ്റത്തിന്റെ ഗതിയെ സ്വാധീനിക്കാനും ജീവിതത്തിലെ പ്രധാന കാര്യങ്ങൾ തിരഞ്ഞെടുക്കാനും ഉള്ള അവകാശമായി ഇതിനെ കണക്കാക്കുന്നു. സമൂഹത്തിനുള്ളിലും സമൂഹങ്ങൾ തമ്മിലും ഉള്ള അധികാര പുനർക്രമീകരണം വഴി സ്ത്രീകളെ ശക്തിപ്പെടുത്താൻ കഴിയുമെന്ന് ഈ സമീപനത്തിന്റെ വക്താക്കൾ കരുതുന്നു.

**ശാക്തീകരണ സമീപനം- സവിശേഷതകൾ:-**

- അടിച്ചമർത്തലുകളെ ചോദ്യംചെയ്യാനുള്ള കഴിവ്
- ചലനസ്വാതന്ത്ര്യം

» ആത്മവിശ്വാസം
» കൂട്ടായ പ്രവർത്തനം.
» സ്ത്രീകളുടെ അവസ്ഥ പദവി മെച്ചപ്പെട്ടാൽ പോര, പദവിയിലും വ്യത്യാസം ഉണ്ടാവണം
» സ്വത്തവകാശം.
» രാഷ്ട്രീയ പ്രക്രിയകളിൽ പങ്കാളിത്തം
» വീട്ടുജോലി, ശിശുപരിചരണം എന്നിവയിൽ പുരുഷ പങ്കാളിത്തം.

## 13.5 ലിംഗവിവേചനം (Gender Discrimination)

പൂർണമായ മനുഷ്യാവകാശങ്ങൾ അനുഭവിക്കുന്നവരിൽ നിന്നും ഒരു വ്യക്തിയെ തടയുന്ന ലിംഗാടിസ്ഥാനത്തിലുള്ള വിവേചനങ്ങളാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. സ്ത്രീയായതുകൊണ്ട് ചില ജോലികൾക്ക് അപേക്ഷിക്കാൻ പാടില്ല, ചില സ്ഥലങ്ങളിൽ പോകാൻ പാടില്ല മുതലായവ ഉദാഹരണങ്ങളാണ്. ലിംഗപദവി വിവേചനങ്ങൾ പലപ്പോഴും സൂക്ഷ്മവും പരോക്ഷവുമായിരിക്കും. കുറഞ്ഞ ലിംഗാനുപാതവും, പെൺഭ്രൂണഹത്യയും പെൺശിശുഹത്യയും തുല്യജോലിക്ക് തുല്യവേതനം ലഭിക്കാത്തതും അസമയങ്ങളിലും അന്യദേശങ്ങളിലേക്കുള്ള സഞ്ചാര വിലക്കും, വേതനമില്ലാത്ത തൊഴിലുകളും തുടങ്ങി, ഉയർന്ന സ്ഥാനമാനങ്ങളിലും തീരുമാനമെടുക്കുന്ന സഭകളിലും സ്ത്രീകളുടെ കടന്നുവരവിനെ തടയിടുന്ന ഗ്ലാസ്സ് സീലിംഗുകളും എല്ലാം ലിംഗ വിവേചനത്തിന് ഉദാഹരണങ്ങളാണ്. LGBTIQA+ മനുഷ്യരെ അദൃശ്യമാക്കുന്ന തരത്തിൽ പോലും ക്രൂരമായി ലിംഗവിവേചനം സമൂഹത്തിൽ നിലനിൽക്കുന്നു.

കേരളത്തിൽ മാത്രമല്ല ലോകത്തിന്റെ ഭൂരിഭാഗം ഇടങ്ങളിലും നില നിൽക്കുന്ന പിതൃമേധാവിത്ത സാമൂഹ്യ വ്യവസ്ഥയാണ് ലിംഗ വിവേചനത്തിനു അടിസ്ഥാനപരമായ കാരണം.

## 13.6 പിതൃമേധാവിത്ത വ്യവസ്ഥ (Patriachy)

സ്ത്രീകളുടെ തൊഴിൽ, ലൈംഗികത, പ്രത്യുത്പാദനം, ചലനാത്മകത, സമയം തുടങ്ങിയ അവരുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളുടെമേലും പുരുഷനുള്ള നിയന്ത്രണമാണ് പിതൃമേധാവിത്ത വ്യവസ്ഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അധികാരമുപയോഗിച്ച് നിയന്ത്രിക്കാനായി സമൂഹം നിർമ്മിച്ച ഒരു വ്യവസ്ഥയാണിത്. മാത്രമല്ല, ജാതി, മതം, സമൂഹം, വർഗ്ഗം, വംശം, ദേശം, ഭിന്നലൈംഗികത (Hetero sexuality), കഴിവ്/വൈകല്യം തുടങ്ങി മേൽക്കോയ്മ നിലനിൽക്കുന്ന മറ്റ് വ്യവസ്ഥകളുമായും ഇത് ബന്ധപ്പെട്ടിരിക്കുന്നു.

സ്ത്രീയെക്കാൾ ഉയർന്നതായി പുരുഷനെ കരുതുന്ന ഒരു സാമൂഹിക വ്യവസ്ഥയാണ്. ഇതിൽ, പുരുഷന് വിഭവങ്ങളിലും തീരുമാനമെടുക്കലിലും പൂർണ്ണനിയന്ത്രണമുണ്ട്. ഇത് ചരിത്രപരമായ നിർമ്മിതിയാണ്. അതിന്റെ ഉള്ളടക്കവും ഘടനയും വ്യാപ്തിയുമെല്ലാം സാഹചര്യത്തിനും കാലത്തിനുമനുസരിച്ച് മാറുന്നു.

എല്ലാ സാമൂഹിക വ്യവസ്ഥകളെയും പോലെ ആണധികാര വ്യവസ്ഥയ്ക്കും ഒരു പ്രത്യയ ശാസ്ത്രവും ഘടനയുമുണ്ട്. ഇവ പുരുഷനെ കുടുംബത്തിന്റെ തലവനും, കുടുംബപ്പേരിന്റെയും സ്വത്തിന്റെയും അവകാശിയുമാക്കുന്നു.

## 13.7 ജെൻഡർ, അനുബന്ധ ആശയങ്ങൾ

ഐക്യരാഷ്ട്രസഭ, ലോകബാങ്ക്, വിവിധ സർക്കാരുകൾ തുടങ്ങി അന്തർദ്ദേശീയ, പ്രാദേശികതലങ്ങൾ വരെ ഇപ്പോൾ സാധാരണയായി ജെൻഡർ ലിംഗനീതി, ലിംഗസമത്വം, ശാക്തീകരണം തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. ജനാധിപത്യപരവും ഫലപ്രദവുമായ, എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തിയുള്ള ഒരു ഭരണസംവിധാനത്തിന് ലിംഗനീതി പരിഗണന ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്.

എന്നാൽ മേൽപറഞ്ഞ വാക്കുകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ടെങ്കിലും അവയുടെ അർത്ഥം എല്ലാവരും ഒരേ പോലെയല്ല മനസ്സിലാക്കുന്നത്. പലപ്പോഴും 'സ്ത്രീ' എന്നതിന് പകരമായി ജെൻഡർ ഉപയോഗിക്കപ്പെടുന്നുണ്ട്; 'ജെൻഡർ' എന്ന പ്രയോഗത്തിന്റെ അർത്ഥതലങ്ങൾ അതിലും വ്യാപ്തിയും ആഴവും ഉള്ളതുമാണ്.

## 13.8 ലിംഗ വ്യത്യാസം (Sex)

ലിംഗവ്യത്യാസം ജൈവപരമാണ് (biological). മറ്റ് ഏകലിംഗജീവികളെ പോലെ മനുഷ്യനിലും സ്ത്രീപുരുഷന്മാർ തമ്മിലുള്ള ശാരീരിക വ്യത്യാസങ്ങളെ ഇത് സൂചിപ്പിക്കുന്നു (male, female, intersex). ഇത് ജന്മനാ ഉള്ളതും മാറ്റാൻ ബുദ്ധിമുട്ടുള്ളതുമാണ്.

ഇന്റർ സെക്സ് (Intersex): ലൈംഗിക-പ്രത്യുൽപാദന അവയവങ്ങൾ പൂർണമായും സ്ത്രീയുടെയോ പുരുഷന്റെയോ അല്ലാത്തതായോ, അവ രണ്ടും ചേർന്നതോ, വ്യത്യസ്തങ്ങളായ ക്രോമസോം ഉള്ളവരോ ആയി ജനിച്ചവരാണ് ഇന്റർസെക്സ്. ഇവരുടെ ലൈംഗിക ചായിവ്, ലിംഗസ്വത്വം എന്നിവ പ്രായപൂർത്തിയാകുന്നതോടെ മാത്രമേ അറിയാനായി സാധിക്കുകയുള്ളൂ.

## 13.9 ലിംഗപദവി (Gender)

ലിംഗപദവി എന്നത് സാമൂഹികമായും സാംസ്കാരികമായും നിർമ്മിക്കപ്പെടുന്നതാണ് (social and cultural construction). ഒരു പ്രത്യേക സമൂഹത്തിലോ, ചരിത്രഘട്ടത്തിലോ സാംസ്കാരിക സാഹചര്യത്തിലോ ഒരു സ്ത്രീയോ പുരുഷനോ ആയിരിക്കുന്നതിന് സാമൂഹികമായി നിലനിൽക്കുന്ന അർത്ഥമാണ് ലിംഗപദവി. ഇത് എല്ലാകാലത്തും എല്ലായിടത്തും ഒരു പോലെയല്ല.

ലിംഗപദവി ബന്ധങ്ങൾ സാമൂഹികമാണ്, അവ അധികാര ബന്ധങ്ങളുമാണ്. സ്ത്രീ പുരുഷന്മാർക്ക് ഓരോ കാലഘട്ടത്തിലും സ്ഥലങ്ങളിലും ലഭിക്കുന്ന അധികാരത്തിന്റെ തോത് അനുസരിച്ച് ലിംഗപദവി ബന്ധങ്ങളിലും വ്യത്യാസ്തങ്ങളുണ്ടാവും.

ട്രാൻസ്ജെൻഡർ (Transgender)-ജന്മനായുള്ള ശാരീരിക ലിംഗവും മാനസികമായ ലിംഗത്വവും തമ്മിൽ വളരെയധികം വ്യത്യാസം അനുഭവപ്പെടുന്ന ന്യൂനപക്ഷ വിഭാഗമാണ് ട്രാൻസ്ജെൻഡർ വ്യക്തികൾ. ആണായി ജനിച്ച് പെണ്ണായി മാറാൻ ആഗ്രഹിക്കുന്നവരും പെണ്ണായി ജനിച്ച് ആണായി മാറാൻ ആഗ്രഹിക്കുന്നവരും ആൺ പെൺ ദ്വന്ദ്വത്തിലൊതുങ്ങാത്തവരും എല്ലാം ഇതിന്റെ ഉപവിഭാഗങ്ങളാണ്. ചില ട്രാൻസ്ജെൻഡർ വ്യക്തികൾ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെയും തന്റെ ശാരീരികമായ ലിംഗാവസ്ഥയെ മാനസികമായ ലിംഗത്വത്തിന് അനുരൂപമാക്കി അവ തമ്മിലുള്ള പൊരുത്തക്കേടിനെ പരിഹരിക്കാറുണ്ട്.

## 13.10 എൽ.ജി.ബി.ടി.ഐ.ക്യൂ.എ+ (LGBTIQA+)

ലിംഗ–ലൈംഗിക ന്യൂനപക്ഷങ്ങളെ ഒന്നായി സൂചിപ്പിക്കാനായി ഉപയോഗിക്കുന്ന ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ, ഇന്റർ സെക്സ്, ക്വിയർ, അസെക്ഷ്വൽ എന്നതിന്റെ ചുരുക്കപ്പേരാണ് എൽ.ജി.ബി.ടി.ഐ.ക്യൂ.എ.+. ഈ ചുരുക്കപ്പേരുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല ലൈംഗിക സ്വത്വം. അതൊരു 'umbrella term' ആണ്. അതു കൊണ്ടാണ് പ്ലസ് എന്ന ചിഹ്നം ഉപയോഗിച്ചു വരുന്നത്.

## 13.11 ജെൻഡർ റോളുകൾ (Gender Roles)

സമൂഹത്തിൽ ആണോ പെണ്ണോ ആയി ജനിക്കുന്ന ഓരോ വ്യക്തിയിൽ നിന്നും, സമൂഹം ഒരു സ്ത്രീക്ക്, പുരുഷന് ആ സമൂഹത്തിന് ഉചിതമെന്ന് തോന്നുന്ന കുറേ സ്വഭാവവിശേഷങ്ങളും ചുമതലകളും പ്രതീക്ഷകളും ഉത്തരവാദിത്വങ്ങളും അടിച്ചേൽപ്പിക്കുന്നു. ഇതിനെയാണ് ജെൻഡർ റോളുകൾ എന്ന് പറയുന്നത്. ഇത് പലപ്പോഴും വ്യക്തിയുടെ സവിശേഷമായ സ്വത്വത്തിനോ കഴിവുകൾക്കോ നൈപുണികൾക്കോ അടിസ്ഥാനം ആകണമെന്നില്ല.

## 13.12 ലിംഗപദവി വാർപ്പ്മാതൃകകൾ (Gender Stereotypes)

സ്ത്രീകൾ, പുരുഷന്മാർ, ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവരെക്കുറിച്ച് മുൻവിധിയിൽ അധിഷ്ഠിതമായ വാർപ്പ് മാതൃകകളാണ് ലിംഗപദവി വാർപ്പു മാതൃകകൾ. സമൂഹത്തിൽ രൂഢമൂലമായി നിലനിൽക്കുന്ന വിശ്വാസങ്ങളുടെ ഭാഗമായി ഇത്തരം കൽപ്പനകൾ വളരെ സ്വാഭാവികമായി തന്നെ തോന്നിയേക്കും. ഏതാനും ചില മനുഷ്യരുടെ സവിശേഷതകളേയോ ന്യൂനതകളെയോ പർവ്വതീകരിച്ചോ വക്രീകരിച്ചോ ചിത്രീകരിച്ചുകൊണ്ട് അത് ആ സമൂഹത്തിന്റെ തന്നെ പ്രത്യേകതയായി അവതരിപ്പിക്കുന്നു. അയഥാർത്ഥമോ അർത്ഥസത്യത്തിലൊ അധിഷ്ഠിതമായ ഇത്തരം മുൻവിധികൾ ലിംഗവിവേചനത്തിന് കാരണമാകും. മാധ്യമങ്ങളും പരസ്യങ്ങളും ഇത്തരം വാർപ്പ് മാതൃകകളെ പ്രബലമാക്കുവാൻ പ്രധാന പങ്കുവഹിക്കുന്നു.

## 13.13 ലിംഗസമത്വം (Gender Equality)

നിയമങ്ങളിലും, നയങ്ങളിലും, പരിപാടികളിലും ലിംഗഭേദമില്ലാതെ എല്ലാ മനുഷ്യരേയും ഒരേ പോലെ വീക്ഷിക്കുക, എല്ലാവർക്കും തുല്യപരിഗണനയും അവസരങ്ങളും ലഭിക്കുക, കുടുംബത്തിലെയും സമൂഹത്തിലെയും വിഭവങ്ങളിലും സേവനങ്ങളിലും തുല്യപ്രാപ്യതയും നിയന്ത്രണവും ഉണ്ടാവുക എന്നൊക്കെയാണ് ലിംഗസമത്വം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ലിംഗസമത്വം പ്രധാനപ്പെട്ട ഒരു മനുഷ്യാവകാശമാണ്.

## 13.14 ലിംഗനീതിയും സന്തുലനവും (Gender Equity and Justice)

മനുഷ്യരുടെ ഇടയിൽ ഉള്ള വ്യത്യസ്തതയെ അംഗീകരിക്കുകയും, പരിഗണിക്കുകയും ചെയ്തു കൊണ്ട് ഉത്തരവാദിത്വങ്ങളുടെയും നേട്ടങ്ങളുടെയും കാര്യത്തിൽ നടക്കേണ്ട നീതിപൂർവ്വമായ വിതരണമാണ് ലിംഗനീതി കൊണ്ട് അർത്ഥമാക്കുന്നത്. എല്ലാവരേയും ഒരുപോലെ പരിഗണിക്കുക എന്നതല്ല മറിച്ച് ഓരോരുത്തരുടെയും പ്രത്യേകതകൾ തിരിച്ചറിഞ്ഞ് നിലനിൽക്കുന്ന തുല്യതയില്ലായ്മ ഇല്ലാതാക്കാൻ അവർക്ക് ആവശ്യത്തിനനുസരിച്ചുള്ള പ്രത്യേക ഇടപെടലുകളും പിന്തുണയും നൽകലാണ് ലിംഗനീതി. ബസ്സുകളിലെ സീറ്റ്

സംവരണം മുതൽ പ്രാദേശിക സർക്കാരിലേക്കുള്ള വനിതാ സംവരണവും പെൺകുട്ടികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും ഇത്തരത്തിലുള്ള ഇടപെടലിന്റെ ഭാഗമാണ്.

അവസര സമത്വവും വിഭവങ്ങളുടെ മേൽ തുല്യമായ പ്രാപ്യതയും എല്ലാവർക്കും ലഭിക്കണമെങ്കിൽ സാമൂഹിക-സാംസ്കാരിക നിയമങ്ങളിലും ശ്രേണിബന്ധങ്ങളിലും മാറ്റം ഉണ്ടാവണം. ഇത് നടക്കണമെങ്കിൽ പലപ്പോഴും സാമൂഹ്യ ഘടനയിൽ സമൂലമായ അഴിച്ചുപണി തന്നെ വേണ്ടിവരും.

## 13.15 ലിംഗപദവി തൊഴിൽവിഭജനം

ഒരു വ്യക്തിയുടെ കഴിവുകൾക്കും താല്പര്യങ്ങൾക്കും ഉപരി ആ വ്യക്തിയുടെ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ ഏതു ജോലിയാണ് നിർവ്വഹിക്കുന്നത്, എവിടെ? എപ്പോൾ? ജോലിയുടെ കരാർ എന്താണ്? (Terms of Exchange) ഉപരി വേതനമാണോ, സംരക്ഷണമാണോ, കടമയാണോ തുടങ്ങിയവയൊക്കെ തീരുമാനിക്കുന്ന ശ്രേണിപരമായ സമ്പ്രദായമാണ് ലിംഗപദവി സംബന്ധമായ തൊഴിൽവിഭജനം (Gender Division of Labour, GDOL), സംസ്കാരം, ജാതി, വർഗ്ഗം, പ്രായം, രാജ്യങ്ങൾ തുടങ്ങിയവ അനുസരിച്ച് ഇതിന് മാറ്റങ്ങളുണ്ടാകാം.

## 13.16 ജൈവപരമായ തൊഴിൽവിഭജനം

ഗർഭധാരണം, പ്രസവം, മുലയൂട്ടൽ തുടങ്ങി ശാരീരിക ഘടന കൊണ്ടും ജീവശാസ്ത്ര പരമായ പ്രത്യേകത കൊണ്ടും ചെയ്യേണ്ട ജോലികൾ ജൈവപരമായ തൊഴിൽവിഭജനത്തിൽപ്പെടുന്നു. ജൈവപരമായ തൊഴിൽവിഭജനത്തിന് സംസ്കാരവും ജാതിയും വർഗ്ഗവും രാജ്യവും ഒന്നുമനുസരിച്ച് വ്യത്യാസങ്ങളുണ്ടാകുന്നില്ല.

## 13.17 ലിംഗപദവി തൊഴിൽ വിഭജനത്തിന്റെ പരിണതഫലങ്ങൾ

- സ്ത്രീകൾ ചെയ്യുന്ന ജോലികൾക്ക് കുറഞ്ഞ മൂല്യം.
- സ്ത്രീകൾക്കു തുല്യമായ അധ്വാനവിഹിതം നൽകുന്നുണ്ടെങ്കിലും വരുമാനത്തിന്മേൽ നേരിട്ട് പ്രാപ്യതയില്ല.
- സാമ്പത്തിക, രാഷ്ട്രീയ തലങ്ങളിൽ വളരാൻ, വളരെക്കുറച്ച് സമയമേ ലഭിക്കുന്നുള്ളൂ.
- കഠിനമായ ജോലിഭാരം സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.
- സ്ത്രീകളുടെയും മറ്റു കുടുംബാംഗങ്ങളുടെയും ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുന്നു.
- പദ്ധതികളുടെ/പരിപാടികളുടെ കാര്യക്ഷമതയേയും ഫലപ്രാപ്തിയേയും പ്രതികൂലമായി ബാധിച്ചേക്കാം.
- ലിംഗപദവി നിയതമായ (gender specific) തൊഴിൽജന്യരോഗങ്ങൾ.
- ലംബമായ വിവേചനം: പല തലങ്ങളിൽ ജെൻഡർ, ജാതി, വർഗ്ഗം ഇവയനുസരിച്ചുള്ള വേതനമുള്ള ജോലികൾ

## 13.18 വേതനമില്ലാത്ത ജോലികളുടെ ലിംഗപരമായ വിഭജനം

- വീട്ടുജോലി

» ശിശുപരിരക്ഷ
» കുടുംബാംഗങ്ങളുടെയും സന്ദർശകരുടെയും ശുശ്രൂഷ/പരിരക്ഷ
» സാംസ്കാരികവും വൈകാരികവും ലൈംഗികവുമായ പണികൾ
» കുടുംബത്തിന്റെ അതിജീവനത്തിനുവേണ്ടി ചെയ്യുന്ന ജോലികൾ (unpaid family enterprise tasks)
» ജെൻഡർ, ജാതി, വർഗ്ഗം ഇവയനുസരിച്ചുള്ള വേതനമില്ലാത്ത ജോലികൾ
» വേതനമുള്ള ജോലികളുടെ ലിംഗപരമായ വിഭജനം
» തിരശ്ചീനമായ വിവേചനം: വിഭാഗങ്ങൾ, തൊഴിലുകൾ (tasks), തൊഴിലിന്റെ സ്വഭാവം

## 13.19 ലിംഗപദവി മുഖ്യധാരാവൽക്കരണം

നിലവിലുള്ള അധികാര കേന്ദ്രീകരണം മാറ്റി തീർക്കാനും വികസനപ്രക്രിയയുടെ എല്ലാഘട്ടങ്ങളിലും പരിപാടികളിലും നയങ്ങളിലും നിലനിൽക്കുന്ന ലിംഗപദവി വ്യത്യാസങ്ങളെ തിരിച്ചറിഞ്ഞ് ഇവയിലെല്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങൾക്കും തുല്യപ്രാപ്യതയും നിയന്ത്രണവും ഉറപ്പുവരുത്താനുമുള്ള പ്രക്രിയയാണ് ലിംഗപദവി മുഖ്യധാരാവൽക്കരണം.

ജനങ്ങൾക്ക് നീതിയും ക്ഷേമവും ഉറപ്പാക്കാനും അശരണരും പുറന്തള്ളപ്പെട്ടവരും ആയ ജനവിഭാഗങ്ങളുടെ ശബ്ദങ്ങൾ കേൾക്കാനും ആവശ്യങ്ങൾ അംഗീകരിക്കാനും അവ നിവർത്തിക്കാനും കൈക്കൊള്ളുന്ന എല്ലാ നടപടികളും മുഖ്യധാരാവൽക്കരണത്തിൽപ്പെടും. സ്ത്രീകളിൽ തന്നെ പാർശ്വവൽക്കരിക്കപ്പെട്ടവരും, ഇരുളിൽ നിന്ന് ദൃശ്യതയിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്ന ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളും നേരിടുന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ പ്രശ്നങ്ങളായി ഉൾക്കൊള്ളാനും അവ പരിഹരിക്കാനും പൊതുസമൂഹത്തെ പ്രാപ്തരാക്കുന്ന ഉത്തരവാദിത്വവും ലിംഗപദവി മുഖ്യധാരാവൽക്കരണത്തിന്റെ ഭാഗമാണ്.

## 13.20 ലിംഗപദവി സംവേദനക്ഷമത (Gender Sensitivity)

ലിംഗവിവേചനങ്ങളെയും പ്രശ്നങ്ങളെയും കുറിച്ചുള്ള വിമർശനപരവും വിശകലനാത്മകവുമായ അവബോധമാണ് ലിംഗപദവി സംവേദനക്ഷമത. നിരന്തരമായ പുനർപഠനവും അപപഠനവും (Un learning) അതിനാവശ്യമാണ്. സ്ത്രീകളും പുരുഷന്മാരും മറ്റ് ലിംഗ-ലൈംഗിക വിഭാഗങ്ങളും നിർവഹിക്കുന്ന റോളുകളും ചുമതലകളും എങ്ങനെയാണ് സാമൂഹികമായി നിർമ്മിക്കപ്പെടുന്നത് എന്നും ഇവ എങ്ങനെ സാമൂഹികബന്ധങ്ങളെ സ്വാധീനിക്കുന്നു എന്നുമുള്ള തിരിച്ചറിവും ഇതിന്റെ ഭാഗമാണ്. ലിംഗപദവി വീക്ഷണത്തിലൂടെയുള്ള ആസൂത്രണത്തിൽ പങ്കാളികളാകുന്നവർ ലിംഗപദവി സംവേദന ക്ഷമതയുള്ളവരും ഈ മേഖലയിൽ ശരിയായ കാഴ്ചപ്പാടും വൈദഗ്ധ്യവും ഉള്ളവരുമായിരിക്കണം. ഈ സാമൂഹിക രാഷ്ട്രീയ പ്രക്രിയയിൽ പങ്കാളികളാകുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെയും ഉന്നത ഉദ്യോഗസ്ഥരുടേയും മനോഭാവവും ലിംഗപദവി സംവേദന ക്ഷമതയും ലിംഗസമത്വവും ലിംഗനീതിയും ഉറപ്പുവരുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നു.

## 13.21 ലിംഗപദവി വീക്ഷണം (Gender Perspective)

പുരുഷാധിപത്യപരവും ഭിന്നവർഗ്ഗലൈംഗികതയെ സാധാരണവുമായി കാണുന്ന

(heteronormative) ഒരു സമൂഹത്തിൽ വ്യക്തികൾ കാര്യങ്ങൾ എങ്ങനെ കാണണം എന്നുള്ളത് മുൻകൂട്ടി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള കാഴ്ചകൾ ലിംഗപദവിയെയും അധികാരബന്ധങ്ങളെയും കണക്കിലെടുക്കാത്ത തരത്തിലുള്ളതാണ്. ഈ മങ്ങിയ കാഴ്ച തെളിവോടെ കാണണമെങ്കിൽ വ്യക്തികൾ ലിംഗപദവി സംവേദന ക്ഷമതയുള്ള ഒരു ജെൻഡർ ലെൻസ് (Gender Lens) സ്വായത്തമാക്കേണ്ടതുണ്ട്. ഒരേ സമൂഹത്തിൽ ആയിരിക്കുമ്പോഴും സ്ത്രീകളും പുരുഷന്മാരും ലിംഗ-ലൈംഗികന്യൂനപക്ഷങ്ങളും വ്യത്യസ്തങ്ങളായ ജീവിതമാണ് നയിക്കുന്നത്. അവരുടെ പ്രതീക്ഷകളും വെല്ലുവിളികളും വ്യത്യസ്തമായിരിക്കും, പരോക്ഷവും കാണാൻ കഴിയാത്തതുമായ ലിംഗപദവി വ്യത്യാസങ്ങളെ ഒരു പോലെ വീക്ഷിക്കുമ്പോൾ അല്ലെങ്കിൽ ഒരേ മാനദണ്ഡത്തിൽ അളക്കുമ്പോൾ മറ്റുപല കാഴ്ചകളും കണ്ണിൽപെടാതെ പോകും. ലിംഗപദവി വീക്ഷണം മുഖ്യമായും പദവിയിലും അധികാരത്തിലുമുള്ള വ്യത്യാസങ്ങളെ വിമർശനാത്മകമായി കാണുന്നു. ലിംഗാധിഷ്ഠിതവിവേചനം എങ്ങനെ സ്ത്രീകളെയും പുരുഷന്മാരെയും ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളെയും വ്യത്യസ്തമായി ബാധിക്കുന്നു എന്നും അവരുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങളും ആവശ്യങ്ങളും എങ്ങനെ നയരൂപീകരണത്തിലും വികസനപ്രക്രിയുടെ വിവിധ ഘട്ടങ്ങളിലും ഉൾപ്പെടുത്താനാവുമെന്നും അതുവഴി തുല്യതയും തുല്യനീതിയും ഉറപ്പുവരുത്താനും ലിംഗപദവി വീക്ഷണം സഹായിക്കുന്നു.

## 13.22 ലിംഗപദവി ബജറ്റിംഗ് (ജെന്റർ ബജറ്റിംഗ്)

വികസന പ്രക്രിയയിൽ സ്ത്രീ പുരുഷവിവേചനം കുറച്ചുകൊണ്ട് വരാനും അത് വഴി സ്ത്രീകളുടെ ലിംഗപദവി ഉയർത്തിക്കൊണ്ട് വരാനുള്ള നടപടികൾ സ്വീകരിക്കാനും ലഭ്യമായിട്ടുള്ള ഏറ്റവും ഫലപ്രദമായ സാമഗ്രികളിലൊന്നാണ് ബജറ്റ്. സമ്പന്നരും ദരിദ്രരും തമ്മിൽ എന്ന പോലെ തന്നെ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സാമ്പത്തിക അസമത്വം കുറച്ചു കൊണ്ട് വരുന്നതിന് ബജറ്റിംഗ് ഏറെ സഹായിക്കും. അതു കൊണ്ട് തന്നെ ബജറ്റ് സംബന്ധിച്ച നയരൂപീകരണ വേളയിൽ സമ്പദ് വ്യവസ്ഥയിലെന്ന പോലെ സിവിൽ സൊസൈറ്റിയിലും നിലനിൽക്കുന്ന ലിംഗസംബന്ധിയായ സജീവതയെയും ഊർജ്ജസ്വലതയെയും പരിഗണിക്കേണ്ടതുണ്ട്.

ജെൻഡർ ബജറ്റ് എന്ന പദം സ്ത്രീകൾക്ക് മാത്രമുള്ള പ്രത്യേക ബജറ്റ് എന്നല്ല അർത്ഥമാക്കുന്നത് പ്രത്യുത ബജറ്റിനുള്ളിൽ ജെൻഡർ പരിപ്രേക്ഷ്യം ഉൾച്ചേർക്കാനുള്ള നിയതമായ രീതിസമ്പ്രദായം സ്വീകരിക്കുക എന്നതാണ്. അങ്ങനെ ബജറ്റിംഗിലെ പരമ്പരാഗത സങ്കല്പങ്ങളെ മറികടക്കാനാകും. വീടിനുള്ളിലെ സ്ത്രീകളുടെ കൂലിയില്ലാ പണിയുടെ പാരിസ്ഥിതിക പ്രാധാന്യവും മെച്ചപ്പെട്ട ലിംഗസമത്വം ലക്ഷ്യമാക്കിയുള്ള പൊതുനിക്ഷേപത്തിന്റെ ആവശ്യകതയും ഇത് തിരിച്ചറിയുന്നു. ആയതിനാൽ വികസന ആസൂത്രണം, ധനവിനിയോഗം, പദ്ധതി നടപ്പാക്കൽ, വിലയിരുത്തൽ എന്നീ അവസര ങ്ങളിൽ സ്ത്രീതാൽപര്യങ്ങൾ മറികടക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നുറപ്പാക്കാനുള്ള ഉപകരണമായി ജെൻഡർ റെസ്പോൺസീവ് ബജറ്റിംഗ് വർത്തിക്കുകയും അതിലൂടെ ലിംഗപരമായ അസമത്വങ്ങളെ അഡ്രസ്സ് ചെയ്യാൻ സാധിക്കുകയും ചെയ്യുന്നു.

### 13.22.1 ലിംഗപദവി ബജറ്റിംഗ് എന്തിന്?

സ്ത്രീശാക്തീകരണത്തിനും സർക്കാരുകളുടെ സാമൂഹികവും സാമ്പത്തികവുമായ മുൻഗണനകളിൽ ലിംഗനീതി പ്രതിഫലിപ്പിക്കുന്നതിനും നയരൂപീകരണവും പ്രഖ്യാപനവും ലിംഗപദവി തുല്യതക്ക് അനുകൂലമാക്കുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ബജറ്റിന്റെ ഓരോ

ഘട്ടത്തിലും സുതാര്യത, പങ്കാളിത്തം, സാമൂഹ്യനീതി, അക്കൗണ്ടബിലിറ്റി മുതലായവ ഉറപ്പ് വരുത്താൻ.

### 13.22.2 എങ്ങനെ നടപ്പിലാക്കും

എന്താണ് നിലവിലെ ഏറ്റവും പിന്നോക്കാവസ്ഥ എന്ന് കണ്ടെത്തണം വിശദമായ പഠനം വേണം പിന്നോക്കം നിൽക്കുന്നത് ആര്?എന്ത്?എവിടെ എന്നതിനെ സംബന്ധിച്ച് വ്യക്തത വേണം ഡാറ്റയുടെ അടിസ്ഥാനത്തിൽ എന്താണ് പ്രശ്നം എന്ന് ആലോചിക്കണം, പിന്നോക്കം നിൽക്കുന്നവരിൽ പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ എന്ത് എന്ന് ആലോചിക്കണം. (വിധവ, വയോജനം, പട്ടികജാതി/വർഗ്ഗം, ഭിന്നശേഷി)പങ്കാളിത്തപരമായിരിക്കണം, പണം ഉപയോഗിച്ച് ചെയ്യാനുള്ളവയും പണം ഇല്ലാതെ ചെയ്യാൻ പറ്റുന്നവയും പ്രത്യേകമായി കാണണം, സമൂഹത്തിന്റെ മൊത്തം വികസനത്തെപ്പറ്റിയും അതിനകത്തെ മുഴുവൻ ലിംഗവിഭാഗങ്ങളെയും കുറിച്ചും ചിന്തിക്കണം. ഓരോ ദുർബല വിഭാഗത്തെപ്പറ്റിയും ആലോചിക്കണം അതോടൊപ്പം അതിനകത്തെ സ്ത്രീകളെപ്പറ്റിയും ചിന്തിക്കണം.

## 13.23 ലിംഗപദവി ആസൂത്രണം

ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ ജെൻഡർ പരിഗണനകൾ എങ്ങിനെ ഉൾച്ചേർക്കാം എന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. സ്ത്രീപുരുഷ അധികാരബന്ധങ്ങളെക്കുറിച്ചും ഇത് സമൂഹത്തിന്റെ വിവിധ സ്ഥാപനങ്ങളിൽ എങ്ങിനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചും വ്യക്തമായ അറിവ് ഉണ്ടെങ്കിൽ മാത്രമേ, ഇപ്രകാരമൊരു ഉൾച്ചേർക്കൽ സാധ്യമാവൂ.

സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും സ്ത്രീകളുടെയും പ്രശ്നങ്ങളാണ്. ഓരോ പ്രശ്നവും ഓരോ വികസന ഇടപെടലും സ്ത്രീയേയും പുരുഷനേയും ബാധിക്കുന്നതും വ്യത്യസ്തമായിട്ടാണ്. വികസന ഇടപെടലുകളുടെ ഫലങ്ങളോ നേട്ടങ്ങളോ സ്ത്രീ–പുരുഷന്മാർ അനുഭവിക്കുന്നതും വ്യത്യസ്തമായിട്ടാണ്. അതുകൊണ്ട് തന്നെയാണ് പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുമ്പോഴും ഈ വ്യത്യസ്തതകൾ കണക്കിലെടുക്കേണ്ടത്.

## 13.24 മുൻകാല സമീപനവും ലിംഗപദവി സമീപനവും

| ക്രമ നം. | മുൻകാല സമീപനം | ലിംഗപദവി സമീപനം |
|---|---|---|
| 1 | സ്ത്രീകൾ ആസൂത്രണ പ്രക്രിയയിലെ ഒരു ഉന്നം മാത്രം (Target) | സ്ത്രീകളുടെ പങ്കാളിത്തവും നിയന്ത്രണവും ഉറപ്പുവരുത്തുക |
| 2 | സ്ത്രീകളെ വീട്ടമ്മ, മാതൃത്വം, അനുബന്ധ വരുമാനം തുടങ്ങിയ ലിംഗപദവി റോളുകളുമായി ബന്ധപ്പെടുത്തിയത് | അധികാര ബന്ധങ്ങളെ പരിഗണിക്കുകയും നീതിനിഷേധങ്ങളും വ്യത്യസ്തതകളെയും കണക്കിലെടുക്കുകയും ചെയ്യുന്നു |
| 3 | സ്ത്രീകൾ നിർജീവ ഗുണഭോക്താക്കൾ മാത്രം | സ്ത്രീകൾ സജീവ പങ്കാളികൾ |
| 4 | പ്രായോഗിക ആവശ്യങ്ങൾക്ക് മാത്രം മുൻഗണന | പ്രായോഗിക ആവശ്യങ്ങൾക്കൊപ്പം നിർണായക ആവശ്യങ്ങൾക്കും മുൻഗണന |

| | | |
|---|---|---|
| 5 | പൊതു വികസനത്തിന്റെ ഭാഗമായി മാത്രം പരിഗണിക്കുന്നു | സ്ത്രീകളുടെ ആവശ്യങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടുന്നു |
| 6 | സ്ത്രീകളെ മാത്രം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം | പൊതുസമൂഹത്തിന്റെ മനോഭാവമടക്കം ലക്ഷ്യം |
| 7 | ആസൂത്രണം, നിർവഹണം, മേൽനോട്ടം തുടങ്ങിയവയ്ക്ക് സംഘടനാ സംവിധാനം ഉണ്ടായിരുന്നില്ല | ആസൂത്രണം, നിർവഹണം, മേൽനോട്ടം തുടങ്ങിയവയ്ക്കു സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംഘടനാ സംവിധാനങ്ങൾ |
| 8 | ലിംഗപദ്ധതി ആവശ്യങ്ങൾ പരിഗണിക്കപ്പെട്ടില്ല | സ്ത്രീകൾക്കിടയിലുള്ള വ്യത്യസ്ഥത, ലിംഗ പദവി ആവശ്യങ്ങൾ കൂടി പരിഗണിക്കപ്പെടുന്നു |

## 13.25 ലിംഗപദവി ആസൂത്രണ ഘട്ടങ്ങൾ

1. വിവരശേഖരണം
2. പ്രശ്നത്തെ നിർവ്വചിക്കുക.
3. തന്ത്രങ്ങൾ രൂപപ്പെടുത്തുക (formulating the strategy)
4. പദ്ധതി ലക്ഷ്യം വയ്ക്കുന്നവരെ (Target group) കണ്ടെത്തുക
5. സ്ഥാപനപരമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തുക.
6. ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കുക, ഫലപ്രാപ്തിയുടെ സൂചകങ്ങൾ
7. പ്രവർത്തനങ്ങൾ, നൽകുന്ന വിവരങ്ങൾ ( inputs) പരിണതഫലങ്ങൾ ( output) ഇവ നിർവ്വചിക്കുക
8. മോണിറ്ററിങ്ങ്, റിപ്പോർട്ടിങ്ങ് നടപടികൾ

### 13.25.1 വിവരശേഖരണം

നിലനിൽക്കുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും എന്താണെന്ന് മനസ്സിലാക്കാനും അവയുടെ കാരണങ്ങൾ കണ്ടെത്താനും പരിഹാരമാർഗ്ഗങ്ങൾ തേടാനും വിവിധ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ജെൻഡർ റോളുകൾ, ആവശ്യമെങ്കിൽ, പ്രത്യക്ഷവും, പരോക്ഷവുമായ ജെൻഡർ വിവേചനങ്ങളുടെ തോത്, സ്വഭാവം തുടങ്ങിയവയെപ്പറ്റി വിവരങ്ങൾ ശേഖരിക്കുക.

### 13.25.2 പ്രശ്നത്തെ നിർവ്വചിക്കുക

» ലഭിക്കുന്ന വിവരങ്ങൾ ഭൂപ്രകൃതിയുടെ സ്വഭാവം, സാമൂഹ്യവിഭാഗങ്ങൾ, ജെൻഡർ എന്നിവയുടെ അടിസ്ഥാനത്തിൽ വേർതിരിക്കാൻ ശ്രമിക്കുക.
» പദ്ധതി രൂപീകരണത്തിന്റേയും നയരൂപീകരണത്തിന്റെയും ആദ്യഘട്ടങ്ങളിൽ തന്നെ, സ്ത്രീകളുടെയും പുരുഷന്മാരുടെയും വ്യത്യസ്ത ചുമതലകൾ, റോളുകൾ, തുടങ്ങിയവ വിശകലനത്തിൽ ഉൾപ്പെടുത്തുക (stakeholder analysis).
» സ്ത്രീപങ്കാളിത്തത്തിന് വരാവുന്ന തടസ്സങ്ങൾ, പദ്ധതി/പരിപാടിയിൽ നിന്ന് ലഭിക്കാൻ സാധ്യതയുള്ള നേട്ടങ്ങൾ ഇവയും വിലയിരുത്തുക.
» ജെൻഡർ വിശകലനം നടത്തുക.
» ജെൻഡർ വിശകലനം നടത്തുമ്പോൾ, സ്ത്രീകളുടെ ചുമതലകളുടെയും ആവശ്യങ്ങളെയും

പറ്റി എന്തൊക്കെ മുൻധാരണകളാണ് പ്രത്യക്ഷമാക്കിയത്, വിശകലനം നടത്തുന്നവരുടെ കാഴ്ചപ്പാടുകൾ എന്താണ്? ഇവ നിലനിൽക്കുന്ന വാർപ്പു മാതൃകകൾക്കനുസരിച്ചാണോ? യാഥാർത്ഥ്യബോധത്തോടെ ഉള്ളതാണോ? സാഹചര്യത്തിന് അനുയോജ്യമാണോ എന്നൊക്കെ പരിശോധിക്കുക.

» ഈ ഘട്ടത്തിൽ, പദ്ധതി ആരെ ഉദ്ദേശിച്ചാണോ ആ വിഭാഗത്തിലെ സ്ത്രീകളെയും പുരുഷന്മാരെയും ഈ വിശകലനത്തിൽ പങ്കെടുപ്പിക്കുക. സ്ത്രീകൾക്ക് തങ്ങളുടെ ആവശ്യങ്ങൾ രൂപപ്പെടുത്താനും തുറന്നു പറയാനും മുൻഗണനകൾ തീരുമാനിക്കാനും ഉള്ള അന്തരീക്ഷവും സാഹചര്യവും ഉണ്ടെന്ന് ഉറപ്പുവരുത്തുക. അവർ നേരിടുന്ന ബുദ്ധിമുട്ടുകളും പരിമിതികളും ചർച്ച ചെയ്യുക.
» ഏറ്റെടുക്കാൻ പോകുന്ന പരിപാടികൾ ഫലപ്രദമാക്കുന്നതിന് സ്ത്രീകളുടെയും അവരുടെ സംഘടനകളുടെയും പങ്കാളിത്തം പരിപാടിയിലും പ്രോജക്ട് രൂപരേഖയിലും (മുൻഗണനകൾ തീരുമാനിക്കുന്നതുൾപ്പടെ) ഉറപ്പാക്കുക.
» ജെൻഡർ പരിഗണനകൾ, ആവശ്യങ്ങൾ ഇവ പരിഹരിച്ച് പരിചയമുള്ള സംഘടനകൾ/വിദഗ്ദ്ധർ തുടങ്ങിയവരെ പങ്കെടുപ്പിക്കുക.
» ഒരു പരിപാടി/പദ്ധതിയ്ക്കാവശ്യമായ ഇത്തരം വിവരങ്ങൾ ലഭ്യമല്ലെങ്കിൽ, പദ്ധതി രൂപരേഖയിൽ തന്നെ ലിംഗാടിസ്ഥാനത്തിലുള്ള വിവരശേഖരണം പദ്ധതിയുടെ ആദ്യഘട്ടമായി ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക. അല്ലെങ്കിൽ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് പ്രത്യേകമായി ഇപ്രകാരം വിവരശേഖരണം സാധ്യമാണോ എന്നന്വേഷിക്കുക.

### 13.25.3 തന്ത്രങ്ങൾ രൂപപ്പെടുത്തുക

» എല്ലാ മുഖ്യധാര പദ്ധതികളിലും പരിപാടികളിലും ലിംഗനീതി പരിഗണന ഉണ്ടെന്ന് ഉറപ്പുവരുത്തുക, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രയോജനം ലഭിക്കുന്ന തന്ത്രങ്ങൾ/നടപടികൾ രൂപപ്പെടുത്തുക.
» പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ വളരെ പിന്നോക്കം നിൽക്കുന്ന മേഖലകളിൽ/തലങ്ങളിൽ സ്ത്രീകളെ മാത്രം ലക്ഷ്യംവച്ചുള്ള പദ്ധതികൾ ആലോചിക്കാം.
» ജെൻഡർ വിശകലനത്തിന്റെ നിഗമനങ്ങൾ, തന്ത്രങ്ങൾ രൂപപ്പെടുത്തുന്ന വേളയിൽ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുക.
» സ്ത്രീകൾക്കും പുരുഷന്മാർക്കും പരിപാടിയിൽ/പദ്ധതിയിൽ എങ്ങിനെ ഒരുപോലെ പങ്കെടുക്കാം/ഒരു പോലെ നേട്ടങ്ങൾ പ്രയോജനപ്പെടുത്താം എന്ന് കണ്ടെത്തുക. ലിംഗനീതി ഉറപ്പാക്കാൻ പ്രത്യേകമായ ഇടപെടലുകളോ സംഘടനാ സംവിധാനങ്ങളോ ആവശ്യമാണോ എന്ന് പരിശോധിക്കുക. ഉദാ:- സ്ത്രീകൾ വിദ്യാഭ്യാസപരമായി പുറകിലായതുകൊണ്ട്, പ്രത്യേക പരിശീലനം ലഭിച്ച വനിതാ പ്രവർത്തകരെ നിയോഗിക്കേണ്ടതുണ്ടോ? യോഗങ്ങളുടെ സമയം, സ്ഥലം തുടങ്ങിയവ സ്ത്രീകളുടെ പങ്കാളിത്തത്തിന് വിഘാതമാകുന്നുണ്ടോ?

ഏതു തരത്തിലുള്ള തന്ത്രങ്ങളാണ് രൂപപ്പെടുത്തേണ്ടത് എന്നുള്ളത് പദ്ധതി/പരിപാടിയുടെ വ്യാപ്തി അനുസരിച്ചായിരിക്കും. എന്നിരുന്നാലും പലരുടെയും അനുഭവങ്ങളിൽ നിന്ന് പൊതുവായ ചില തത്വങ്ങളും പ്രായോഗിക നടപടികളും രൂപപ്പെടുത്തിയിട്ടുണ്ട്.

» ഭാഷാപരമായ മുൻവിധികൾ/വാർപ്പുമാതൃകകൾ എന്നിവ ഒഴിവാക്കുക.

» സമഗ്രവും എല്ലാ തലങ്ങളെയും കണക്കിലെടുക്കുന്നതുമായ സമീപനം സ്വീകരിക്കുക
» പ്രായോഗികവും തന്ത്രപരവുമായ ആവശ്യങ്ങളോട് പ്രതികരിക്കുന്ന നടപടികൾ ഉൾപ്പെടുത്തുക.
» അവബോധ വളർച്ചയ്ക്കും ജെൻഡർ ബോധവൽക്കരണത്തിനും പ്രത്യേക ശ്രദ്ധ നൽകുക.
» സ്ത്രീകളുടെയും അവരുടെ സംഘടനകളുടെയും സജീവ പങ്കാളിത്തത്തിന് ആവശ്യമായ സ്ഥാപനപരമായ സംവിധാനങ്ങൾ ഒരുക്കുക/സ്ത്രീകളുടെ കൂട്ടായ്മയെ പ്രോത്സാഹിപ്പിക്കുക.
» ഏത് പുതിയ ശ്രമങ്ങൾ ഉണ്ടാകുമ്പോഴും അത് നിലനിർത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുക.
» ആവശ്യത്തിന് വേണ്ട മാനുഷികവും ഭൗതികവുമായ വിഭവങ്ങൾ നൽകുക.

സാർവ്വദേശീയ മനുഷ്യാവകാശ ഉടമ്പടികൾ, സീഡോ (CEDAW) ബീജിംഗിൽ നടന്ന ഐക്യരാഷ്ട്ര സഭയുടെ നാലാം ലോകവനിതാ സമ്മേളനത്തോടനുബന്ധിച്ച് പാസ്സാക്കിയ കർമ്മപരിപാടി (platform for action) ദേശീയ വനിതാ നയം തുടങ്ങിയവയ്ക്കനുസൃതമാണ് പദ്ധതികളും പരിപാടികളും എന്നുറപ്പ് വരുത്തുക. സ്ത്രീകൾക്കെതിരായ എല്ലാ തരം വിവേചനങ്ങളും അവസാനിപ്പിക്കാനും തുല്യവേതനം ഉറപ്പാക്കാനും, കുടുംബജോലികൾ പങ്കിടപ്പെടേണ്ടതാണെന്നും, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ മനുഷ്യാവകാശ ലംഘനങ്ങളാണെന്നുമൊക്കെ മേൽപറഞ്ഞ രേഖകൾ സമർത്ഥിക്കുന്നു.

### 13.25.4 പദ്ധതി ലക്ഷ്യം വയ്ക്കുന്നവരെ കണ്ടെത്തുക.

» പദ്ധതി ആരെ ലക്ഷ്യം വയ്ക്കുന്നു എന്നുള്ളത് വ്യക്തമായി പ്രസ്താവിക്കണം. സംഘടിത മേഖലയിലെ തൊഴിലാളികൾ, ഗ്രാമീണ ദരിദ്രർ തുടങ്ങിയ പൊതുപ്രയോഗങ്ങൾ ഒഴിവാക്കണം. പദ്ധതി/പരിപാടി ലക്ഷ്യംവയ്ക്കുന്ന വിഭാഗത്തിലെ ഇന്ന സ്ത്രീകൾ, ഇന്ന പുരുഷന്മാർ എന്ന് വ്യക്തമായി പറയുക.
» അവരുടെ മുഖ്യ സ്വഭാവ വിശേഷതകൾ വ്യക്തമാക്കുക – ലിംഗവിഭാഗം, തൊഴിൽ പദവി, സാമ്പത്തികവിഭാഗം, സാമൂഹിക–സാമ്പത്തിക പദവി, വംശീയ/സമൂഹം സ്രോതസ്സ്, പ്രായം.
» പദ്ധതി ഗുണഭോക്താക്കൾ (beneficiaries) ഏകതാനമായ വിഭാഗമാണോ? അവരുടെ ഇടയിൽ വ്യത്യസ്തതകളുണ്ടോ എന്ന് വിലയിരുത്തുക.
» പദ്ധതിയുടെ നേട്ടങ്ങളായ പരിശീലനത്തിനുള്ള അവസരം, വായ്പ ലഭ്യത, മറ്റ് സേവനങ്ങൾ നിലനിൽക്കുന്ന സ്ത്രീപുരുഷ അനുപാതത്തിലാണ് നൽകുന്നതെന്ന് ഉറപ്പുവരുത്തുക. ഇതുവരെ സ്ത്രീകൾക്ക് പ്രാതിനിധ്യവും പദ്ധതികളുടെ നേട്ടവും ലഭിച്ചത് വളരെ കുറവായിരുന്നെങ്കിൽ, ഇത് പരിഹരിക്കാൻ എന്തുനടപടികൾ എടുക്കാം എന്നാലോചിക്കുക.
» ചില പരിപാടികളുടെ പ്രത്യക്ഷ ഗുണഭോക്താക്കൾ സ്ത്രീകളാണെങ്കിലും പരോക്ഷമായി കുടുംബത്തിലും സമൂഹത്തിലും ഉള്ള പുരുഷന്മാർക്കും കുട്ടികൾക്കും പ്രയോജനമുണ്ടാകുന്നുണ്ട് എന്ന് ചൂണ്ടികാണിക്കുക.

### 13.25.5 സ്ഥാപനപരമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തുക.

പദ്ധതി നടപ്പാക്കുന്ന ഏജൻസി/സംഘടന/സ്ഥാപനത്തിന്റെ അതിനുള്ള കഴിവും സ്ത്രീ പുരുഷന്മാരുടെ ആവശ്യങ്ങളെ കൈകാര്യം ചെയ്യാനുള്ള പ്രാപ്തിയും വിലയിരുത്തുക,

ആവശ്യമെങ്കിൽ പരിശീലനം നൽകുക, ഉള്ള കഴിവുകളെ ശക്തിപ്പെടുത്തുക.

താഴെ പറയുന്ന കാര്യങ്ങൾ വിശകലനം ചെയ്യുക.

» സംഘടന/സ്ഥാപനം ഏത് വിധത്തിലുള്ളതാണ്? അവരുടെ പ്രധാന ഇടപെടൽ ഏതൊക്കെ മേഖലകളിലുള്ളതാണ്? പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയുള്ള മുൻപരിചയം എന്താണ്.
» ജെൻഡർ വിശകലനത്തിനുള്ള അനുഭവം, സംഘടനാ നയങ്ങൾ
» സംഘടനയുടെ ഘടന ജെൻഡർ സംവേദനപരമാണോ? ജീവനക്കാരിൽ സ്ത്രീ–പുരുഷ ന്മാരുടെ എണ്ണം ഓരോരുത്തരുടെയും ജീവനക്കാർക്കുള്ള പിന്തുണ സംവിധാനങ്ങൾ, തൊഴിൽ സ്ഥലത്തെ ലൈംഗികപീഡനം തടയാനുള്ള കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ?
» ജെൻഡറുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് വിവിധ തലങ്ങളിലുള്ള ജീവന ക്കാരുടെ കാഴ്ചപ്പാട്, ഇതവരുടെ ജോലിയെ എങ്ങിനെ സ്വാധീനിക്കുന്നു.
» സ്ത്രീകളുടെ ആവശ്യങ്ങൾ ബഹുമുഖമായതുകൊണ്ട്, സ്ത്രീകളുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന പരമാവധി സംഘടനകളുടെ/ഏജൻസികളുടെ പിന്തുണയും സഹകരണവും ഉറപ്പാക്കുക, ഉപദേശകസമിതി, സ്റ്റിയറിംഗ് കമ്മറ്റി എന്നിങ്ങനെ വിവിധ സമിതികൾ വഴി ഈ പങ്കാളിത്തം ഉറപ്പാക്കാം.
» പ്രാദേശിക തലത്തിലെ പല സംഘടനകളിലും മിക്കപ്പോഴും പ്രാമുഖ്യം ഉള്ളത് പുരുഷന്മാ ർക്കായിരിക്കും. ഇവർക്ക് സ്ത്രീപക്ഷ കാഴ്ചപ്പാട് ഉണ്ടെന്ന് ഉറപ്പുവരുത്തുക, ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുക.
» പദ്ധതി നടത്തുന്ന സംഘടന/സ്ഥാപനം/വകുപ്പ് ഇവരുടെ മേലധ്യക്ഷന്മാർക്ക്, നയരൂപീകരണ രംഗത്തെ വ്യക്തികൾക്ക് തുടങ്ങിയവർക്ക് ലിംഗനീതിയെക്കുറിച്ച് മനസ്സിലാക്കാൻ വേണ്ട അവസരങ്ങൾ സൃഷ്ടിക്കുക.
» നിർവ്വഹണ ഉദ്യോഗസ്ഥർക്ക്/ജീവനക്കാർക്ക്, ജെൻഡർ പരിശീലനം നൽകുക.

### 13.25.6 ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കുക, ഫലപ്രാപ്തിയുടെ സൂചകങ്ങൾ

» ലക്ഷ്യങ്ങളിൽ ലിംഗനീതി കൃത്യമായും പ്രത്യക്ഷമായും വികസിപ്പിക്കുക, അവതരിപ്പിക്കുക; സ്ത്രീകളുടെ മുൻഗണനകൾ ലക്ഷ്യങ്ങൾ പ്രതിഫലിക്കുന്നുവെന്ന് ഉറപ്പു വരുത്തുക.
» പരിപാടിയുടെ ഭാഗമായുള്ള സ്ഥാപന വികസന (institutional development) പദ്ധതിയിൽ, സ്ത്രീകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കാൻ പരിശീലനം ആവശ്യമെന്ന് കണ്ടാൽ, ഇതും ലക്ഷ്യത്തിൽ കൃത്യമായി നിർവ്വചിക്കണം.
» പദ്ധതിയുടെ നേരിട്ടുള്ള പിന്തുണയിൽ നൽകുന്ന സേവനങ്ങൾ സ്ത്രീകളിൽ എത്തുന്നു എന്നുറപ്പാക്കാൻ, പ്രത്യേക നടപടികളോ ക്രമീകരണങ്ങളോ ആവശ്യമെങ്കിൽ, അവയും ലക്ഷ്യങ്ങളുടെ ഭാഗമാക്കുക.
» സ്ത്രീ–പുരുഷന്മാർക്ക് തുല്യമായ അവസരങ്ങളും നേട്ടങ്ങളും ലഭിക്കുന്ന വിധത്തിലാണോ പദ്ധതി മുമ്പോട്ട് പോകുന്നതെന്ന് പരിശോധിക്കാൻ, പുരോഗതി വിലയിരുത്തുന്ന സൂചികകൾ വികസിപ്പിക്കുക.
» സ്ത്രീകൾക്കും പുരുഷന്മാർക്കും ലഭിക്കുന്ന നേട്ടങ്ങളുടെ തോത്, സ്വഭാവം തുടങ്ങിയവ അളക്കാനും സൂചികകൾ ഉണ്ടാക്കുക.
» പദ്ധതി തുടങ്ങുന്നതിന് മുമ്പുള്ള സ്ത്രീ പദവി സംബന്ധമായ അടിസ്ഥാന വിവരങ്ങൾ (gender specific baseline data) ശേഖരിക്കേണ്ടതുണ്ടോ? ലഭ്യമാണോ എന്ന്

പരിശോധിക്കുക. പദ്ധതിയുടെ അവസാനം, വസ്തുതകൾ വിലയിരുത്താൻ ഈ വിവരങ്ങൾ ആവശ്യമാണ്.

» പദ്ധതിയുടെ പ്രയോജനം സ്ത്രീ-പുരുഷന്മാർക്ക് എപ്രകാരം ലഭ്യമായി എന്നറിയുന്നതിനും ആവശ്യമായ വിവരങ്ങൾ ഓരോ ഘട്ടത്തിലും കൃത്യമായി ശേഖരിക്കുക.

» മോണിറ്ററിംഗ്, വിലയിരുത്തൽ ഘട്ടങ്ങളിൽ പദ്ധതി ഇടപെടൽ വഴി സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യത്യസ്തമായി അനുഭവപ്പെട്ട നേട്ടങ്ങൾ, പരിണിതഫലങ്ങൾ വിശകലനം ചെയ്ത്, തുടർ നടപടികൾ പ്ലാൻ ചെയ്യുക.

### 13.25.7 പ്രവർത്തനങ്ങൾ, നൽകുന്ന വിവരങ്ങൾ, പരിണതഫലങ്ങൾ ഇവ നിർവ്വചിക്കുക

» പദ്ധതി നേട്ടങ്ങൾ നിർവ്വചിക്കുമ്പോൾ കൃത്യമായിരിക്കുക, ജെൻഡർ വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.

» എത്ര പുരുഷന്മാർ, എത്ര സ്ത്രീകൾ, പരിപാടിയിൽ പങ്കെടുക്കും, ഏത് രീതിയിൽ, ഓരോ പ്രവർത്തനങ്ങളിലും പങ്കെടുക്കുന്ന സ്ത്രീപുരുഷന്മാർ.

» പദ്ധതിയുടെ സ്ഥാപന വികസന ഘടക പരിപാടികളിൽ-ഉദ്ദേശിച്ച ഗുണഭോക്താക്കളിൽ സ്ത്രീ-പുരുഷാനുപാതം ആസൂത്രണം ചെയ്തതു പോലെ ഉണ്ടോ എന്ന് പരിശോധിക്കുക. പ്ലാൻ ചെയ്ത ഇടപെടലുകളിൽ നിന്ന് തുല്യമായ നേട്ടം രണ്ട് കൂട്ടർക്കും ലഭ്യമാകുന്നതിന് എന്തൊക്കെ പ്രത്യക്ഷനടപടികൾ കൈകൊള്ളാമെന്ന് തീരുമാനിക്കുക. ലിംഗനീതി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്താൻ സ്ഥാപനത്തിന്റെ ശേഷി ഏതൊക്കെ തലത്തിൽ പരിപോഷിപ്പിക്കണമെന്ന് തീരുമാനിക്കുക.

» പരിപാടിക്ക് നേരിട്ടുള്ള സഹായം-ലിംഗനീതി നടപ്പാക്കുന്നതിന് പരിപാടിയുടെ ലക്ഷ്യമാണെന്നുള്ളതിന്റെ ന്യായീകരണം വ്യക്തമാക്കാൻ നിർദ്ദിഷ്ട സമൂഹത്തിൽ/തൊഴിൽസ്ഥലത്ത് ബോധവൽക്കരണ പരിപാടികൾ നടത്തുക. സ്ത്രീ ഗുണഭോക്താക്കൾക്ക് പ്രാപ്യമാകുന്ന വിജ്ഞാന വ്യാപന രീതികൾ ഉപയോഗിക്കുക.

» ഗവേഷണ ഘടകത്തിൽ-ലിംഗാടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുക. കൈകാര്യം ചെയ്യുന്ന സാഹചര്യം സ്ത്രീകൾക്കും പുരുഷന്മാർക്കും ഉള്ള അവസരങ്ങൾ, തടസ്സങ്ങൾ ഇവയെപ്പറ്റി വ്യക്തമായ വിവരങ്ങൾ ശേഖരിക്കുക, ഏറ്റവും അർഹിക്കുന്നവരുടെ വിവരങ്ങൾക്ക് പ്രത്യേക പരിഗണന.

» പരിശീലനത്തിൽ-ഗുണഭോക്താക്കളിൽ എത്ര പുരുഷന്മാർക്ക്/എത്ര സ്ത്രീകൾക്ക് ഏതു വിഷയത്തിൽ, ഏതു തലത്തിൽ, എത്ര നാളത്തെ പരിശീലനം നൽകുമെന്ന് വ്യക്തമാക്കുക. വിദ്യാഭ്യാസക്കുറവ്, ആത്മവിശ്വാസക്കുറവ് തുടങ്ങിയതുകൊണ്ട് സ്ത്രീകളായ ഗുണഭോക്താക്കൾക്ക് കൂടുതൽ പരിശീലനം ആവശ്യമാണോയെന്ന് അന്വേഷിക്കുക. പരിശീലന രേഖകളിൽ, സ്ത്രീവിരുദ്ധഭാഷയും മുൻവിധികളും ഇല്ലെന്ന് ഉറപ്പുവരുത്തുക. പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നത് സാധ്യമാക്കുന്നതിന് വേണ്ടി, ശിശുപരിചരണം തുടങ്ങിയ പ്രത്യേക സംവിധാനങ്ങൾ ആവശ്യമാണോ എന്നന്വേഷിക്കുക.

» നയപരമായ കാര്യങ്ങൾ-സ്ത്രീകളുടെ ആവശ്യങ്ങൾ, ചുമതലകൾ പങ്കാളിത്തം, പ്രത്യേകമായ പരിമിതികൾ ഇവയെല്ലാം കണക്കിലെടുക്കണം. സ്ത്രീകളുടെ തുല്യപങ്കാളിത്തത്തിന് അനുകൂലമായ സാഹചര്യമൊരുക്കാൻ, കൂടുതൽ എന്തെങ്കിലും നടപടികൾ ആവശ്യമാണോ എന്ന് പരിശോധിക്കുക. ഉദാ:- നിയമപരമായ തടസ്സങ്ങൾ, സാംസ്കാരിക,

സാമൂഹിക പരിമിതികൾ.

» പ്രവർത്തന പരിപാടികൾ സംഘടിപ്പിക്കുമ്പോൾ, സ്ത്രീ ഗുണഭോക്താക്കൾക്ക്, പുരുഷന്മാരോടൊപ്പം പങ്കെടുക്കാനും സഹകരിക്കാനും താല്പര്യമുണ്ടെന്ന് ഉറപ്പാക്കുക.
» പ്രവർത്തനങ്ങൾ എപ്പോൾ, എവിടെ, എത്ര സമയത്തേക്ക് എന്നിവ സ്ത്രീകാഴ്ചപ്പാടിൽ പരിഗണിക്കുക. വീട്ടിലെ ഇരട്ടി ജോലി ഭാരവും കൂടി പേറുന്ന സ്ത്രീകൾക്ക്, വളരെ കുറച്ച് ഒഴിവു സമയമേ ഉണ്ടാവൂ. വീട്ടിൽ നിന്ന് അധികം മാറി നിൽക്കാനും പറ്റില്ല.
» സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചുള്ള ഗ്രൂപ്പിൽ, സ്വതന്ത്രമായി സംസാരിക്കാൻ സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ, പ്രത്യേക യോഗം, പരിശീലനം എന്നിവ നടത്തുക, അവരുമായി ആശയവിനിമയം നടത്താൻ വനിതാ ജീവനക്കാരെ നിയോഗിക്കുക.
» സ്ത്രീകൾക്ക് പങ്കെടുക്കാൻ അനുവാദം ലഭിക്കത്തക്ക രീതിയിൽ ഭൗതികസൗകര്യങ്ങൾ ക്രമീകരിക്കുക (സമയദൈർഘ്യം, യാത്ര ക്രമീകരണം, താമസസൗകര്യം, സാനിട്ടറി സൗകര്യങ്ങൾ, ശിശുപരിരക്ഷ സൗകര്യങ്ങൾ മുതലായവ).
» പരിപാടിയുടെ സാമൂഹികമായ സുസ്ഥിരത പരിഗണിക്കുക പരിപാടിയിൽ പങ്കെടുക്കുക വഴി സ്ത്രീകളുടെ ആത്മവിശ്വാസവും സ്വാശ്രയത്വവും വളരുമെങ്കിൽ, പദ്ധതി തീർന്നാലും സ്ത്രീകൾ തുടർന്നും ഇടപെടുകയും പരിപാടികളിൽ നിന്ന് പ്രയോജനം നേടുകയും ചെയ്യും.
» പരിപാടിയുടെ ജെൻഡർ ഘടകത്തിന് ആവശ്യമായ സാമ്പത്തിക വിഭവങ്ങളും ആളുകളെയും ലഭ്യമാകുന്നു എന്നുറപ്പ് വരുത്തുക.
» ലിംഗാടിസ്ഥാനത്തിൽ വിഭവങ്ങൾക്ക് ക്വോട്ടാ നിശ്ചയിക്കേണ്ടത് ആവശ്യമാണോ എന്ന് തീരുമാനിക്കുക.
» പദ്ധതി നടത്തിപ്പുകാരിൽ ജെൻഡർ വിദഗ്ധർ ആവശ്യമുണ്ടോയെന്ന് നിജപ്പെടുത്തുക.
» ഇത് കൃത്യമായി തൊഴിൽ വിവരണത്തിൽ രേഖപ്പെടുത്തുക.
» ലിംഗനീതി ഉറപ്പാക്കുന്നതിന്റെ ഉത്തരവാദിത്വം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നൽകുകയും ഇതവരുടെ തൊഴിൽ വിവരണത്തിൽ കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യുക.
» ഉദ്യോഗസ്ഥരിൽ/പ്രവർത്തകരിൽ കഴിയുന്നതും തുല്യ അനുപാതം നിലനിർത്തുക. തുല്യജോലിക്കു തുല്യമൂല്യമുള്ള വേതനം നൽകുക.

### 13.25.8 മോണിറ്ററിംഗ്, റിപ്പോർട്ടിങ്ങ് നടപടികൾ

» സാധാരണ നടത്തുന്ന മോണിറ്ററിംഗ്, വിലയിരുത്തൽ, റിപ്പോർട്ട് ചെയ്യൽ നടപടികളുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ, ലിംഗാടിസ്ഥാനത്തിൽ തന്നെ വേണമെന്ന് സൂചിപ്പിക്കുക.
» സ്ത്രീകളുടെ സംഭാവനകൾ, അവർക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്നതിന് പ്രത്യേക സൂചകങ്ങൾ വികസിപ്പിക്കുക.

പ്രത്യേകമായി ഓർമ്മിക്കേണ്ടത്

1. പദ്ധതി/പരിപാടിയുടെ നടത്തിപ്പുകാരായ എല്ലാവർക്കും സ്ത്രീപുരുഷ തുല്യത കൈവരിക്കുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്യാൻ ഉത്തരവാദിത്വമുണ്ട്. ഇത് ജെൻഡർ വിദഗ്ധരുടെ മാത്രം കാര്യമല്ല.
2. തങ്ങളുടെ പ്രവർത്തനങ്ങളിൽ ജെൻഡർ പരിഗണന ഉൾച്ചേർക്കുന്നതിന് ആവശ്യമായ അവബോധവും സാങ്കേതിക വൈദഗ്ദ്ധ്യവും ജീവനക്കാർക്ക് നൽകുക.

3. പദ്ധതി ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും വിലയിരുത്തലിന്റെയും എല്ലാ ഘട്ടങ്ങളിലും ജെൻഡർ പരിഗണനകൾ ഉൾച്ചേർക്കുക.

## 13.26 ലിംഗപദവി പഠനം

ഒരു പ്രദേശത്തെ ലിംഗസൗഹൃദമാക്കുന്നതിന് നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനും സ്ത്രീകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ ജനകീയമായി നേടാനും പൊതു സമൂഹത്തെക്കൂടി അക്കാര്യങ്ങൾ ബോധ്യപ്പെടുത്തി ഉത്തര വാദിത്വങ്ങൾ വിഭജിച്ച് നിർവ്വഹിക്കാനും സഹായകമായ പ്രക്രിയയാണ് ലിംഗപദവിപഠനം. സ്ത്രീകൾ നേരിടുന്ന പല പ്രശ്നങ്ങളും അദൃശ്യമാണ്. അത് കൊണ്ട് തന്നെ നിലവിലെ വികസന പ്രക്രിയകളിൽ ഇവ പരിഗണിക്കപ്പെടുന്നില്ല. വിശദമായ ഒരു പഠനത്തിലൂടെ സ്ത്രീകൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് വേണ്ടിയാണ് ലിംഗപദവി പഠനം നടത്തുന്നത്.

ഈ പ്രക്രിയയിൽ പങ്കാളികളാവുന്ന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുപ്രവർത്തകർ മുതലായവരുടെ മനോഭാവത്തിൽ മാറ്റം വരുത്തി സ്ത്രീകളുടെ പ്രശ്നങ്ങൾ മുഖ്യ അജണ്ടയാക്കി കൊണ്ടു വരിക എന്നതും ഈ പഠനത്തിന്റെ ലക്ഷ്യമാണ്. പഠന റിപ്പോർട്ട് ജനകീയ ചർച്ചയ്ക്ക് വിധേയമാക്കുന്നത് വഴി ഇതൊരു സാമൂഹ്യപ്രശ്നമായി ഉൾക്കൊള്ളാനും കൂട്ടായി പരിഹരിക്കാനും പൊതുസമൂഹത്തെ സജ്ജരാക്കുന്നതിനും ഈ പഠനം സഹായിക്കും.

## 13.27 പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ (PRACTICAL GENDER NEEDS)

സ്ത്രീകളുടെയും പുരുഷന്മാരുടെയും ജീവിതത്തിലെ പ്രായോഗിക ആവശ്യങ്ങളെയാണ് പ്രായോഗിക ലിംഗപദവി ആവശ്യങ്ങൾ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇത് സ്ത്രീകളുടെ അവസ്ഥയുമായും ഉത്തരവാദിത്തങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്നു. (ഉദാ: വീട്, കക്കൂസ്, കുടിവെള്ളം, പാചക ഇന്ധനം, തുടങ്ങിയ പൊതു ആവശ്യങ്ങൾ)

## 13.28 നിർണായക ലിംഗപദവി ആവശ്യങ്ങൾ (STRATEGIC GENDER NEEDS)

» സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുന്ന തരത്തിലുള്ള ആവശ്യങ്ങളെയാണ് നിർണായക ലിംഗപദവി ആവശ്യങ്ങൾ എന്ന് പറയുന്നത്.
» കുടുംബത്തിനകത്തെ ജോലിഭാരം പങ്കിടുക
» സ്ത്രീകളുടെ പൗരാവകാശം സംരക്ഷിക്കുക
» ലിംഗപരമായ തൊഴിൽ വിഭജനം ഇല്ലാതാക്കി സ്ത്രീകൾ പാരമ്പര്യേതര തൊഴിലുകളിൽ ഏർപ്പെടുന്ന സാഹചര്യം ഉണ്ടാവാൻ
» സാമൂഹ്യ സ്ഥാപനങ്ങളിലെ സ്ത്രീപുരുഷ വിവേചനം ഒഴിവാക്കാൻ
» സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം
» കുടുംബത്തിനകത്തും പുറത്തുമുള്ള അതിക്രമങ്ങൾ തടയുക
» ഒരേ ജോലിക്ക് തുല്യവേതനം
» കുടുംബവും സമൂഹവും സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാക്കുക

## 13.29 ലിംഗപദവി പഠനം എന്തിന്?

» സ്ത്രീകൾ അനുഭവിക്കുന്ന ശാരീരികവും മാനസികവും ഭൗതികവുമായ പ്രശ്നങ്ങൾ

തിരിച്ചറിഞ്ഞ് സ്ത്രീകളുടെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കുക.

» പദ്ധതി രൂപീകരണത്തിൽ സഹായിക്കുംവിധം സ്ത്രീകളുടെ ആവശ്യങ്ങളും മുൻഗണനകളും തിരിച്ചറിയുക
» സമൂഹത്തിൽ വിവിധ വിഭാഗം ജനവിഭാഗങ്ങളുടെ ഇടയിൽ സ്ത്രീകൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക
» ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് ബോധ്യപ്പെടാനും തീരുമാനമെടുക്കൽ സുഗമമാക്കാനും സഹായകമാവുക.
» സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ സ്വയം തിരിച്ചറിയാനും മാറ്റത്തിന് വേണ്ടി ശ്രമിക്കാനും സഹായകമാവുക
» സ്ത്രീകളുടെ പ്രശ്നത്തെ ഒരു സാമൂഹ്യ പ്രശ്നമായി കണ്ട് ഇടപെടാനും പരിഹരിക്കാനും വേണ്ട കൂട്ടായ്മകളും കർമ്മപദ്ധതികളും ആവിഷ്ക്കരിക്കാനും കഴിയുന്നു.
» വനിതാഘടക പദ്ധതി കാര്യക്ഷമവും ഫലപ്രദവുമാക്കി മാറ്റാൻ കഴിയുന്നു.
» നഗരസഭ തലത്തിൽ സ്ത്രീകളെക്കുറിച്ചുള്ള വിവരശേഖരണം തയ്യാറാക്കുക
» ഇതിന്റെ അടിസ്ഥാനത്തിൽ ജെൻഡർ ആസൂത്രണം, ജെൻഡർ ബജറ്റിംഗ്, ജെൻഡർ ഓഡിറ്റിംഗ് എന്നിവ സാധ്യമാവുന്നു.
» നഗരപാലിക സംവിധാനത്തിലെ നയരൂപീകരണ നിർവ്വഹണ പ്രക്രിയകളിൽ ഇടപെടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നു.
» സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ ഇടയിൽ സ്ത്രീകൾ നേരിടുന്ന സവിശേഷ പ്രശ്നങ്ങളെക്കുറിച്ചും ലിംഗപദവിയെക്കുറിച്ചും അവബോധം സൃഷ്ടിക്കുക.

## 13.30 ലിംഗപദവി ഓഡിറ്റിംഗ് (ജെൻഡർ ഓഡിറ്റിംഗ്)

ലിംഗപദവി ആസൂത്രണം, ബജറ്റിംഗ് എന്നിവ നടത്തിയത് കൊണ്ട് മാത്രം സ്ത്രീകളുടെ വികസന പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെന്ന് നിർബന്ധമില്ല. പദ്ധതി നടത്തിപ്പിന് ശേഷം നടത്തേണ്ട ഓഡിറ്റിംഗിലൂടെ ലിംഗപദവി കാഴ്ചപ്പാടോട് കൂടി പ്രശ്നങ്ങൾ കൈകാര്യം ചെയ്യപ്പെട്ടിട്ടുണ്ടോ പരിണിതഫലം എന്താണ് മുതലായവ വിലയിരുത്താം. സാധാരണ യായി പദ്ധതികളുടെ വിലയിരുത്തൽ (Evaluation) നടത്താറുണ്ട്. ഓഡിറ്റ് ഇതിൽ നിന്നും വ്യത്യസ്ഥമാണ്. വിലയിരുത്തൽ നടത്തുമ്പോൾ പദ്ധതിയിൽ തുടക്കത്തിൽ ലക്ഷ്യമിട്ടവ നിർവ്വഹിക്കപ്പെട്ടുവോ എന്ന പരിശോധനയാണ് നടത്തുന്നത്. ഇത് ഒരു സാങ്കേതിക പരിശോധനയാണ്. എന്നാൽ കണക്കുകളും നടത്തിപ്പ് സംവിധാനം, അതിനുള്ളിലെ പ്രക്രിയയിൽ പരിപാടി പൂർത്തിയാക്കിയ ശേഷമുള്ള തുടർ നടപടികൾ തുടങ്ങിയവയെല്ലാം വിശകലന വിധേയമാക്കുന്നതാണ് ഓഡിറ്റിംഗ്.

പൊതുനയങ്ങൾ വളരെ വ്യത്യസ്തമായിട്ടാണ് സ്ത്രീകളേയും പുരുഷന്മാരേയും ബാധിക്കുന്നത് എന്ന അടിസ്ഥാനവീക്ഷണത്തിൽ നിന്ന് കൊണ്ടാണ് ലിംഗപദവി ഓഡിറ്റിംഗ് നടത്തു ന്നത്. ലിംഗപദവിയേയും സ്ത്രീശാക്തീകരണത്തേയും കുറിച്ച് വ്യക്തികളിലും സമൂഹത്തിലും സ്ഥാപനത്തിലും നിലനിക്കുന്ന മുൻവിധികളും മുൻധാരണകളും കണ്ടെത്തുകയും ലിംഗപദവി അവബോധത്തോടെ പ്രവർത്തനങ്ങൾ മുമ്പോട്ട് കൊണ്ട് പോകത്തക്ക സാഹചര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ട ഇടപെടലുകൾ നടത്തുന്നതിനും ജെൻഡർ ഓഡിറ്റിംഗ് വഴി സാധിക്കും. കൂടാതെ കണക്കുകളും രേഖകളും പരിശോധിക്കുന്ന സാമ്പ്രദായിക ഓഡിറ്റ് രീതിയിൽ നിന്ന് വ്യത്യസ്തമായി വികസന പ്രവർത്തനങ്ങളിൽ സ്വന്തം അഭിപ്രായം ഉയർത്താനും

പ്രവർത്തനം വിലയിരുത്താനും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കും ജെൻഡർ ഓഡിറ്റിംഗിലൂടെ സാധിക്കുന്നു.

## 13.31 ലിംഗപദവി ഓഡിറ്റിംഗിന്റെ പ്രസക്തി

സ്ത്രീകളെയും പുരുഷന്മാരെയും വികസന ഇടപെടലുകൾ ഒരേ രീതിയിലല്ല ബാധിക്കുന്നത്. ഉദാ : പരമ്പരാഗതമായി സ്ത്രീകൾ ചെയ്തുവന്ന പല തൊഴിലുകളും ആധുനികവൽക്കരിക്കുകയും യന്ത്രവൽക്കരിക്കുകയും ചെയ്യുമ്പോൾ, അതിന്റെ പ്രയോജനം ലഭിക്കുന്നത് പുരുഷന്മാർക്കായിരിക്കും. വീട്ടുജോലികളുടെ ഭാരം കൂടി അവർ വഹിക്കേണ്ടി വരുന്നതു കൊണ്ട്, അവരുടെ സമയം, യാത്രാസ്വാതന്ത്ര്യം തുടങ്ങിയവയൊക്കെ പരിമിതങ്ങളാണ് എന്നിങ്ങനെ ഒട്ടേറെ കാരണങ്ങൾ ഇതിനുണ്ടാകും. രണ്ട് കൂട്ടർക്കും ഒരുപോലെ വികസന പരിപാടികളിൽ ഇടപെടാനും പ്രയോജനം നേടാനും പറ്റുന്ന സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളല്ല നിലനിൽക്കുന്നത്. തന്മൂലമാണ് പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഈ വ്യത്യസ്തതകൾ കണക്കിലെടുക്കണമെന്ന് പറയുന്നത്.

എന്നാൽ സ്ത്രീകളുടെ പങ്കാളിത്തത്തെ അതിന്റെ കേവലമായ അർത്ഥത്തിൽ മാത്രം കണ്ട് കൊണ്ടാണ് പലപ്പോഴും പദ്ധതികൾ രൂപപ്പെടുത്തുന്നത്. പദ്ധതികളിൽ സ്ത്രീകൾക്കായി പ്രത്യേകം വിഹിതം മാറ്റിവയ്ക്കുമ്പോഴോ അല്ലെങ്കിൽ സ്ത്രീകൾക്ക് വേണ്ടി മാത്രമായി പദ്ധതികൾ രൂപപ്പെടുത്തുമ്പോഴോ ഇതിന്റെ പ്രയോജനം സ്ത്രീകൾക്ക് എല്ലാ അർത്ഥത്തിലും ലഭിക്കുന്നുണ്ടോ, അവരുടെ രണ്ടാംകിട പദവിയിൽ വ്യത്യാസമുണ്ടാകുന്നുണ്ടോ തുടങ്ങിയ പരിശോധനകളാണ് ലിംഗപദവി ഓഡിറ്റിങ്ങിലൂടെ ചെയ്യുന്നത്.

## 13.32 എന്താണ് ലിംഗപദവി ഓഡിറ്റ്?

ലിംഗപദവി ഓഡിറ്റ് വെറും സാമ്പത്തിക ഓഡിറ്റ് മാത്രമല്ല, അതിന്റെയൊപ്പം ഓഡിറ്റിലൂടെ നിശ്ചിത പദ്ധതിയുടെ അല്ലെങ്കിൽ പരിപാടിയുടെ ഗുണനിലവാരം പരിശോധിക്കുകയും പ്രവർത്തനങ്ങൾ നടത്തുന്ന സംവിധാനങ്ങൾ, നിർവ്വഹണപ്രക്രിയ നടത്തിപ്പുകാർ എന്നിവയിലെ ലിംഗപദവി സംവേദനക്ഷമതയും (gender sensitivity) അവബോധവും വിലയിരുത്തുകയും ചെയ്യുന്നു. തുടക്കത്തിലെ വിവരം ശേഖരിച്ചുകൊണ്ട് (baseline data) നിർണ്ണായകമായ വെല്ലുവിളികളും വിടവുകളും തിരിച്ചറിയുക, അവയെ നേരിടുന്നതിനുള്ള നടപടികൾ നിർദ്ദേശിക്കുക. മെച്ചപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക, ലിംഗനീതി പരിശ്രമങ്ങൾ ഏതാനും താല്പ്പര്യമുള്ള വ്യക്തികളുടെയല്ലാതെ, സ്ഥാപനത്തിന്റെ/വകുപ്പിന്റെ മൊത്തം ഉടമസ്ഥാവകാശം സൃഷ്ടിക്കുന്നതിന് സഹായിക്കുക തുടങ്ങിയ നടപടികൾ ഇതിന്റെ ഭാഗമാണ്.

സ്ത്രീ പുരുഷ തുല്യത, നീതി എന്നിവ ലക്ഷ്യമാക്കി പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ, അവയുടെ ഫലപ്രാപ്തി അവലോകനം ചെയ്യുന്ന പ്രക്രിയകളും സ്ത്രീപക്ഷ ബോധ്യങ്ങളോടെയുള്ളതായിരിക്കണം എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

നിശ്ചിത പദ്ധതി അല്ലെങ്കിൽ പരിപാടി നടപ്പിലാക്കുന്നതിലൂടെ:-

1. സമ്പത്ത്/വിഭവങ്ങൾ എന്നിവയിൽ സ്ത്രീകളുടെ പ്രാപ്യതയും ഉടമസ്ഥാവകാശവും ഉണ്ടാകുന്നുണ്ടോ? മെച്ചപ്പെടുന്നുണ്ടോ ?

2. തിരുമാനമെടുക്കുന്ന പ്രക്രിയകളിലെ പങ്കാളിത്തം (ഗണപരവും ഗുണപരവും) എപ്രകാരമാണ്?
3. മേൽ പറഞ്ഞവയെ നിർണ്ണയിക്കുന്ന അധികാരത്തിൽ സ്ത്രീകളുടെ പങ്ക് എന്താണ്? പുരുഷന്മാരുടെ പങ്ക് എന്താണ്?
4. സഞ്ചാരസ്വാതന്ത്ര്യം, അതിക്രമങ്ങളിൽ നിന്ന് സുരക്ഷ തുടങ്ങിയ കാര്യങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ പദ്ധതി കണക്കിലെടുക്കുന്നുണ്ടോ തുടങ്ങിയവ പരിശോധിക്കുക എന്നത് ലിംഗപദവി ഓഡിറ്റിംഗിന്റെ ലക്ഷ്യമാണ്.

പദ്ധതിയുടെ നയസമീപനം, ഇതിലെ ഓരോ പ്രവർത്തനവും (activities) നടപടികളും ഇവയിലൊക്കെ അടങ്ങിയിരിക്കുന്ന സങ്കൽപ്പങ്ങൾ എന്താണ്? പ്രത്യേകിച്ച് സ്ത്രീകളുടെയും പുരുഷന്മാരുടെയും സമൂഹത്തിലെ ഉത്തരവാദിത്വങ്ങൾ, അവരുടെ സമയക്രമം, കഴിവുകൾ, സാധ്യതകൾ തുടങ്ങിയവയെക്കുറിച്ചൊക്കെ പരമ്പരാഗത സങ്കൽപങ്ങൾ (വാർപ്പുമാതൃകകൾ) ആണോ പദ്ധതി നടത്തിപ്പുകാർക്കുള്ളത്? ഇവയും പരിശോധന വിധേയമാക്കേണ്ടതാണ്.

ലിംഗപദവി മുഖ്യധാരാവത്ക്കരണം എന്നത് പദ്ധതി നടപ്പാക്കുന്ന സ്ഥാപനം/വകുപ്പ്/ സംഘടന എന്നിവർ സ്വീകരിച്ചിട്ടുണ്ടോ ? അവരുടെ നയങ്ങൾ, പ്രവർത്തനരീതികൾ, അവർക്കുള്ള വൈദഗ്ധ്യം, ശേഷി മൂല്യങ്ങൾ തുടങ്ങിയവയിൽ ഇത് പ്രതിഫലിക്കുന്നുണ്ടോ? ഇല്ലെങ്കിൽ, ലിംഗപദവി അവബോധം വർദ്ധിപ്പിക്കാനും ശേഷി വികസിപ്പിക്കാനും വേണ്ട നിർദേശങ്ങൾ എന്താണ്?

ലിംഗ പദവി വികസനത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല:-

» സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളും നിർണ്ണായക ആവശ്യങ്ങളും തിരിച്ചറിഞ്ഞ് മുൻഗണന ക്രമത്തിൽ ഇടപെടാൻ സാധിക്കുന്നു
» വികസന പ്രക്രിയയിൽ സ്ത്രീകളുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പുവരുത്താൻ സഹായിക്കുന്നു.
» വികസന പദ്ധതികളുടെ (പൊതു പദ്ധതികളിലും വനിതാ ഘടക പദ്ധതിയിലും) ആസൂത്രണത്തിലും നടത്തിപ്പിലും മേൽനോട്ടത്തിലും സ്ത്രീകൾക്ക് നിയന്ത്രണവും പ്രാപ്യതയും ഉറപ്പ് വരുത്താൻ സഹായിക്കുന്നു
» പൊതുസമൂഹത്തിന് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് തിരിച്ചറിവുണ്ടാക്കാൻ സാധിക്കുന്നു.

## 13.33 വനിതാ ഘടക പദ്ധതി

ജനകീയാസൂത്രണ പദ്ധതിയുടെ നയങ്ങളിൽ അതിപ്രാധാന്യമർഹിക്കുന്നത് പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹ്യനീതി, സേവനഗുണമേന്മ വർദ്ധിപ്പിക്കൽ, സദ്ഭരണം എന്നിവയാണ്.

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലിന്റെ ഭാഗമായാണ് വനിത ഘടക പദ്ധതി (WCP) രൂപം കൊണ്ടത്. ഒമ്പതാം പഞ്ചവത്സര പദ്ധതി മുതലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനം തുക ഇതിനായി വകയിരുത്തണം എന്ന നിർദ്ദേശം ഉണ്ടാകുന്നത്.

## 13.34 വനിത ഘടക പദ്ധതി (WCP) എന്തിന്?

വനിതാഘടക പദ്ധതിയുടെ ഉദ്ദേശം ഹ്രസ്വ-ദീർഘകാല അടിസ്ഥാനത്തിൽ സ്ത്രീകളുടെ തന്ത്രപരമായ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുകയാണ്. ഇത് വഴി സ്ത്രീകളുടെ സമഗ്രമായ ശാക്തീകരണമാണ് നടക്കേണ്ടത്. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ ഈ രംഗത്ത് ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകളുടെ പരാധീനതകൾ ലഘൂകരിക്കുന്നതിനും ശാക്തീകരണത്തിനും ഈ പദ്ധതി സാരമായ സംഭാവനകൾ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം സ്ത്രീകളുടെ തദ്ദേശഭരണ പരിപാടികളിലെ ജനകീയ പങ്കാളിത്തത്തിനും ഇത് ആക്കം കൂട്ടി.

എന്നിരുന്നാലും സ്ത്രീകളുടെ രണ്ടാംകിട പദവിക്ക് കാരണമാകുന്ന നിർണായക ആവശ്യങ്ങളെ കണ്ടെത്തുകയും അവക്കുള്ള പരിഹാരമാർഗ്ഗങ്ങൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്ന തരത്തിൽ മാറേണ്ടതുണ്ട്.

വനിതാഘടക പദ്ധതി ആസൂത്രണത്തിന്റെ എല്ലാ ചട്ടങ്ങളും പാലിക്കേണ്ടതാണ്. ആവശ്യമായ മുഴുവൻ പഠനങ്ങളും നടത്തി വിവരവ്യൂഹാധിഷ്ഠിത ആസൂത്രണത്തിലേക്ക് കടന്നാൽ മാത്രമേ ആത്യന്തികമായ ലക്ഷ്യങ്ങൾ കൈവരിക്കാനാവൂ.

1. സ്ത്രീകളുടെ നിർണ്ണായക ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന്
2. വനിതകളുടെ സാമൂഹ്യ – സാമ്പത്തിക പദവി ഉയർത്തുന്നതിന്
3. വികസന പ്രക്രിയയിൽ സ്ത്രീകളെ ഉൾച്ചേർക്കുന്നതിന്
4. സ്ത്രീകളുടെ വികസന പ്രശ്നങ്ങൾ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന്
5. പ്രാദേശികമായി കണ്ടെത്തുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന്

### സാധ്യതകൾ

1. പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനത്തിൽ കുറയാത്ത തുക എല്ലാ വർഷവും നിർബന്ധിതമായി വകയിരുത്തപ്പെടുന്നു.
2. വനിതാ വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണം വഴി പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ ഇടപെടൽ സാധ്യമാകുന്നു.
3. വനിതകളുടെ പ്രത്യേക ഗ്രാമസഭ ചേരുന്നത് വഴി പ്രശ്നങ്ങളും ആവശ്യങ്ങളും ആഴത്തിൽ ചർച്ച ചെയ്യപ്പെടുന്നു.
4. പൊതു ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് സാധ്യമാകുന്നു.

### കഴിഞ്ഞ കാലങ്ങളിലെ പരിമിതികൾ

1. സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ വേണ്ടത്ര ഉണ്ടായില്ല.
2. പത്ത് ശതമാനം തുക വകയിരുത്തിയെങ്കിലും അതിൽ പകുതി തുകയേ വിനിയോഗിച്ചിട്ടുള്ളൂ.
3. സ്ത്രീകൾക്ക് യഥാർത്ഥത്തിൽ പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കായി രണ്ട് ശതമാനം തുകയേ ചിലവഴിക്കപ്പെട്ടിട്ടുള്ളൂ.
4. വകയിരുത്തലിന് വേണ്ടി മാത്രം പദ്ധതി തയ്യാറാക്കുകയും ഭേദഗതി ഘട്ടങ്ങളിൽ അവ ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.
5. സാങ്കേതികമായും സാമ്പത്തികമായും വിജയപ്രദമല്ലാത്ത പദ്ധതികൾ പ്രാധാന്യത്തോടെയല്ലാതെ തയ്യാറാക്കപ്പെടുന്നു.

6. യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിയാതെ പദ്ധതിക്ക് രൂപം നൽകുന്നു.
7. കൃത്യമായ സ്ഥിതി വിവര കണക്കില്ലാതെ പദ്ധതികൾ തയ്യാറാക്കുന്നു.
8. അർഹരായ ആളുകളിലേക്ക് സേവനം പൂർണ്ണമായും എത്തിക്കാൻ സാധിച്ചില്ല.
9. ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ സ്ത്രീ പങ്കാളിത്തം കൂടുതലാണെങ്കിലും തീരുമാനമെടുക്കലിൽ സ്ത്രീ പങ്കാളിത്തം ഇല്ലാതെ വരുന്നു.
10. ലിംഗപദവി വീക്ഷണമോ, ലിംഗാവബോധമോ ഇല്ലാത്ത ആസൂത്രണം

പരിമിതികളെ അതിജീവിച്ചു കൊണ്ട് മുന്നേറാൻ നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

# 14

# കേന്ദ്ര സംസ്ഥാന പദ്ധതികളും സംയോജന സാധ്യതകളും

വികസനത്തിലെ കേരള മാതൃക (Kerala Model of Development) ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കുറഞ്ഞ വരുമാന നിരക്കുകൾ നിലനിൽക്കുമ്പോഴും ജീവിത ഗുണ സൂചകങ്ങളുടെ കാര്യത്തിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞു. എന്നതാണ് ഇതിന്റെ കാതൽ. എന്നാൽ ജീവിത ഗുണതയിൽ കൈവരിച്ച നേട്ടങ്ങൾക്കനുസൃതമായി സാമ്പത്തിക വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക വളർച്ചയിലെ മുരടിപ്പ്, ധനകമ്മി, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലെ പരാജയം എന്നിവയാണ് പ്രതിസന്ധി സൃഷ്ടിക്കുന്നത്.

കാർഷിക രംഗത്തും, വ്യവസായ രംഗത്തും നേരിടുന്ന മുരടിപ്പിനെ മറികടന്നുകൊണ്ട് മാത്രമേ സാമൂഹിക വികസനത്തിന്റെ രണ്ടാം തലമുറ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയൂ.

കേരളത്തിന് അനുയോജ്യമായ കൃഷിയിലും വ്യവസായ വളർച്ചയിലും ഊന്നുന്ന സാമൂഹിക പാതയാണ് ഭാവി കേരളത്തിനായി മുന്നോട്ട് വയ്ക്കുന്നത്. ഇപ്രകാരം നഗരസഭയുടെ വികസനാസൂത്രണത്തിൽ. മുഖ്യ പങ്കാളിത്തം നിർവ്വഹിക്കുന്ന വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെന്ന നിലയിൽ ഉല്പാദന മേഖലയിലെ സ്ഥായിയായ വളർച്ചയ്ക്ക് ഉപകരിക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും അവയുടെ സംയോജന സാധ്യതകളും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്.

## 14.1 ഉല്പാദന മേഖലയിലെ മുൻഗണനകൾ

ഭക്ഷ്യവിളകൾ, പച്ചക്കറി, മുട്ട, മാംസം, മത്സ്യം, പാൽ എന്നിവയുടെ ഉല്പാദനവും ഉല്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുക എന്നത് കൂടാതെ തൊഴിലവസരങ്ങളും വരുമാന വർദ്ധനവും ലക്ഷ്യമാക്കിക്കൊണ്ട് നഗരവികസനം സാധ്യമാക്കണം. പ്രാദേശിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ഉറപ്പാക്കിക്കൊണ്ട് സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കണം. നൂതന നൈപുണികൾ ഉപയോഗപ്പെടുത്തി കൃഷി, അനുബന്ധ മേഖലകൾ, നൂതന വ്യവസായം, അടിസ്ഥാന സൗകര്യ വികസനം, വരുമാനോൽപാദന സേവനങ്ങൾ എന്നിവ മെച്ചപ്പെടുത്തി കേരളവികസനം എന്നതാണ് ഈ രംഗത്ത് സംസ്ഥാന നയം.

## 14.2 കാർഷിക മേഖലയിലെ പദ്ധതി സംയോജന സാധ്യതകൾ

കാർഷിക മേഖലയിൽ ഉൽപ്പാദനക്ഷമത, ലാഭ സാധ്യത, സുസ്ഥിരത എന്ന ലക്ഷ്യത്തോടെ ഓരോ വിളയുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഉൽപ്പാദനം ഇരട്ടിപ്പിക്കാനും കഴിയണം. മൂല്യ വർദ്ധനയിലും മാർക്കറ്റിംഗിലും ഭക്ഷ്യസംസ്കരണത്തിലും ഊന്നൽ നൽകിക്കൊണ്ട് കർഷകർക്കും സംരംഭകർക്കും സാധ്യമായ പദ്ധതികൾ പരിശോധിക്കാം.

## 14.3 കേന്ദ്രാവിഷ്കൃത പദ്ധതികൾ

### 14.3.1 Pradhan Mantri Fasal Bima Yojana (പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതി)

1.4.2016–ന് തുടക്കം കുറിച്ച് National Agriculture Insurance Scheme–ന് പകരം കൊണ്ടുവന്നു. പ്രകൃതിക്ഷോഭം, കീടബാധ, രോഗങ്ങൾ എന്നിവ മൂലം വിളനാശം സംഭവിക്കുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷയും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതിയാണിത്. കർഷകർക്ക് വരുമാന നഷ്ടം ഒഴിവാക്കുക വഴി കൃഷി ലാഭകരമാക്കാനുള്ള ലക്ഷ്യമാണുള്ളത്. നൂതനവും ആധുനികവുമായ കൃഷി രീതികൾ അവലംബിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നു. കാർഷിക മേഖലയിൽ വായ്പ ലഭ്യതയും ഉറപ്പുവരുത്തുന്നു.

### 14.3.1 കർഷകർക്കായുള്ള ഇടക്കാല വായ്പകൾക്കുള്ള പലിശ സബ്സിഡി

നബാർഡ് (NABARD) മുഖേനയും പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, മറ്റ് ബാങ്ക് സ്ഥാപനങ്ങൾ മുഖേന കർഷകർക്കാവശ്യമായ ഹ്രസ്വകാല വായ്പകൾ ലഭ്യമാക്കുകയും പലിശ സബ്സിഡി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്.

### 14.3.2 MARKET Intervention Scheme and Price Support Scheme (MIS-PSS)

വിപണി ഇടപെടലും വില സ്ഥിരതയും സ്കീം, നാഫെഡ്, വെയർഹൗസ് കോർപ്പറേഷൻ, കൺസ്യൂമർ, ഫെഡറേഷൻ എന്നിവ മുഖേനയും എണ്ണക്കുരുക്കളും, പയർവർഗ്ഗങ്ങൾ സംഭരിക്കുകയും വിലസംരക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള പദ്ധതിയാണിത്.

### 14.3.3 Pradhan Manthri Kisan Samman Nidhi (PM-KISAN)

ഇടത്തരം ചെറുകിട കർഷക കുടുംബങ്ങൾക്ക് വരുമാന സ്ഥിരത ഉറപ്പാക്കുന്നതിനുള്ള പദ്ധതി. ഓരോ കർഷക കുടുംബത്തിനും പ്രതിവർഷം 6000/– രൂപ [3 ഗഡുക്കളായി (2000 വീതം)] ധനസഹായം നൽകുന്നതാണ് പദ്ധതി. ഉയർന്ന സാമ്പത്തിക പരിധിയിൽ വരുന്നവരൊഴികെ ഏകദേശം 12.5 കോടി കർഷക കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ സഹായം ലഭിക്കുന്നു.

### 14.3.4 Pradhan Manthri Krishi Sanchai Yojana (PMSKSY)-Per Drop More Crop

കൃഷിക്കാവശ്യമായ ജലസേചനം ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. ജലസ്രോതസ്സും, വിതരണ ശൃംഖലയും ഉൾപ്പെടുന്നു. ജലലഭ്യത ഉറപ്പു വരുത്തുക വഴി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

### 14.3.5 Rashtriya Krishi Vikas Yojana

ഇന്ത്യയിൽ കാർഷിക വളർച്ചയും കർഷകർക്ക് സാമ്പത്തിക വികസനവും ഉറപ്പു

വരുത്തുന്നതിനും ഭക്ഷ്യസുരക്ഷ, സുസ്ഥിര കൃഷി വികസനം എന്നിവ സാധ്യമാക്കുന്നതിനും വേണ്ടി ആവിഷ്ക്കരിച്ച പദ്ധതിയാണിത്.

### 14.3.6 National Food Security Mission

നല്ല ഗോതമ്പ്, പയർവർഗ്ഗങ്ങൾ, മറ്റ് ധാന്യങ്ങൾ, വിളകൾ, എണ്ണക്കുരുക്കൾ എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആവിഷക്കരിച്ച പദ്ധതിയാണിത്. പയർ വർഗ്ഗങ്ങൾക്ക് ഏതാണ്ട് 60% നീക്കി വച്ചിരിക്കുന്നു.

### 14.3.7 National Project on Organic Farming

ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, കമ്പോസ്റ്റ് എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക വഴി കൃഷിഭൂമിയുടെ മണ്ണിന്റെ ആരോഗ്യം, വളക്കൂറ് സംരക്ഷിക്കാനും വിളവ് നിലനിർത്താനും ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

### 14.3.8 National Mission on Horticulture

ഗുണമേന്മയുള്ള വിത്തിനങ്ങൾ, നടീൽ വസ്തുക്കൾ, സാങ്കേതിക വിദ്യ, നൈപുണ്യ വികസനം എന്നിവ കർഷകർക്ക് ലഭ്യമാക്കാനും, ജലസേചനം വഴി വിളവ് വർദ്ധിപ്പിക്കാനും, വിള സംരക്ഷണത്തിനും പണിയും സംഭരണ സൗകര്യവും വർദ്ധിപ്പിക്കാനും ലക്ഷ്യമാക്കുന്നു.

### 14.3.9 Pradhan Manthri Kisan Man Dhan Yojana

ചെറുകിട ഇടത്തരം കർഷകർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണിത്. വാർദ്ധക്യം മൂലം ഉപജീവനം സാധ്യമാകാത്ത കർഷകർക്ക് പ്രതിമാസം 3000/- പെൻഷൻ നൽകുന്ന പദ്ധതിയാണ്. അർഹതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. 60 വയസ്സ് തികഞ്ഞവർക്കാണ് അർഹത. 3 കോടി കർഷകർ പദ്ധതിയുടെ ഗുണഭോക്താക്കളായി കണക്കാക്കുന്നു. 18നും 40നും ഇടയിലുള്ള പ്രായത്തിൽ ടി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ചേരാവുന്നതും വിഹിതം അടക്കേണ്ടതുമാണ്.

### 14.3.10 Rainfed Area Development and Climate Change

സംയോജിത കൃഷി സമ്പ്രദായം വഴി കർഷകർക്ക് ഉയർന്ന് വരുമാനം ഉറപ്പാക്കാനും പ്രളയം, വരൾച്ച തുടങ്ങിയ പ്രതികൂല കാലാവസ്ഥയും കാലാവസ്ഥ വ്യതിയാനവും മൂലം കഷ്ടത്തിലാകുന്ന കർഷകർക്ക് സംരക്ഷിത സാങ്കേതിക വിദ്യയും ജലസേചന സൗകര്യങ്ങളും ഉറപ്പാക്കുക വഴി വരുമാന നഷ്ടം ഒഴിവാക്കാനുമുള്ള പദ്ധതിയാണിത്.

### 14.3.11 Integrated Scheme on Agriculture Marketing (Agri Market Infrastructure (AMI)

ശാസ്ത്രീയമായ സംഭരണവും വിളനാശവും ഒഴിവാക്കുക വഴി കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ വിതരണ രംഗം കാര്യക്ഷമവും ഫലപ്രദമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതി. 10 ലക്ഷം മെട്രിക് ടൺ സ്റ്റോറേജ് സംവിധാനവും 100 ഇതര വിപണന സംവിധാനങ്ങളും 2021-22 വർഷം കൈവരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

## 14.4 കാർഷിക രംഗത്തെ കേരള സംസ്ഥാന സ്കീമുകൾ

### 14.4.1 ഭക്ഷ്യവിള വികസനം (Crop Development)

നെല്ല്, പയർവർഗ്ഗങ്ങൾ, പച്ചക്കറി എന്നിവ ഉൾപ്പെടെ ഭക്ഷ്യവിളകളുടെ കൃഷി വികസനത്തിനും നാളികേരം, സുഗന്ധ വ്യഞ്ജന കൃഷി, പൂക്കൃഷി. ഔഷധ സസ്യകൃഷി, High Tech Agriculture എന്നീ ഇനങ്ങളിൽ കാർഷിക വികസനത്തിനായി കർഷകർക്ക് സഹായം നൽകാനായി കൃഷിപാഠശാല പദ്ധതിയും, 2018-19-ലെ വെള്ളപ്പൊക്ക ദുരിതത്തെ തുടർന്ന് നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് സഹായകമായ കനവ്, പുനർജ്ജനി എന്നീ പദ്ധതികളും ഇതിൽപ്പെടുന്നു. കൃഷിവകുപ്പു വഴി നടപ്പാക്കുന്നു.

### 14.4.2 മണ്ണിന്റെയും വിത്തുകളുടെയും ആരോഗ്യവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്ന പദ്ധതി (Soil and Plant Health Management)

മണ്ണിന്റെ വളക്കൂറ് ഉറപ്പാക്കുക, വിളകളുടെയും ആരോഗ്യവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, ജൈവകൃഷി പ്രോത്സാഹനം, മികച്ച കൃഷിരീതികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നിവ ഇതിൽപ്പെടുന്നു.

### 14.4.3 നിക്ഷേപവും സേവന ഗുണനിലവാരവും (Input and Service Delivery)

ഉന്നത ഗുണമേന്മയും വിളവും തരുന്ന വിത്തിനങ്ങളുടെ ഉൽപ്പാദനവും വിതരണവും പ്രോത്സാഹിപ്പിക്കുക, കൂടാതെ കാർഷിക ലാബുകളുടെ ആധുനികവൽക്കരണം എന്നിവയും ഇതിൽപ്പെടുന്നു.

### 14.4.4 കൃഷി ഉന്നതി യോജന (Krishi Unnathi Yojana)

കാർഷികരംഗം ആധുനികവൽക്കരണവും മനുഷ്യവിഭവശേഷി വികസനവും കാർഷിക അറിവും ശേഷിയും വികസിപ്പിക്കുക, വിളനിലങ്ങളുടെ അറിവും വിനിമയവും മെച്ചപ്പെടുത്തുക, മനുഷ്യവിഭവശേഷി വികസനം, കൃഷി സേവന കേന്ദ്രങ്ങൾ, സേവന പ്രദാനം എന്നിവ മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യം.

### 14.4.5 അപകടസാധ്യത നിയന്ത്രണം (Risk Management)

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും പ്രകൃതി ദുരന്തങ്ങളിലും, കീടബാധയിലും കാർഷിക രോഗബാധയാലും നഷ്ടം വരുന്നതിന് പരിഹാരം കാണുന്നതിന് വേണ്ടി ആവിഷ്ക്കരിച്ച സ്കീം.

ഇവ കൂടാതെ പരമ്പരാഗത വിത്തിനങ്ങൾ സംരക്ഷിക്കാനുള്ള Bio Diversity and Local Germ Plasm Conservation and Promotion, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി സംയോജിച്ചുള്ള Krishi Unnathi Yojana തുടങ്ങിയ പദ്ധതികളും RIDF വിനിയോഗിച്ചുള്ള പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്.

സുഭിക്ഷ കേരളം – ഭക്ഷ്യോൽപാദന വർദ്ധനവിനുള്ള മാർഗ്ഗരേഖ. (G.O. (MS) :14/2020/ Planning Dept dt. 18.5.2020)

## 14.5 സുഭിക്ഷ കേരളം പദ്ധതി

കേരളത്തെ ഭക്ഷ്യസ്വയം പര്യാപ്തതയിൽ എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിന്റെ ഭക്ഷ്യോല്പാദന വിപണിയെ ഉപയോഗിച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കുകയും വരുമാനവും സംരംഭങ്ങളും തൊഴിലും സൃഷ്ടിച്ചുകൊണ്ടുമാണ് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തേണ്ടത്. വിപുലമായ തോതിൽ ജനപങ്കാളിത്തം ഉറപ്പാക്കി കാമ്പയിൻ മാതൃകയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൃഷി, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം, സഹകരണം, വ്യവസായം എന്നീ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടേയും നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുക. താഴെപ്പറയുന്നവയാണ് ലക്ഷ്യങ്ങൾ.

1. നെല്ല്, പഴവർങ്ങൾ, മരച്ചീനി ഉൾപ്പെടെയുള്ള കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറി, പയറു വർഗ്ഗങ്ങൾ, ഇലക്കറികൾ, ഇറച്ചിക്കോഴി, മുട്ടക്കോഴി, പാൽ, ആട്, പോത്ത്, പന്നി, മത്സ്യം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യസുരക്ഷ ഉപ്പാക്കുക.
2. ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിച്ചു കൊണ്ട് ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും ചെയ്യുക.
3. പരമ്പരാഗത കൃഷി വിജ്ഞാനം ഉൾക്കൊണ്ടുകൊണ്ടു തന്നെ നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ കാർഷിക–അനുബന്ധ മേഖലകൾക്ക് പുതുജീവൻ നല്കുകയും അതു വഴി കർഷകരുടേയും കർഷക തൊഴിലാളികളുടേയും വരുമാനം വർദ്ധിപ്പിക്കുകയും ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.
4. യുവജനങ്ങൾ, തൊഴിൽ നഷ്ടപ്പെട്ടു മടങ്ങി വരുന്ന പ്രവാസികൾ, വിശ്രമജീവിതം നയിക്കുന്നവർ തുടങ്ങി കൂടുതൽ പേരെ കൃഷി–അനുബന്ധ മേഖലകളിലേക്ക് ആകർഷിക്കുക. അവർക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്തുക.
5. സമ്പദ് വ്യവസ്ഥയിൽ കാർഷികാനുബന്ധ മേഖലകളുടെ സംഭാവന വർദ്ധിപ്പിക്കുക. കേരളത്തിന്റെ ഭക്ഷ്യോത്പന്ന വിപണിയെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുക.
6. കാർഷികകോല്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക.
7. പരിസ്ഥിതി സംരക്ഷിക്കുക.

**സമീപനം:–**

തരിശുനിലവും തരിശുഭൂമിയും പുരയിടങ്ങളും വീട്ടുവളപ്പും ടെറസും എല്ലാം ഉല്പാദന കേന്ദ്രങ്ങളാക്കുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന തത്വം.

തരിശുഭൂമി കൃഷിയോഗ്യമാക്കൽ തുടങ്ങിയ ഭൂവികസന പ്രവർത്തനങ്ങൾ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കാവുന്നതാണ്.

## 14.6 ക്ഷീരവികസനം–കേന്ദ്ര പദ്ധതികൾ

National Programme for Bovine Breading & Dairy Development (NPBBDD)

**ലക്ഷ്യങ്ങൾ:–**

» പാൽ സംഭരണവും ശീതീകരണവും സംവിധാനം ഗ്രാമ–ബ്ലോക്ക്–നഗര–ജില്ലാ–തലങ്ങളിൽ

» ശീതീകരണ ഉപകരണങ്ങൾ നൽകൽ
» പാൽ സംസ്കരണവും വിപണനവും
» മൂല്യവർദ്ധിത ഉപകരണങ്ങൾ
» പാൽ സംഭരണം, കന്നുകാലി ഷെഡ്
» ലാബോറട്ടറി സംവിധാനങ്ങൾ, സാങ്കേതിക സഹായങ്ങൾ, മനുഷ്യ വിഭവശേഷി വികസനം
» തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്നു.

## 14.7 ക്ഷീരവികസനം-സംസ്ഥാന പദ്ധതികൾ

### 14.7.1 പാൽ സംഭരണ കേന്ദ്രങ്ങൾ

പാൽ സംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ ക്ഷീര കർഷകർക്ക് സഹായം ലഭ്യമാക്കാനും അതിലൂടെ പാലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും വേണ്ടിയാണ് ഈ പദ്ധതി. കൂടുതൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പാൽ ഉൽപ്പാദനം നടത്തുവാനുള്ള ഈ പദ്ധതിയിൽ 2, 5, 10–ഉം 20–ഉം മൃഗങ്ങൾ ഉള്ള dairy farm units–ന് സഹായം നൽകുന്നതാണ്. 5–ൽ കൂടുതൽ കന്നുകാലികൾ ഉള്ള കർഷകർക്ക് ആവശ്യത്തിനനുസരിച്ച് സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നതാണ്. ആട്ടോമാറ്റിക് പാൽ സംഭരണ ഉപകരണങ്ങൾ വാങ്ങാനും ഇതിലൂടെ സാധിക്കുന്നതാണ്.

### 14.7.2 സഹകരണ സംഘങ്ങളുടെ നവീകരണം

പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ട സൊസൈറ്റികൾക്ക് ധനസഹായം നൽകാനുള്ള പദ്ധതികളുമുണ്ട്. പാൽ സംഭരണ മുറികൾ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയും ലഭ്യമാണ്. അതുപോലെ പ്രവർത്തന രഹിതമായ സൊസൈറ്റികൾ പുനരുജ്ജീവിപ്പിക്കുവാനുള്ള സംവിധാനവും ഇതിലുണ്ട്.

### 14.7.3 വയ്ക്കോൽ കൃഷിയുമായി ബന്ധപ്പെട്ട പദ്ധതി

» വിവിധ ഹൈബ്രിഡ് ഇനങ്ങൾ ഉപയോഗിച്ച് സ്വന്തം ഭൂമിയിൽ വയ്ക്കോൽ കൃഷിക്ക് സഹായം ലഭ്യമാകുന്നതാണ്. ഇതിൽ ഏർപ്പെടുന്ന 30 സെന്റിൽ താഴെ ഭൂമിയുള്ള കർഷകർക്ക് ക്ഷീര വകുപ്പ് തന്നെ വിത്ത് സൗജന്യമായി ലഭ്യമാക്കുന്നതാണ്. കൂടാതെ 10,000 രൂപ ധന സഹായം ആയിട്ടും നൽകും.
» അസോള വളർത്തുന്നതിനും ഇത് പോലെ സഹായം ലഭിക്കുന്നതാണ്.
» DCS മുഖേന എല്ലാ ജില്ലയിലും വയ്ക്കോൽ യൂണിറ്റുകൾ സ്ഥാപിക്കുവാനും പദ്ധതി ഉണ്ട്. ഇതിലൂടെ 15,000 രൂപ ധനസഹായം ലഭിക്കുന്നതാണ്.
» അഗതി, സുബാബുൽ മുതലായ മരങ്ങൾ നട്ട് പിടിപ്പിക്കാനുള്ള പദ്ധതികളുമുണ്ട്.
» കുറച്ചു സമയം കൊണ്ട് വളരുന്ന വയ്ക്കോൽ ഇനങ്ങളുടെ വിത്തുകൾ നെൽകൃഷിയുടെ ഇടവിളയായി നടാനായി നൽകുന്നതാണ്
» ജല–ദൗർലഭ്യമുള്ള മാതൃകാ കൃഷി ഇടങ്ങളിൽ ജലസേചനത്തിനായുള്ള സഹായവും ഇതിൽ കൂടെ ലഭ്യമാണ്
» വയ്ക്കോൽ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള സംവിധാനവും ഇതിൽ ലഭ്യമാണ്.

» വയ്ക്കോൽ കൃഷിയിൽ യന്ത്രവൽക്കരണത്തിനായുള്ള ധനസഹായവും ലഭ്യമാക്കുന്നതാണ്.

### 14.7.4 കാലിത്തീറ്റ സബ്സിഡി പദ്ധതി

കാലിത്തീറ്റയുടെ വിലയിന്മേൽ സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയാണ് ഇത്. പാൽ സംഭരിക്കുന്നതിനനുസരിച്ചാണ് ഈ സബ്സിഡി നൽകുന്നത്.

## 14.8 മത്സ്യത്തൊഴിലാളിക്ഷേമം

### 14.8.1 ഭവന പദ്ധതി

പാവപ്പെട്ട മത്സ്യബന്ധന കുടുംബത്തിന് അഭയസ്ഥാനം നൽകുന്നതിനായുള്ള പദ്ധതി. ഇതിൽപ്പെടുത്തി ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള കമ്മറ്റി 18-നും 60-നും ഇടയ്ക്ക് പ്രായമുള്ള, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട, കുറഞ്ഞത് 1.5 സെന്റ് സ്ഥലമെങ്കിലുമുള്ള, വീടില്ലാത്ത ശരിയായ മത്സ്യതൊഴിലാളികൾക്കായി ഭവനം നിർമ്മിച്ചു നൽകുന്നതാണ്. മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 14.8.2 വിദ്യാഭ്യാസ കൺസെഷൻ പദ്ധതി

രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ഇളവുകൾ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശം. ലംപ്സം ഗ്രാന്റ്, ഹോസ്റ്റൽ ഫീസ്, സ്റ്റൈപെന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി തുടങ്ങിയവ രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് നൽകപ്പെടും. ബന്ധപ്പെട്ട സ്ഥാപനം ജില്ലാ ട്രഷറി ഓഫീസർക്ക് ബില്ല് അയക്കണം. ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യ ഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 14.8.3 സമ്പാദ്യവും, ആശ്വാസവും പദ്ധതി

സാമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനും, വരുമാനമില്ലാത്ത സമയങ്ങളിൽ ആശ്വാസം എത്തിക്കുന്നതിനും മത്സ്യത്തൊഴിലാളികളിൽ നിന്നും സംഭാവന ശേഖരിക്കലും വരുമാനമില്ലാത്ത കാലയളവിൽ ഇരട്ടി തുക വിതരണം ചെയ്യലുമാണ് ഇതിന്റെ ഉദ്ദേശം. രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികൾ (ഉൾനാടനും, കടൽമത്സ്യ തൊഴിലാളികളും) ആണ് ഇതിന്റെ ഉപഭോക്താക്കൾ. മാസം 75/- രൂപാ നിരക്കിൽ 8 മാസം അടയ്ക്കണം, തുടർന്നുള്ള 4 മാസങ്ങളിൽ 300/- രൂപാ വീതം തിരികെ നൽകുന്നു. ഉൾനാടൻ മത്സ്യതൊഴിലാളികൾ മാസം 50/- രൂപാ നിരക്കിൽ 9 മാസം അടയ്ക്കണം. തുടർന്നുള്ള 3 മാസങ്ങളിൽ 300/- രൂപാ വീതം തിരികെ നൽകുന്നു. ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 14.8.4 മത്സ്യ ബന്ധന ഉപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

പരമ്പരാഗതമായ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, അതായത് ചെറുതോണികൾക്കും എഞ്ചിനുകൾക്കും. രജിസ്റ്റർ ചെയ്ത പരമ്പരാഗത മത്സ്യതൊഴിലാളികൾക്കാണ് ഇത് ലഭ്യമാകുക. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസർമാരെയാണ് ഇതിന്

സമീപിക്കേണ്ടത്. പ്രീമിയത്തിന്റെ 75% സംസ്ഥാന ഗവണ്മെന്റ് നൽകും.

### 14.8.5 മത്സ്യ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി

വാർദ്ധാക്യകാല, വിധവാ പെൻഷൻ ആയി മാസം 200/– രൂപ അധികമായി നൽകുന്ന പദ്ധതിയാണ് ഇത്. രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികൾ/മത്സ്യതൊഴിലാളികളുടെ വിധവകൾ എന്നിവർക്കാണ് ഇത് ലഭ്യമാകുക. 60 വയസിന് മുകളിൽ പ്രായമുള്ള ഉത്സാഹികളായ രജിസ്റ്റർ ചെയ്ത മത്സ്യതൊഴിലാളികൾക്കും, രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യതൊഴിലാളികളുടെ വിധവകൾക്കും പ്രതിമാസം 200/– രൂപ നിരക്കിൽ നൽകുന്നു. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് ഇതിനായി സമീപിക്കേണ്ടത്.

### 14.8.6 മത്സ്യ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കെ മരണം സംഭവിക്കുന്ന കർമ്മനിരതരായ മത്സ്യതൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. മത്സ്യബന്ധന വേളയിൽ സംഭവിക്കുന്ന അപകടമരണം/ഹാർട്ട് അറ്റാക്ക് എന്നിവ സംഭവിക്കുന്നവർക്കാണ് ഇത്. രജിസ്റ്റർ ചെയ്തിട്ടുള്ള കർമ്മനിരതരായ മത്സ്യതൊഴിലാളികൾക്ക് ഇത് ലഭ്യമാണ്. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 14.8.7 ബന്ധപ്പെട്ട ജോലിക്കാർക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

അനുബന്ധ ജോലിക്കാർക്ക് അപകട മരണത്തിനുള്ള ഇൻഷ്വറൻസ് പരിരക്ഷയാണ് ഇതിന്റെ ഉള്ളടക്കം. മത്സ്യമേഖലയിലെ അനുബന്ധ ജോലിക്കാർക്കാണ് ഇത്. മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ബന്ധപ്പെട്ട ജോലിക്കാർക്കും ഇൻഷ്വറൻസ് നൽകുന്നു. മരണപ്പെട്ടയാളിന്റെ അടുത്ത ബന്ധുവിന് ഒരു ലക്ഷം രൂപാ നൽകുന്നു. മത്സ്യബോർഡ് ഓഫീസർ/ജില്ലാ ഫിഷറീസ് ഓഫീസർ/മത്സ്യഭവൻ ഓഫീസറെയാണ് സമീപിക്കേണ്ടത്.

### 14.8.8 നാടൻ വള്ളങ്ങളുടെ നവീകരണ പദ്ധതി

ഒ.ബി.എം മാറ്റുന്നതിനുള്ള സഹായം നൽകുന്നതാണ് ഇതിന്റെ ഉദ്ദേശം. ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 10,000/– രൂപ സബ്സിഡി ലഭ്യമാക്കും. മത്സ്യഫെഡുമായി സംയോജിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് ഇത് ലഭ്യമാക്കുക. പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് പഴയ ഔട്ട്ബോർഡ് മോട്ടോർ മാറ്റി മത്സ്യഫെഡ് മുഖാന്തിരം പുതിയത് ഘടിപ്പിക്കുന്നതിന് പരമാവധി 10,000/– രൂപ നൽകുന്നു. മത്സ്യഫെഡ് ഓഫീസ്/ജില്ലാ മത്സ്യഫെഡ് ഓഫീസറെയാണ് സമീപിക്കേണ്ടത്

### 14.8.9 മത്സ്യ ബന്ധന വല വാങ്ങൽ പദ്ധതി

മത്സ്യബന്ധന വല വാങ്ങുന്നതിന് സഹായമായി സബ്സിഡിയായി പരമാവധി 6000/– രൂപ നൽകുന്നതാണ്. മത്സ്യഫെഡുമായി സംയോജിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കാണ് ഇത് ലഭ്യമാകുന്നത്. 10 എച്ച്പിയിൽ താഴെ ശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളുടെ ഉടമകളാണ് ഗുണഭോക്താക്കൾ. ഇവർക്ക്

വല വാങ്ങുന്നതിന് ഒറ്റത്തവണ സബ്സിഡി നൽകുന്നു. മത്സ്യഫെഡ് ഓഫീസ്/ജില്ലാ മത്സ്യഫെഡ് ഓഫീസർമാരെയാണ് സമീപിക്കേണ്ടത്.

## 14.9 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ

### 14.9.1 ജലസംരക്ഷണം

1. കിണർ റീചാർജ്ജിംഗ്
2. ഗള്ളിപ്ലഗ്ഗിങ്ങ്, തടയണ, ബ്രഷ് വുഡ് തടയണ, കമ്പിവലയ്ക്കുള്ളിൽ കല്ലടുക്കിയുള്ള (Gabion) തടയണ, കല്ലടുക്ക് തടയണ, മഴക്കുഴി, അടിയണ, ജലാഗീകരണ ട്രഞ്ച്, കോണ്ടൂർട്രഞ്ച്, കോണ്ടൂർ മൺബണ്ട്, സ്റ്റാഗേർഡ് കോണ്ടൂർ ബണ്ട്, കല്ല്കയ്യാല (stone pitched bund), HDPE (High Density Poly Ethylene) ഗാബിയോൺ തടയണ, കുളങ്ങളുടെ പുനരുദ്ധാരണം (ചെളിനീക്കം ചെയ്യൽ) വശഭിത്തി, പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണവും.

### 14.9.2 കുടിവെള്ളം

റീചാർജ്ജ് കുഴികൾ, കിണർ നിർമ്മാണം

### 14.9.3 വരൾച്ച പ്രതിരോധം

1. വനങ്ങളുടെ പരിസ്ഥിതി പുനരുദ്ധാരണം
2. വനവത്ക്കരണം
3. വനഭൂമി സംരക്ഷണം
4. സിൽവി പാസ്ച്ചർ
5. കാർഷിക നഴ്സറി സ്ഥാപിക്കൽ
6. സർക്കാർ ഭൂമിയിൽ വനവത്ക്കരണം
7. റോഡ്, കനാൽ വശങ്ങളിൽ വനവൽക്കരണം
8. ഭൂവികസനം

### 14.9.4 സൂക്ഷ്മ ജലസേചനം

1. കനാൽ, ജലവിതരണ ചാലുകളുടെ നിർമ്മാണം
2. ലിഫ്റ്റ് ഇറിഗേഷൻ
3. കനാൽ വശഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ
4. ജലസേചനത്തിനായി പൊതു കിണർ നിർമ്മാണം

### 14.9.5 ഭൂവികസന പ്രവർത്തനങ്ങൾ

കല്ല്കയ്യാല, മൺവരമ്പ്, കല്ല് ബണ്ട്, ടെറസ്സിംഗ് (നിരപ്പാക്കൽ) തരിശ്ശുഭൂമി വികസനം

### 14.9.6 സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ

1. കൃഷി ആവശ്യത്തിന് കുളം കുഴിക്കൽ
2. കിണർ പരിപോഷണം
3. കല്ല് അണ

4. കോണ്ടൂർ ബണ്ട് നിർമ്മാണം
5. ഗള്ളി പ്ലഗ്ഗിംഗ്
6. ജലപരിപോഷണ കുഴികൾ
7. കക്കൂസ് കുഴി നിർമ്മാണം
8. നീരൊഴുക്ക്, ചാൽ നിർമ്മാണം
9. പുരയിടത്തിൽ ബണ്ട് നിർമ്മാണം
10. കിണർ കുഴികൾ
11. കല്ല് കയ്യാല
12. തരിശായ ഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള ഇടപെടലുകൾ
13. കോണ്ടൂർ ബണ്ടുകളുടെ നിർമ്മാണം
14. ഗ്രേഡഡ് ബണ്ടുകളുടെ നിർമ്മാണം
15. ജലനിർഗ്ഗമന ചാലുകൾ
16. ഭൂമി നിരപ്പാക്കൽ
17. ചാലുകളുടെ ചോർച്ച അടക്കുന്നതിന് ലൈനിംഗ്
18. ക്രോസ്സ് ബണ്ട്
19. വെള്ളപ്പൊക്ക നിവാരണ ചാലുകളുടെ ആഴം കൂട്ടൽ
20. ഡൈവേർഷൻ ചാനൽ
21. വെള്ളക്കെട്ട് പ്രദേശത്ത് ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തൽ
22. പെറിഫെറൽ ബണ്ടിംഗ്
23. പതിനഞ്ച് മുതൽ ഇരുപത്തഞ്ച് കൊല്ലക്കാലം നിലനിൽക്കുന്ന തരത്തിലുള്ള ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കൽ
24. കടലോരങ്ങളിൽ കടൽ ക്ഷോഭത്തിന്റെ ആഘാതം കുറക്കുന്നതിനുള്ള മരം വച്ച് പിടിപ്പിക്കൽ
25. നഴ്സറികൾ, ജൈവപച്ചക്കറി കൃഷി വ്യാപിപ്പിക്കൽ
26. പുരയിടങ്ങളിലെ അതിർത്തിയിൽ പതിനഞ്ച് മുതൽ ഇരുപത്തിയഞ്ച് കൊല്ലം വരെ നിലനിൽക്കാവുന്ന വൃക്ഷ ഇനങ്ങൾ നട്ടുപിടിപ്പിക്കൽ
27. പതിനഞ്ച് മുതൽ ഇരുപത്തിയഞ്ച് കൊല്ലക്കാലം വരെ നിലനിൽക്കുന്ന ഫലവൃക്ഷങ്ങളുടെ തോട്ടം
28. പട്ടുനൂൽകൃഷി, പുഷ്പകൃഷി, ഔഷധകൃഷി
29. തരിശുഭൂമി കൃഷിയോഗ്യമാക്കൽ
30. ഭൂമിയിലെ ക്ഷാരം/ലവണ അംശങ്ങൾ നീക്കം ചെയ്ത് ഭൂമി കൃഷിയോഗ്യമാക്കൽ
31. കംപോസ്റ്റ് കുഴികൾ
32. വിൻഡ്രോ കമ്പോസ്റ്റ്
33. ബർക് ലി കമ്പോസ്റ്റ്
34. മണ്ണിര കമ്പോസ്റ്റ്
35. ഭവന നിർമ്മാണം (ലൈഫ് പദ്ധതി)
36. അസ്സോള കൃഷി
37. തൊഴുത്ത്
38. ആട്ടിൻകൂട്

39. പന്നിക്കൂട്
40. കോഴിക്കൂട്

### 14.9.7 ഭൂവികസന പ്രവർത്തനങ്ങൾ (പൊതുഭൂമിയിൽ)

1. കല്ല് നിരത്തി തറ ഉറപ്പാക്കൽ
2. തരിശ് ഭൂമി വികസിപ്പിക്കൽ
3. കരഭൂമി വികസിപ്പിക്കൽ (Land Reclamation)

### 14.9.8 കെട്ടിട നിർമ്മാണം

1. അയൽക്കൂട്ടങ്ങളുടെ ജീവസന്ധാരണ പ്രവർത്തനങ്ങൾക്കുള്ള workshed
2. അങ്കണവാടി കെട്ടിട നിർമ്മാണം
3. ADS/CDS എന്നിവയ്ക്കുള്ള കെട്ടിടം
4. കാർഷികോല്പന്ന സംഭരണം കേന്ദ്രം
5. സ്കൂളുകൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം
6. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായുള്ള ഷെൽട്ടറുകൾ
7. ശ്മശാന നിർമ്മാണം

### 14.9.9 ശൗചാലയം

1. കമ്പോസ്റ്റ് കുഴി
2. അങ്കണവാടി ടോയിലറ്റ് നിർമ്മാണം
3. സ്കൂളുകളിലെ ടോയിലറ്റ് നിർമ്മാണം
4. സോക്കേജ് ചാനൽ/പിറ്റ് നിർമ്മാണം
5. ഓടകളുടെ നിർമ്മാണം
6. മാലിന്യ ശേഖരണവും സംസ്കരണവും

### 14.9.10 വെള്ളപ്പൊക്ക നിയന്ത്രണം

1. വരിവെള്ളം ഒഴുകുന്നതിനുള്ള ചാലുകളുടെ നിർമ്മാണം
2. നീരൊഴുക്ക് ചാലുകളുടെ ആഴം വർദ്ധിപ്പിക്കലും പരിപാലനവും
3. വെള്ളക്കെട്ട് പ്രദേശങ്ങളിലെ നീരൊഴുക്ക് സംവിധാനം
4. നീരൊഴുക്ക് ചാലുകളുടെ വശഭിത്തി ബലപ്പെടുത്തൽ
5. പൊതു ആസ്തികളുടെ സംരക്ഷണം

### 14.9.11 മത്സ്യമേഖല

1. മീൻ ഉണക്കുന്ന തറകളുടെ നിർമ്മാണം
2. കുളങ്ങളുടെ നിർമ്മാണം

### 14.9.12 തീരദേശ സംരക്ഷണം

1. മത്സ്യം ഉണക്കുന്ന ഷെഡ്ഡുകൾ/തറകൾ

### 14.9.13 മറ്റു പ്രവൃത്തികൾ

1. പൊതു ആസ്തികളുടെ പരിപാലനം

2. കളിസ്ഥലങ്ങളുടെ നിർമ്മാണം
3. കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം
4. വിൻഡ്രോ/വെർമി കമ്പോസ്റ്റുകൾക്കുള്ള അടിസ്ഥാന സൗകര്യം
5. സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ
6. മാലിന്യ ശേഖരണവും സംസ്കരണവും
7. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പി.ഡബ്ല്യു.ഡി റോഡിന് ഇരുവശങ്ങളിലുമുള്ള ഓട വൃത്തിയാക്കൽ, പാഴ് ചെടികളും മറ്റും നീക്കം ചെയ്യൽ.

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

» പട്ടികജാതി
» പട്ടികവർഗ്ഗം
» നാടോടികളായ ആദിവാസികൾ
» ഡീനോട്ടിഫൈഡ് ആദിവാസികൾ
» ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
» സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
» ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥമാരായിട്ടുള്ള കുടുംബങ്ങൾ
» ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ
» ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ
» 2006–ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും
» (വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും

## 14.10 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്ത പ്രവൃത്തികൾ

പ്രകടമല്ലാത്തതും, അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ തുടങ്ങി ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

## 14.11 ഹരിത കേരളം പദ്ധതിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും

ഹരിതകേരളം പദ്ധതി ശുചിത്വമേഖല, നീർത്തടാധിഷ്ഠിത വികസനം, ജൈവകൃഷി എന്നീ വിശാലമായ മൂന്ന് മേഖലകളിലാണ് ഇടപെടലുകൾ നടത്തി നേട്ടം കൈവരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്.

മുകളിൽ സൂചിപ്പിച്ച എല്ലാ പ്രവൃത്തികളും നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങളിൽ സംയോജിപ്പിച്ച് ഏറ്റെടുക്കാവുന്നതാണ്.

## 14.12 ശുചിത്വമേഖലയിലെ പ്രവർത്തനങ്ങളും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ, മാലിന്യ സംഭരണവും സംസ്കരണവും, കമ്പോസ്റ്റുകുഴികൾ, അങ്കണവാടി ശുചിമുറികൾ, ഓടകൾ, വ്യക്തിഗത ശുചിമുറി നിർമ്മാണം, സ്കൂളുകളിലെ ശുചിമുറികൾ, സോക്കേജ് പിറ്റുകൾ എന്നിവ ഏറ്റെടുക്കുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഓരോ നഗരസഭയും ശുചിത്വ പദ്ധതി രൂപീകരിക്കുന്ന വേളയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ സംയോജിപ്പിക്കുന്നതിന്റെ സാധ്യത നിശ്ചയമായും പ്രയോജന പ്പെടുത്തേണ്ടതാണ്.

## 14.13 ജൈവകൃഷിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും

കാർഷിക മേഖലയിൽ സംസ്ഥാനത്ത് സാധ്യതയുള്ള മറ്റൊരു പ്രധാനപ്പെട്ട മേഖല യാണ് പഴകൃഷി (Horticulture). തൊഴിലുറപ്പ് പദ്ധതിയിൽ ചുരുങ്ങിയത് 15 വർഷമെങ്കിലും നിലനിൽക്കുന്ന ഇനം മരങ്ങളാണ് പഴകൃഷിയിൽ ഉൾപ്പെടുത്തേണ്ടത്. പ്ലാവ്, മാവ്, പുളി, മാങ്കോസ്റ്റീൻ, തെങ്ങ്, കശുവണ്ടി തുടങ്ങിയവ ഇതിൽ പരിഗണിക്കാവുന്നതാണ്. അതുപോലെ നമ്മുടെ ഭൂപ്രദേശങ്ങൾ ഹരിതാഭമാക്കുന്നതിന് വൃക്ഷയിനങ്ങളായ മുള, തേക്ക്, മഹാഗണി, ആഞ്ഞിലി, വേങ്ങ, വേപ്പ് തുടങ്ങിയവ നട്ടുവളർത്താവുന്നതാണ്.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന മുകളിൽ സൂചിപ്പിച്ച പഴകൃഷി (Horticulture) പ്രവർത്തനങ്ങൾക്ക് നിലമൊരുക്കൽ, കുഴികുത്തൽ, നട്ടുപിടിപ്പിക്കൽ തുടങ്ങി തുടക്കംമുതൽ 5 വർഷകാലത്തേയ്ക്ക് സംരക്ഷണവും പരിപാലനവും ഉൾപ്പെടുത്താവുന്നതാണ്.

## 14.14 വേതന-സാധന അനുപാതം

പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ വേതന സാധന അനുപാതം പൊതുവെ 60 : 40 ആയിരിക്കണം. അതായത് വേതനഘടകം ഒരു കാരണവശാലും 60% ൽ കുറയാൻ പാടില്ല. എന്നാൽ ഓരോ വർഷവും വേതന സാധന അനുപാതം കണക്കാക്കുന്നതിനുള്ള തലം നഗരസഭയിലെ വാർഡ്/ഡിവിഷൻ ആയിരിക്കും. സാധന ഘടകം മാത്രമുള്ള പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലാത്തതാണ്. ഇക്കാര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥർക്കും (കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി/മുനിസിപ്പൽ സെക്രട്ടറി) ബന്ധപ്പെട്ട എഞ്ചിനീയർക്കും ആയിരിക്കും.

## 14.15 ദേശീയ നഗര ഉപജീവന മിഷൻ (National Urban Livelihood Mission-NULM)

നഗര ദാരിദ്ര്യം ലഘൂകരിക്കുന്നതിനും നഗരത്തിലെ പാവപ്പെട്ടവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം. 1992-ലെ ഭരണഘടന (ഭേദഗതി 74) ആക്റ്റ് പ്രകാരം, നഗര ദാരിദ്ര്യ നിർമ്മാർജ്ജനം നഗരസഭകളുടെ നിയമപരമായ ബാധ്യതയാണ്. അതിനാൽ, വൈദഗ്ധ്യങ്ങളുടെയും ജീവനോപാധികളുടെയും വികസനം ഉൾപ്പെടുന്ന പരിപാടികളിലും നഗരസഭകൾ നേതൃത്വപരമായ പങ്കുവഹിക്കേണ്ടത് ആവശ്യമാണ്.

### 14.15.1 പദ്ധതിയുടെ ഘടകങ്ങൾ

#### 14.15.1.1 സാമൂഹ്യ സംഘാടനവും, സ്ഥാപനങ്ങൾ വികസിപ്പിക്കലും

നഗരപ്രദേശങ്ങളിലെ ദരിദ്രരെ സംഘടിപ്പിച്ച് അവരുടെതായ കൂട്ടായ്മകൾ രൂപീകരിച്ച് സ്ഥാപനവൽക്കരിക്കുവാൻ സഹായിക്കുക (Institutionalisation) എന്നത് ഫലപ്രദവും സുസ്ഥിരവുമായ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയിലെ ഒരു പ്രധാന ഘടകമാണ്.

### 14.15.1.2 ദരിദ്രജന വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരൽ

നഗരപ്രദേശങ്ങളിലെ ദരിദ്രരുടെ സാമ്പത്തികശേഷി വർദ്ധിപ്പിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

### 14.15.1.3 സ്വയം സഹായ സംഘങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും റിവോൾ വിംഗ് ഫണ്ട്

അംഗങ്ങളിൽ 70 ശതമാനം പേരും നഗരപ്രദേശങ്ങളിലെ ദരിദ്രർ ആയിരിക്കുകയും, മുമ്പ് റിവോൾവിംഗ് ഫണ്ട് ലഭിച്ചിട്ടില്ലാത്തതുമായ സ്വയം സഹായ സംഘങ്ങൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കായി 10,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകുന്നു. കൂടാതെ ഏരിയ ഫെഡറേഷന് (എ.എൽ.എഫ്) അവരുടെ പ്രവർത്തനങ്ങൾ നടത്തികൊണ്ടു പോകുന്നതിനായി 50,000 രൂപ വരെയുള്ള റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതാണ്.

### 14.15.1.4 നഗര ഉപജീവന കേന്ദ്രങ്ങൾ

നഗരങ്ങളിലെ പാവപ്പെട്ടവർക്ക് അവരുടെ സേവനങ്ങളും ഉത്പന്നങ്ങളും വിപണനം ചെയ്യുന്നതിനും, പ്രയോജനകരമായ വിവരങ്ങളും മറ്റ് സേവനങ്ങളും പ്രാപ്യമാക്കുന്നതിനും സൗകര്യപ്രദമായ ഒരു വേദി ലഭ്യമാക്കുക എന്നതാണ് നഗര ഉപജീവന കേന്ദ്രങ്ങളുടെ ലക്ഷ്യം.

### 14.15.1.5 കാര്യശേഷിവികസനവും പരിശീലനവും

കേന്ദ്ര ഭവന-നഗര ദാരിദ്ര്യ നിർമ്മാർജ്ജന മന്ത്രാലയത്തെയും, സംസ്ഥാനങ്ങളിലെ ദാരിദ്ര്യ ലഘൂകരണ യജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻസികളെയും ഉപജീവനോപാധി വികസനം, നഗരദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലകളിൽ അതീവ ഗുണമേന്മയുള്ള സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യുക എന്നതാണ് പരിശീലനവും കാര്യശേഷി വികസനവും എന്ന ഈ ഘടകത്തിന്റെ പ്രധാന ലക്ഷ്യം.

### 14.15.1.6 ദേശീയ-സംസ്ഥാന-നഗരതല സാങ്കേതിക സഹായം

പദ്ധതി നിർവ്വഹണത്തിനായി കേന്ദ്രതലത്തിൽ നാഷണൽ മിഷൻ മാനേജ്മെന്റ് യൂണിറ്റ് (എൻ.എം.എം.യു) സ്ഥാപിക്കുന്നതാണ്. ഇതിനു പുറമെ, സംസ്ഥാനങ്ങളിൽ സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (എസ്.എം.എം.യു) നഗരങ്ങളിൽ സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് (സി.എം.എം.യു) സ്ഥാപിക്കുന്നതിനുള്ള സഹായം കൂടി പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 14.15.1.7 നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പാക്കലും.

സ്വയംതൊഴിൽ ചെയ്യുവാനും ശമ്പളാടിസ്ഥാനത്തിൽ ജോലി ലഭിക്കുന്നതിനുമുള്ള സാധ്യതകൾ മെച്ചപ്പെടുത്തുവാനുമായി നഗരങ്ങളിലെ പാവപ്പെട്ടവരുടെ തൊഴിൽ വൈദഗ്ദ്യം ഉയർത്തുന്നതിനാണ് ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വിപണി സാധ്യതകൾക്കനുസരിച്ച് നഗരങ്ങളിലെ ദരിദ്രർക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനും അങ്ങനെ അവരെ

സ്വയം തൊഴിൽ സംരംഭങ്ങൾ പടുത്തുയർത്താനോ ശമ്പളം ലഭിക്കുന്ന ജോലികൾ നേടാനോ പ്രാപ്തരാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിൽ സ്ഥിരതയില്ലാത്ത നഗര ദരിദ്രരെയാണ് ഈ ഘടകം ലക്ഷ്യമിടുന്നത്.

## 14.16 സ്വയംതൊഴിൽ പദ്ധതി – വ്യക്തിഗതവും കൂട്ടുസംരംഭങ്ങളും

നഗരങ്ങളിലെ ദരിദ്രർക്ക്, അവരുടെ നൈപുണ്യത്തിനും ലഭിച്ചിരിക്കുന്ന പരിശീലനത്തിനും വാസനയ്ക്കും പ്രാദേശിക പരിതസ്ഥിതികൾക്കും അനുയോജ്യമായ വിധത്തിൽ ഒറ്റയ്ക്കും കൂട്ടായും ഉള്ള ലാഭകരമായ സ്വയംതൊഴിൽ സംരംഭങ്ങളും സൂക്ഷ്മസംരംഭങ്ങളും സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായിരിക്കും ഈ ഘടകം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ ഘടകത്തിനു കീഴിൽ വ്യക്തിഗതവും കൂട്ടമായുള്ളതുമായ സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും പലിശ സബ്സിഡിയും നൽകപ്പെടും. പദ്ധതി ചെലവിനുള്ള കൂടിയ പരിധി വ്യക്തിഗത സംരംഭത്തിന് 2 ലക്ഷം രൂപയും കൂട്ടായുള്ള സംരംഭങ്ങൾക്ക് 10 ലക്ഷം രൂപയുമാണ്. വ്യക്തിഗത സംരംഭങ്ങളും കൂട്ടുസംരംഭങ്ങളും തുടങ്ങുന്നതിനുള്ള ബാങ്കുവായ്പകളിൽ 7 ശതമാനത്തിൽ കൂടുതൽ വരുന്ന പലിശ, പദ്ധതിയുടെ കീഴിൽ സഹായ ധനമായി (പലിശ സബ്സിഡി) ലഭ്യമാക്കുന്നതാണ്.

## 14.17 തെരുവ് വ്യാപാരക്കാർക്ക് അനുകൂലമായ നഗരാസൂത്രണം

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിൽ സംസ്ഥാനങ്ങളും നഗരങ്ങളും തെരുവു കച്ചവടക്കാരുടെ സർവ്വെ കൃത്യമായ ഇടവേളകളിൽ നടത്തുകയും അവരെ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡുകൾ നൽകുകയും ചെയ്യും. സംസ്ഥാനങ്ങളും നഗരസഭകളും തെരുവു കച്ചവടക്കാർക്ക് അനുകൂലമായ നഗരാസൂത്രണം നടത്തുന്നതിനും തെരുവു കച്ചവടക്കാർക്ക് നഗരത്തിൽ അനുയോജ്യമായ സ്ഥാനം ലഭ്യമാക്കുന്നതിനും ഇത് ഇടയാക്കും.

തെരുവു കച്ചവടക്കാർക്കുള്ള നൈപുണ്യ വികസനവും സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായവും അതായത് വായ്പകൾ ലഭ്യമാക്കൽ, തെരുവ് വ്യാപാരകേന്ദ്രങ്ങളുടെ വികസനം, സാമൂഹ്യ സുരക്ഷാപരിപാടികൾ സമന്വയിപ്പിക്കൽ എന്നിവ ഈ പദ്ധതിയുടെ ഉപഘടകങ്ങളാണ്.

## 14.18 നൂതനാശയ–സവിശേഷ പദ്ധതികൾ

നൂതനാശയങ്ങളോട്ടു കൂടിയ പുത്തൻ പദ്ധതികളിലാണ് ഈ ഘടകം ശ്രദ്ധ വയ്ക്കുന്നത്. നഗരദരിദ്രരുടെ കൂട്ടായ്മകളെ ഉൾക്കൊള്ളുന്നവയോ നൂതനമായ നൈപുണ്യ വികസന പരിപാടിയോ അടിസ്ഥാന സൗകര്യ വികസനമോ പുതിയ സാങ്കേതികവിദ്യയോ വിപണനതന്ത്രമോ അല്ലെങ്കിൽ ഇതിന്റെയെല്ലാം സമ്മിശ്ര രൂപമോ ആവാം നൂതനാശയം.

സ്വകാര്യമേഖല, വ്യവസായ സംഘടനകൾ സമൂഹാധിഷ്ഠിത സംഘടനകൾ, സന്നദ്ധസംഘടനകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ, ഏജൻസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ദേശീയ–സംസ്ഥാന നഗര വിഭവ കേന്ദ്രങ്ങൾ, അന്തർദേശീയ സംഘടനകൾ ഇവർക്കെല്ലാം പങ്കാളിത്ത രീതിയിൽ നൂതനാശയ–സവിശേഷ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.

## 14.19 സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് (സി.എം.എം.യു)

നഗരതലത്തിൽ, നഗര ഉപജീവന മിഷൻ നടത്തിപ്പിന്റെ ചുമതല കോർപ്പറേഷൻ/മുനിസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള എക്സിക്യൂട്ടീവ് കമ്മറ്റിക്കാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ഘടന താഴെ പറയുന്ന വിധം ആയിരിക്കും.

| ക്രമ നം. | ഉദ്യോഗപ്പേര്/സ്ഥാനപ്പേര് | അംഗത്വം |
|---|---|---|
| 1 | മുനിസിപ്പൽ സെക്രട്ടറി | അദ്ധ്യക്ഷൻ |
| 2 | എൻ.യു.എൽ.എം ചുമതലയുള്ള ഓഫീസർ | അംഗം |
| 3 | വ്യവസായങ്ങളുടെ ചുമതലയുള്ള ഓഫീസർ | അംഗം |
| 4 | മോഡുലാർ എംപ്ലോയബിൾ സ്കീമിന്റെ ചുമതലയുള്ള ഓഫീസർ | അംഗം |
| 5 | ചീഫ് മെഡിക്കൽ ഓഫീസർ | അംഗം |
| 6 | ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ | അംഗം |
| 7 | മരാമത്തു വകുപ്പിന്റെ ഏറ്റവും സീനിയറായ ജില്ലാ സി.ഇ/എസ്സ്.ഇ/ഇ.ഇ | അംഗം |

സംയോജന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട രീതി ഉൾക്കൊള്ളുന്ന സംയോജന രൂപരേഖയുടെ മാതൃക (Convergence Metrix) ബോക്സിൽ കൊടുക്കുന്നു. പദ്ധതികൾ തമ്മിലുള്ള സംയോജനം മാതൃക ബോക്സിൽ നൽകിയിരിക്കുന്നു.

**മൃഗസംരക്ഷണ വകുപ്പ്**

**ബോക്സ്**

**വിവിധ പദ്ധതികൾ - സംയോജന രൂപരേഖ**

**സംയോജന സാധ്യതകൾ - മാതൃക**

| ഘടകങ്ങൾ | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) | | പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന | ക്ഷീരവികസന വകുപ്പ് (MSDS –Milk Shed Development Scheme) |
|---|---|---|---|---|
| ഏജൻസികൾ | മൃഗസംരക്ഷണ വകുപ്പ് | തദ്ദേശസ്വയംഭരണ സ്ഥാപനം പദ്ധതി | | |
| പ്രവർത്തനങ്ങൾ | കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ മുതലായവ ലഭ്യമാക്കൽ | | ബയോഗ്യാസ് പ്ലാന്റ് | പശുക്കളുടെ വിതരണം |
| ധനവിഹിതം | 6,250/- | 6,250/- | 12,000/- | 80,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ/ൻ | വെറ്റിനറി സർജൻ | | സെക്രട്ടറി വാട്ടർ ഷെഡ് കമ്മിറ്റി (WSC) | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| | സീനിയർ വെറ്റിനറി സർജൻ | | | |

| | | | | |
|---|---|---|---|---|
| ഭരണാനുമതി | മൃഗസംരക്ഷണ വകുപ്പ് | നഗരസഭ | പ്രോജക്ട് നിർവ്വഹണ ഏജൻസി | ക്ഷീരവികസന വകുപ്പ് |
| സാങ്കേതികാനുമതി | മൃഗസംരക്ഷണ വകുപ്പ് | – | AE, LSGD | |
| നിർവ്വഹണ സമയക്രമം | 30 മാസം പ്രായം വരെ അല്ലെങ്കിൽ സബ്സിഡി തീരുന്നതുവരെ | | – | – |
| മേൽനോട്ടം | (ഡെപ്യൂട്ടി ഡയറക്ടർ (SLBP), മൃഗസംരക്ഷണ വകുപ്പ്) | | വാർഡ്തല കോ–ഓർഡിനേഷൻ കമ്മിറ്റി | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനവകുപ്പ് |

**മൃഗസംരക്ഷണവും ക്ഷീരവികസനവും**
**പദ്ധതി സംയോജനം – ചില പദ്ധതികൾ**

| ക്രമ നം. | പ്രവൃത്തികൾ | സംയോജിപ്പിക്കാവുന്ന പദ്ധതികൾ |
|---|---|---|
| 1. | ജലസേചനം – മണ്ണ് സംരക്ഷണം<br>പുൽകൃഷി | » സർക്കാർ സ്ഥലത്ത് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടെ പട്ടിക വർഗ്ഗക്കാർക്ക് പുൽകൃഷി<br>» ഡയറി ഡിപ്പാർട്ട്മെന്റ് – പുൽകൃഷി ജലസേചനം – ഇറിഗേഷൻ<br>ഉദാഃ തിരുവനന്തപുരം ഓപ്പൺ ജയിൽ പുൽകൃഷി |
| 2. | പാൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം/വിപണനം (തൈര്, സംഭാരം, നെയ്യ്) | » വ്യവസായ വകുപ്പ് – മെഷിനറി സഹായം, ക്ഷീര വികസന വകുപ്പ് – സാങ്കേതിക സഹായം, പരിശീലനം<br>» അയൽക്കൂട്ടം – വിപണനം |
| 3. | ചാണകം – ബയോഗ്യാസ് – ഊർജ്ജം | **ക്ഷീര വികസന വകുപ്പ്**<br>» കർഷകർ – ചാണകം<br>» അനർട്ട് – ബയോഗ്യാസ്<br>» അനർട്ട് – ഊർജ്ജം<br>» അനർട്ട് – സാങ്കേതിക സഹായം |
| 4. | ഗോമൂത്രം – ആയുർവേദിക് മെഡിസിൻ | » ഡയറി ഡിപ്പാർട്ട്മെന്റ് – പരിശീലനം<br>» ക്ഷീരകർഷകരിൽ നിന്നും ശുചിത്വത്തോടെ ശേഖരിക്കുക<br>**ആയുർവ്വേദ മരുന്നുകളുടെ നിർമ്മാണം**<br>» ഗവൺമെന്റ്, സ്വകാര്യ ഫാക്ടറികൾ, ആയുർവ്വേദിക് ഫാർമസികൾ |
| 5. | തുറസ്സായ സ്ഥലം – പാടശേഖരങ്ങൾ ഒരു കൃഷി കഴിഞ്ഞുള്ള സമയം | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വഴി പുൽകൃഷി ക്ഷീരവികസന വകുപ്പ് ഹ്രസ്വകാല, ദീർഘകാല വിളകൾക്കാവശ്യമായ വിത്ത് വിതരണം. |

**ബോക്സ് – പദ്ധതി സംയോജനം – ചില മാതൃകകൾ**

| ക്രമ നം | പ്രവൃത്തികൾ | സംയോജിപ്പിക്കാവുന്ന പദ്ധതികൾ/ഏജൻസികൾ |
|---|---|---|
| 1. | ജലസംരക്ഷണം, മണ്ണ് സംരക്ഷണം, മറ്റു നീർത്തട പ്രവൃത്തികൾ | പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (PMKSY), ഹിൽ ഏരിയ ഡവലപ്മെന്റ് അതോറിറ്റി (HADA), അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി |
| 2. | വനവൽക്കരണം | വനംവകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗം, പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (PMKSY). കേരള വന ഗവേഷണകേന്ദ്രം (KFRI), അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി |
| 3. | ജലസേചനം | ജലസേചന വകുപ്പ്(PMKSY), റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഫണ്ട് (RIDF) |
| 4. | ഹോർട്ടികൾച്ചർ, ഫാം ഫോറസ്ട്രി | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, ഹോർട്ടകൾച്ചർ മിഷൻ, കൃഷി വകുപ്പ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), മറ്റു സർക്കാർ ഏജൻസികൾ |
| 5. | ഭവന നിർമ്മാണം (നിർമ്മാണത്തിനുള്ള അവിദഗ്ധ തൊഴിൽ/നിർമ്മാണ സാമഗ്രികൾ) അടിസ്ഥാന സൗകര്യവികസനവും, മനുഷ്യ വിഭവ വികസനം | പ്രധാൻ മന്ത്രി ആവാസ് യോജന (PMAY), മറ്റു ഭവന പദ്ധതികൾ കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് (CSR ഫണ്ട്), അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി. |
| 6. | മൃഗസംരക്ഷണ പ്രവൃത്തികൾ | മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, കുടുംബശ്രീ, കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (CSR) ഫണ്ടുകൾ, അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി. |
| 7. | മത്സ്യം വളർത്തൽ, മത്സ്യം ഉണക്കി സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ | ഫിഷറീസ്, മത്സ്യഫെഡ്, ഏജൻസി ഫോർ അക്വോകൾച്ചർ കേരള (ADAK പദ്ധതി) |
| 8. | കാർഷിക സംഭരണ കേന്ദ്രം | കൃഷി വകുപ്പ്, വെജിറ്റബിൾ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള VFPCK) |
| 9. | ഉപജീവനോപാധികൾക്കുള്ള വർക്ക് ഷേഡ് | കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (CSR) ഫണ്ടുകൾ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി |
| 10. | നഗര ശുചിത്വ പ്രവൃത്തികൾ | സ്വച്ഛ്ഭാരത് അഭിയാൻ, കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (CSR) ഫണ്ടുകൾ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി |

| | | |
|---|---|---|
| 11. | നഗര റോഡുകൾ | എം.എൽ.എ./എം.പി. ഫണ്ട്, മറ്റ് സംസ്ഥാനാവിഷ്കൃത പദ്ധതികൾ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി |
| 12. | കളി സ്ഥലങ്ങൾ | ഖേലോ ഇന്ത്യ ത്രിതല–പ്ലാൻ ഫണ്ട്, സംസ്ഥാന കായിക യുവജനകാര്യ വകുപ്പ്, എം.പി./എം.എൽ.എ ഫണ്ട് (സ്ഥലം വാങ്ങാൻ ഒഴികെ) സംസ്ഥാന സ്പോർട്സ് കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ്. |
| 13. | സ്ത്രീ ശാക്തീകരണ തൊഴിൽ പരിശീലനം - സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ, തൊഴിൽ വൈവിദ്ധീകരണം (ഫണ്ട്, പരിശീലനം) | സൊസൈറ്റി ഫോർ അസിസ്റ്റന്റ് ടു ഫിഷർ വിമൺ (SAF) |
| 14. | മത്സ്യതൊഴിൽ സ്വീകരണം, യാനങ്ങൾ, മത്സ്യകൃഷി (സബ്സിഡി) | മറൈൻ പ്രോജക്ട് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (MPEDA), ഏജൻസി ഫോർ അക്കോകൾച്ചർ കേരള (ADAK) |
| 15. | മാർക്കറ്റ് നിർമ്മാണം, കോൾഡ് സ്റ്റോറേജ്, വൈദ്യുതീകരണം, സ്കൂൾ മോഡിഫിക്കേഷൻ (സ്മാർട്ട് ക്ലാസ്സ് റൂം), സ്ഥല സൗകര്യ വികസനം | കേരള കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോ–ഓപ്പറേഷൻ (KDC) |
| 16. | ഹോസ്പിറ്റൽ വികസനം | കേരള കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോ–ഓപ്പറേഷൻ (KDC) |
| 17. | റോഡ് നിർമ്മാണം | ഹാർബർ എഞ്ചിനീയർ ഡവലപ്മെന്റ് |
| 18. | ലാന്റിംഗ് സെന്റർ നിർമ്മാണം | ഹാർബർ എഞ്ചിനീയറിംഗ് ഡവലപ്പ്മെന്റ് |
| 19. | അടിസ്ഥാന സൗകര്യ വികസനവും മനുഷ്യ വിഭവ വികസനവും | കേരള കോസ്റ്റൽ ഏജൻസി ഫോർ അക്കോ കൾച്ചർ കേരള (KDC), മറൈൻ പ്രോജക്ട് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി (MPEDFA), ഹാർബർ എഞ്ചിനീയർ ഡവലപ്മെന്റ് |

## 14.20 ഉപസംഹാരം

നഗരവികസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നഗരത്തിന്റെ സമഗ്ര വികസന കാഴ്ചപ്പാടാണെന്നും ഇതിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്ന ക്ഷേമ, വികസന, പശ്ചാത്തല സൗകര്യ വികസന പ്രോജക്ടുകളുടെ സംയോജന ചുമതല നിർവ്വഹിക്കുന്നതു കൂടാതെ ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ച ഉറപ്പ് വരുത്തി കൃഷിയിലും, അനുബന്ധ മേഖലകളിലും, ചെറുകിട വ്യവസായ സംരംഭങ്ങളും മൃഗപരിപാലനവും ക്ഷീര കർഷകരിലും ഉപജീവനം നടത്തുന്നവർ കൂടാതെ വലിയൊരു ജനസംഖ്യ വരുന്ന നമ്മുടെ മത്സ്യമേ

ഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മത്സ്യതൊഴിലാളികളുടെ വരുമാനവും തൊഴിലും ഉറപ്പുവരുത്തുന്നതിലൂടെ ഉൽപ്പാദന വളർച്ച, ലാഭ സാധ്യത, സുസ്ഥിരത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുണ്ട് എന്ന് നാം മനസ്സിലാക്കുകയുണ്ടായി. ഇപ്രകാരം ഉൽപ്പാദന മേഖലയിലും തൊഴിലവസരങ്ങളിലും നഗരസഭകളുടെ വാർഷിക പദ്ധതി സാധ്യതകൾ മാത്രം വിനിയോഗിച്ചാൽ മതിയാവില്ല.

ഇതിലേക്കായി ഈ അധ്യായത്തിൽ, ചർച്ച ചെയ്ത കേന്ദ്ര സംസ്ഥാന പദ്ധതികൾ കർഷകർക്കും സംരംഭകർക്കും തൊഴിലാളികൾക്കും പ്രയോജനപ്പെടുത്താൻ വേണ്ട പരിശ്രമം കൗൺസിലർ എന്ന നിലയിലും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി എന്ന നിലയിലും മനസ്സിലാക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ അയ്യങ്കാളി നഗര തൊഴിലുറപ്പ പദ്ധതി, NULM പദ്ധതികളുടെ നടത്തിപ്പ് ചുമതല നഗരസഭകൾക്കായതിനാൽ ഇവ നമ്മുടെ വാർഷിക പദ്ധതിയുമായി ഫലപ്രദമായി സംയോജിപ്പിച്ച നടപ്പാക്കുകയും വേണം.

# 15

# പദ്ധതി ആസൂത്രണം

സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും ആവശ്യമായ പദ്ധതി തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്ത് കൊണ്ട് ജനക്ഷേമം ഉറപ്പു വരുത്തുക എന്നതാണ് പ്രാദേശിക സർക്കാരുകളുടെ പ്രാഥമിക ഉത്തരവാദിത്വം. ഈ ദൗത്യം ഫലവത്തായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന നമ്മുടെ വികേന്ദ്രീകൃതാസൂത്രണം ഇന്ന് ലോകത്തിനു തന്നെ ഒരു മാതൃകയായിരിക്കുകയാണ്. ഇതിന്റെ സവിശേഷതകളും രീതി സമ്പ്രദായവുമാണ് ഈ അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്നത്.

കൃത്യമായ ലക്ഷ്യങ്ങളെ മുൻനിർത്തി ലഭ്യമായ വിഭവങ്ങളെ ഉപയോഗിച്ചു കൊണ്ട് സമയബന്ധിതമായി നടപ്പിലാക്കുന്ന ഒന്നാണ് ആസൂത്രണം. മുൻകാല പരിചയവും ഭാവിയിലെ വെല്ലുവിളികളും സാദ്ധ്യതകളും ഇതിൽ പരിഗണിക്കപ്പെടുന്നു. ഏതൊരു സർക്കാരിന്റേയും മുൻഗണനകൾ അതിന്റെ പദ്ധതികളിലും പരിപാടികളിലും പ്രതിഫലിക്കുന്നതു പോലെ തന്നെ പ്രാദേശിക സർക്കാരുകളായ നഗരസഭകളുടെ മുൻഗണനകൾ പദ്ധതി രേഖയിൽ പ്രതിഫലിക്കുന്നു.

കേരളത്തിന്റെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ സവിശേഷത അതിന്റെ സംയോജിത സ്വഭാവവും (കേന്ദ്രാവിഷ്കൃത പദ്ധതികളും, സംസ്ഥാനാവിഷ്കൃത പദ്ധതികളും, മറ്റ് പദ്ധതികളും സംയോജിപ്പിക്കും), വിശാലമായ ജനപങ്കാളിത്തവുമാണ്. ആസൂത്രണ പ്രക്രിയയും ഓരോ ഘട്ടങ്ങളും വിവിധ തരത്തിലുള്ള ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നു.

## 15.1 പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുലക്ഷ്യം, സമീപനം, മുൻഗണന

കേരളത്തിന്റെ സുസ്ഥിരമായ വികസനമാണ് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്നത്. ആധുനിക വൈജ്ഞാനിക മേഖലകളുടെ പിൻബലത്തോടെ ഉൽപാദന വ്യവസ്ഥകളെ പുനരിജ്ജീവിപ്പിക്കുന്ന കേരളത്തെ വൈജ്ഞാനിക സമൂഹമാക്കിയ വളർത്തുകയും വൈജ്ഞാനാധിഷ്ഠിതമായ സമ്പദ് വ്യവസ്ഥയായി പരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നതാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

» സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകുക
» പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടികയും
» കേരളത്തിന്റെ മികവുറ്റ മാനവ വികസന നേട്ടങ്ങൾ സുസ്ഥിരമായി നിലനിർത്തുക

» പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കി കൊണ്ടുള്ള സുസ്ഥിരവികസനം ഉറപ്പാക്കുക
» കാലാവസ്ഥാ വ്യതിയാനത്തെയും തൽഫലം ഉണ്ടാകുന്ന പ്രകൃതിദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജിക്കാൻ സമൂഹത്തെ സഹായിക്കുക
» പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊള്ളാവുന്ന വികസനം
» മൗലികാവകാശങ്ങളുടെ സംരക്ഷണം, സമഗ്ര സാമൂഹിക സുരക്ഷ, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണമായ മോചനം, ആധുനികവും പരിസ്ഥിതി സൗഹൃദവുമായ സാങ്കേതികവിദ്യകളുടെ ഉപയോഗം, മാലിന്യനിർമാർജ്ജനം, തൊഴിൽ, ഉപജീവന സുരക്ഷ
» എല്ലാവരെയും ഉൾച്ചേർത്തു കൊണ്ടുള്ള വികസനം
» ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുമ്പ്തന്നെ കൈവരിക്കുക
» സമഗ്രമായ വികസന ഇടപെടലിലൂടെ ജീവിത ഗുണമേന്മ വർദ്ധിപ്പിക്കുക – സന്തോഷകരവു സംതൃപ്തവുമായ ജീവിത നയിക്കുന്നതിന് കേരളീയരെ പ്രാപ്തരാക്കുക

## 15.2 പൊതു സമീപനം

» നഗരപ്രദേശങ്ങളിലെ സാമ്പത്തിക വികസനം ദ്രുതിതപ്പെടുത്തുന്ന വിധത്തിൽ ഉൽപാദന സേവന മേഖലകളുടെ വളർച്ച ഉറപ്പാക്കുക. ചെറുകിട പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, ഊർജ്ജഗതാഗതം, മറ്റു സേവനങ്ങൾ എന്നീ മേഖലകളിൽ വികസനം ഉറപ്പാക്കുക
» പൊതു–സ്വകാര്യ സഹകരണ മേഖലകളുമായി സഹകരിച്ച് സാമ്പത്തിക വിഭവങ്ങൾ കണ്ടെത്തുക
» നവീന ആശയങ്ങൾ അടിസ്ഥാനപ്പെടുത്തി തൊഴിൽ സംരംഭങ്ങൾ
» ഭരണപരമായ നടപടിക്രമങ്ങൾ സുഗമമാക്കുക
» നഗരവത്കരണത്തിന്റെ തോതനുസരിച്ച് ആധുനിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുക
» പരമാവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക
» ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീര വികസനം, വ്യവസായം എന്നീ മേഖലകളെ സമ്പുഷ്ടമാക്കുക
» ശാസ്ത്ര–സാങ്കേതിക സ്ഥാപനങ്ങളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സാങ്കേതിക സഹായം വികസന പദ്ധതികളിൽ ഉറപ്പാക്കുക
» അതിദാരിദ്ര്യ നിർമാർജ്ജനം – വരുമാനം, ആരോഗ്യരക്ഷ ജീവനോപാധികൾ, മറ്റു ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിൽ സൂക്ഷ്മ പദ്ധതികൾക്ക് രൂപം നൽകുക
» വാതിൽപ്പടി സേവനങ്ങൾ
» ഖര, ദ്രവ മാലിന്യ പരിപാലനം
» വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ്, ലിംഗ–ലൈംഗിക ന്യൂനപക്ഷ വിഭാഗങ്ങൾ, അതിഥി തൊഴിലാളികളുടെ അതിജീവന ആവശ്യങ്ങളുടെ വികസന ആവശ്യങ്ങളും പരിഗണിക്കുക – ലിംഗനീതി ഉറപ്പാക്കുക
» പൊതുജനാരോഗ്യ സൗകര്യങ്ങൾ ശക്തിപ്പെടുത്തുക
» കല, സംസ്കാരം, പൈതൃക സംരക്ഷണം പ്രത്യേക ശ്രദ്ധ നൽകുക

» പൊതു ഇടങ്ങളുടെ സംരക്ഷണം, സൗന്ദര്യവത്കരണം
» ദുരന്തനിവാരണ പ്രവർത്തനങ്ങൾ
» ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിക്കുക
» കാലാവസ്ഥാ വ്യതിയാനം – ഹരിതഗൃഹ വാതക ബഹിർഗമനം കുറക്കുക
» നഗരത്തോട് ചേർന്നു കിടക്കുന്ന ഗ്രാമങ്ങൾ കൂടി ഉൾപ്പെടുത്തി വികസന പദ്ധതികൾ പ്ലാൻ ചെയ്യുക.

## 15.3 മുൻഗണനകൾ

സാമ്പത്തിക വളർച്ച, ഉപജീവന സുരക്ഷ, സുസ്ഥിരവികസനം, സാമൂഹ്യനീതി, തുല്യത എന്നിവ ഉറപ്പുവരുത്തുകയും ആധുനിക ശാസ്ത്ര–സാങ്കേതികവിദ്യകളുടെ സഹായത്തോടെ കേരളത്തെ ജ്ഞാന സമൂഹമായി വളർത്തുന്നതിനുള്ള മുൻഗണനയാണ് സ്വീകരിക്കേണ്ടത്.

» ഉല്പാദനം ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക
» കാർഷിക, മൃഗസംരക്ഷണ, മത്സ്യ, ക്ഷീര മേഖലകളിൽ ഉൽപാദനം വർദ്ധിപ്പിക്കുക. ഉത്പാദകരുടെ ലാഭം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളിലധിഷ്ഠിതമായ സംരംഭങ്ങൾക്ക് പ്രോത്സാഹനം.
» പ്രാദേശിക സാമ്പത്തിക വികസനം, സംരംഭകത്വം, നൈപുണ്യ വികസനം, തൊഴിൽ സൃഷ്ടി എന്നിവയ്ക്കുള്ള പദ്ധതികൾ
» അതിജീവന ക്ഷമത, കാലാവസ്ഥാ വ്യതിയാനം, പ്രകൃതി വിഭവ സംരക്ഷണം
» സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സൂക്ഷ്മ പദ്ധതികൾ രൂപീകരിക്കുക
» അതിദാരിദ്ര്യ നിർമ്മാർജ്ജനം
» സാമൂഹ്യനീതി ഉറപ്പാക്കൽ
» വയോജന സൗഹൃദ പദ്ധതികൾ
» ഭിന്നശേഷിയുള്ളവർക്ക് സംരക്ഷണ പദ്ധതികൾ
» കുട്ടികൾ സൗഹൃദപരമായ വികസനം
» ശുചിത്വം–മാലിന്യ സംസ്കരണം
» ഖര ദ്രവ മാലിന്യ പരിപാലനത്തിന് പൂർണ്ണവും ഫലപ്രദവും പരിസ്ഥിതി സൗഹൃദവുമായ മാർഗങ്ങൾ കണ്ടെത്തുന്നു.
» ലിംഗസമത്വം ഉറപ്പാക്കുന്നതിന് എല്ലാ മേഖലകളിലും സ്ത്രീകളുടെ സർവ്വോത്മുഖമായ ശാക്തീകരണം ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ
» വാതിൽപ്പടി സേവനങ്ങൾ
» കാര്യക്ഷമവും പ്രതികരണാത്മകവുമായ സദ്ഭരണം

മേൽ സൂചിപ്പിച്ചത് കൂടാതെ നഗരവത്കരണത്തിന്റെ ഭാഗമായ സവിശേഷ മുൻഗണനകളും പരിഗണിക്കണം. റോഡ് സുരക്ഷ, പാർക്കുകൾ, പ്ലേ ഗ്രൗണ്ടുകൾ, മൈതാനങ്ങൾ എന്നിവയുടെ സംരക്ഷണം. അതിഥി തൊഴിലാളികളുടെ ക്ഷേമം, മാലിന്യങ്ങളുടെ പുനരുപയോഗം, ചേരി പ്രദേശങ്ങളുടെ വികസനം, കുളം, ജലാശയങ്ങളുടെ സംരക്ഷണം, പൊതു ശൗചാലയങ്ങൾ, ഷീ ലോഡ്ജ്, വഴിയോര കച്ചവടക്കാർക്കുള്ള സൗകര്യം, ദുരന്തനിവാരണം, അതിജീവനക്ഷമത, ഊർജ്ജ സംരക്ഷണം എന്നീ മേഖലകളിലെല്ലാം തന്നെ വികസനത്തിന്റെ വ്യാപനം നടക്കേണ്ടതാണ്.

### 15.4 നഗരസഭാതല ആസൂത്രണ സമിതി

തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതിയാസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനുള്ള സഹായം നല്കുക എന്നതാണ് ആസൂത്രണ സമിതിയുടെ ദൗത്യം. ആസൂത്രണസമിതിയുടെ അദ്ധ്യക്ഷൻ നഗരസഭയുടെ ചെയർപേഴ്സണും കൺവീനർ സെക്രട്ടറിയുമാണ്. ഉപാദ്ധ്യക്ഷൻ ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിയുന്ന വിദഗ്ധനാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും അംഗങ്ങളാണ്. കൂടാതെ സന്നദ്ധസേവകരായ വിദഗ്ധരെ അംഗങ്ങളായി ചേർക്കാവുന്നതാണ്.

വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സഹായം നല്കുക, പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് സഹായം നല്കുക, വിഭവ സമാഹരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, ആസൂത്രണവുമായി ബന്ധപ്പെട്ട ആലോചനാ യോഗങ്ങൾക്ക് കുറിപ്പുകൾ തയ്യാറാക്കുക, നിർവഹണപ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുക, വിശകലനങ്ങൾ നടത്തി ഭരണസമിതിക്ക് സമർപ്പിക്കുക എന്നിവയാണ് ആസൂത്രണസമിതിയുടെ പ്രധാന ചുമതലകൾ. (സ.ഉ.കൈ നം. 86/2022 തസ്വഭവ തിയ്യതി 19/04/2022)

### 15.5 വർക്കിംഗ് ഗ്രൂപ്പുകൾ

ആസൂത്രണ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലകളെ വിവിധ വിഷയമേഖലകളായി വിഭജിക്കുന്നു. ഓരോ വിഷയമേഖലയ്ക്കും ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്നു. ആസൂത്രണ നിർവ്വഹണ പ്രക്രിയയ്ക്ക് അതത് മേഖലകളിൽ സഹായം നല്കുക എന്നതാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതല. ഓരോ വർക്കിംഗ് ഗ്രൂപ്പും അതിന്റെ വിഷയവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. മുനിസിപ്പാലിറ്റികളിൽ പതിനാറും, കോർപ്പറേഷനുകളിൽ പതിനേഴും വർക്കിംഗ് ഗ്രൂപ്പുകൾ നഗരസഭയ്ക്ക് രൂപീകരിക്കാവുന്നതാണ്. താഴെ പറയുന്നവയാണ് നഗരസഭകളിൽ അനിവാര്യമായ വർക്കിംഗ് ഗ്രൂപ്പുകൾ. ഓരോ വർഷവും നവംബർ ഒന്നിന് മുമ്പ് നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിക്കേണ്ടതാണ്.

**നഗരസഭകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ**

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും | ധനകാര്യം |
| 2. | കൃഷിയും അനുബന്ധ മേഖലകളും | വികസന കാര്യം |
| 3. | മൃഗസംരക്ഷണവും ക്ഷീരവികസനവും | വികസന കാര്യം |
| 4. | പ്രാദേശിക സാമ്പത്തിക വികസനം | വികസന കാര്യം |
| 5. | ദാരിദ്ര്യ ലഘൂകരണം, ചേരിപരിഷ്ക്കരണം | ക്ഷേമ കാര്യം |
| 6. | സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ) | ക്ഷേമ കാര്യം |
| 7. | ജെന്റർ വികസനവും കുട്ടികളുടെ വികസനവും | ക്ഷേമ കാര്യം |

| | | |
|---|---|---|
| 8. | പട്ടികജാതി/പട്ടിക വർഗ്ഗ വികസനം | ക്ഷേമ കാര്യം |
| 9. | ആരോഗ്യം | ആരോഗ്യ കാര്യം |
| 10. | ശുചിത്വം, മാലിന്യ സംസ്കരണം | ആരോഗ്യ കാര്യം |
| 11. | വിദ്യാഭ്യാസം, കല–സംസ്കാരം, കായികം, യുവജനക്ഷേമം വിദ്യാഭ്യാസം, കായികം, യുവജനക്ഷേമം – (കോർപ്പറേഷനിൽ) | വിദ്യാഭ്യാസം, കല, കായിക കാര്യം |
| 12. | പാർപ്പിടം | മരാമത്ത് കാര്യം |
| 13. | കുടിവെള്ളം | മരാമത്ത് കാര്യം |
| 14. | പൊതുമരാമത്ത്, ഊർജ്ജം | മരാമത്ത് കാര്യം |
| 15. | നഗരാസൂത്രണം | മരാമത്ത് കാര്യം (കോർപ്പറേഷനിൽ നഗരാസൂത്രണ കാര്യം) |
| 16. | ജൈവ വൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണം. | മരാമത്ത് കാര്യം |
| 17. | കല, സംസ്കാരം, പുരാവസ്തു സംരക്ഷണം (കോർപ്പറേഷനിൽ മാത്രം) | നഗരാസൂത്രണ കാര്യം |

തീരദേശമേഖല ഉൾപ്പെടുന്നതും ഫിഷറീസ് ഉദ്യോഗസ്ഥൻ നിലവിലുള്ളതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യമേഖലയ്ക്ക് പ്രത്യേകം വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. പട്ടികവർഗ്ഗ വികസന ഫണ്ട് ലഭ്യമാക്കുന്നതോ ഇരുപതോ അതിലധികമോ പട്ടികവർഗ്ഗ ഊരെങ്കിലുമോ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ വികസനത്തിന് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം.

വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ഒരു ജനപ്രതിനിധിയും ബന്ധപ്പെട്ട മേഖലയിലെ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥരിൽ ഏറ്റവും ഉയർന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥൻ കൺവീനറും ആയിരിക്കും. വനിതാവികസനം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാർ യഥാക്രമം വനിത, പട്ടികജാതി, പട്ടികവർഗ്ഗ ജനപ്രതിനിധികളായിരിക്കണം. ഇത്തരത്തിലുള്ള ജനപ്രതിനിധി ഇല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ചെയർപേഴ്സണായിരിക്കും. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ആവശ്യമെങ്കിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ഉപസമിതികൾ രൂപീകരിക്കാവുന്നതും ആയതിന്റെ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിനായിരിക്കും.

## 15.6 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ

### 15.6.1 അവസ്ഥാരേഖ (Status Report) തയ്യാറാക്കൽ

1. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസന മേഖലകളുടെ അവസ്ഥാരേഖകൾ വർക്കിംഗ് ഗ്രൂപ്പുകൾ 26.11.2021 ലെ സ.ഉ (കൈ) നംബർ

275/2021/തസഭവ പ്രകാരം പരിഷ്ക്കരിക്കണം. ഓരോ വികസന മേഖലയിലും കഴിഞ്ഞ ഇരുപതു വർഷത്തെ നേട്ടങ്ങളും പോരായ്മകളും ഈ രേഖയിൽ ഉണ്ടായിരിക്കണം. അവസ്ഥാവിശകലനത്തെ അടിസ്ഥാനമാക്കി വികസനമേഖല നേരിടുന്ന വെല്ലുവിളികളും വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകളും, സ്വീകരിക്കാവുന്ന തന്ത്രങ്ങളും അവസ്ഥാ രേഖയിൽ ഉണ്ടായിരിക്കേണ്ടതാണ്.

2. കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ– വാർഡ്സഭ/ഊരുകൂട്ട യോഗങ്ങളിൽ അവസ്ഥാ രേഖ കാലികമായി പരിഷ്കരിച്ചതിനുശേഷമാവണം വർക്കിംഗ് ഗ്രൂപ്പുകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത്. കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചർച്ചകളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.
3. പ്രോജക്റ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക. സുലേഖയിൽ ഡാറ്റാ എൻട്രി നടത്തുകയും ചെയ്യുക.
4. വാർഡ്സഭാ യോഗം/ഊരുകൂട്ട യോഗം തുടങ്ങിയവയിൽ വിഷയഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കരട് നിർദ്ദേശങ്ങൾ അവതരിപ്പിച്ച് ചർച്ചയ്ക്ക് നേതൃത്വം നല്കുക, പ്രൊജക്റ്റ് നിർദ്ദേശങ്ങൾ മുൻഗണന അനുസരിച്ച് പരിഗണനയ്ക്ക് സമർപ്പിക്കുക.
5. വാർഡ്സഭയിൽ അച്ചടിച്ച് നല്കുന്നതിനാവശ്യമായ രേഖകൾ എഴുതി തയ്യാറാക്കുക.
6. വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുക.
7. ദാരിദ്ര്യ ലഘൂകരണ പദ്ധതി, ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ, സംയോജന സാധ്യതകൾ എന്നിവ പരിഗണിച്ചും GIS സാധ്യതയും കണക്കിലെടുത്ത് പദ്ധതി തയ്യാറാക്കേണ്ടതാണ്.

### 15.6.2 വാർഡ് സഭകൾ

വാർഡ് സഭകൾ ഭരണഘടനാ സ്ഥാപനമാണ്. ജനപങ്കാളിത്തത്തിനുള്ള അടിസ്ഥാന ശിലയാണിത്. ഇതിനു തുല്യമായി തന്നെ ഊരുകൂട്ടങ്ങളും മത്സ്യസഭകളും വികേന്ദ്രീകൃതാസൂത്രണത്തിൽ പങ്കാളികളാകുന്നു. വികസന പരിപ്രേക്ഷ്യവും പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറാക്കി വാർഡുസഭകളിൽ അവതരിപ്പിക്കണം. പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന വാർഡ്തലത്തിൽ നിർണ്ണയിക്കണം. വ്യക്തിഗത ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് വാർഡ്സഭകൾ അംഗീകരിക്കണം.

ആസൂത്രണ വാർഡ് സഭകൾക്ക് മുന്നോടിയായി ചർച്ചകൾ അയൽസഭകളിലും മറ്റു വേദികളിലും ചർച്ച നടത്തേണ്ടതാണ്. കർഷകർ, കാർഷിക തൊഴിലാളികൾ, പാടശേഖര സമിതികൾ, കുടുംബശ്രീ, എ.ഡി.എസ്., സി.ഡി.എസ്., പി.ടി.എ., സ്ക്കൂൾ വികസന സമിതികൾ, അങ്കണവാടി പ്രവർത്തകർ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, യുവജന ക്ലബ്ബുകൾ, വായനശാലകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വനസംരക്ഷണ സമിതികൾ, പരിസ്ഥിതി പ്രവർത്തകർ, രാഷ്ട്രീയ സംഘടനകൾ, തൊഴിലാളി സംഘടനകൾ, തുടങ്ങിയവരുമായി ചർച്ചകൾ നടത്തുന്നത് ഉചിതമായിരിക്കും.

### 15.6.3 ഊരുകൂട്ട യോഗങ്ങൾ

പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം ലഭിക്കുന്ന നഗരസഭകൾ പദ്ധതി ആസൂത്രണ

വാർഡുസഭകൾ ചേരുന്നതിനു മുമ്പായി പട്ടികവർഗ്ഗ ഊരുകളിൽ ഊരു മൂപ്പന്റെ അദ്ധ്യക്ഷതയിൽ ഊരുകൂട്ട യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരിലെ ആകെ വോട്ടർമാരുടെ 50 ശതമാനത്തിലധികം അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കേണ്ടതുണ്ട്. ബന്ധപ്പെട്ട കൗൺസിലർ എല്ലാ ഊരുകൂട്ട യോഗങ്ങളിലും പങ്കെടുക്കേണ്ടതാണ്.

## 15.7 വികസന സെമിനാറും കരട് പദ്ധതിരേഖയും

വാർഡ്സഭാ യോഗങ്ങളിലും ഊരുകൂട്ട യോഗങ്ങളിലും നടന്ന ചർച്ചകളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ആസൂത്രണസമിതി കരടു വാർഷിക പദ്ധതി തയ്യാറാക്കുന്നു. ഈ കരട് പദ്ധതി ഭരണസമിതിയിൽ ചർച്ച ചെയ്ത് അംഗീകരിക്കുന്നു. ഇപ്രകാരം ഭരണസമിതി അംഗീകരിച്ച കരട് വാർഷിക പദ്ധതിയാണ് വികസന സെമിനാറിൽ അവതരിപ്പിക്കേണ്ടത്. ചർച്ച ചെയ്യുമ്പോൾ നിലവിലുള്ള വികസനരേഖയിൽ പരാമർശിച്ചിട്ടുള്ള ദീർഘകാല ഹ്രസ്വകാല ഉദ്ദേശലക്ഷ്യങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്. വികസനരേഖ ഓരോ അഞ്ചു വർഷത്തിലും പരിഷ്ക്കരിക്കേണ്ടതുണ്ട്. അങ്ങനെ പരിഷ്ക്കരിക്കേണ്ടി വരുന്ന വർഷത്തിലെ വികസന സെമിനാറിൽ പരിഷ്ക്കരിച്ച വികസന രേഖയുടെ കരട് ചർച്ച ചെയ്യേണ്ടതാണ്. കരട് പദ്ധതിരേഖ വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്യണം. കരട് പദ്ധതിരേഖയിൽ താഴെ പറയുന്ന 10 അദ്ധ്യായങ്ങളാണുള്ളത്.

1. നഗരസഭയുടെ വികസന അവസ്ഥ
2. നടപ്പ് സാമ്പത്തിക പദ്ധതി അവലോകനം
3. പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും
4. വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രങ്ങൾ
5. വിഭവ സ്രോതസ്സുകളും വിലയിരുത്തലുകളും
6. പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും.
7. പ്രത്യേക പദ്ധതികൾ/പരിപാടികൾ
8. വായ്പ ബന്ധങ്ങൾ
9. സമഗ്ര പദ്ധതികളും സംയോജന സാധ്യതകളും
10. മോണിറ്ററിംഗ് സംവിധാനം

## 15.8 വിഭവ സ്രോതസ്സുകളും വകയിരുത്തലും

സാമ്പത്തിക സാമൂഹിക നീതിക്കായുള്ള ആസൂത്രണത്തിൽ പരിമിതമായ വിഭവങ്ങളെ ഫലവത്തായി ഉപയോഗിക്കുക ഒരു വെല്ലുവിളിയാണ്. ആമുഖത്തിൽ സൂചിപ്പിച്ചതു പോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഒരു സംയോജിത പദ്ധതിയാണ്. വരുമാനത്തിൽ നിന്നും ചെലവുകൾ കഴിച്ച് നഗരസഭയുടെ മിച്ചത്തോടൊപ്പം എല്ലാ സ്രോതസ്സിൽ നിന്നുമുള്ള വിഭവങ്ങളേയും ഉപയോഗപ്പെടുത്തുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളും, സംസ്ഥാനാവിഷ്കൃത പദ്ധതികളും ഉൾപ്പെടെ എല്ലാ പദ്ധതികളെയും സംയോജിപ്പിക്കുന്നു.

പദ്ധതിയാസൂത്രണത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട വിഭവസ്രോതസ്സ് സംസ്ഥാന ഗവണ്മെന്റ് ബജറ്റ് അലോക്കേഷന്റെ ഭാഗമായി നല്കുന്ന പണമാണ്. കേരള ബജറ്റ് രേഖയുടെ അനുബന്ധം-4-ൽ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുമുള്ള വകയിരുത്തലുകൾ വിശദമായി നല്കണം. ഇത്തരം ഒരു വകയിരുത്തൽ കേരളത്തിന്റെ സവിശേഷതയാണ്.

സംസ്ഥാന ഗവണ്മെന്റിന്റെ വികസന വിഭവസ്രോതസ്സിന്റെ ഏതാണ്ട് മൂന്നിലൊന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വിതരണം ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു. ഡെവലപ്മെന്റ് ഫണ്ട്, ഗ്രാന്റ് ഫോർ എസ്.സി, ഗ്രാന്റ് ഫോർ എസ്.ടി. എന്നിവയാണ് പ്രധാന വകയിരുത്തലുകൾ. ഇതിൽ ആദ്യം സൂചിപ്പിച്ചിരിക്കുന്ന ഡെവലപ്മെന്റ് ഫണ്ട്, പദ്ധതി ആസൂത്രണ മാർഗരേഖ നിർദ്ദേശങ്ങളിൽ നിന്നു കൊണ്ട്, ജനാഭിപ്രായത്തിനനുസരിച്ച് ആസൂത്രണം വഴി ഉപയോഗിക്കാവുന്നതാണ്.

## 15.9 വികസന ഫണ്ടിന്റെ വകയിരുത്തലുകൾ

വികസനഫണ്ടിൽ നിന്നും അങ്കണവാടി പോഷകാഹാര വിതരണം, സർക്കാർ നിശ്ചയിക്കുന്ന S.S.A. പ്രോജക്റ്റുകൾക്കുള്ള വിഹിതം, പാലിയേറ്റീവ് കെയർ പ്രോജക്റ്റിനുള്ള വിഹിതം, ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, P.M.A.Y. ക്കുള്ള അധിക വിഭവ വിഹിതം, ആശ്രയ പദ്ധതി തുടങ്ങിയവയ്ക്കായി ആദ്യം തന്നെ പണം വകയിരുത്തണം.

## 15.10 മേഖല വിലയിരുത്തൽ

സംസ്ഥാന ബജറ്റിന്റെ ഭാഗമായി നല്കുന്ന വികസന ഫണ്ടിന്റെ ഫലവത്തായ ഉപയോഗത്തിനായി താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. പശ്ചാത്തല മേഖലയിലേക്ക് ആവശ്യത്തിൽ കൂടുതൽ തുക വകയിരുത്താതിരിക്കുന്നതിനും, പ്രധാനപ്പെട്ട മേഖലകളായ കുട്ടികളുടെ വികസനം, വയോജനങ്ങളുടെ വികസനം തുടങ്ങി അത്യാവശ്യ മേഖലകൾക്കു വകയിരുത്തലുകൾ ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ഈ നിബന്ധനകൾ.

പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്ന് 50 ശതമാനത്തിൽ കൂടുതൽ തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. പട്ടികജാതി ഉപപദ്ധതി വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല. ആകെ തുകയുടെ (പൊതുവിഭാഗം വികസന ഫണ്ടിന്റെ സാധാരണ വിഹിതം S.C.S.P., TSP എന്നിവ കൂട്ടിയ തുക) 10% വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തണം. ആകെ തുകയുടെ 5% കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിനായി ഉപയോഗിക്കണം. 5% വയോജനങ്ങളുടെ ക്ഷേമത്തിനായും ഉപയോഗിക്കണം.

## 15.11 വാർഷിക പദ്ധതിയും ബജറ്റും

തദ്ദേശഭരണ സ്ഥാപനത്തിന്റെ ബജറ്റ് വാർഷിക പദ്ധതി കൂടി ഉൾക്കൊള്ളുന്നതായിരിക്കണം. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകരിക്കുന്നതിനു മുമ്പായി വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടാനായില്ലെങ്കിൽ അംഗീകാരം ലഭിച്ചാലുടൻ വാർഷിക പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി അംഗീകരിക്കേണ്ടതാണ്.

## 15.12 പ്രത്യേക വിഭാഗങ്ങൾക്കും മേഖലകൾക്കുമുള്ള പദ്ധതികൾ

### 15.12.1 പട്ടികജാതി ഉപപദ്ധതി (Scheduled Caste Sub Plan)

സംസ്ഥാന ബജറ്റിലൂടെ ലഭിക്കുന്ന ഫണ്ട് ഒരു പട്ടികജാതി ഉപപദ്ധതി പ്രത്യേകം തയ്യാറാക്കി വാർഷിക പദ്ധതിയിൽ ചേർക്കണം.

### 15.12.2 പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan)

സംസ്ഥാന ബജറ്റിലൂടെ ലഭിക്കുന്ന ഫണ്ട് ഒരു പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ പ്രത്യേകം തയ്യാറാക്കി വാർഷിക പദ്ധതിയിൽ ചേർക്കണം.

### 15.12.3 വനിതാ ഘടക പദ്ധതി

വനിതകളുടെ സാമൂഹ്യ–സാമ്പത്തിക വികസനത്തിനായി വനിത ഘടകപദ്ധതി തയ്യാറാക്കണം. ഈ പദ്ധതിയിൽ ഉല്പാദനാധിഷ്ഠിതമായതും വനിതകൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്റ്റുകൾ ഉൾപ്പെടുത്താവുന്നതാണ്. ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതും കൗൺസിലിംഗ് നടത്തുന്ന കാര്യവും ഉൾപ്പെടുത്താവുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങളെ ചെറുക്കുന്നതിനുള്ള പ്രവർത്തനം നടത്താവുന്നതാണ്. സ്ത്രീകൾക്ക് മാത്രമായുള്ള പൊതു ഇടങ്ങൾ സ്ഥാപിക്കാവുന്നതാണ്.

പൊതു സ്ഥലങ്ങളിൽ സ്വകാര്യത ഉറപ്പുവരുത്തുന്നതിനായി മുലയൂട്ടുന്ന അമ്മമാർക്കായി പ്രത്യേകം സൗകര്യം ഒരുക്കാവുന്നതാണ്. വാർഷിക പദ്ധതിയുടെ ചുരുങ്ങിയത് 10% വനിതാ ഘടക പദ്ധതി വഴിയാണ് ചെലവഴിക്കേണ്ടത്.

### 15.12.4 കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ പ്രത്യേക പദ്ധതി

ഈ പദ്ധതിയിൽ കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്.

### 15.12.5 വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും

വയോജനങ്ങൾക്ക് ശാരീരിക, മാനസിക, സാംസ്കാരിക പിന്തുണാ സംവിധാനവും സുരക്ഷിതത്വവും, ഉറപ്പുവരുത്തുന്നതിനായി ഒരു പ്രത്യേക ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്.

### 15.12.6 അടിസ്ഥാന സേവനങ്ങൾക്കുള്ള ഉപപദ്ധതി

പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് താഴെപ്പറയുന്ന അടിസ്ഥാന സേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി ഒരു ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്.

- കുടിവെള്ള പ്രോജക്റ്റുകൾ
- ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം
- മലിനജല നിർഗ്ഗമനം, ഖരമാലിന്യ പരിപാലനം
- ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയ സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

## 15.13 ആസ്തി പരിരക്ഷണ പദ്ധതി (Asset Maintenance Plan)

ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കി സൂക്ഷിക്കേണ്ടതാണ്. സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അനുയോജ്യമായ കാര്യങ്ങളാണ് "ആസ്തി സംരക്ഷണം" പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തിയാണ് റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന്

ഒരു പ്രത്യേക സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

## 15.14 സത്ഭരണ പദ്ധതി

സുതാര്യത, ജന പങ്കാളിത്തം, കാര്യക്ഷമത, നീതിപൂർവ്വവും നിയമവാഴ്ചയിലധിഷ്ഠിതവുമായ ഭരണം എന്നിവ ഉറപ്പുവരുത്തുന്നതിനാണ് പ്രത്യേക സത്ഭരണ പദ്ധതി. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനം ഇടപെടേണ്ട അടിയന്തിര പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള പരാതി പരിഹാര സംവിധാനം ആവിഷ്ക്കരിക്കുകയും വേണം.

## 15.15 വാർഷിക പദ്ധതിക്കും പ്രോജക്റ്റുകൾക്കും ഭരണസമിതി അംഗീകാരം

സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കിയ പദ്ധതികളും പ്രോജക്റ്റുകളും ഭരണസമിതി യോഗത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അവതരിപ്പിക്കേണ്ടതാണ്. ഓരോ പ്രോജക്റ്റിന്റേയും പേരും വകയിരുത്തൽ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങ ളടങ്ങുന്ന കരട് എല്ലാ ജനപ്രതിനിധികൾക്കും വിതരണം ചെയ്യേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി വാർഷിക പദ്ധതിക്കും പ്രോജക്ടുകൾക്കും അംഗീകാരം നല്കിയതിനുശേഷം അന്തിമ പദ്ധതിരേഖ അച്ചടിക്കേണ്ടതും അതിന്റെ പകർപ്പ് ജില്ലാ ആസൂത്രണ സമിതിക്കും മറ്റു ബന്ധപ്പെട്ട ഏജൻസികൾക്കും നല്കേണ്ടതുമാണ്.

## 15.16 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം

പ്രോജക്റ്റുകൾ തയ്യാറാക്കി ഡാറ്റാ എൻട്രി നടത്തുകയും ഭരണസമിതി വാർഷിക പദ്ധതിക്ക് അംഗീകാരം നല്കുകയും ചെയ്തു കഴിഞ്ഞാൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് വാർഷിക പദ്ധതി സമർപ്പിക്കാവുന്നതാണ്. ചുവടെ പ്രതിപാദിക്കുന്ന രേഖകൾ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കണം.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിഷ്ക്കരിച്ച അവസ്ഥാ രേഖ (Status Report)
2. അന്തിമ പദ്ധതി രേഖ
3. തനത് ഫണ്ട് സ്റ്റേറ്റ്മെന്റ്
4. ഭരണസമിതി തീരുമാനങ്ങൾ
5. വാർഷിക പദ്ധതിയിലെ പ്രോജക്ടുകളും അനുബന്ധ റിപ്പോർട്ടുകളും

ജില്ലാ ആസൂത്രണ സമിതി അംഗീകാരം നല്കുന്നത് വാർഷിക പദ്ധതിക്കാണ്. പ്രോജക്റ്റുകളുടെ വിശദമായ പരിശോധന നടത്തി അംഗീകാരവും സാങ്കേതികാനുമതിയും നല്കുന്നത്. അതിനായി ചുമതലപ്പെട്ട വകുപ്പുതല ഉദ്യോഗസ്ഥർ ആണ്. വാർഷിക പദ്ധതി അംഗീകരിക്കുന്നതിനു ശേഷമാണ് ഈ പ്രക്രിയ നടക്കുന്നത്.

## 15.17 പ്രോജക്റ്റുകളുടെ പരിശോധനയും വെറ്റിംഗും

മുനിസിപ്പാലിറ്റിയുടെ പ്രോജക്റ്റുകൾ ജില്ലാതല ഉദ്യോഗസ്ഥനോ അല്ലെങ്കിൽ സംസ്ഥാനതല ഉദ്യോഗസ്ഥൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ് അംഗീകാരം നല്കേണ്ടത്. കോർപ്പറേഷന്റെ കാര്യത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥനാണ് അംഗീകാരം നല്കുന്നത്. ഒരു പ്രോജക്ടിന് ആ പ്രോജക്റ്റ് നിർവ്വഹണം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ

തന്നെ അംഗീകാരം നല്കാൻ പാടില്ല.

നൂതന (Innovative) പ്രോജക്റ്റുകളിൽ പലതും സർക്കാർ വകുപ്പുകളുടെ ഉത്തരവിൽ നിർദ്ദേശിക്കുന്ന സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമായി തയ്യാറാക്കാൻ പറ്റുന്നവയാകണമെന്നില്ല. അത്തരം നൂതന പ്രോജക്റ്റുകൾ പരിശോധിച്ച് അനുമതി നല്കുന്നതിന് ജില്ലാ ആസൂത്രണസമിതി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്നതാണ്. അതിന്റെ ചെയർപേഴ്സൺ ജില്ലാ കളക്ടറും കൺവീനർ പ്ലാനിംഗ് ഓഫീസറുമായിരിക്കും.

## 15.18 പ്രോജക്റ്റുകളുടെ അനുമതി നിരീക്ഷണവും മോണിറ്ററിംഗും

ജില്ലാ കളക്ടർ സെക്രട്ടറിയും ആസൂത്രണ സമിതി ചെയർപേഴ്സൺ അദ്ധ്യക്ഷനുമായുള്ള ജില്ലാതല നിരീക്ഷണ സമിതിയാണ് പ്രോജക്റ്റുകൾക്ക് അനുമതി നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായുള്ള നിരീക്ഷണവും മോണിറ്ററിംഗും അതാതു ജില്ലയിൽ നടത്തുന്നത്. ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടേയും മോണിറ്ററിംഗ് സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയാണ് നിർവ്വഹിക്കുന്നത്.

# 16

# പദ്ധതി നിർവ്വഹണം

## 16.1 പദ്ധതി നിർവ്വഹണം നയവും കാഴ്ചപ്പാടും

ഏതൊരു വികസന പദ്ധതിയും സേവന പ്രവർത്തനവും ഫലപ്രദമാകണമെങ്കിൽ ശരിയായ കാഴ്ചപ്പാടും ദീർഘവീക്ഷണവും ആസൂത്രണവും പ്രതിബദ്ധതയും അനിവാര്യമാണ്. അധികാര വികേന്ദ്രീകരണം നൽകിയ അവസരങ്ങൾ പ്രയോജനപ്പെടുത്തി ഉദാത്തമായ വികസന മാതൃകകൾ സൃഷ്ടിച്ച ഒട്ടേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേരളത്തിൽ ഉണ്ട്. അവയാണ് പ്രാദേശിക ഭരണ സംവിധാനത്തിൽ കേരള മാതൃകകളായി ദേശീയ തലത്തിൽ ശ്രദ്ധേയമായി തീർന്നത്.

അനുകരണീയ മാതൃകകളായി മാറിയ ഏത് പദ്ധതിയുടെയും വിജയത്തിന് പിന്നിൽ അടുക്കും ചിട്ടയുമുള്ള ഒരു പ്രവർത്തനശൈലിയും ആത്മാർത്ഥതയും ലക്ഷ്യബോധമുള്ള ഒരു പറ്റം പ്രവർത്തകരുടെ അശ്രാന്ത പരിശ്രമവും അതിന്റെ നിർവ്വഹണത്തിൽ ഉണ്ടായിരിക്കും. എന്താണ് അവയുടെ വിജയരഹസ്യം. അവ ചുവടെ ചേർക്കുന്നു..

- വ്യക്തമായ ദിശാബോധം നൽകുന്ന Vision (കാഴ്ചപ്പാട്, സ്വപ്നം/ഭാവന)
- ആ കാഴ്ച്ചപ്പാടിൽ നിന്ന് രൂപപ്പെടുന്ന ദൗത്യബോധം (Mission)
- ദൗത്യം പൂർത്തിയാക്കാൻ ആവശ്യമായ ലക്ഷ്യനിർണ്ണയും (Goals)
- ലക്ഷ്യങ്ങൾ കൈവരിക്കാൻ സ്വീകരിക്കേണ്ട നയസമീപനം (Policy)
- നയം നടപ്പാക്കുന്നത് സംബന്ധിച്ച് സ്വീകരിക്കുന്ന തന്ത്രം (Strategy)
- തന്ത്രത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന പരിപാടികൾ (Programme)
- മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾക്കൊണ്ട് കൊണ്ട് നടപ്പാക്കുന്നതിനുള്ള അർത്ഥവും, ആളും അനുകൂല സാഹചര്യങ്ങളും ഉണ്ടായിരുന്നാൽ ആസൂത്രണം ചെയ്യുന്ന പദ്ധതി കളും പ്രോജക്ടുകളും ഓരോ പദ്ധതികളുടെയും നിർവ്വഹണത്തിലൂടെ ഇക്കാര്യങ്ങൾ വിജയത്തിലെത്തും.

## 16.2 പദ്ധതി–പ്രോജക്ട് അംഗീകാരം

നല്ല രീതിയിൽ ആസൂത്രണം നടത്തി നല്ലൊരു പദ്ധതി ഉണ്ടാക്കിയതു കൊണ്ടു മാത്രം പ്രതീക്ഷിച്ച പ്രയോജനം ഉണ്ടാകണമെന്നില്ല. പദ്ധതിയിൽ ഉൾപ്പെട്ട ഓരോ പ്രോജക്ടും

കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നിർവ്വഹണം നടത്തണം. ജനകീയ പങ്കാളിത്തവും മേൽനോട്ടവും നിർവ്വഹണത്തിൽ ഉറപ്പുവരുത്തണം. നിർവ്വഹണത്തിലെ പോരായ്മകളും പ്രശ്നങ്ങളും സമയാസമയങ്ങളിൽ പരിഹരിക്കപ്പെടണം. പ്രയോജനകരമല്ലാത്തതും അപ്രായോഗികവുമായ പ്രോജക്ടുകൾ ഉപേക്ഷിക്കണം. ഇതെല്ലാം നടന്നെങ്കിൽ മാത്രമേ നിർവ്വഹണം കാര്യക്ഷമമാകൂ. പ്രതീക്ഷിച്ച പ്രയോജനം ലഭിക്കൂ.

പ്രോജക്ട് പരിശോധന ചുമതലയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് പ്രോജക്ട് ശരിയായി പരിശോധിപ്പിച്ച് അംഗീകാര യോഗ്യമെങ്കിൽ മാത്രം അംഗീകാരം നേടണം. ജില്ലാ ആസൂത്രണ സമിതിയ്ക്ക് പദ്ധതിരേഖയും പ്രോജക്ടുകളും അനുബന്ധ രേഖകളും സമർപ്പിച്ച് പദ്ധതിക്കും പ്രോജക്ടുകൾക്കും അംഗീകാരം നേടണം. പദ്ധതിക്കും പ്രോജക്ടുകൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചാൽ പദ്ധതി അംഗീകാര നടപടി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രോജക്ട് രേഖകളും നിർവ്വഹണത്തിനായുള്ള ഭരണസമിതി തീരുമാനവും ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകണം അതിനായി പദ്ധതി അംഗീകാരം ഡി.പി.സി.യിൽ നിന്ന് ലഭിച്ചു കഴിഞ്ഞാലുടനെ നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം ഭരണസമിതി വിളിച്ചുചേർക്കണം. ഈ യോഗത്തിൽ വെച്ച് രേഖകൾ കൈമാറിയശേഷം, പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകണം. കൂടാതെ പ്രോജക്ടുകൾ സാക്ഷ്യപ്പെടുത്താനും നിർവ്വഹണ കലണ്ടർ തയ്യാറാക്കാനും നിർദ്ദേശിക്കുകയും വേണം.

## 16.3 നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

» ഒരു പ്രോജക്ട് നിർവ്വഹണത്തിനായി ലഭിച്ചു കഴിഞ്ഞാൽ അത് നിർവ്വഹണ യോഗ്യമാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ബോദ്ധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തണം. ആയതിനായി താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കണം.
» ആവശ്യമായ മുഴുവൻ വിവരങ്ങളും പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?
» നടത്തേണ്ട പ്രവർത്തനങ്ങൾ, തുക വിനിയോഗിക്കേണ്ട ഇനങ്ങൾ സംഘടനാ കാര്യങ്ങൾ എന്നിവ വ്യക്തമാക്കണോ?
» പദ്ധതി ആസൂത്രണ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണോ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്?
» സബ്സിഡി–ധനസഹായ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ?
» തുടർനടത്തിപ്പും സംരക്ഷണവും സാധ്യമാണോ?

വർക്കിംഗ് ഗ്രൂപ്പ് കൺവീനർ എന്ന നിലയ്ക്ക് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ തന്നെയായിരിക്കാം ഒരു പക്ഷെ പ്രോജകട് തയ്യാറാക്കിയിട്ടുള്ളത്. എന്നാലും പ്രസ്തുത ഉദ്യോഗസ്ഥൻ പ്രോജക്ട് സാക്ഷ്യപ്പെടുത്തണം. ഈ ഘട്ടത്തിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം രേഖാമൂലം നഗരസഭയെ അറിയിക്കണം. അപാകതകൾ നിയമാനുസൃത നടപടികളിലൂടെ പരിഹരിച്ച ശേഷമേ നിർവ്വഹണം തുടങ്ങാവൂ.

## 16.4 നിർവ്വഹണ ഉദ്യോഗസ്ഥർ

പ്രോജക്ടുകൾ നിർവ്വഹിക്കുന്നതിന് അതാത് വിഷയ മേഖലയിൽ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വിഷയ

മേഖലയിലെ ഉദ്യോഗസ്ഥർ തന്നെ അവരവരുടെ വിഷയമേഖലയിലെ പ്രോജക്ടുകൾ നിർവ്വഹണം നടത്തണം.

നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ–എഞ്ചിനീയർ, പ്രൈമറി സ്കൂളുകളിലെ ഹെഡ്മാസ്റ്റർ.

നിർവ്വഹണത്തിലെ ഓരോ ഘട്ടവും കൃത്യ സമയത്ത് തന്നെ നടത്തുന്നുവെന്ന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 16.5 അനുമതികൾ

ഓരോ പ്രോജക്ടും നിർവ്വഹണം നടത്തുന്നതിന് മുമ്പ് ഭരണാനുമതി, സാങ്കേതികാനുമതി (നിർമ്മാണ പ്രവൃത്തികൾക്കുമാത്രം) സാമ്പത്തികാനുമതി എന്നിവ ആവശ്യമാണ്.

ഭരണാനുമതി– നഗരസഭക്ക് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിലാണ് ഭരണസമിതി പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്നത്. ഒരു സാമ്പത്തിക വർഷത്തെ പദ്ധതിക്ക് ഭരണസമിതി അംഗീകാരം നൽകുന്നതോടെ പ്രസ്തുത പദ്ധതി രേഖയിലുള്ള എല്ലാ പ്രോജക്ടുകൾക്കും ഭരണാനുമതി ലഭ്യമാകുന്നതാണ്. പദ്ധതി രേഖയിൽ ഉള്ള ഓരോ പ്രോജക്ടിനും പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകേണ്ടതില്ല.

സാങ്കേതികാനുമതി–നിർമ്മാണ പ്രവൃത്തി പ്രോജക്ടുകൾക്കാണ് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടത്. ഏതൊരു നിർമ്മാണ പ്രവൃത്തിയുടെയും പ്ലാനിനും എസ്റ്റിമേറ്റിലും കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം മൂലം അതത് ഗ്രേഡിലുള്ള എഞ്ചിനീയറിൽ നിന്ന് സാങ്കേതികാനുമതി വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ഒരു എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്ടിന് അദ്ദേഹം തന്നെ സാങ്കാതികാനുമതി നൽകാൻ പാടില്ല.

സാമ്പത്തികാനുമതി–ഒരു പ്രോജക്ടിന് പ്രതീക്ഷിച്ച വിഭവ സ്രോതസ്സുകൾ ലഭിച്ചു എന്ന് ഉറപ്പു വരുത്തിയശേഷം അത് വിനിയോഗിക്കാൻ ഭരണസമിതി നൽകുന്ന അനുമതിയാണ് സാമ്പത്തികാനുമതി. പ്രതീക്ഷിച്ച ഫണ്ട് ലഭിയ്ക്കാനിടയില്ല എങ്കിൽ ആ ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രോജക്ടുകൾക്ക് സാമ്പത്തികാനുമതി നൽകാൻ പാടില്ല.

## 16.6 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ അംഗീകാരം

### 16.6.1 നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ

പ്രോജക്ടുകളുടെ കാര്യക്ഷമവും സമയബന്ധിതവുമായ നിർവ്വഹണത്തിന് ഒരു നിർവ്വഹണ കലണ്ടർ ആവശ്യമാണ്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം വിളിച്ചു ചേർത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ ഓരോ പ്രോജക്ടിനും ഒരു നിർവ്വഹണ കലണ്ടർ തയ്യാറാക്കണം.

ഓരോ പ്രോജക്ടും എപ്പോൾ തുടങ്ങണം, ചുമതലകൾ ആർക്കെല്ലാം, ഓരോ മാസവും നടത്തേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെ, ഓരോ മാസവും ആവശ്യമായ വിഭവമെത്ര, എന്ന് അവസാനിക്കും എന്നിവ നിർവ്വഹണ കലണ്ടറിൽ രേഖപ്പെടുത്തണം. ഇങ്ങനെ നിർവ്വഹണ ഉദ്യോഗസ്ഥതലത്തിൽ തയ്യാറാക്കുന്ന നിർവ്വഹണ കലണ്ടർ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകണം. അംഗീകാരം ലഭിച്ച പ്രോജക്ട് റിപ്പോർട്ടിലെ ഇനം 31–ൽ നിർവ്വഹണ കലണ്ടർ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് വസ്തുനിഷ്ഠമാകണമെന്നില്ല.

പ്രോജക്ട് നിർവ്വഹണത്തിന് യാഥാർത്ഥ്യ ബോധത്തോടുകൂടി തയ്യാറാക്കേണ്ട നിർവ്വഹണ കലണ്ടറാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്.

### 16.6.2 നിർവ്വഹണ കലണ്ടർ

വർക്കിംഗ് ഗ്രൂപ്പ് സഹായത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥ തലത്തിൽ തയ്യാറാക്കിയ നിർവ്വഹണ കലണ്ടർ പരിശോധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിച്ച ശേഷം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും അംഗീകരിച്ച നിർവ്വഹണ കലണ്ടർ നഗരാതലത്തിൽ ക്രോഡീകരിക്കുകയും സ്റ്റിയറിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും വേണം. സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ചയെ തുടർന്ന് നിർവ്വഹണ കലണ്ടർ തയ്യാറാക്കി ആയത് ഭരണസമിതി അംഗീകരിക്കണം. ഇങ്ങനെ ഭരണസമിതി അംഗീകരിച്ച പദ്ധതി നിർവ്വഹണ കലണ്ടറിന്റെ പകർപ്പ് സെക്രട്ടറി എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും നിർവ്വഹണോദ്യോഗസ്ഥർക്കും നൽകണം.

### 16.6.3 നിർവ്വഹണ കലണ്ടർ പ്രകാരം നിർവ്വഹണം

ഓരോ മാസവും നിർവ്വഹണം ആരംഭിക്കേണ്ട പ്രോജക്ടുകൾക്ക്, തൊട്ടുമുമ്പുള്ള മാസം ചേരുന്ന കൗൺസിൽ യോഗം സാമ്പത്തികാനുമതി നൽകണം. എല്ലാ മാസവും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് നിർവ്വഹണ കാര്യങ്ങൾ ചർച്ച ചെയ്യണം. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ അവരുടെ ചുമതലയിലുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട ഓരോ പ്രോജക്ടും യോഗ അജണ്ടയിൽ ഉൾപ്പെടുത്തി അവയുടെ നിർവ്വഹണ – മോണിറ്ററിംഗ് കാര്യങ്ങൾ ചർച്ച ചെയ്യണം. ഒരു പ്രോജക്ടിന്റെ നിർവ്വഹണം ആരംഭിച്ച് അവസാനിക്കും വരെ ഒട്ടേറെ കാര്യങ്ങൾക്ക് ഭരണസമിതി തീരുമാനങ്ങൾ ആവശ്യമായി വരും. ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, ഗുണഭോക്തൃ സമിതികൾ രൂപീകരിക്കൽ, അംഗീകരിക്കൽ, ടെണ്ടർ/ക്വട്ടേഷൻ വിളിക്കൽ, അംഗീകരിക്കൽ, നിർവ്വഹണ ഏജൻസികളെ ചുമതലയേൽപ്പിക്കൽ മുതലായവ ഉദാഹരണങ്ങളാണ്. ഇത്തരം സന്ദർഭങ്ങളിൽ നഗരസഭ തീരുമാനത്തിനായി അതു സംബന്ധിച്ച ഫയൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റാന്റിംഗ് കമ്മിറ്റി മുഖേന കൗൺസിലിന് സമർപ്പിച്ച് അംഗീകാരം നേടണം.

### 16.6.4 പ്രോജക്ട് നിർവ്വഹണ രീതികൾ

1,00,000/– രൂപയിൽ താഴെ അടങ്കൽ തുകയുള്ള മരാമത്ത് പണികൾ ഗുണഭോക്തൃ സമിതിയെ ഏല്പിക്കുകയോ, ടെണ്ടർ/ഇ–ടെണ്ടർ രീതി അവലംബിക്കുകയോ ചെയ്യാം. 5 ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ വരുന്ന പ്രവൃത്തികൾ നിർബന്ധമായും ഇ–ടെണ്ടർ ചെയ്യേണ്ടതാണ്.

1,00,000/– രൂപ വരെ അടങ്കൽ തുകയുള്ള മരാമത്ത് പണികൾ ഗുണഭോക്തൃ സമിതിയെ ഏല്പിക്കാവുന്നതാണ്. അയൽസഭ നിർവ്വാഹ സമിതികളേയോ അയൽസഭാ നിർവ്വാഹക സമിതികളിൽ അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന അയൽസഭാ ഗുണഭോക്തൃ സമിതികളെയോ (ഒന്നിലധികം അയൽസഭാ പ്രദേശത്ത് നടക്കുന്ന പ്രവൃത്തികൾക്ക്) ഗുണഭോക്തൃ സമിതികളായി കണക്കാക്കി നിർമ്മാണ പ്രവൃത്തികൾ ഏല്പിക്കാവുന്നതാണ്. അയൽസഭാ നിർവാഹക സമിതിയുടെ/അയൽസഭാ ഗുണഭോക്തൃ സമിതിയുടെ ചെയർമാന്റെയും കൺവീനറുടേയും പേരിൽ സ്ഥലത്തെ സഹകരണ

ബാങ്കിലോ ദേശാസൽകൃത ബാങ്കിലോ ജോയിന്റ് അക്കൗണ്ട് തുടങ്ങണം. ഈ അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാട് നടത്താവൂ. നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഒപ്പിട്ടു കഴിഞ്ഞാൽ സമിതിക്ക് കരാർ തുകയുടെ 25 ശതമാനം തുക (പരമാവധി ഒരു ലക്ഷം രൂപ) മൊബിലൈസേഷൻ അഡ്വാൻസ് നൽകാവുന്നതാണ്. ഗുണഭോക്തൃ സമിതി ചെയർമാൻ, കൺവീനർ, അംഗങ്ങൾ എന്നിവരുമായി സംയുക്ത കരാറും ചെയർമാൻ, കൺവീനർ എന്നിവരുമായി പ്രത്യേക കരാറും ഉണ്ടായിരിക്കേണ്ടതാണ്. ഗുണഭോക്തൃ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതും ചെലവുകൾ അംഗീകരിക്കേണ്ടതും പണി പൂർത്തീകരിച്ച ശേഷം മൊത്തം വരവു ചെലവ് കണക്കുകൾ വൗച്ചറുകൾ എന്നിവ പരിശോധിച്ച് അംഗീകരിക്കേണ്ടതുമാണ്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതുമാണ്.

### 16.6.5 അക്രഡിറ്റഡ് ഏജൻസി/അംഗീകൃത ഏജൻസി മുഖേന

കോസ്റ്റ്ഫോർഡ്, നിർമ്മിതി കേന്ദ്രം, ഹാബിറ്റേറ്റ്, ലേബർ കോൺട്രാക്ട് സൊസൈറ്റികൾ തുടങ്ങിയ ഒട്ടേറെ സ്ഥാപനങ്ങൾക്ക് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളാണ് അക്രഡിറ്റഡ് ഏജൻസികൾ. പി.ടി.എ., പാടശേഖരസമിതി തുടങ്ങിയ സമിതികളാണ് അംഗീകൃത ഏജൻസികൾ. ഇവയെ ഗുണഭോക്തൃ സമിതികൾക്ക് തുല്യമായി കണക്കാക്കി നിബന്ധനകൾക്ക് വിധേയമായി പണികൾ ഏല്പിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഇത്തരം സ്ഥാപനങ്ങളേയും ഗുണഭോക്തൃ സമിതികളേയും ഏല്പിക്കുന്ന പണികളുടെ എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭവിഹിതം ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ നികുതികൾക്കും മറ്റും വേണ്ടി വരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നഗരസഭ അടയ്ക്കേണ്ടതാണ്. പണികൾ ഏല്പിക്കുന്നതിന് ടെണ്ടർ/ക്വട്ടേഷൻ ആവശ്യമില്ല.

### 16.6.6 തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട്

അടിയന്തിര ഘട്ടങ്ങളിൽ പണികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്/നഗരസഭയ്ക്ക് നേരിട്ട് നടപ്പാക്കാവുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ വാങ്ങലുകളും കൂലി നൽകലും നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് നിർവ്വഹിക്കേണ്ടതാണ്. സാധനങ്ങൾ ക്വട്ടേഷൻ/ടെണ്ടർ പ്രകാരം വാങ്ങണം. പണിയെടുപ്പിക്കുന്നുണ്ടെങ്കിൽ മസ്റ്റർ റോൾ സൂക്ഷിക്കണം. നിർമ്മാണ പ്രവൃത്തിയാണെങ്കിൽ എഞ്ചിനീയർ അളവുകൾ രേഖപ്പെടുത്തി ബില്ലെഴുതണം. എസ്റ്റിമേറ്റ് തുകയ്ക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തണം. കരാറുകാരന്റെ ലാഭം ഉൾപ്പെടുകയില്ല.

### 16.6.7 പീസ് വർക്ക് കരാർ

നിശ്ചയിക്കപ്പെട്ട സാങ്കേതിക നിബന്ധനകളനുസരിച്ച് പണി ചെയ്യുന്നതിനുള്ള പണികൂലിക്ക് പീസ് വർക്ക് കരാർ നൽകാവുന്നതാണ്. ഇങ്ങനെ ഏല്പിക്കുന്ന പണികൾക്ക് വേണ്ട സാധന സാമഗ്രികൾ വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകണം. നിരതദ്രവ്യം, ജാമ്യനിക്ഷേപം എന്നിവ ഒഴിച്ച് കരാർ നൽകുന്നതിനുള്ള നിബന്ധനകളെല്ലാം ഈ രീതിക്കും ബാധകമാണ്. എസ്റ്റിമേറ്റിൽ കരാറുകാരന്റെ ലാഭം ഉൾപ്പെടുത്താം. നിർമ്മാണ ചെലവ് എസ്റ്റിമേറ്റ് തുകയിൽ കൂടാൻ പാടില്ല.

### 16.6.8 കരാറുകാരൻ മുഖേനയുള്ള നിർവ്വഹണം

പൊതുമരാമത്ത് ചട്ടപ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ കരാറുകാരൻ മുഖേന നിർവ്വഹണം നടത്താവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. പരസ്യച്ചെലവ് കുറയ്ക്കുന്നതിലേക്ക് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുമായി ആലോചിച്ച് പൊതുവായി സെക്രട്ടറിക്ക് ടെണ്ടർ ക്ഷണിക്കാവുന്നതാണ്. 50,000 രൂപയിൽ അധികം മതിപ്പ ചെലവ് വരാത്ത പണികൾക്കും അടിയന്തിര സ്വഭാവമുള്ള പണികൾക്കും ടെണ്ടർ നിർബന്ധമില്ല. എഴുപത് ലക്ഷം രൂപയോ അതിൽ കൂടുതലോ മതിപ്പ ചെലവു വരുന്ന പണികൾക്ക് പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. രജിസ്റ്റർ ചെയ്ത കരാറുകാരനിൽ നിന്നു മാത്രമേ ടെണ്ടർ സ്വീകരിക്കാവൂ.

#### 16.6.8.1 ഡെപ്പോസിറ്റ് വർക്ക്

വളരെ കൂടിയ വൈദഗ്ധ്യം ആവശ്യമുള്ള പണികൾ ബന്ധപ്പെട്ട വകുപ്പുകളെയോ ഏജൻസികളെയോ നിർവ്വഹണത്തെ സംബന്ധിച്ച നിബന്ധനകളിൽ പരസ്പര ധാരണയിലെത്തി ഏൽപ്പിക്കാവുന്നതാണ്. അവരിൽ നിന്നും വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയ ശേഷമായിരിക്കണം പ്രോജക്ട് തയ്യാറാക്കേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട വകുപ്പ്/ഏജൻസിയുമായി ധാരണാപത്രം ഒപ്പിടണം. കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, കേരള ഹൗസിംഗ് ബോർഡ്, കേരള ഭൂഗർഭജല വകുപ്പ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിന് വേണ്ടി ഫണ്ട് മുൻകൂറായി നൽകാവുന്നതാണ്.

#### 16.6.8.2 ലേബർ കോൺട്രാക്ട് സൊസൈറ്റി

മരാമത്ത് പണികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് 11.8.2017–ലെ സർക്കാർ ഉത്തരവ് (സാധാ) 2780/2017/തസ്വഭവ ഉത്തരവ് പ്രകാരം ഉള്ള ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്.

## 16.7 പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ

അംഗീകാരം ലഭിക്കുന്ന പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി പൂർത്തിയാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. നിർവ്വഹണ കലണ്ടർ തയ്യാറാക്കൽ
2. പ്രതിമാസ നിർവ്വഹണ അവലോകനം
3. ആവശ്യമായ കമ്മിറ്റി സംവിധാനങ്ങൾ രൂപീകരിക്കൽ
4. പദ്ധതി നിർവ്വഹണ ഏകോപനവും വിലയിരുത്തലും
5. പിന്തുണാ സംവിധാനങ്ങൾ, മോണിട്ടറിംഗ് സംവിധാനങ്ങൾ രൂപീകരിക്കുക.

# 17

# പദ്ധതി മോണിറ്ററിംഗ്

ഏതൊരു വികസന ക്ഷേമ പ്രവർത്തനവും വിജയിക്കണമെങ്കിൽ മോണിറ്ററിംഗ് അനിവാര്യമാണ്. ഒരു പ്രവർത്തനം തീരുമാനിച്ച് നടപ്പിലാക്കി തുടങ്ങിയാൽ അത് ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതുവരെ അത് നടത്തുന്നവരും തീരുമാനിച്ചവരും പ്രയോജനം ലഭിക്കുന്നവരും എല്ലാം ചേർന്ന് നടത്തുന്ന നിരന്തര ദിശാഗതി നിയന്ത്രണമാണ് മോണിറ്ററിംഗ്. അതാത് വിഷയവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പാണ് മോണിറ്ററിംഗ് നടത്തേണ്ടത്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തന്നെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ഏതെന്ന് അതിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. ഒരു പ്രോജക്ട് നിർവ്വഹണം ആരംഭിക്കുമ്പോൾ തന്നെ മോണിറ്ററിംഗും ആരംഭിക്കണം. നിർവ്വഹണം നടത്തുന്ന പ്രോജക്ട് വിശദാംശങ്ങൾ മോണിറ്ററിംഗ് കമ്മിറ്റിക്ക് അപ്പോൾ തന്നെ കൈമാറേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ച് ചേർത്ത് വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ അതിലെ ഒരു ഔദ്യോഗിക അംഗത്തെ മോണിറ്ററിംഗ് കമ്മിറ്റി കൺവീനറായി തെരഞ്ഞെടുക്കേണ്ടതാണ്. കൂടാതെ മോണിറ്ററിംഗ് നടത്തേണ്ട ഘട്ടങ്ങളും ഘടകങ്ങളും ചർച്ചയിലൂടെ തീരുമാനിക്കുകയും ഓരോ അംഗങ്ങൾക്കും ചുമതലകൾ വീതിച്ച് നൽകുകയും വേണം. തുടർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തൽ നടത്തി റിപ്പോർട്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിക്കും കൈമാറേണ്ടതാണ്. പ്രോജക്ട് പൂർത്തീകരണ ശേഷം മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് അന്തിമ റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതോടൊപ്പം മിനുട്ട്സിൽ രേഖപ്പെടുത്തുകയും റിപ്പോർട്ട് ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും കൈമാറേണ്ടതുമാണ്. പ്രോജക്ട് നിർവ്വഹണം ആരംഭിക്കുന്നതു മുതൽ അവസാനിക്കുന്നതുവരെയുള്ള ഒരു തുടർപ്രവർത്തനമാണ് മോണിറ്ററിംഗ്. കാര്യക്ഷമമായ ഒരു മോണിറ്ററിംഗ് സംവിധാനമുള്ളിടത്ത് പദ്ധതികൾ ശരിയായ രീതിയിൽ സമയബന്ധിതമായി നിർവ്വഹിക്കപ്പെടുമെന്നതിൽ സംശയമില്ല.

ഒരു പ്രോജക്ടിന്റെ ആരംഭം മുതൽ അവസാനം വരെ പ്രോജക്ട് നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നുവെന്ന് ദിശാഗതി നിയന്ത്രണം നടത്തുന്ന വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിംഗ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുറ്റങ്ങളും കുറവുകളും അപ്പപ്പോൾ കണ്ടുപിടിച്ച് അവ പരിഹരിച്ച്

ശരിയായ ദിശയിൽ മുന്നോട്ട് പോകാനാണ് മോണിറ്ററിംഗ് നടത്തേണ്ടത്. മറിച്ച് പൂർത്തീകരിച്ചതിനുശേഷമുള്ള അവലോകനമോ വിലയിരുത്തലോ ഓഡിറ്റോ അല്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും, നിർവ്വഹണ ഏജൻസിയേയും, നിർവ്വഹണ ഉദ്യോഗസ്ഥരേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിംഗ്. അതുകൊണ്ട് തന്നെ ആസൂത്രണ നിർവ്വഹണ തലങ്ങളിൽ മോണിറ്ററിംഗ് സുപ്രധാനമാണ്. ആസൂത്രണത്തിലും നിർവ്വഹണത്തിലും കൊണ്ടുവന്ന ജനകീയ പങ്കാളിത്തം മോണിറ്ററിംഗ് രീതിയിലും മാറ്റം വരുത്തി. പദ്ധതി പണം ചെലവഴിച്ചോ എന്നതിലുപരി ചെലവഴിച്ച പണം വിഭാവനം ചെയ്ത പ്രവർത്തനങ്ങൾക്കാണോ, ലക്ഷ്യങ്ങൾ കൈവരിച്ചുവോ എന്നതും മോണിറ്ററിംഗിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങളാണ്. സുതാര്യത ഉറപ്പ് വരുത്തിയും സാമൂഹ്യനീതി ഉപാധികൾ സംരക്ഷിച്ചുമാണോ പദ്ധതിനിർവ്വഹണം നടത്തുന്നത് എന്നീ കാര്യങ്ങൾ പരിശോധിച്ച് കുറ്റമറ്റ രീതിയിലാക്കാൻ മോണിറ്ററിംഗ് നമ്മെ സഹായിക്കും

**മോണിറ്ററിംഗ് കൊണ്ട് ലക്ഷ്യമാക്കുന്നത്**

1. ശരിയായ രീതിയിലുള്ള പദ്ധതി പ്രവർത്തന മേൽനോട്ടം നടത്തുക (Supervision)
2. പോരായ്മകൾ കണ്ടെത്തിയാൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക (Follow up)
3. അഴിമതിക്കും സ്വജനപക്ഷപാതത്തിനുമെതിരെ ജാഗ്രത (Vigilance)
4. എല്ലാ തലങ്ങളിൽ നിന്നുമുള്ള പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളെ നിരീക്ഷിക്കൽ (Observation)
5. കൃത്യമായ പ്രവർത്തന അവലോകനം (Review)
6. തെറ്റ് തിരുത്തി ശരിയായ ദിശയിൽ നിർവ്വഹണം സാധ്യമാക്കൽ (Correction)
7. നിയതമായ രീതിയിലുള്ള പ്രവർത്തനം അവലംബിക്കൽ – ദിശാഗതി നിയന്ത്രണം (Guidance)
8. പ്രവർത്തന നിയന്ത്രണം (Control)
9. പദ്ധതികളുടെ നിർവ്വഹണം ശരിയാണോ എന്നും പരിശോധിക്കുക (Verification)
10. കണ്ടെത്തിയ കാര്യങ്ങളെ കുറിച്ച് അധികാരികൾക്കും/അധികാരസ്ഥാനങ്ങൾക്കും വിവരണം നൽകുക (Report)

## 17.1 മോണിറ്ററിംഗ് ചുമതലകൾ

പുരോഗതി ലക്ഷ്യത്തിലൂന്നിയാണോ എന്നും പ്രക്രിയയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ടോ എന്നും മനസ്സിലാക്കുക.

1. വിഭവങ്ങളുടെ പരമാവധി വിനിയോഗം നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.
2. നിർവ്വഹണം ശരിയായ സമയക്രമം പാലിച്ചുകൊണ്ടാണോ എന്ന് പരിശോധിക്കുക.
3. സ്റ്റേക്ക് ഹോൾഡർമാരുടെ പങ്ക് ഉറപ്പ് വരുത്തുന്നുണ്ടോ എന്ന് മനസ്സിലാക്കുക
4. നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെട്ടിട്ടുണ്ടോ, സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുക.
5. നിയതമല്ലാത്ത രീതികൾ അവലംബിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അപ്പോൾതന്നെ റിപ്പോർട്ട് ചെയ്തുകൊണ്ട് തിരുത്താൻ ശ്രമിക്കുക.

6. പ്രോജക്ടിന്റെ ഫലപ്രാപ്തിയെ കുറിച്ച് വിലയിരുത്തുക.
7. ഗുണഭോക്താക്കൾക്ക് സമ്പൂർണ്ണ ഗുണഫലം ഉറപ്പാക്കൽ
8. പ്രോജക്ടുകളുടെ ആസൂത്രണത്തിനും വികസനത്തിനും സാമൂഹിക കൂട്ടായ്മക്കും ആവശ്യമായ സംഭാവനകൾ നൽകൽ

## 17.2 മോണിറ്ററിംഗ് എങ്ങനെ?

ഓരോ വർക്കിംഗ് ഗ്രൂപ്പുകളും ബന്ധപ്പെട്ട മേഖലയിലെ ഓരോ പ്രോജക്ടും പ്രത്യേകം മോണിറ്ററിംഗ് നടത്തേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകണം. ഓരോ പ്രോജക്ടിന്റെയും പ്രവർത്തനഘടകങ്ങളെ സമിതി അംഗങ്ങൾക്ക് ഒറ്റയ്ക്കും കൂട്ടായും പരിശോധിക്കാവുന്നതാണ്. ചുമതലകൾ വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കേണ്ടതാണ്, എങ്കിലും മോണിറ്ററിംഗ് ഉത്തരവാദിത്വം വ്യക്തിക്കല്ല മറിച്ച് മോണിറ്ററിംഗ് ടീമിനാണ്. ഓരോ പ്രോജക്ടിന്റെയും, മോണിറ്ററിംഗ് ഘട്ടങ്ങൾ ആദ്യം തന്നെ നിശ്ചയിച്ചുകൊണ്ട് അതിനനുസൃതമായ രീതിയിൽ മോണിറ്ററിംഗ് കലണ്ടർ തയ്യാറാക്കേണ്ടതാണ്. മോണിറ്ററിംഗ് സമിതിയിലുയരുന്ന വ്യത്യസ്ത അഭിപ്രായങ്ങൾ പരിഗണിച്ച് സംശയ ദൂരീകരണം നടത്തി തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണ്. ഓരോ പ്രോജക്ടിനും പ്രത്യേകം മോണിറ്ററിംഗ് കമ്മിറ്റി വേണ്ട, വിഷയ മേഖലയ്ക്ക് ഒന്ന് മതിയാകും. തദ്ദേശഭരണ സ്ഥാപനത്തിന്റെ മുഴുവൻ പ്രദേശത്തും വ്യാപിച്ച് കിടക്കുന്ന നിർവ്വഹണ പ്രവർത്തനങ്ങൾക്ക് പ്രാദേശിക അടിസ്ഥാനത്തിൽ സമിതികളെ നിശ്ചയിക്കേണ്ടതാണ്. ടെണ്ടർ ചെയ്യുന്ന ഓരോ പ്രവർത്തികൾക്കും ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി നിർബന്ധമാണ്. ഇവരുടെ റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് അന്തിമ റിപ്പോർട്ടിൽ പരിഗണിച്ച് പ്രത്യേകമായി ഭരണസമിതിക്ക് നൽകേണ്ടതാണ്. കാര്യക്ഷമമായ പദ്ധതി നിർവ്വഹണത്തിനും ഫലപ്രദമായ മോണിറ്ററിംഗിനും വേണ്ടി സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങളുടെ വിഷയ മേഖലകളിൽ വരുന്ന നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം ആവശ്യാനുസരണം വിളിച്ച് നിർവ്വഹണ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ സാക്ഷ്യപ്പെടുത്തിയ പകർപ്പ് മിനുട്ട്സ് ബുക്ക്, ഹാജർ ബുക്ക് എന്നിവ കൺവീനർക്ക് കൈമാറേണ്ടതാണ്. പ്രോജക്ട് രേഖ ലഭിച്ചാലുടൻ കൺവീനർ സമിതി യോഗം വിളിച്ച് പ്രോജക്ടിന്റെ വിശദാംശങ്ങൾ (പ്രവർത്തനങ്ങൾ, സമയപരിധി, സംഘടനാ ചുമതല തുടങ്ങിയ കാര്യങ്ങൾ) ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ ഓരോ ഘട്ടത്തിലും മോണിറ്ററിംഗിനു വിധേയമാകേണ്ട ഘടകങ്ങൾ ചർച്ച ചെയ്ത് ഉറപ്പുവരുത്തേണ്ടതാണ്. പ്രോജക്ട് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തനവും വിലയിരുത്തപ്പെടേണ്ടതാണ്. എല്ലാ യോഗത്തിലും ഹാജരും തീരുമാനങ്ങളും എഴുതി സൂക്ഷിക്കേണ്ടതാണ്. മോണിറ്ററിംഗിന്റെ ഭാഗമായി സ്ഥല പരിശോധന നടത്തേണ്ടതാണ്. സമയാസമയങ്ങളിൽ പുരോഗതി വിലയിരുത്തൽ റിപ്പോർട്ട് ഭരണസമിതിക്ക് കൈമാറേണ്ടതാണ്. പ്രോജക്ട് നിർവ്വഹണം പൂർത്തിയായാൽ അന്തിമ റിപ്പോർട്ട് പത്ത് ദിവസത്തിനകം നിർവ്വഹണ ഉദ്യോഗസ്ഥനും മോണിറ്ററിംഗ് സമിതിയും ചേർന്ന് തയ്യാറാക്കി നൽകേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിന് പുറമേയാണ് പൂർത്തീകരണ പത്രം നൽകേണ്ടത്.

പ്രോജക്ട് പൂർത്തീകരിച്ച തീയതി, പദ്ധതിയുടെ പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം, പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം, സൃഷ്ടിക്കപ്പെട്ട ആസ്തികൾ, ഭൗതിക നേട്ടങ്ങൾ, ചെലവഴിച്ച തുക, പൂർത്തീകരണം വൈകിയെങ്കിൽ അതിന്റെ കാരണം എന്നീ കാര്യങ്ങൾ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഭരണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം മോണിറ്ററിംഗ് സമിതിയുടെ അന്തിമ അഭിപ്രായം, വിലയിരുത്തൽ റിപ്പോർട്ട് എന്നിവ മോണിറ്റിംഗ് സമിതി കൺവീനർ ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.

# 18

# സോഷ്യൽ ഓഡിറ്റ്

ജനങ്ങൾ നൽകുന്ന പണം ജനങ്ങൾക്ക് വേണ്ടി ചെലവിടുമ്പോൾ അത് ശരിയായി തന്നെയാണോ ചെലവിട്ടത് എന്ന് നേരിട്ട് നിരീക്ഷിക്കുവാൻ ജനങ്ങൾക്ക് അവകാശമുണ്ട്. നാളിതുവരെ സർക്കാർ പണത്തിന്റെ വിനിയോഗം പരിശോധിക്കുന്നത് ഉദ്യോഗസ്ഥർ തന്നെയാണ്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് ഇവയൊക്കെ ഫയലിൽ തെറ്റ് കണ്ടുപിടിച്ച് ഫയലിലൂടെ പരിഹാരം നേടുമ്പോൾ ധനവിനിയോഗം നേരിട്ട് നിരീക്ഷിച്ച് അതിന്റെ ഗുണഭോക്താക്കൾ തന്നെ ശരി തെറ്റ് വിലയിരുത്തുന്നതാണ് സോഷ്യൽ ഓഡിറ്റ്.

സർക്കാർ ധനം വിനിയോഗിച്ചതിന് ഉദ്ദേശിച്ച ഫലസിദ്ധി ഉണ്ടായോ, ഇതിൽ വിഭാവനം ചെയ്തിരുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് സമയബന്ധിതമായും വേണ്ട അളവിലും ലഭിച്ചോ, നിയമത്തിലെ ഏതെങ്കിലും അവകാശം നിഷേധിക്കപ്പെട്ടോ, ഏതെങ്കിലും നിർവ്വഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ, ഏറ്റെടുത്ത പ്രവൃത്തികൾ പദ്ധതി വിഭാവനം ചെയ്ത ഫലം നല്കിയോ ചുമതലക്കാരുടെ ഭാഗത്ത് വീഴ്ചയുണ്ടായോ എന്നൊക്കെ പരസ്യമായി ഗുണഭോക്താക്കളും, ഉദ്യോഗസ്ഥരും നാട്ടുകാരും നിഷ്പക്ഷ മതികളും കൂടിയിരുന്ന് ചർച്ച ചെയ്ത് വീഴ്ചകൾ ചൂണ്ടിക്കാണിക്കാനും വീഴ്ച വരുത്തിയവരെ തുടർനടപടികൾക്ക് വിധേയമാക്കാനും സോഷ്യൽ ഓഡിറ്റ് വിഭാവനം ചെയ്യുന്നു.

വാർഡ്സഭ സോഷ്യൽ ഓഡിറ്റ് ആറ് മാസത്തിലൊരിക്കൽ കർശനമായും നടത്തിയിക്കണമെന്ന് വ്യവസ്ഥയുണ്ട്.

ആദ്യം വാർഡ്സഭ കൂടി ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുക്കുന്നു. ഇതിന്റെ അധ്യക്ഷൻ വാർഡിന് പുറത്തുള്ള ആളായിരിക്കണം. റിപ്പോർട്ട് തയ്യാറാക്കാൻ പ്രാപ്തിയുള്ള ഒരാളെ സെക്രട്ടറിയായി നിയോഗിച്ചിരിക്കണം. ഇവർ ബന്ധപ്പെട്ട ഓഫീസുകൾ സന്ദർശിച്ച് ഫയലുകൾ പരിശോധിച്ചും, പ്രവൃത്തികൾ പരിശോധിച്ചും തൊഴിലാളികളും, നാട്ടുകാരും, പ്രവൃത്തിയുടെ ഗുണഭോക്താക്കളും, ജനപ്രതിനിധികളും സന്നദ്ധ സംഘടനകളും മറ്റുമായി ചർച്ചചെയ്ത് പദ്ധതി നിർവ്വഹണത്തിന്റെ ശക്തി ദൗർബല്യങ്ങൾ വിലയിരുത്തിയും പോരായ്മകൾ ചൂണ്ടികാണിച്ചും, വീഴ്ചകൾ വരുത്തിയ ഉദ്യോഗസ്ഥരെ പേരെടുത്ത് പറഞ്ഞും, അവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് ഉയർത്തിക്കാണിച്ചും ഒരു റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുള്ള ചുമതല സോഷ്യൽ ഓഡിറ്റ് ടീം അധ്യക്ഷനാണ്.

ഈ യോഗത്തിന്റെ നടപടിക്രമങ്ങൾ നിയന്ത്രിക്കുന്നത് ആദ്യ വാർഡ്സഭ നിശ്ചയിച്ച് തീരുമാനിച്ച ഒരു പാനൽ ആണ്. ഈ പാനലിന്റെ അധ്യക്ഷൻ വാർഡ്സഭയ്ക്ക് വെളിയിലുള്ള ആളായിരിക്കും. നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യം സോഷ്യൽ ഓഡിറ്റ് വേദിയിൽ അനിവാര്യമാണ്. സാമൂഹ്യ ഓഡിറ്റ് നടത്തിയ നിരീക്ഷണങ്ങളുടെ മേൽ പ്രാദേശിക സ്വയം ഭരണ സ്ഥാപനം കൈക്കൊള്ളേണ്ട നടപടികൾ പൊതുരേഖയായി പ്രസിദ്ധീകരിക്കണം. ഇത് നടപടി കൈക്കൊണ്ട റിപ്പോർട്ട് (എ.ടി.ആർ) ആയി പരിഗണിക്കപ്പെടും. സാമൂഹ്യ ഓഡിറ്റ് റിപ്പോർട്ടും, നടപടി കൈക്കൊണ്ട റിപ്പോർട്ടും അടുത്ത സാമൂഹ്യ ഓഡിറ്റിനായുള്ള പശ്ചാത്തല രേഖയായി മാറ്റും. സാമൂഹ്യ ഓഡിറ്റിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന തുടർനടപടി റിപ്പോർട്ട് അടുത്ത വാർഡുസഭാ യോഗത്തിൽ സെക്രട്ടറി അവതരിപ്പിക്കുന്നു.

സാമൂഹ്യ ഓഡിറ്റിനായി അവശ്യം പരിശോധിക്കേണ്ട രേഖകളുടെ പട്ടിക.

1. കാഷ് ബുക്ക്
2. സബ്സിഡിയറി കാഷ് ബുക്ക്
3. വിവിധതരം ഫണ്ടുകൾ, വൗച്ചറുകൾ, ഫയലുകൾ
4. ട്രഷറി ബാങ്ക് പാസ് ബുക്കും, ട്രഷറി സ്ഥിതി വിവരരേഖയും
5. ട്രഷറി ബിൽ ബുക്ക്
6. ബിൽ രജിസ്റ്റർ
7. ചെക്ക് കൗണ്ടർ ഫോയിൽ
8. എ.ബി.സി. വിഭാഗം ഫണ്ടിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ
9. പദ്ധതി രേഖയുടെ കരട്, അന്തിമ പദ്ധതിരേഖ ജില്ലാ കളക്ടർ അംഗീകരിച്ച നടപടിക്രമം
10. വാർഷിക പദ്ധതി രേഖ ജില്ലാ കളക്ടർ അംഗീകരിച്ച നടപടിക്രമം
11. ചെക്ക് അനുവദിക്കൽ രജിസ്റ്റർ
12. സമ്പാദ്യ രജിസ്റ്റർ
13. ട്രഷറി, ബാങ്ക്, പോസ്റ്റ് ഓഫീസ് സമ്പാദ്യ രജിസ്റ്റർ
14. വായ്പ രജിസ്റ്റർ
15. നിക്ഷേപ രജിസ്റ്റർ
16. ചെക്ക്, ഡ്രാഫ്റ്റ് രജിസ്റ്റർ
17. പദ്ധതി രജിസ്റ്റർ
18. പദ്ധതി നിർവ്വഹണ ഉദ്യോഗാനുസൃത പദ്ധതി വിഹിത വിനിയോഗ രജിസ്റ്റർ
19. ദീർഘാസ് നോട്ടീസ്/പരസ്യം
20. ദീർഘാസ് രജിസ്റ്റർ
21. കരാർ രജിസ്റ്റർ
22. പ്രവൃത്തി ബിൽ രജിസ്റ്റർ
23. പ്രവൃത്തി ഫയലും എം ബുക്കും
24. റോഡ് രജിസ്റ്റർ
25. ആസ്തി രജിസ്റ്റർ
26. എല്ലാ വാങ്ങലുകളുടേയും രസീത് ബുക്കും സ്റ്റോക്ക് രജിസ്റ്ററും
27. മിനുട്ട്സ് ബുക്ക് (പൊതുവായതും സ്റ്റാന്റിംഗ് കമ്മിറ്റികളുടേതും)
28. വാർഡ്സഭ മിനുട്ട്സ് വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സും

29. ഗുണഭോക്തൃ പട്ടിക
30. സർക്കാരിലേക്കുള്ള ബാദ്ധ്യത രജിസ്റ്റർ

സോഷ്യൽ ഓഡിറ്റ് ജനങ്ങൾക്ക് വേണ്ടി ജനങ്ങളുടെ പരിശോധനയാണ്. ഇതിന്റെ വേദി വാർഡ്സഭയാണ്. മറ്റ് ഓഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ടും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കപ്പെടുന്നു. ജനകീയ പരിശോധന നടക്കുമ്പോൾ മാത്രമാണ് ഓഡിറ്റ് പൂർണ്ണമാകുന്നത്. വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും വിവിധ ഘട്ട പ്രവർത്തനങ്ങളും നടപടിക്രമങ്ങളും പാലിക്കേണ്ട ചിട്ടകളും, കണക്കുരേഖകളും കൃത്യമായി സൂക്ഷിച്ചിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് ടീം പരിശോധിക്കുന്നു. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ സോഷ്യൽ ഓഡിറ്റ് ടീമിലെ അംഗങ്ങളാകുന്നു. ജനാധിപത്യത്തിന്റെ സമ്പൂർണ്ണതയ്ക്ക് സോഷ്യൽ ടീം ശ്രദ്ധ പതിപ്പിക്കണം.

വരവ്-ചെലവ് കണക്കുകൾ വാർഡ്സഭകളിൽ ലഭ്യമാക്കി വാർഷിക കണക്കും, ഓഡിറ്റ് റിപ്പോർട്ടുകളും വാർഡ്സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം ശ്രദ്ധ പതിപ്പിക്കണം

# 19

# ഓഡിറ്റ്

ഒരു സ്ഥാപനത്തിന്റെ ധനപരമായ ഇടപാടുകളെ ആധാര രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് സ്ഥാപനം സത്യസന്ധമായും ശരിയായ രീതിയിലുമാണ് പ്രവർത്തിക്കുന്നത് എന്ന് വിലയിരുത്തുന്ന സംവിധാനമാണ് ഓഡിറ്റ്.

വരുമാന സ്രോതസ്സുകൾ യഥാവിധി പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതും, ധനവിനിയോഗത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുന്നതും, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവരുടെ ഉത്തരവാദിത്വം എത്രമാത്രം ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടെന്ന് നിരീക്ഷിക്കുന്നതും, പാളിച്ചകളും പോരായ്മകളും പരിഹാര നിർദ്ദേശത്തോടെ ചൂണ്ടിക്കാണിക്കുന്നതും, സ്ഥാപനം തയ്യാറാക്കിയ വാർഷിക കണക്കുകളുടെ വിശ്വാസ്യതയും ഉറപ്പും കണക്കുകളോടെ ഉപഭോക്താക്കളായ പൗരസമൂഹത്തിന് ബോധ്യപ്പെടുത്തുന്നതും, സ്ഥാപനം അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തലും, സ്ഥാപനത്തിന്റെ തയ്യാറാക്കപ്പെട്ട കണക്കുകളും രജിസ്റ്ററുകളും രേഖകളും പരിശോധിച്ച് സ്ഥാപനം ശരിയായ രീതിയിലാണോ പ്രവർത്തിക്കുന്നത് എന്ന് വിലയിരുത്തലും ഓഡിറ്റിന്റെ ലക്ഷ്യത്തിൽപ്പെടുന്നു.

ഒരു സാമ്പത്തിക വർഷത്തിലെയോ അതിൽ കൂടുതൽ വരുന്ന കാലയളവിലെയോ മുഴുവൻ പണമിടപാടുകളും ഓഡിറ്റിൽ പരിശോധിക്കുന്നു. തൽസമയം പ്രാബല്യത്തിലുള്ള മറ്റേതൊരു നിയമത്തിലും എന്തു തന്നെ അടങ്ങിയിരുന്നാലും, എന്നാൽ 1971–ലെ കംപ്ട്രോളറും, ഓഡിറ്റർ ജനറലും ചുമതലകളും അധികാരങ്ങളും സേവനവ്യവസ്ഥകളും ആക്ടിലെ (1971–ലെ 56 കേന്ദ്ര ആക്ട്) വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ ലോക്കൽ ഫണ്ടിന്റെയോ അക്കൗണ്ടുകളുടെ ഓഡിറ്റ്, ആ ആക്ട് പ്രകാരമോ അതിൻ കീഴിലെ വ്യവസ്ഥ ചെയ്ത രീതിയിലോ നടത്തപ്പെടുന്നു. സ്റ്റോക്കും സ്റ്റോറും പരിശോധിക്കണം. അക്കൗണ്ടബിലിറ്റി (ഉത്തരവാദിത്വം) പ്രോത്സാഹിപ്പിക്കുക, മിതവ്യയവും, ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ ധനമാനേജ്മെന്റ് നടപ്പിലാക്കുന്നതിന് ഉതകുംവിധം നിർദ്ദേശങ്ങൾ നൽകുക എന്നിവ ഓഡിറ്റിന്റെ ചുമതലയാണ്.

പാഴ് ചെലവുകൾ, സിസ്റ്റത്തിന്റെ പോരായ്മകൾ, പരാജയങ്ങൾ, വകമാറ്റൽ, ഫലപ്രദമാകാത്ത ചെലവുകൾ, ധൂർത്ത്, വരുമാന സ്രോതസ്സുകളുടെ ശരിയായ സമാഹരണവും, സൂക്ഷിക്കലും യഥാവിധിയുള്ള പ്രയോജനപ്പെടുത്തലും, വിലയിരുത്തലും, പാളിച്ചകളും പോരാ

യ്മകളും പരിഹാര നിർദ്ദേശത്തോടെ ചൂണ്ടിക്കാണിക്കലും, ക്യാഷ് ബാലൻസ്, സ്റ്റോക്ക്, സ്റ്റോർ എന്നിവ പരിശോധിക്കലും, ഓഡിറ്റ് ധർമ്മമാണ്. ഓഡിറ്റർ ഒരു പ്രോസിക്യൂട്ടറോ, പോലീസുകാരനോ അല്ല എന്നും സ്ഥാപനത്തിൽ ഒരു സുഹൃത്ത്, ഉപദേഷ്ടാവ് എന്നീ നിലകളിലാണ് ഓഡിറ്ററുടെ റോൾ എന്നുമുള്ള തിരിച്ചറിവ് സ്ഥാപനത്തിനുണ്ടാക്കുന്നു. ഓഡിറ്റർ ഒഴിവാക്കാവുന്ന ഒരു അസൗകര്യമല്ല എന്ന് മനസ്സിലാക്കുകയും തങ്ങളുടെ സ്ഥാപനം ഓഡിറ്റിനെ ഉൾക്കൊള്ളുന്നുവെന്ന് സ്ഥാപനത്തെ നയിക്കുന്നവർക്കും അതിൽ പ്രവർത്തിക്കുന്നവർക്കും ആത്മാർത്ഥമായി ചിന്തിക്കാൻ കഴിയുന്ന തരത്തിലും ഓഡിറ്റ് നടത്തപ്പെടുന്നു. പൊതു പണത്തിന്റെ ഓരോ ചെലവും, സുതാര്യവും, സാധുതയുള്ളതുമാണോ എന്ന വിലയിരുത്തലിലൂടെ, സ്ഥാപനം നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളായ പൊതുജനത്തിന് വേണ്ടിയാണ് ഓഡിറ്റ് പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് റിപ്പോർട്ട് തെളിയിക്കുന്നു. വാർഷികമായും, പ്രത്യേക കാലയളവുകളിലുമായി വിവിധ ഓഡിറ്റ് ഏജൻസികൾ പരിശോധന നടത്തുന്നു.

## 19.1 ഓഡിറ്റ് രീതിശാസ്ത്രം

തെറ്റുകൾ ചൂണ്ടിക്കാണിക്കുക എന്നതിലുപരി അനുവദിച്ച പണം ഏറ്റവും ഗുണകരമായി ചെലവഴിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ക്രിയാത്മക മാർഗ്ഗദർശിയാവുകയും ചെയ്യേണ്ടത് ഓഡിറ്ററുടെ സുപ്രധാന ബാധ്യതയാണ്. കൃത്യതയോടെ വ്യക്തമായി സൂക്ഷിക്കപ്പെട്ട രേഖകളുടെ വിശകലനത്തിലൂടെ മാത്രമേ ഇക്കാര്യം ഓഡിറ്റിന് സാധ്യമാകൂ.

പദ്ധതികളുടെ നടത്തിപ്പിനെപ്പറ്റി പരാതികൾ ഉയർന്നു വരുന്നത് പോരായ്മ മാത്രമല്ല, ജനങ്ങളിൽ ഉരുത്തിരിഞ്ഞു വരുന്ന ഉത്തരവാദിത്വബോധം കൂടിയാണ്. രേഖകൾ ജനങ്ങളുടെ പരാതി പരിഹരിക്കുവാനും അപ്പാടെ ഇല്ലാതാക്കുവാനും കഴിയും സുതാര്യമാണെങ്കിൽ.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15 (ഇ) വകുപ്പിൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം, പൊതുജനങ്ങളുടെ പരിശോധനയ്ക്കായി ഓഡിറ്റ് റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികളും അതിന്മേലുള്ള ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ടും പ്രസിദ്ധീകരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇക്കാര്യം മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ചെയ്തു കാണുന്നില്ല.

കണക്കുകളും രേഖകളും സൂക്ഷിക്കുന്നതിലുള്ള കൃത്യതയിൽ തദ്ദേശസ്ഥാപനത്തിന്റെ ആത്മ വിശ്വാസക്കുറവിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഇക്കാര്യത്തിൽ സ്ഥാപന ത്തിലെ ജീവനക്കാർക്ക് പ്രത്യേകിച്ച് ജനപ്രതിനിധികൾക്കും ഉള്ള ബാധ്യത എത്രമാത്രം സഫലീകരിക്കപ്പെടുന്നുണ്ട് എന്ന് നോക്കേണ്ടതുണ്ട്.

സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനൊപ്പം തന്നെ ഒരു പോലെയുള്ള വിലയിരുത്തലും പരിശോധനയും എക്സിക്യൂട്ടീവ് അതോറിറ്റി സമാന്തരമായി നടത്തേണ്ടതുണ്ട് എന്ന് നോക്കേണ്ടതുണ്ട്.

## 19.2 ഓഡിറ്റ് ജനങ്ങൾക്കും സ്ഥാപനത്തിനും വേണ്ടി

ഓഡിറ്റ് സ്ഥാപനത്തിന് വേണ്ടിയാണ്. ഓഡിറ്റിനെ സ്ഥാപനം ഉൾക്കൊള്ളുന്നുവെന്ന് സ്ഥാപനത്തെ നയിക്കുന്നവർക്കും ബോധ്യമാകണം. വൈരനിരാതന ബുദ്ധിയോടുകൂടി ഓഡിറ്റർ സ്ഥാപനത്തെ സമീപിക്കരുത്. സ്ഥാപനത്തിന്റെ സുഹൃത്ത്, ഉപദേഷ്ടാവ്, വഴികാട്ടി എന്നീ രീതിയിൽ ഓഡിറ്റർ നിലകൊള്ളണം. ഓഡിറ്റർ ഒരു പ്രോസിക്യൂട്ടറോ

പോലീസുകാരനോ അല്ല എന്ന തിരിച്ചറിവ് സ്ഥാപനത്തിനും ഓഡിറ്റർക്കുമുണ്ടാകുമ്പോൾ ഓഡിറ്ററുടെ പരാമർശങ്ങൾക്ക് കാത് കൂർപ്പിച്ച നിൽക്കുന്ന സ്ഥിതി സംജാതമാകും. അക്കൗണ്ടുകളും ഇടപാടുകളും നിയമങ്ങളും സംബന്ധിച്ച് എല്ലാ സംശയങ്ങളും ദൂരീകരിക്കാനുള്ള സമയമാണ് ഓഡിറ്റ് വേള.

## 19.3 വിവിധതരം ഓഡിറ്റുകൾ

» ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഓഡിറ്റ്
» ലോക്കൽ ഫണ്ട് ഓഡിറ്റ് (കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടമെന്റ്)
» പെർഫോമെൻസ് ഓഡിറ്റ് & അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്
» സോഷ്യൽ ഓഡിറ്റ്
» മറ്റ് പരിശോധനാ സംവിധാനങ്ങൾ

## 19.4 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധന

വിവധതരം ഓഡിറ്റുകൾ–ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് (കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടമെന്റ്), പെർഫോമെൻസ് ഓഡിറ്റ് & അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്, സോഷ്യൽ ഓഡിറ്റ്, മറ്റ് പരിശോധനാ സംവിധാനങ്ങൾ.

നഗരസഭയുടെ പ്രതിമാസക്കണക്കുകൾ അടുത്ത മാസം 10ാം തീയതിക്കു മുൻപ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചിരിക്കണം. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. പ്രഥമ പരിശോധകൻ. എല്ലാ വരവുകളുടെയും ചെലവുകളുടെയും പരിശോധനയാണ് നടത്തപ്പെടുന്നത്. ഈ അദ്ധ്യായത്തിന്റെ പ്രാരംഭത്തിൽ പരാമർശിച്ച പരിശോധനാ സമ്പ്രദായങ്ങളും, പരിശോധനാ ഘടകങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയിൽ ഉൾപ്പെടുന്നു. പാകപ്പിഴകൾ ചൂണ്ടിക്കാണിക്കുന്നതിലൂടെ അവ ഓരോന്നും പരിഹരിക്കാൻ കഴിയുകയും–തുടർ പരിശോധന എളുപ്പമാവുകയും ചെയ്യുന്നു.

## 19.5 കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

നഗരസഭയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഏജൻസിയാണ്. വർഷത്തിലൊരിക്കലും ഇടവേളകളിലും ഓഡിറ്റ് നടത്തപ്പെടുന്നു. മുഴുവൻ വർഷത്തെയോ കാലയളവിലേയോ എല്ലാ പണമിടപാടുകളും ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം (2 സി) അനുസരിച്ച് പരിശോധിക്കുന്നു. ഓഡിറ്റ് തീയതി വരെയുള്ള റവന്യൂ പിരിവ് ഒടുക്കൽ പിൻവലിക്കൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 7 (7) അനുസരിച്ച് പരിശോധിക്കുന്നു. ഓഡിറ്റ് നടത്തുന്ന സ്ഥലത്ത് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്നു. ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 11 (എ) പ്രകാരം ഓഡിറ്റ് സമയത്ത് ക്യാഷ് ബാലൻസ് പരിശോധിക്കുന്നു. ഓഡിറ്റ് നിയമം 6 (4) സ്ഥാപനവുമായി ബന്ധപ്പെട്ട് ജീവനക്കാരനെയോ, ബന്ധപ്പെട്ടവരെയോ കരാർ ഏർപ്പെട്ട ആളെയോ ഓഡിറ്റിന് മുമ്പാകെ ഹാജരാവാൻ ആവശ്യപ്പെടാം. സ്റ്റേറ്റ്മെന്റ് ഒപ്പിട്ട് നൽകാൻ ആവശ്യപ്പെടാം. (ഓഡിറ്റ് നിയമം 11 ബി)

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് ആധികാരികത**

» കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 1994.
» കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996.

» 1997 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും
» ഓഡിറ്റ് സംവിധാനം ചട്ടം
» 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295.

## 19.6 അക്കൗണ്ടുകൾ ഓഡിറ്റിന് നൽകുവാനുള്ള ബാധ്യത

ഒരു സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം സ്ഥാപനത്തിന്റെ മുഖ്യകാര്യ നിർവ്വഹണ ഉദ്യോഗസ്ഥൻ (സെക്രട്ടറി) വാർഷിക കണക്കുകൾ നിശ്ചയിക്കപ്പെട്ട ഫോറത്തിൽ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കണം. സമയപരിധി ജൂലൈ 31-നകം. രേഖകൾ നൽകുവാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖകളും കണക്കുകളും നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ ഓഡിറ്റർക്ക് എത്തിച്ചേരാവുന്നതാണ്.

## 19.7 അക്കൗണ്ടുകൾ സമർപ്പിക്കുന്നതിൽ വീഴ്ച

എക്സിക്യൂട്ടീവ് അതോറിട്ടിക്കെതിരെ നടപടി, കാരണം കാണിക്കൽ നോട്ടീസ് (1994 ലെ ഓഡിറ്റ് ആക്ട് വകുപ്പ് 9 ബി) ഓഡിറ്റ് ചട്ടം 16 (2) കോടതിയിൽ കേസ് ഫയൽ ചെയ്യൽ (ഓഡിറ്റ് ചട്ടം 16 (1) കുറ്റ സ്ഥാപനത്തിന് മേൽ പിഴ 3000 രൂപ (ഓഡിറ്റ് നിയമം 9 (2) ചുമത്താം.

നഷ്ടം/ബാദ്ധ്യത എന്നിവയ്ക്ക് ഉത്തരവാദിയായവരെ നിർണ്ണയിക്കുകയും വരുമാന ചോർച്ച, പാഴ് ചെലവ് എന്നിവ ഈടാക്കുവാൻ നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വരവിലെ നഷ്ടം ഈടാക്കുന്നതിന് ചാർജ്ജ് നടപടികളും ചെലവ് നഷ്ടം ഈടാക്കുവാൻ സർചാർജ്ജ് നടപടികളും സ്വീകരിക്കുന്നു. ക്യാഷ് ബാലൻസ്, സ്റ്റോക്ക്, സ്റ്റോർ എന്നിവ ഓഡിറ്റ് വേളയിൽ പരിശോധിക്കപ്പെടുന്നു. ഓഡിറ്റ് തുടങ്ങുന്നതിന് കുറഞ്ഞത് രണ്ടാഴ്ച മുമ്പ് സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് അധികാരിയ്ക്ക് രേഖാമൂലം നോട്ടീസ് നൽകുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിപ്പിച്ച് നാലുമാസത്തിനകം വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് ഓഡിറ്റിനായി സമർപ്പിക്കണം. സമർപ്പിക്കപ്പെട്ട കണക്കുകൾ 6 മാസത്തിനുള്ളിൽ ഓഡിറ്റ് നടത്തേണ്ടതാണ്. തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം തെറ്റ് തിരുത്തി മുന്നോട്ട് പോകുന്ന ശുപാർശകളും റിപ്പോർട്ടിൽ ചേർക്കുന്നു.

ഓഡിറ്റ് സമയത്ത് അതുമായി ബന്ധപ്പെട്ട് ആവശ്യമായി വരുന്ന അന്വേഷണങ്ങൾ, റിമാർക്സുകൾ തുടങ്ങിയ ഓഡിറ്റ് ചട്ടത്തിലെ ഫോറം 5 പ്രകാരം ഒബ്ജക്ഷൻ സ്റ്റേറ്റുമെന്റുകളായി നൽകുകയും തത്സമയം പരിഹരിക്കപ്പെടാവുന്നവ പരിഹരിക്കുകയും ചെയ്യുന്നു. ഓഡിറ്റ് സമയത്ത് ഏതെങ്കിലും ഗുരുതരമായ ക്രമക്കേടുകളോ പണാപഹരണമോ ഓഡിറ്ററുടെ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം ഉടൻതന്നെ രേഖാമൂലം എക്സിക്യൂട്ടീവ് അധികാരിയെയും കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറേയും അറിയിക്കുന്നു.

ഓഡിറ്റിന്റെ അവസാനം കരട് ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി അത് സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് അധികാരിയെ കാണിച്ച് ഒപ്പ് വാങ്ങുകയും ചെയ്യുന്നു. ഏതെങ്കിലും വ്യക്തിയുടെ അശ്രദ്ധയോ ദുർനടപടികളോ നിമിത്തം വരവിനത്തിൽ കുറവ് വരുന്നതും പണം സ്വീകരിക്കുകയും എന്നാൽ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ വരവ് വെക്കാതിരിക്കുകയും ചെയ്ത സംഭവങ്ങൾ വരവിനത്തിലുണ്ടാകുന്ന വ്യക്തമായ നഷ്ടത്തിൽപ്പെടുന്നു.

സാമ്പത്തിക ദുർവിനിയോഗം, നിയമവിരുദ്ധമായ ചെലവുകൾ, സ്വത്ത്, സ്റ്റോക്ക്

തുടങ്ങിയവയിലുണ്ടാകുന്ന നഷ്ടം, കുറവ്, അധികം പണം നൽകലുകൾ, ഒഴിവാക്കാമായിരുന്ന ചെലവുകൾ എന്നിവ ചെലവിനത്തിലുണ്ടാകുന്ന നഷ്ടത്തിൽ ഉൾപ്പെടുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളിൽ കണ്ടെത്തിയ ശ്രദ്ധേയവും പ്രസക്തവുമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് ഡയറക്ടർ സമാഹൃത റിപ്പോർട്ട് (Consolidated Audit Report) എല്ലാ വർഷവും സെപ്റ്റംബർ 30–ന് മുമ്പ് സർക്കാരിന് നൽകുകയും. സർക്കാർ അത് നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ 60 ദിവസത്തിനകം ആദ്യ നടപടിയായി റെക്ടിഫിക്കേഷൻ റിപ്പോർട്ട് നൽകേണ്ടതാണ്. ഇതിനായി സെക്രട്ടറി പരിശോധനാ കുറിപ്പ് തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിലെ പ്രസക്തഭാഗം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുത്ത് മറുപടി ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് കൊടുക്കേണ്ടതുമാണ്. 60 ദിവസത്തിനകം മറുപടി ലഭ്യമാകാത്ത പക്ഷം ഓഡിറ്റ് തുടർ റിപ്പോർട്ട് പുറപ്പെടുവിക്കുകയും ചാർജ്ജ്/സർചാർജ്ജ് നടപടികളിലേക്ക് നീങ്ങുകയും ചെയ്യുന്നു.

**1. ഓഡിറ്റ്നടപടിക്രമങ്ങൾ**

» (ലോക്കൽഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 11, ചട്ടം – 8, 11, 12, 14, 210 ഓ) ഓഡിറ്റ് നോട്ടീസ്
» രണ്ടാഴ്ച മുമ്പ് നോട്ടീസ്
» രണ്ടാഴ്ചയിൽ കുറഞ്ഞ കാലയളവിൽ നോട്ടീസ് നൽകിയോ/അല്ലാതെയോ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഓഡിറ്റ് നടത്താം.
» വ്യക്തമായ കാരണം രേഖപ്പെടുത്തൽ

**2. ഓഡിറ്റ് റിക്വിസിഷൻ നിയമം – വകുപ്പ് 11, ചട്ടം – 8**

» രേഖകളോ കണക്കോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടും 1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധനാ തീയതിയും ഓഡിറ്റ് സംവിധാനവും
» ഓഡിറ്റ് സമയത്ത് കാണുന്ന തടസ്സങ്ങളും ചെലവ് തിരസ്കരിക്കലും അപ്പോൾ തന്നെ പരിഹരിക്കണം.
» ചുമതല ബന്ധപ്പെട്ട ജീവനക്കാരനും സെക്രട്ടറിക്കും.
» ഓഫീസ് ഉത്തരവുപ്രകാരം ഏൽപ്പിച്ച ജോലിയിൽ വീഴ്ച വരുത്തിയാൽ ജോലി വിഭജനമനുസരിച്ച് ഉദ്യോഗസ്ഥൻ ഉത്തരവാദി
» മേലുദ്യോഗസ്ഥനും സെക്രട്ടറിയും മേൽനോട്ട പിശകിന് ഉത്തരവാദികൾ
» നഗരസഭയുടെ ഏതൊരു സ്ഥാപനവും സന്ദർശിച്ച് ഓഡിറ്റർക്ക് പരിശോധന നടത്താം (1997–ലെ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 16. (1997 ലെ കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 16, 17)
» പ്രത്യേക ഓഡിറ്റുകൾ പണാപഹരണം, പണ നഷ്ടം, പാഴാക്കൽ, വ്യാജകണക്ക്– പെർഫോമൻസ് ഓഡിറ്ററോ, സർക്കാർ അധികാരപ്പെടുത്തിയ പ്രത്യേക ഉദ്യോഗസ്ഥനോ പ്രാഥമിക പരിശോധന നടത്താം.

സർക്കാർ നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രത്യേക ഓഡിറ്റ് നടത്താം.

രേഖകൾ നേരിട്ട് ലഭ്യമല്ലെങ്കിൽ അവ ഹാജരാക്കുന്നതിന് ഓഡിറ്റ് ചട്ടങ്ങളിലെ ഫോറം (ii)

ജീവനക്കാർ നേരിട്ട് ഹാജരായി തെളിവ് നൽകാൻ ഓഡിറ്റ് റിക്വിസിഷൻ ഫാറം (iii)

**3. ഒബജക്ഷൻ സ്റ്റേറ്റ്മെന്റുകൾ (ചട്ടം –ii)**

» ഓഡിറ്റ് അന്വേഷണം, റിമാർക്കുകൾ ചട്ടം ഫോറം 5 പ്രകാരം ഒബ്ജക്ഷൻ സ്റ്റേറ്റുമെന്റുകൾ

**4. ഗുരുതരമായ ക്രമക്കേടുകൾ, പണാപഹരണം തുടങ്ങിയവുടെ റിപ്പോർട്ട് ചട്ടം 12**

» ഗുരുതരമായ ക്രമക്കേടുകൾ രഹസ്യമായി എക്സിക്യൂട്ടീവ് അധികാരിയേയും ഡയറക്ടറേയും അറിയിക്കുന്നു.
» എക്സിക്യൂട്ടീവ് അധികാരിക്ക് പങ്കുണ്ടെങ്കിൽ അവർക്ക് റിപ്പോർട്ട് നൽകേണ്ടതില്ല.

**5. ബാധ്യത നിർണ്ണയിക്കൽ (ചട്ടം 21)**

» സാമ്പത്തിക നഷ്ടം കണ്ടെത്തുന്ന പക്ഷം നഷ്ടോത്തരവാദിയെ കൃത്യമായി നിർണ്ണയിക്കണം.
» ഓഡിറ്റ് റിപ്പോർട്ടിലും, ചാർജ്ജ്/സർചാർജ്ജ് പ്രൊപ്പോസലിലും ഉൾപ്പെടുത്തണം.

**6. കരട് ഓഡിറ്റ് റിപ്പോർട്ട് കാണിക്കൽ (ചട്ടം 14) അധികാരിയെ കാണിച്ച് ഒപ്പ് വാങ്ങണം.**

» ഓഡിറ്റ് പൂർത്തിയായി കഴിഞ്ഞാൽ എക്സിക്യൂട്ടീവ് അധികാരിയെ (മേയർ, ചെയർപേഴ്സൺ) കാണിച്ച് ഒപ്പ് വാങ്ങണം.

**7. ഓഡിറ്റ് റിപ്പോർട്ടും ഘടനയും (നിയമം 13, 14 ചട്ടം 18, 19)**

» ഓഡിറ്റ് കഴിഞ്ഞ് മൂന്നു മാസത്തിനകം റിപ്പോർട്ട് പുറപ്പെടുവിക്കണം.
» സ്ഥാപനത്തിന്റെ അധികാരി, ഓഡിറ്റ് മേലാധികാരി, സർക്കാർ നിയമം അനുശാസിക്കുന്ന അധികാരസ്ഥാപനങ്ങൾ എന്നിവർക്ക് റിപ്പോർട്ട് നൽകണം.
» റിപ്പോർട്ട് എല്ലാ വിവരങ്ങളും ഉള്ളതായിരിക്കണം.
» സംക്ഷിപ്തമായിരിക്കുകയും വേണം.
» റിപ്പോർട്ടിന് രണ്ട് പ്രത്യേക ഭാഗങ്ങൾ (ലോ.ഫ.ഓ.ച.19)

**8. ഭാഗം 1 വരവിനത്തിൽ ഉണ്ടായ നഷ്ടങ്ങൾ**

» പണം സ്വീകരിക്കുകയും എന്നാൽ സ്ഥാപനത്തിന്റെ അക്കൗണ്ട് വരവ് വയ്ക്കാതിരിക്കുകയും ചെയ്ത സംഭവങ്ങൾ
» പണാപഹരണം തുടങ്ങിയ
» ഏതെങ്കിലും വ്യക്തിയുടെ അശ്രദ്ധയോ ദുർനടപടികളോ നിമിത്തം വരവിനത്തിൽ ഉണ്ടായ നഷ്ടം/കുറവ്.

**9. ഭാഗം 2 –ചെലവിനത്തിൽ ഉണ്ടായ നഷ്ടങ്ങൾ**

» സാമ്പത്തിക ദുർവിനിയോഗം
» നിയമവിരുദ്ധമായ ചെലവുകൾ
» സ്വത്ത്, സ്റ്റോക്ക് തുടങ്ങിയവയിലുണ്ടായ നഷ്ടം/കുറവ്
» അധിക പണം നൽകലുകൾ
» ഒഴിവാക്കാമായിരുന്ന ചെലവുകൾ
» ഡയറക്ടറുടെ നിർദ്ദേശാനുസരണമുള്ള ഉൾപ്പെടത്തലുകൾ

**10. ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾ (1994 ലെ ലോക്കൽഫണ്ട് ഓഡിറ്റ് നിയമം– വകുപ്പ് 15 ചട്ടം 23)**

- » റെക്ടിഫിക്കേഷൻ റിപ്പോർട്ട്
- » സെക്രട്ടറിയുടെ പരിശോധനക്കുറിപ്പോടെ പ്രത്യേകം വിളിച്ചുകൂട്ടിയ നഗരസഭ യോഗത്തിൽ പരിഗണനയ്ക്കായി വരുന്നു. (കേരള മുനിസിപ്പാലിറ്റി പരിശോധനാ തീയതിയും ഓഡിറ്റ് സംവിധാനവും ചട്ടം 14.2)
- » ഒരു മാസത്തിനുള്ളിൽ പ്രത്യേക യോഗത്തിൽ വിശദമായ ചർച്ച (കേരള മുനിസിപ്പാലിറ്റി പരിശോധനാ തീയതിയും ഓഡിറ്റ് സംവിധാനവും ചട്ടം 14.3)
- » നഗരസഭയുടെ തീരുമാനം രണ്ടാഴ്ചക്കുള്ളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്കായി റിപ്പോർട്ട് പകർപ്പ് സഹിതം പെർഫോമൻസ് ഓഡിറ്റർക്ക് (പരിശോധനാ രീതി 15)
- » പെർഫോമൻസ് ഓഡിറ്റർ മേൽ നടപടി നിരീക്ഷിക്കേണ്ടതാണ്.
- » ഓഡിറ്റ് റിപ്പോർട്ടിന്റെയും തീരുമാനങ്ങളുടേയും പകർപ്പ് നഗരസഭ നോട്ടീസ് ബോർഡിൽ

**11. റിപ്പോർട്ടിന്റെയും തീരുമാനങ്ങളുടെയും പകർപ്പ് ഫീസ് ഈടാക്കി ആവശ്യക്കാർക്ക് നൽകാം.**

ചാർജ്ജ്, സർചാർജ്ജ് നടപടിക്രമങ്ങൾ 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16, ചട്ടം 20

## 19.8 പെർഫോമൻസ് ഓഡിറ്റ്

1997–ലെ കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളും അനുസരിച്ചാണ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം പ്രവർത്തിക്കുന്നത്. 1994–ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 56 (5) പ്രകാരം നഗരപാലിക സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്ററായി പെർഫോമൻസ് ഓഡിറ്റ് അതോറിറ്റി പ്രവർത്തിക്കുന്നു. സ്റ്റേറ്റ് പെർമൻസ് ഓഡിറ്റ് ഓഫീസറുടെ കീഴിലാണ് പെർഫോമൻസ് ഓഡിറ്റ് സംവിധാനം പരിശോധന നടത്തുന്നത്. സമഗ്രമായ രീതിയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കണക്കുകളും പ്രവർത്തനവും പരിശോധിക്കുകയും തെറ്റുകൾ ചൂണ്ടിക്കാണിച്ച് പരിഹാര നിർദ്ദേശത്തോടുകൂടിയുള്ള റിപ്പോർട്ട് നൽകുകയും ചെയ്യുന്നു. ത്രൈമാസ ഭരണ നിർവ്വഹണ പരിശോധന സംവിധാനമായ പോർഫോമൻസ് ഓഡിറ്റ് (നിലവിൽ പ്രതിമാസ പരിശോധന തെറ്റ് തിരുത്തൽ സംവിധാനമാണ്) 1997–ലെ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടം സെക്ഷൻ 15–ൽ പ്രസ്താവിക്കും പ്രകാരം നഗരസഭയിൽ നിന്നും ലഭിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ വിശദമായി പഠിച്ച് റിപ്പോർട്ടിന്മേലുള്ള തീരുമാനങ്ങളുടെ വെളിച്ചത്തിൽ നഗരസഭ കൈക്കൊള്ളേണ്ട നടപടികളെപ്പറ്റി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും മേൽനടപടികൾ നിരീക്ഷിക്കേണ്ടതുമാണ്. പെർഫോമൻസ് ഓഡിറ്റ് പരിശോധനയിൽ ചുവടെപ്പറയുന്ന കാര്യങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു.

ഭരണത്തിന്റെ കാര്യക്ഷമത, ജീവനക്കാരുടെ ജോലി വിഭജനം, സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള മറ്റു സ്ഥാപനങ്ങൾ, സാമ്പത്തിക കാര്യങ്ങൾ, നികുതി നിർണ്ണയം, വസൂലാക്കൽ, ഒടുക്കൽ എന്നിവയിലെ കൃത്യത, വരവ്–ചെലവുകളുടെ അധികാരികത, വഴിവിട്ട ചെലവുകൾ/വകമാറ്റിയ ചെലവുകൾ, പ്രത്യേക മേഖലയ്ക്ക് വേണ്ടി മാറ്റി വെയ്ക്കപ്പെട്ട തുകയുടെ കൃത്യത വാർഷിക കണക്ക്, ബജറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകൾ മരാമത്ത് പണികളും പദ്ധതി പ്രവർത്തനങ്ങളും രേഖകളുംസഭകളുടെയും വിവിധ കമ്മിറ്റികളുടെ പ്രവർത്തനവും മോണിട്ടറിംഗും, റെക്കാർഡുകളുടെ സൂക്ഷിപ്പും

പരിശോധിക്കുന്നു.

## 19.9 ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ്

നോട്ടീസ് ലഭിച്ച് രണ്ടു മാസത്തിനുള്ളിൽ ഉത്തരവാദിയായ വ്യക്തി തനിക്കെതിരെ ചൂണ്ടിക്കാണിച്ചിട്ടുള്ള നഷ്ടം ലോക്കൽ അതോറിറ്റിയിൽ അടച്ച വിവരമോ സ്വീകാര്യമായ വിശദീകരണമോ ഡയറക്ടർക്ക് നൽകാത്ത പക്ഷം ഓഡിറ്റ് ചട്ടത്തിലെ ഫോറം XX (A) എന്നിവ പ്രകാരമുള്ള ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് ഡയറക്ടർ ആ വ്യക്തിക്കെതിരെ പുറപ്പെടുവിക്കുന്നതാണ്.

### 19.9.1 റവന്യൂ റിക്കവറി

ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള തുക ഒരു മാസത്തിനുള്ളിൽ ഉത്തരവാദിയായ വ്യക്തി ലോക്കൽ അതോറിറ്റിയുടെ പേരിൽ അടയ്ക്കുകയോ ആ കാലയളവിനുള്ളിൽ ചാർജ്ജ്/സർചാർജ്ജ് നടപടിക്കെതിരെ ജില്ലാ കോടതിയെ സമീപിക്കുകയോ ചെയ്യാത്ത പക്ഷം പ്രസ്തുത തുക കേരള റവന്യൂ റിക്കവറി നിയമം ' 1968' പ്രകാരം റവന്യൂ റിക്കവറിയിലൂടെ ഈടാക്കാവുന്നതാണ്.

## 19.10 കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

ഭരണഘടനയുടെ 148 മുതൽ 151 വരെ അനുച്ഛേദങ്ങൾ അനുശാസിക്കുന്നതനുസരിച്ചും 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ (സി & എ ജി) നിയമത്തിലെ 14-ഉം 15-ഉം (20 വകുപ്പുകൾ പ്രകാരവും കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്ന് ഗ്രാന്റോ, വായ്പയോ ലഭിക്കുന്ന സ്ഥാപനങ്ങളുടെ കണക്കുകൾ ഓഡിറ്റ് ചെയ്തു പാർലമെന്റിനും നിയമസഭയ്ക്കും റിപ്പോർട്ട് ചെയ്യുവാനുള്ള ഉത്തരവാദിത്തം സി & എ ജി യുടെ ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളിൽ നിർദ്ദേശിച്ച നിലവാരം പുലർത്തിക്കൊണ്ടായിരിക്കും ഓഡിറ്റ് നടത്തുന്നത്.

ഓരോ വർഷവും സി & എ ജി നിയമസഭ മുമ്പാകെ ഹാജരാക്കുന്നതിന് ഗവർണ്ണർക്ക് താഴെ വിവരിക്കും പ്രകാരം നാല് റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

1. Report of the C&AG for the year ended 31st March (Civil) സംസ്ഥാനത്തുള്ള കേന്ദ്ര ഗവ. ഓഫീസുകളുടെ ചെലവ് റിപ്പോർട്ട്)
2. Report of the C&AG for the year ended 31st March (revenue receipt) (സംസ്ഥാന ഗവ. സ്ഥാപനങ്ങളും വരവ് റിപ്പോർട്ട്)
3. Report of the C&AG for the year ended 31st March (Commercial) (പൊതുമേഖല സ്ഥാപനങ്ങളുടെ റിപ്പോർട്ട്,
4. Report of the C&AG for the year ended 31st March (LSGI) (തദ്ദേശ സ്വയംഭരണ സ്ഥാ നപനങ്ങളുടെ റിപ്പോർട്ട്)

C&AG നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർണ്ണമായും നടത്തുന്നില്ല. ഏതെങ്കിലും ഒരു പ്രത്യേക ഇനമോ സ്കീമോ പരിശോധിക്കുന്നു. ടെസ്റ്റ് ഓഡിറ്റ് എന്ന രീതിയിലാണ് ഓഡിറ്റ് നടത്തുന്നത്. വാർഷികമായി ഓഡിറ്റ് നടത്തുന്നില്ല. രണ്ടോ മൂന്നോ വർഷം കൂടുമ്പോൾ ഓഡിറ്റ് നടത്തുന്നു. സി.എ.ജി. ഓഡിറ്റ് റിപ്പോർട്ടിൽ ചെലവിന്റെ Regularity Propriety, Effectiveness എന്നിവ മറ്റ് ഓഡിറ്റ് സംവിധാനങ്ങളിലേത് പോലെ പരിശോധിക്കുന്നു.

## 19.11 സ്റ്റോർ പർച്ചേയ്സ് വിഭാഗം പരിശോധന

സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കിയിരിക്കുന്നത് സ്റ്റോർ പർച്ചേയ്സ് ചട്ടപ്രകാരം പ്രോക്യൂർമെന്റ് മാർഗ്ഗരേഖകൾ പ്രകാരവുമാണോ എന്ന് പരിശോധിക്കുന്നു. ക്വട്ടേഷൻ/ടെണ്ടർ വിളിച്ച നടത്തേണ്ട പർച്ചേസ് ഇപ്രകാരമല്ലാതെ വാങ്ങിയിട്ടുണ്ടോ? റണ്ണിംഗ് കോൺട്രാക്റ്റ്/റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ള സാഹചര്യത്തിൽ സാധനങ്ങൾ അപ്രകാരമല്ലാതെ വാങ്ങിയിട്ടുണ്ടോ ഫണ്ട് ലാപ്സാകാതിരിക്കാൻ മാത്രം പർച്ചേയസ് നടത്തിയിട്ടുണ്ടോ വാങ്ങലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും വിതരണ വിവരം രേഖപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നു. വാങ്ങലുകൾ ബജറ്റ് അനുമതിയോടെയും മിതവ്യയത്തോടെയും കാര്യക്ഷമതയോടെയും ആയിരുന്നോ എന്നു പരിശോധിക്കുന്നു.

## 19.12 ജനപ്രതിനിധികളും ഓഡിറ്റും

» ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് വരവ്-ചെലവുകളുടെ പ്രഥമപരിശോധന നടത്തേണ്ടത്.
» പ്രതിമാസ കണക്കുകൾ അടുത്തമാസം 10ാം തീയതിക്ക് മുമ്പ് പരിശോധിക്കണം.
» വാർഷിക ധനകാര്യപത്രിക യഥാസമയം തയ്യാറാക്കിയിട്ടുണ്ട് എന്നും ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടോ എന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തണം.
» ബജറ്റ് യഥാസമയം തയ്യാറാക്കി പാസ്സാക്കുക.
» ഓഡിറ്റ് റിപ്പോർട്ട് പ്രത്യേക ഭരണസമിതിയിൽ ചർച്ച ചെയ്യുക.
» റിപ്പോർട്ടിനുള്ള മറുപടി യഥാസമയം നൽകിയെന്ന് ഉറപ്പുവരുത്തുക.
» റിപ്പോർട്ട് വാർഡ്സഭയിൽ വയ്ക്കുക.
» റിപ്പോർട്ടുകൾ സോഷ്യൽ ഓഡിറ്റിൽ അവലോകനം ചെയ്യുക.
» ഓഡിറ്റ് എൻട്രി എക്സിറ്റ് മീറ്റിംഗുകളിൽ ജനപ്രതിനിധികൾ കൂടി പങ്കെടുക്കുക.
» ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പും റിപ്പോർട്ടിന്മേൽ നഗരസഭയെടുത്ത തീരുമാനവും മറ്റു നിർദ്ദേശങ്ങൾക്കായി പെർഫോമൻസ് ഓഡിറ്റ് അതോറിറ്റിക്ക് അയച്ചുകൊടുത്തുവെന്ന് ഉറപ്പുവരുത്തുക.
» ഓഡിറ്റ് റിപ്പോർട്ട് നഗരസഭയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയെന്ന് ഉറപ്പുവരുത്തുക. ഇതെല്ലാം ജനപ്രതിനിധികളുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

# 20

# ഘടക സ്ഥാപനങ്ങളുടെ പരിപാലനം

74ാം ഭരണഘടനാഭേദഗതിയിലൂടെ, അധികാര വികേന്ദ്രീകരണത്തിലൂടെ, നഗരസഭകൾക്ക് ലഭിച്ച അധികാരങ്ങൾ, ഉത്തരവാദിത്വം എന്നിവ വളരെ വിപുലമാണ്. 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ പട്ടിക ഒന്നിൽ വിവിധ മേഖലകളിൽ നഗരസഭയുടെ ചുമതലകൾ പട്ടികപെടുത്തിയിട്ടുണ്ട്. ഈ മേഖലാ ചുമതലകൾ നിറവേറ്റാൻ ചില സ്ഥാപനങ്ങളെയും നഗരസഭയ്ക്ക് കൈമാറുകയുണ്ടായി. നഗരസഭകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെയാണ് ഘടക സ്ഥാപനങ്ങൾ എന്നു പറയുന്നത് സ്ഥാപനങ്ങളോടൊപ്പം ചില വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും കൈമാറുകയുണ്ടായി. ഇവർ സർക്കാരിൽ നിന്നും ശമ്പളം കൈപ്പറ്റിക്കൊണ്ടുതന്നെ നഗരസഭയും സർക്കാരും ഏൽപ്പിക്കുന്ന ജോലികൾ നിർവഹിച്ചു പോരുന്നു.

നഗരസഭകൾക്ക് കൈമാറിയ വിഷയ മേഖലകൾ

- കൃഷി, മണ്ണ് സംരക്ഷണം
- മൃഗസംരക്ഷണം, ക്ഷീരവികസനം
- ചെറുകിട ജലസേചനം
- മത്സ്യബന്ധനം
- സാമൂഹ്യ വനവൽക്കരണം
- ചെറുകിട വ്യവസായങ്ങൾ
- ഭവന നിർമ്മാണം
- ജല വിതരണം
- വിദ്യുച്ഛക്തിയും ഊർജ്ജവും
- വിദ്യാഭ്യാസം
- മരാമത്ത്കാര്യം
- പൊതുജനാരോഗ്യവും ശുചീകരണവും
- സാമൂഹ്യ ക്ഷേമം
- ദാരിദ്ര്യനിർമാർജനം
- പട്ടികജാതി–പട്ടികവർഗ്ഗ വികസനം
- കായിക വിനോദവും സാംസ്കാരിക കാര്യങ്ങളും

» പൊതുവിതരണസമ്പ്രദായം
» പ്രകൃതിക്ഷോഭ ദുരിതാശ്വാസം
» സഹകരണം

(വിശദവിവരങ്ങൾക്ക് കേരള മുനിസിപ്പാലിറ്റി ആക്ടിലെ പട്ടിക ഒന്ന് കാണുക)

## 20.1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ഘടക സ്ഥാപനങ്ങളും ഉദ്യോഗസ്ഥരും

മേൽവിവരിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിനായി കൈമാറിയിട്ടുള്ള ഘടകസ്ഥാപനങ്ങളുടെയും ഉദ്യോഗസ്ഥരുടേയും പട്ടികഃ–

| ക്രമ നം. | വകുപ്പ് | സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ |
|---|---|---|
| 1 | കൃഷി വകുപ്പ് | **കൃഷി ഭവനുകൾ**<br>കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ്, മറ്റു ജീവനക്കാർ കൂടാതെ ജില്ലാ ആസ്ഥാനത്തെ ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർ തസ്തിക |
| 2 | മൃഗസംരക്ഷണം | വെറ്റിനറി പോളിക്ലിനിക് ഡിസ്പെൻസറികൾ, സെന്ററുകൾ വെറ്റിനറി സർജൻ, വെറ്റിനറി അസിസ്റ്റന്റ്, സ്ഥാപനങ്ങളിലെ മറ്റു ജീവനക്കാർ |
| | | |
| 3 | മത്സ്യബന്ധനം | ഒരു ഫിഷറീസ് ഇൻസ്പെക്ടർ (മത്സ്യ മേഖലയിലുള്ള നഗരസഭകൾക്ക്) |
| 4 | വ്യവസായം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| 5 | സഹകരണം | » ജില്ലാ ആസ്ഥാനത്തെ നഗരസഭയിൽ ഒരു സീനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടറുടെ തസ്തിക<br>» ഈ ഉദ്യോഗസ്ഥന്റെ സേവനം ജില്ലയിലെ എല്ലാ നഗരസഭകൾക്കും ലഭ്യമാക്കുന്നു. |

ഘടക സ്ഥാപനങ്ങളോ ഉദ്യോഗസ്ഥരോ ലഭിച്ചിട്ടില്ലാത്ത ചില ചുമതലകൾ കൂടി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഉണ്ട്.

1. ക്ഷീര വികസനം
2. ചെറുകിട ജലസേചനം
3. സാമൂഹ്യ വനവൽക്കരണം

ഇവയ്ക്കുപുറമേ, കൃഷി, മണ്ണുസംരക്ഷണം, പൊതുമരാമത്ത്, മൃഗസംരക്ഷണം, വ്യവസായം തുടങ്ങിയ വകുപ്പുകളിൽ നിന്നും മിനിസ്റ്റീരിയൽ ജീവനക്കാരെ രണ്ടു വർഷക്കാലയളവിലേക്ക് നഗരസഭകളിൽ പുനർവിന്യസിക്കുകയും ചെയ്യുന്നുണ്ട്.

### 20.1.1 ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ

നഗരസഭയിലെ ഉദ്യോഗസ്ഥരെ പോലെ തന്നെ ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും നഗരസഭയുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കേണ്ടവരാണ്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 222, 227, 229A, 229B പ്രകാരവും 2011–ലെ കേരള കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ പ്രകാരവും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേത് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ മേലുള്ള നിയന്ത്രണാധികാരങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്.

നഗരസഭയിൽ നിക്ഷിപ്തമായതോ ഭരമേൽപ്പിച്ചതോ ആയ പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ നിയോഗിക്കാവുന്നതാണ്.

ഘടക സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക്, സർക്കാരിന്റെ പുതിയ തീരുമാനം ഉണ്ടാകുന്നതുവരെ, സർക്കാരാണ് ശമ്പളം നൽകുന്നത്.

ഓരോ ഘടക സ്ഥാപനത്തിലെയും ഉദ്യോഗസ്ഥർ അതത് വകുപ്പുതല പരിപാടികൾക്ക് പുറമേയാണ് നഗരസഭകൾ ഏൽപ്പിക്കുന്ന ചുമതലകൾ നിർവഹിക്കേണ്ടത്.

മുനിസിപ്പൽ ആക്ടിലെ സെക്ഷൻ 46 (2) ഇങ്ങനെ വായിക്കാം. (വാർഡ് സഭകളെപ്പറ്റി)

1. "അടുത്ത മൂന്നു മാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങളും ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ലഭിക്കുക".
2. "ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ കണക്കുകൾ സംബന്ധിച്ച വിവരം ലഭിക്കുക".

അതായത് നഗരസഭയിലെ ഏതൊരു ഉദ്യോഗസ്ഥന്റെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും മെച്ചപ്പെടുത്താനുമുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കാൻ വാർഡുസഭകൾക്ക് അധികാരമുണ്ടെന്ന് ചുരുക്കം.

ഉദ്യോഗസ്ഥരുടെ മേൽ ലഘുശിക്ഷകൾ ചുമത്താനും, ഗസറ്റഡ് തസ്തികകളിൽ ഒഴികെയുള്ള ജീവനക്കാരുടെമേൽ സസ്പെൻഷൻ നടപടികൾ സ്വീകരിക്കാനുമുള്ള അധികാരം കൗൺസിലുകൾക്കുണ്ട്.

നഗരസഭയുടെ നിയന്ത്രണത്തിൽ വരുന്ന മുഴുവൻ ഉദ്യോഗസ്ഥരുടേയും ജോലിയിന്മേലുള്ള മേൽനോട്ടവും നിയന്ത്രണവും ചെയർപേഴ്സണിൽ നിക്ഷിപ്തമാണ്. എന്നാൽ, ഉദ്യോഗസ്ഥരുടെ സ്റ്റാറ്റ്യൂട്ടറി ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഇടപെടാൻ ജനപ്രതിനിധികൾക്ക് അധികാരമില്ല.

## 20.2 ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിലുള്ള ബന്ധം

നഗരഭരണത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരസ്പര പൂരകമായി പ്രവർത്തിക്കേണ്ടതാണ്. പരസ്പര ബഹുമാനത്തോടെ കൂട്ടായ പ്രവർത്തനം ഉണ്ടാകണം. 2005–ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധം) ചട്ടങ്ങൾ ഈ കാര്യത്തിലുള്ള നിയമപരമായ ബാദ്ധ്യത ഓർമ്മപ്പെടുത്തുന്നു.

## 20.3 നഗരസഭയുടെ പദ്ധതി പ്രവർത്തനങ്ങളിൽ പങ്ക്

കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട വ്യവസായം/പ്രാദേശിക സാമ്പത്തിക വികസനം, സാമൂഹിക നീതി, വനിതാ വികസനം, പട്ടികജാതി–പട്ടികവർഗ്ഗ വികസനം,

ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ മേഖലകളിലെയും പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും, മോണിറ്ററിംഗിലും ഗണ്യമായ പങ്കാണ് ഘടക സ്ഥാപനങ്ങൾക്ക് ഉള്ളത്.

ഈപറഞ്ഞ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർ സ്ഥാനം ഘടക സ്ഥാപനങ്ങളിലെ ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥനാണ്. കൺവീനറെ കൂടാതെ മറ്റൊരു ഉദ്യോഗസ്ഥൻ കൂടി വർക്കിംഗ് ഗ്രൂപ്പിൽ അംഗമായിരിക്കും.

സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗനിർദേശങ്ങളെയും അവസ്ഥാരേഖയും അടിസ്ഥാനമാക്കി പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക (വർക്കിംഗ് ഗ്രൂപ്പിനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും) എന്നത് വർക്കിംഗ് ഗ്രൂപ്പ് കൺവീനറാകുന്ന ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

വാർഡ്സഭ, ഊരുകൂട്ടം, മത്സ്യസഭ, വികസന സെമിനാർ എന്നിവിടങ്ങളിൽ വിഷയഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചർച്ചകൾക്ക് നേതൃത്വം നൽകുക. വർക്കിംഗ് ഗ്രൂപ്പ്/മോണിറ്ററിംഗ് സമിതി യോഗം വിളിച്ചു ചേർക്കൽ, മിനിട്ട്സ് രേഖപ്പെടുത്തൽ, മിനിട്ട്സ് ബുക്ക് സൂക്ഷിക്കൽ എന്നിവയും വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലയാണ്.

നഗരസഭയുടെ പ്രോജക്ട്കളെ തരംതിരിക്കുമ്പോൾ ഉൽപാദന മേഖലയിലെ ഏതാണ്ട് എല്ലാ പ്രോജക്ട്കളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. (കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, ചെറുകിട വ്യവസായം) ഇവയുടെ എല്ലാം നിർവ്വഹണ ഉദ്യോഗസ്ഥർ ഘടകസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരാണ്. ഇവരെ വിളിച്ചുകൂട്ടി പദ്ധതി ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നിവ സംബന്ധിച്ച അവലോകനം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ പ്രതിമാസം നടത്തുന്നത് കാര്യക്ഷമമായ പദ്ധതി പ്രവർത്തനത്തിന് സഹായകരമാകും.

## 20.4 ഘടക സ്ഥാപനങ്ങളുടെ നടത്തിപ്പ്

ഘടക സ്ഥാപനങ്ങളുടെ നടത്തിപ്പ് സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമാണ്.

ഓരോ ഘടക സ്ഥാപനവും നഗരസഭയുടെ പേരിലുള്ളതായിരിക്കണം. നഗരസഭയുടെ പേരിലുള്ള ബോർഡുകൾ സ്ഥാപിക്കണം. ഘടക സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നഗരസഭ ആവിഷ്കരിക്കണം. പക്ഷേ ആവർത്തന ചെലവ് ഉണ്ടാകാൻ പാടില്ല. ഘടക സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കണം; വിൽക്കാനോ കൈമാറ്റം ചെയ്യാനോ കടപ്പെടുത്താനോ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനോ സ്ഥാപനങ്ങളെ സ്ഥലം മാറ്റുന്നതിനോ നഗരസഭകൾക്ക് അവകാശമില്ല. ഘടക സ്ഥാപനങ്ങളിലെ ആസ്തികളിൽ നിന്നുള്ള വരുമാനം നഗരസഭയുടെ വരുമാനമായി കണക്കാക്കാം. പക്ഷേ ഈ വരുമാനം അതത് സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം.

## 20.5 കണ്ടിജൻസി ചെലവുകൾ

നഗരസഭകൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ നഗരസഭയാണ് വഹിക്കേണ്ടത്. കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ്, വാടക, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ് തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത

സംബന്ധിച്ച വിശദവിവരങ്ങൾ/ആവശ്യമായ തുക സംബന്ധിച്ച വിവരങ്ങൾ, പദ്ധതി ആസൂത്രണ ഘട്ടത്തിൽ തന്നെ ഓരോ ഘടക സ്ഥാപന മേധാവിയും നഗരസഭയെ അറിയിച്ചിരിക്കണം. ആവശ്യമെങ്കിൽ നഗരസഭാതലത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കണം. അതിന്റെ അടിസ്ഥാനത്തിൽ ഘടക സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി പ്രോജക്ടിന് രൂപം നൽകണം. തനത് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, നോൺ റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവ ഇതിനായി വിനിയോഗിക്കാം. ഇത്തരത്തിൽ അനുവദിക്കുന്ന തുകയ്ക്ക് ഘടക സ്ഥാപനങ്ങൾ വിനിയോഗ സാക്ഷ്യപത്രം (Utility Certificate) നഗരസഭയ്ക്ക് നൽകണം. വൗച്ചറുകളും അനുബന്ധരേഖകളും ഘടക സ്ഥാപന മേധാവികൾ തന്നെ സൂക്ഷിക്കുകയും ഓഡിറ്റിന് വിധേയമാക്കുകയും വേണം.

ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജനകീയവും സുതാര്യവും കാര്യക്ഷമമാക്കുന്നതിനായി അവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും വിലയിരുത്താനും പോരായ്മകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാനും നഗരസഭകൾക്ക്, വിശിഷ്യ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കഴിയണം. നഗരസഭകളിൽ എന്നപോലെ ഘടകസ്ഥാപനങ്ങളിലും സദ്ഭരണം ഉറപ്പാക്കുന്നതിനുള്ള ഉപാധികൾ സ്വീകരിക്കണം. പാടശേഖര സമിതികൾ, കാർഷിക വികസന സമിതികൾ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ, അധ്യാപക-രക്ഷാകർതൃ സമിതികൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അങ്കണവാടി മോണിറ്ററിംഗ് സമിതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് സമിതികൾ, വാർഡ്സഭ, വാർഡ് കമ്മിറ്റി തുടങ്ങിയ ജനകീയ സംഘടനാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയും ഘടക സ്ഥാപനങ്ങളെ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റാൻ നഗരസഭകൾക്ക് കഴിയണം.

# 21

# ഭക്ഷ്യസംരക്ഷണത്തിനും പ്രകൃതിവിഭവ സംരക്ഷണത്തിനും ഒരു കർമ്മപരിപാടി

ഒരു നഗരത്തിലെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുക, ആസൂത്രണത്തിന് ആവശ്യമായ വിവരശേഖരണം നടത്താനുള്ള ആസൂത്രണ പ്രക്രിയയ്ക്ക് നേതൃത്വം നൽകുകയും ചെയ്യുക. പ്രകൃതി വിഭവങ്ങളുടെ പരിപാലനം ഉറപ്പാക്കുക എന്നിവയാണ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന പ്രവർത്തന മേഖലകൾ.

## 21.1 ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ

നഗരത്തിലെ സ്ഥലലഭ്യത, തൊഴിൽ ശേഷി ലഭ്യത, എന്നിവ പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് ചെയ്യാവുന്ന വെർട്ടിക്കൽ ഫാമിംഗ്, മഴമറകൃഷി, മട്ടുപ്പാവ് കൃഷി, സൂക്ഷ്മജലസേചന സംവിധാനങ്ങൾ ഉപയോഗിച്ച് ഗ്രോബാഗുകൾ വഴിയുള്ള കാർഷിക പ്രവർത്തനങ്ങൾ എന്നിവ ശാസ്ത്രീയമായി ആസൂത്രണം ചെയ്യാം.

വീടുകളിൽ കുറഞ്ഞ സ്ഥലത്ത് വീടുകളിലും ഭൂമിയിലും ആയി ചെയ്യാവുന്ന രീതിയിൽ ഫലവൃക്ഷത്തോട്ടങ്ങൾ ആസൂത്രണം ചെയ്യാം. ഇത്തരത്തിൽ നഗരകൃഷിക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള കാർഷിക സഹായ കേന്ദ്രങ്ങൾ കുടുംബശ്രീകളുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യാം.

ഒരു നഗരത്തിന് ആവശ്യമായ പച്ചക്കറിയുടെ ആവശ്യത്തിന് അനുസരിച്ച് പച്ചക്കറിയുടെ ഉത്പാദന യൂണിറ്റുകൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യാം. കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്ന കാർഷിക കർമ്മസേനകളും നഗരങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികൾ ബന്ധിപ്പിച്ച് ഈ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം. നഗരത്തിലെ ഭക്ഷ്യ സുരക്ഷ വിപുലപ്പെടുത്താനും ഗാർഹിക ഹരിതവത്ക്കരണം സാധ്യമാക്കാനും ഇതിലൂടെ കഴിയും.

നഗരത്തിലെ പാൽ, മാംസം, മുട്ട ആവശ്യങ്ങളെ കഴിയാവുന്നത്ര അഭിസംബോധന ചെയ്യാവുന്ന രീതിയിൽ ആധുനിക തൊഴുത്തുകൾ, കോഴി വളർത്തൽ കേന്ദ്രങ്ങൾ, ആട്ടു വളർത്തൽ കേന്ദ്രങ്ങൾ എന്നിവ കുടുംബശ്രീ സംവിധാനം വഴിയോ സംരഭകരുടെ ശൃംഖല വഴിയോ ആസൂത്രണം ചെയ്യാം. ചാണകം, ആട്, കോഴി, കാഷ്ഠങ്ങൾ എന്നിവ സംഭരിക്കുന്നതിനും ഇവ വളമാക്കി മാറ്റുന്നതിനും ഉള്ള ആസൂത്രണവും ചെയ്യാം. ഇത് കാർഷിക

പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണയായി മാറും. നഗരങ്ങളിൽ ശാസ്ത്രീയമായ അറവുശാലകൾ, പാൽ ശീതീകരണ സംവിധാനങ്ങൾ എന്നിവയും ആസൂത്രണം ചെയ്യാം.

കൃഷി, മൃഗസംരക്ഷണ മേഖലകളെ സംയോജിപ്പിച്ചുള്ള ഇടപെടലിലൂടെ കാർഷിക ഉത്പാദനം വർദ്ധിപ്പിക്കൽ, തൊഴിൽ സുരക്ഷാ ഉറപ്പാക്കൽ, ഭക്ഷ്യ സുരക്ഷാ ഉറപ്പാക്കൽ എന്നീ ലക്ഷ്യങ്ങൾ സാധ്യമാകും.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതത്താൽ നഗരത്തിലെ നിർമ്മിത പ്രദേശവും ഹരിതപ്രദേശവും തമ്മിലുള്ള അനുപാതം മെച്ചപ്പെടുത്തണം. തെരുവുകൾ, പൊതു സ്ഥാപനങ്ങൾ, ഗാർഹിക ഇടങ്ങൾ എന്നിവയുടെ വ്യാപകമായ ഹരിതവത്ക്കരണം അയ്യങ്കാളി തൊഴിലുറപ്പ പദ്ധതിയുമായി കൂടിചേർന്ന് ആസൂത്രണം ചെയ്യാം. നഗരത്തിലെ മുഴുവൻ നല്ല സ്ഥലത്തേയും ഈ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാം. പ്രളയം, വരൾച്ച എന്നിവയുടെ ആഘാതങ്ങളെ ഒരേസമയം കുറയ്ക്കാനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായ ദുരന്ത ആഘാതങ്ങളെ കുറയ്ക്കാനും ഇത് സഹായിക്കും. എല്ലാ നഗരങ്ങൾക്കും വാർഡ്തലം മുതൽ വികസിക്കുന്ന ദുരന്ത പ്രദേശങ്ങൾ പട്ടികപ്പെടുത്തൽ, പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ശാസ്ത്രീയ പുനരധിവാസ പദ്ധതികൾ തയ്യാറാക്കുന്നതിൽ സന്നദ്ധ പ്രവർത്തക സംഘത്തെ തയ്യാറാക്കൽ, ദുരന്തമുന്നറിയിപ്പ് സംവിധാനങ്ങൾ ഒരുക്കൽ എന്നിവ ഉൾക്കൊണ്ട ഒരു ദുരന്തനിവാരണ പദ്ധതി ഉണ്ടാകണം.

നഗരത്തിലെ ജൈവമാലിന്യങ്ങളെ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാകണം. ഇവയെ കമ്പോസ്റ്റാക്കി മാറ്റി കാർഷിക പ്രവത്തനങ്ങൾക്ക് ഉപയോഗിക്കാം. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകളെ ഇതുമായി ബന്ധിപ്പിക്കാം. ഒരേ സമയം നഗരം ശുചിയായി സൂക്ഷിക്കാനും കൃഷി മെച്ചപ്പെടുത്താനും ഇത് സഹായകമാവും.

നഗരത്തിലെ കുറഞ്ഞ സ്ഥലത്ത് ആസൂത്രണം ചെയ്യാവുന്ന മത്സ്യം വളർത്തൽ പദ്ധതികൾ വ്യാപിപ്പിക്കാം. ബയോ ഫ്ലോക്ക, അക്വാകൾച്ചർ മുതലായവ കുറഞ്ഞസ്ഥലത്ത് ചെയ്യാവുന്ന ആധുനിക സാങ്കേതിക വിദ്യകൾ ഇതിനായി ഉപയോഗിക്കാം. ഈ യൂണിറ്റുകൾക്ക് ആവശ്യമായ സേവനം നൽകുന്നതിനുള്ള പൊതു സേവന കേന്ദ്രങ്ങളും ആലോചിക്കാം.

കുടുംബശ്രീ സംരംഭങ്ങളെ മികച്ച സംരഭങ്ങളാക്കി മാറ്റാൻ ആകണം. ഒരേ തരം ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നവരുടെ ഫെഡറേഷനുകൾ, അവർക്ക് ഒരുമിച്ച് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, വിശേഷാൽ പരിശീലനങ്ങൾ, ഉത്പന്ന ഗുണത ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ, പ്രാദേശിക വികസന കേന്ദ്രങ്ങൾ, ഓൺലൈൻ വിപണന സംവിധാനങ്ങൾ എന്നിവ ആലോചിക്കാം. ഓരോ സംരംഭത്തിനും ഒരു മികച്ച ബിസിനസ് പ്ലാൻ പ്രായോഗികമാക്കാൻ കഴിയണം.

നഗരത്തിന്റെ വികസന ആസൂത്രണത്തിന്റെ ചുമതലയുള്ള സമിതി എന്ന നിലയിൽ നഗരത്തിലെ എല്ലാ വികസന മേഖലകളുമായും ക്രോഡീകൃത വിവര ശേഖരണം സൃഷ്ടിക്കാനും, അത് നിരന്തരം പുതുക്കാനും വികസന സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് കഴിയണം. ഇതോടൊപ്പം വർക്കിംഗ് ഗ്രൂപ്പുകളിൽ എല്ലാ വിഭാഗക്കാരുടേയും സജീവ പങ്കാളിത്തം ഉറപ്പാക്കണം. വികസന നിർദ്ദേശങ്ങൾ, ഓൺലൈൻ സംവിധാനങ്ങൾ എന്നിവയുമായുള്ള നിരന്തര ഇടപെടലിലൂടെ പുതിയ വികസന ആശയങ്ങൾ കൊണ്ടുവരാനും കഴിയണം.